सत्यमेव जयते

# ഇന്ത്യയുടെ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ 2019-21 കാലയളവിലേക്കുള്ള സംയുക്ത അനുവർത്തന ഓഡിറ്റ് റിപ്പോർട്ട്

भारत के नियंत्रक एवं महालेखापरीक्षक ✦ COMPTROLLER & AUDITOR GENERAL OF INDIA

सत्यमेव जयते

**SUPREME AUDIT INSTITUTION OF INDIA**

लोकहितार्थ सत्यनिष्ठा

Dedicated to Truth in Public Interest

सत्यमेव जयते

GOVERNMENT OF KERALA

## കേരള സർക്കാർ

2022 വർഷത്തെ റിപ്പോർട്ട് നമ്പർ 8

# ഇന്ത്യയുടെ കംപ്ട്രോളർ
# ആൻഡ് ഓഡിറ്റർ ജനറലിന്റെ
# 2019-21 കാലയളവിലേക്കുള്ള സംയുക്ത
# അനുവർത്തന ഓഡിറ്റ് റിപ്പോർട്ട്

**കേരള സർക്കാർ**

**2022 വർഷത്തെ റിപ്പോർട്ട് നമ്പർ 8**

www.cag.gov.in

# ഉള്ളടക്കം


| വിവരണം | പരാമർശിക്കുന്ന ഖണ്ഡിക | പരാമർശിക്കുന്ന പേജ് |
|---|---|---|
| **മുഖവുര** | ... | v |
| **ഉപരിവീക്ഷണം** | ... | vii |
| **ഭാഗം – I : സംസ്ഥാന സർക്കാർ വകുപ്പുകൾ** | | |
| **അദ്ധ്യായം – I : സാമാന്യം** | | |
| ആമുഖം | 1.1 | 1 |
| ഓഡിറ്റ് ചെയ്യപ്പെട്ട സ്ഥാപനങ്ങളുടെ രൂപരേഖ | 1.2 | 1 |
| ഓഡിറ്റ് നടത്താനുള്ള അധികാരം | 1.3 | 3 |
| ഓഡിറ്റിന്റെ ആസൂത്രണവും നടത്തിപ്പും | 1.4 | 3 |
| റിപ്പോർട്ടിലെ ഈ ഭാഗത്തിന്റെ ഉള്ളടക്കം | 1.5 | 3 |
| ഓഡിറ്റ് നിരീക്ഷണങ്ങളോടുള്ള സർക്കാരിന്റെ/ വകുപ്പുകളുടെ പ്രതികരണം | 1.6 | 3 |
| ഓഡിറ്റ് റിപ്പോർട്ടുകളിന്മേലുള്ള തുടർനടപടികൾ | 1.7 | 5 |
| പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചർച്ച ചെയ്യേണ്ട ഖണ്ഡികകൾ | 1.8 | 6 |
| **അദ്ധ്യായം – II: സംസ്ഥാന സർക്കാർ വകുപ്പുകളുടെ അനുവർത്തന ഓഡിറ്റ് ഖണ്ഡികകൾ** | | |
| ***സാംസ്കാരിക, ടൂറിസം ക്ലസ്റ്റർ*** | | |
| **മ്യൂസിയം, മൃഗശാല ഡയറക്ടറേറ്റ്** | | |
| ഉദ്ദേശിച്ച നേട്ടങ്ങൾ കൈവരിക്കാതിരിക്കൽ | 2.1 | 7 |
| ***പരിസ്ഥിതി, ശാസ്ത്രസാങ്കേതിക ക്ലസ്റ്റർ*** | | |
| **കേരള വനം വന്യജീവി വകുപ്പ്** | | |
| ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് പ്രയോജനപ്പെടുത്തുന്നതിൽ പരാജയപ്പെട്ടതിനാൽ വന്ന 76.07 ലക്ഷം രൂപയുടെ നഷ്ടം | 2.2 | 8 |
| **ശാസ്ത്ര സാങ്കേതിക വകുപ്പ്** | | |
| എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ടിലേക്ക് തൊഴിലുടമ നല്കിയ അധികവിഹിതം | 2.3 | 10 |
| ഇപിഎഫ് അംഗത്വമെടുക്കുന്നതിലും വിഹിതം അടയ്ക്കുന്നതിലും വന്ന കാലതാമസം | 2.4 | 13 |
| ***പൊതുമരാമത്ത് ക്ലസ്റ്റർ*** | | |
| **പൊതുമരാമത്ത് വകുപ്പ്** | | |
| ബൈപാസ് റോഡുകളുടെ പൂർത്തീകരണത്തിലെ കാലതാമസം | 2.5 | 14 |
| നികുതിയുടെയും പലിശയുടെയും ഒഴിവാക്കാവുന്ന ചെലവ് | 2.6 | 16 |
| നിഷ്ക്രിയ നിക്ഷേപം | 2.7 | 18 |
| കരാറുകാർക്ക് നല്കിയ അനർഹമായ ആനുകൂല്യം | 2.8 | 20 |
| കരാറുകാർക്ക് അധിക തുക നൽകിയത് | 2.9 | 22 |
| ക്രമരഹിതമായ പണമിടപാട് | 2.10 | 23 |
| ***ട്രാൻസ്പോർട്ട് ക്ലസ്റ്റർ*** | | |
| **മോട്ടോർ വാഹന വകുപ്പ്** | | |
| നികുതി ഈടാക്കാതിരിക്കലും, കുറച്ച് ഈടാക്കലും | 2.11 | 25 |

| വിവരണം | പരാമർശിക്കുന്ന | |
|---|---|---|
| | ഖണ്ഡിക | പേജ് |
| **ഭാഗം-II: സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ** | | |
| **അദ്ധ്യായം – III : സാമാന്യം** | | |
| ആമുഖം | 3.1 | 31 |
| ഓഡിറ്റ് യൂണിവേർസും വ്യാപ്തിയും | 3.2 | 31 |
| ഓഡിറ്റ് നടത്തുന്നതിനുള്ള അധികാരം | 3.3 | 31 |
| ഓഡിറ്റിന്റെ ആസൂത്രണവും നടത്തിപ്പും | 3.4 | 31 |
| അനുവർത്തന ഓഡിറ്റ് ഖണ്ഡികകൾ | 3.5 | 32 |
| ഓഡിറ്റ് റിപ്പോർട്ടുകളിലും പരിശോധനാ റിപ്പോർട്ടുകളിലും ഉള്ള തുടർനടപടികൾ | 3.6 | 32 |
| ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ കമ്മിറ്റി ഓൺ പബ്ലിക് അണ്ടർടേക്കിംഗ്സ് (കോപ്പു) നടത്തിയ ചർച്ച | 3.7 | 33 |
| **അദ്ധ്യായം – IV : സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ അനുവർത്തന ഓഡിറ്റ് ഖണ്ഡികകൾ** | | |
| ***വ്യവസായ വാണിജ്യ ക്ലസ്റ്റർ*** | | |
| വ്യവസായ വാണിജ്യ വകുപ്പിന് കീഴിൽ ഉള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുജ്ജീവനത്തിനും പുനരുദ്ധാരണത്തിനുമുള്ള പദ്ധതികൾ നടപ്പിലാക്കൽ | 4.1 | 35 |
| **ട്രാൻസ്ഫോർമേഴ്സ് ആൻഡ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ്** | | |
| ഒഴിവാക്കാമായിരുന്ന നഷ്ടം | 4.2 | 52 |
| മതിപ്പ് വിലയേക്കാൾ കുറഞ്ഞ തുക ക്വോട്ട് ചെയ്തതിനാൽ ഉണ്ടായ ഒഴിവാക്കാമായിരുന്ന നഷ്ടം | 4.3 | 53 |
| **കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്** | | |
| കരാറുകാരന് അനർഹമായ ആനുകൂല്യം | 4.4 | 55 |
| ***പവർ ക്ലസ്റ്റർ*** | | |
| **കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്** | | |
| കേന്ദ്ര സർക്കാർ സഹായം നഷ്ടമാകൽ | 4.5 | 58 |

# അനുബന്ധങ്ങൾ


| അനുബന്ധം നമ്പർ | വിശദാംശങ്ങൾ | പരാമർശിക്കുന്ന | |
|---|---|---|---|
| | | ഖണ്ഡിക | പേജ് |
| 1 | ഓഡിറ്റ് ചെയ്ത സ്ഥാപനങ്ങളുടെ രൂപരേഖ | 1.2 | 61 |
| 2 | തീർപ്പാകാത്ത പരിശോധനാ റിപ്പോർട്ടുകളുടെയും ഓഡിറ്റ് ഖണ്ഡികകളുടെയും കാലപ്പഴക്കം അനുസരിച്ചുള്ള വിശകലനം കാണിക്കുന്ന പ്രസ്താവന | 1.6.1 | 63 |
| 3 | മ്യൂസിയം, മൃഗശാല ഡയറക്ടറേറ്റ് നടപ്പാക്കുന്ന ഡിജിറ്റൽ അസറ്റ് മാനേജ്മെന്റ് സിസ്റ്റം, സൂ മാനേജ്മെന്റ് സിസ്റ്റം പദ്ധതികളുടെ വിശദാംശങ്ങൾ | 2.1 | 64 |
| 4 | ഫോറസ്റ്റ് ഡിവിഷനുകൾ എംഎസ്ടിസി ലിമിറ്റഡിന് സർവീസ് ചാർജും ജിഎസ്ടിയും അടച്ചതിന്റെ വിശദാംശങ്ങൾ | 2.2 | 65 |
| 5 | ടിമ്പർ സെയിൽസ് ഡിവിഷനുകൾ അടച്ച വിൽപ്പന മൂല്യത്തിന്റെയും അതിന്മേലുള്ള ജിഎസ്ടിയുടെയും വിശദാംശങ്ങൾ | 2.2 | 66 |
| 6 | മറയൂർ സാൻഡൽ ഡിവിഷൻ, എംഎസ്ടിസി ലിമിറ്റഡിന് സർവീസ് ചാർജും ജിഎസ്ടിയും നൽകിയതിന്റെ വിശദാംശങ്ങൾ | 2.2 | 67 |
| 7 | ചന്ദനത്തടി, ചന്ദനത്തൈലം എന്നിവയുടെ വിൽപ്പന വിലയുടെ വിശദാംശങ്ങളും മറയൂരിലെ സാൻഡൽ ഡിവിഷൻ അതിന്മേൽ അടച്ച ജിഎസ്ടിയും | 2.2 | 68 |
| 8 | കെഎസ്സിഎസ്ടിഇയും അഞ്ച് ആർ&ഡി സെന്ററുകളും അടച്ച അധിക വിഹിതം | 2.3 | 69 |
| 9 | 15 പൊതുമരാമത്ത് ഡിവിഷനുകളുടെ ജിഎസ്ടി അറ്റബാധ്യത | 2.6 | 70 |
| 10 | നേര്യമംഗലം പിഡബ്ല്യുഡി കോംപ്ലക്സിനായുള്ള കെട്ടിടങ്ങളുടെ രൂപകൽപ്പനയുടെ ഒന്നിലധികമുള്ള പരിഷ്കരണങ്ങൾ | 2.7 | 71 |
| 11 | ഇലക്ട്രിക്കൽ, ഇലക്ട്രോണിക് ഉപകരണങ്ങൾ, ഫർണിച്ചർ, അടുക്കള ഉപകരണങ്ങൾ, മറ്റു ഘടകഭാഗങ്ങൾ എന്നിവ വാങ്ങിയതിന്റെ വിശദാംശങ്ങളും, അവയുടെ വാറന്റി സ്റ്റാറ്റസും - പിഡബ്ല്യുഡി കോംപ്ലക്സ്, നേര്യമംഗലം | 2.7 | 73 |
| 12 | നേര്യമംഗലം പിഡബ്ല്യുഡി കോംപ്ലക്സിലെ കെട്ടിടങ്ങളുടെ ന്യൂനത പരിഹാര ബാധ്യതാ കാലയളവിന്റെ നിലവിലെ സ്ഥിതി | 2.7 | 74 |
| 13 | ഒമ്പത് പിഡബ്ല്യുഡി ഡിവിഷനുകൾക്ക് കീഴിലായി കരാറുകാർക്ക് 4.98 കോടി രൂപയുടെ അനർഹമായ ആനുകൂല്യം നല്കിയ 44 പ്രവൃത്തികളുടെ വിശദാംശങ്ങൾ | 2.8 | 75 |

| അനുബന്ധം നമ്പർ | വിശദാംശങ്ങൾ | പരാമർശിക്കുന്ന | |
|---|---|---|---|
| | | ഖണ്ഡിക | പേജ് |
| 14 | പിഡബ്ല്യുഡി കരാറുകാർക്കുള്ള പ്രതിഫലത്തിൽ നിന്ന് കോസ്റ്റ് ഇൻഡക്സ് വീണ്ടെടുക്കാത്തതിനാൽ അധികമായി നൽകിയ തുകയുടെ വിശദാംശങ്ങൾ | 2.9 | 77 |
| 15 | രേഖാചിത്രം 1 | 2.10 | 78 |
| 16 | ഹരിത നികുതി ഈടാക്കുന്നില്ലെന്ന് കാണിക്കുന്ന പ്രസ്താവന | 2.11.1 | 79 |
| 17 | ഒറ്റതവണ നികുതി ഈടാക്കിയതിലെ കുറവ് കാണിക്കുന്ന പ്രസ്താവന | 2.11.2 | 81 |
| 18 | ട്രാൻസ്പോർട്ട് വാഹനങ്ങളിൽ നിന്ന് തരം മാറ്റിയ വാഹനങ്ങളുടെ കാര്യത്തിൽ ഒറ്റതവണ നികുതിയുടെ ഈടാക്കാതിരിക്കൽ/ കുറഞ്ഞ ഈടാക്കൽ കാണിക്കുന്ന പ്രസ്താവന | 2.11.3 | 82 |
| 19 | പൊതുമേഖലാ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട തീർപ്പാക്കാത്ത പരിശോധനാ റിപ്പോർട്ടുകളുടെയും ഖണ്ഡികകളുടെയും കാലപ്പഴക്കം തിരിച്ചുള്ള അവലോകനം കാണിക്കുന്ന പ്രസ്താവന | 3.6 | 83 |
| 20 | തെരഞ്ഞെടുത്ത പദ്ധതികളുടെ ഷെഡ്യൂൾ ചെയ്ത പൂർത്തീകരണവും യഥാർത്ഥ പൂർത്തീകരണവും; അനുവദിച്ച ചെലവും യഥാർത്ഥ ചെലവും (2021 മാർച്ചിലെ സ്ഥിതി) കാണിക്കുന്ന വിശദാംശങ്ങൾ | 4.1.2 | 87 |

# മുഖവുര

ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 151(2) പ്രകാരവും കാലാകാലങ്ങളിൽ ഭേദഗതി ചെയ്ത കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ 1971-ലെ (കർത്തവ്യങ്ങൾ, അധികാരങ്ങൾ, സേവന വ്യവസ്ഥകൾ) നിയമം പ്രകാരവും കേരള ഗവർണർക്ക് സമർപ്പിക്കുന്നതിനായി തയ്യാറാക്കിയതാണ് 2019-21 കാലയളവിലേക്കുള്ള ഈ റിപ്പോർട്ട്.

2 ഓഡിറ്റുകൾ ട്രാൻസ്പോർട്ട്; സാംസ്കാരികം, ടൂറിസം; പരിസ്ഥിതി; ശാസ്ത്രസാങ്കേതികം; പൊതുമരാമത്ത്; വ്യവസായ വാണിജ്യം എന്നീ ക്ലസ്റ്ററുകളുടെ കീഴിലുള്ള സംസ്ഥാന സർക്കാർ വകുപ്പുകളുടെയും സംസ്ഥാന പൊതുമേഖലയുടെയും അനുവർത്തന ഓഡിറ്റുകളുടെ സുപ്രധാന നിരീക്ഷണങ്ങൾ ഈ റിപ്പോർട്ട് കൈകാര്യം ചെയ്യുന്നു.

3 ഈ റിപ്പോർട്ടിനെ രണ്ടു ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. സംസ്ഥാന സർക്കാർ വകുപ്പുകളിലെ അനുവർത്തന ഓഡിറ്റുകളുടെ നിരീക്ഷണങ്ങൾ ഭാഗം I കൈകാര്യം ചെയ്യുന്നത്. സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ അനുവർത്തന ഓഡിറ്റുകളുടെ നിരീക്ഷണങ്ങൾ ഭാഗം II കൈകാര്യം ചെയ്യുന്നു.

4 ഈ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള സന്ദർഭങ്ങൾ 2019-21 കാലയളവിലെ രേഖകളുടെ ടെസ്റ്റ് ഓഡിറ്റ് വേളയിൽ അറിഞ്ഞതും മുൻ വർഷങ്ങളിൽ ശ്രദ്ധയിൽപ്പെട്ടതും എന്നാൽ മുൻപുള്ള ഓഡിറ്റ് റിപ്പോർട്ടുകളിൽ റിപ്പോർട്ട് ചെയ്യാൻ കഴിയാത്തതുമായിരുന്നു. 2019-21 ശേഷമുള്ള തുടർന്ന് നടന്ന സംഭവങ്ങൾ ആവശ്യമുള്ളിടത്ത് ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇന്ത്യയുടെ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ച ഓഡിറ്റിങ് മാനദണ്ഡങ്ങൾക്ക് അനുസൃതമായി ആണ് ഓഡിറ്റിങ് നിർവ്വഹിക്കപ്പെട്ടത്.

പരിഭാഷപ്പെടുത്തിയ കാര്യങ്ങളിൽ സംശയം ഉളവായാൽ, ഇംഗ്ലീഷ് പതിപ്പിനെ ആധികാരികമായി കരുതേണ്ടതാണ്.

# ഉപരിവീക്ഷണം

## ഉപരിവീക്ഷണം

ഇടപാടുകളുടെ മാതൃകാ പരിശോധന നടത്തുന്നതിനും നിയമങ്ങളിലും നടപടി ക്രമങ്ങളിലും നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടുകളും മറ്റ് രേഖ കളും പരിപാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനും പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II) സർക്കാർ വകുപ്പുകളെ ഓഡിറ്റ് ചെയ്യുന്നു. ഈ പരിശോധനകൾക്ക് ശേഷം ഓഡിറ്റിനിടെ കണ്ടെത്തിയതും എന്നാൽ തൽസമയം തീർപ്പാക്കാത്തതുമായ ക്രമക്കേടുകൾ ഉൾക്കൊള്ളിച്ച് പരിശോധനാ റിപ്പോർട്ടുകൾ (ഐആർ) തയ്യാറാക്കുന്നു.

ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായി തിരിച്ചിട്ടുണ്ട്. ഭാഗം-I സംസ്ഥാന സർക്കാർ വകുപ്പു കളുടെ അനുവർത്തന ഓഡിറ്റ് നിരീക്ഷണങ്ങളും ഭാഗം-II സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ അനുവർത്തന ഓഡിറ്റ് നിരീക്ഷണങ്ങളും കൈകാര്യം ചെയ്യുന്നു.

### ഭാഗം-I സംസ്ഥാന സർക്കാർ വകുപ്പുകളുമായി ബന്ധപ്പെട്ട അനുവർത്തന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഈ റിപ്പോർട്ടിൽ 145.69 കോടി രൂപയുടെ സാമ്പത്തിക ആഘാതമുള്ള പതിനൊന്നു ഖണ്ഡികകൾ അടങ്ങിയിരിക്കുന്നു. ഇവ ഭാഗം-II ൽ ചർച്ച ചെയ്യുന്നു. ഇതിൽ 44.12 കോടി രൂപ ഉൾപ്പെടുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ വകുപ്പുകൾ/സർക്കാർ അംഗീകരി ച്ചിട്ടുണ്ട് (ഫെബ്രുവരി 2022 വരെ).

***(ഖണ്ഡിക 1.5)***

2021 സെപ്റ്റംബർ അവസാനം വരെ നല്കിയ ഐ.ആറുകളുടെ വിശകലനത്തിൽ, ഈ വകുപ്പുകൾക്കായി നൽകിയ 1,041 ഐആറുകളുമായി ബന്ധപ്പെട്ട 6,177 ഖണ്ഡികകൾ 2021 സെപ്റ്റംബർ അവസാനം വരെ തീർപ്പാക്കിയില്ല എന്ന് കണ്ടെത്തി.

***(ഖണ്ഡിക 1.6)***

**ഉദ്ദേശിച്ച നേട്ടങ്ങൾ കൈവരിക്കാതിരിക്കൽ**

1.02 കോടി രൂപ ചെലവാക്കി നടപ്പിലാക്കിയ രണ്ട് പദ്ധതികൾ നിഷ്ഫലമായി.

***(ഖണ്ഡിക 2.1)***

**ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് പ്രയോജനപ്പെടുത്തുന്നതിൽ പരാജയപ്പെട്ടതിനാൽ വന്ന 76.07 ലക്ഷം രൂപയുടെ നഷ്ടം**

ജിഎസ്ടി നിയമത്തിലെ വ്യവസ്ഥകൾ വിലയിരുത്തുന്നതിലെ പാളിച്ച കാരണം ഡിപ്പോകളുടെ തടിവില്പനയിന്മേലുള്ള നികുതി ബാദ്ധ്യത തട്ടിക്കിഴിക്കുന്ന തിന് ഡിവിഷനുകളുടെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് വിനിയോഗിക്കുന്നതിലുണ്ടായ പരാജയം 76.07 ലക്ഷം രൂപയുടെ ഒഴിവാക്കാവുന്ന ചെലവിന് കാരണമായി.

***(ഖണ്ഡിക 2.2)***

**എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ടിലേക്ക് തൊഴിലുടമ നല്കിയ അധികവിഹിതം**

എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ടിലേക്ക് തൊഴിലുടമയുടെ വിഹിതം അധികമായി അടച്ചതിലൂടെ ജീവനക്കാർക്ക് 11.86 കോടി രൂപയുടെ അനർഹമായ ആനുകൂല്യം ലഭിക്കാനിടയായി.

***(ഖണ്ഡിക 2.3)***

**ഇപിഎഫ് അംഗത്വമെടുക്കുന്നതിലും വിഹിതം അടയ്ക്കുന്നതിലും വന്ന കാലതാമസം**

നാല് സ്വയംഭരണ സ്ഥാപനങ്ങൾ, അവരുടെ ജീവനക്കാരുടെ അംഗത്വമെടുക്കുന്നതിലും ഇപിഎഫ് വിഹിതം അടയ്ക്കുന്നതിലും ഉണ്ടായ കാലതാമസം, പലിശയും നഷ്ടപരിഹാരവുമായി 57.91 ലക്ഷം രൂപ അധികമായി അടയ്ക്കാൻ ഇടയാക്കി.

***(ഖണ്ഡിക 2.4)***

**ബൈപാസ് റോഡുകളുടെ പൂർത്തീകരണത്തിലെ കാലതാമസം**

പിഡബ്ല്യുഡി മാനുവലിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട്, ആവശ്യമായ ഭൂമിയുടെ ലഭ്യത ഉറപ്പാക്കാതെ തുടങ്ങിവച്ച മൂന്ന് ബൈപാസ് റോഡ് പ്രവൃത്തികൾ അപൂർണ്ണമായി തുടരുന്നതിനാൽ 54.08 കോടി രൂപ ചെലവാക്കിയത് നിഷ്ഫലമായി.

***(ഖണ്ഡിക 2.5)***

**നികുതിയുടെയും പലിശയുടെയും ഒഴിവാക്കാവുന്ന ചെലവ്**

പിഡബ്ല്യുഡിയുടെ ഇടപാടുകളിൽ ജിഎസ്ടിയുടെ അനിവാര്യത വിശകലനം ചെയ്യുന്നതിൽ വകുപ്പ് പരാജയപ്പെട്ടതിനാൽ ജിഎസ്ടി കുടിശ്ശികയും പലിശയും കൂടി 42.78 കോടി രൂപയുടെ അധിക ചെലവിനിടയാക്കി.

***(ഖണ്ഡിക 2.6)***

**നിഷ്ക്രിയ നിക്ഷേപം**

നേര്യമംഗലത്ത് 24.22 കോടി രൂപ ചെലവാക്കി നിർമ്മിച്ച പിഡബ്ല്യുഡി സമുച്ചയം നിഷ്ക്രിയമായി തുടർന്നു.

***(ഖണ്ഡിക 2.7)***

**കരാറുകാർക്ക് നല്കിയ അനർഹമായ ആനുകൂല്യം**

കരാർ നിരക്കിനുപരിയായി ബിറ്റുമിന്റെ വിലയിലുള്ള വ്യത്യാസം വ്യവസ്ഥകൾ ലംഘിച്ച് കരാറുകാർക്ക് നൽകാനുള്ള സർക്കാർ തീരുമാനം കരാറുകാർക്ക് 4.98 കോടി രൂപയുടെ അനർഹമായ ആനുകൂല്യം നല്കുന്നതിനിടയാക്കി.

***(ഖണ്ഡിക 2.8)***

**കരാറുകാർക്ക് അധിക തുക നൽകിയത്**

2016 ജൂലൈ മുതൽ 2019 ഡിസംബർ വരെ അനുവദിച്ച മൂന്ന് പ്രവൃത്തികളിൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ ബിറ്റുമിന്റെ വിലയുടെ കൂടെ കൂട്ടിയിട്ടുള്ള ബിറ്റുമിന്റെ കോസ്റ്റ് ഇൻഡക്സ് വീണ്ടെടുക്കുന്നതിൽ വകുപ്പിനുണ്ടായ പരാജയം കരാറുകാർക്ക് 1.26 കോടി രൂപയുടെ അധിക തുക നൽകാനിടയാക്കി.

***(ഖണ്ഡിക 2.9)***

**ക്രമരഹിതമായ പണമിടപാട്**

പ്രവൃത്തിയുടെ അളവുകൾ വകുപ്പുതല അധികാരി തെറ്റായി രേഖപ്പെടുത്തിയതിലൂടെ കരാറുകാർക്ക് 20.71 ലക്ഷം രൂപ അധികം നൽകാനിടയായി.

***(ഖണ്ഡിക 2.10)***

**നികുതി ഈടാക്കാതിരിക്കലും/ കുറച്ച് ഈടാക്കലും**

റീജ്യണൽ/ സബ്-റീജ്യണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലെ ഉദ്യോഗസ്ഥർ ഡാറ്റാബേസിലെ രേഖകളുടെ അടിസ്ഥാന പരിശോധനകൾ നടത്താത്തതിനാൽ 3.94 കോടി രൂപയുടെ നികുതി ഈടാക്കാതിരിക്കുകയോ കുറച്ച് ഈടാക്കുകയോ ചെയ്തു.

***(ഖണ്ഡിക 2.11)***

## ഭാഗം-II പൊതുമേഖലാ സ്ഥാപനങ്ങളുടെ അനുവർത്തന ഓഡിറ്റ് നിരീക്ഷണങ്ങൾ

2021 സെപ്റ്റംബർ അവസാനം വരെ, 65 സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് 401 പരിശോധനാ റിപ്പോർട്ടുകളുമായി ബന്ധപ്പെട്ട 2,167 ഖണ്ഡികകൾ കുടിശ്ശികയായി തുടരുന്നതായി കണ്ടെത്തി.

സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട അഞ്ച് അനുവർത്തന ഓഡിറ്റ് ഖണ്ഡികകൾ, നാലാഴ്ചയ്ക്കുള്ളിൽ മറുപടി നൽകണമെന്ന അഭ്യർത്ഥനയോടെ കേരള സർക്കാരിന്റെ ബന്ധപ്പെട്ട പ്രിൻസിപ്പൽ സെക്രട്ടറിമാർക്ക്/ സെക്രട്ടറിമാർക്ക് നൽകി (2021 ഓഗസ്റ്റിനും 2021 ഒക്ടോബറിനും ഇടയിൽ). ആകെയുള്ള നാല് ഖണ്ഡികകളുടെ മറുപടികളും ഒരു അനുവർത്തന ഓഡിറ്റ് ഖണ്ഡികയ്ക്കുള്ള ഭാഗിക മറുപടികളും സംസ്ഥാന സർക്കാരിൽ നിന്ന് (ജൂൺ 2022) ലഭിച്ചത്, ഈ റിപ്പോർട്ടിൽ ഉചിതമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഖണ്ഡികകളുടെ മൊത്തം സാമ്പത്തിക ആഘാതം 127.57 കോടി രൂപയാണ്.

***(ഖണ്ഡിക 3.5, 3.6)***

**വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുജ്ജീവനത്തിനും പുനരുദ്ധാരണത്തിനുള്ള പദ്ധതികൾ നടപ്പിലാക്കൽ**

200.17 കോടി രൂപ നിക്ഷേപിച്ചിട്ടും, പൂർത്തീകരിച്ച പദ്ധതികളൊന്നും അതത് പദ്ധതി രേഖകളിൽ വിഭാവനം ചെയ്തതുപോലെ നടപ്പാക്കിയില്ല. പദ്ധതി മൂല്യനിർണയത്തിലെ അപാകതകൾ, സർക്കാർ ഫണ്ട് അനുവദിക്കുന്നതിലെ കാലതാമസം, പൊതുമേഖലാ സ്ഥാപനങ്ങളുടെ ഫണ്ട് വകമാറ്റം, പൊതുമേഖലാ സ്ഥാപനങ്ങളുടെ പദ്ധതി നടത്തിപ്പിലെ അപാകത തുടങ്ങിയവ മൂലം പുനരുജ്ജീവന, പുനരുദ്ധാരണ പദ്ധതികളിൽ നിന്ന് ഉദ്ദേശിച്ച നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞില്ല .

***(ഖണ്ഡിക 4.1)***

**ഒഴിവാക്കാമായിരുന്ന നഷ്ടം**

കരാറിൽ പെർഫോമൻസ് സെക്യൂരിറ്റിയുടെ വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിലും അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കാതിരുന്ന വിതരണക്കാരനെതിരെ 'റിസ്ക് ആൻഡ് കോസ്റ്റ്' വ്യവസ്ഥ പ്രയോഗിക്കുന്നതിലും ഉള്ള ട്രാൻസ്ഫോർമേഴ്സ് ആൻഡ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡിന്റെ പരാജയം 65.42 ലക്ഷം രൂപയുടെ ഒഴിവാക്കാമായിരുന്ന നഷ്ടത്തിന് കാരണമായി.

***(ഖണ്ഡിക 4.2)***

**മതിപ്പ് വിലയെക്കാൾ കുറഞ്ഞ തുക ക്വോട്ട് ചെയ്തതിനാൽ ഉണ്ടായ ഒഴിവാക്കാമായിരുന്ന നഷ്ടം**

ട്രാൻസ്ഫോർമേഴ്സ് ആൻഡ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ് ക്വോട്ട് ചെയ്ത വില സാമഗ്രികളുടെ മതിപ്പ് വിലയേക്കാൾ കുറവായിരുന്നത് 2.12 കോടി രൂപയുടെ ഒഴിവാക്കാമായിരുന്ന നഷ്ടത്തിനും 1.26 കോടി രൂപയുടെ ലിക്വിഡേറ്റഡ് ഡാമേജസിനും കാരണമായി. കൂടാതെ, ഗതാഗതച്ചെലവ് നിർണ്ണയിച്ചതിലെ അപാകത കാരണം 0.46 കോടി രൂപയുടെ അധികച്ചെലവുണ്ടായി.

***(ഖണ്ഡിക 4.3)***

**കരാറുകാരന് അനർഹമായ ആനുകൂല്യം**

സിവിസി മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് പലിശ രഹിത മൊബിലൈസേഷൻ അഡ്വാൻസ് വീണ്ടെടുക്കുന്നത് നിയന്ത്രിക്കുന്നതിനുള്ള ഉചിതമായ വ്യവസ്ഥ ടെൻഡർ രേഖയിൽ കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് ഉൾപ്പെടുത്താതിരുന്നതും, പലിശ രഹിത അഡ്വാൻഡ് അധികമായി നൽകിയതും കരാറുകാരന് 32.65 ലക്ഷം രൂപയുടെ അനർഹമായ ആനുകൂല്യം നൽകുന്നതിന് ഇടയാക്കി.

***(ഖണ്ഡിക 4.4)***

**കേന്ദ്ര സർക്കാർ സഹായം നഷ്ടമാകൽ**

സൗഭാഗ്യ പദ്ധതിക്ക് കീഴിലുള്ള എസ്ജിഎസ്ടിയുടെ അടവുമായി ബന്ധപ്പെട്ട രേഖകൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് പരിപാലിക്കാത്തത് 7.30 കോടി രൂപയുടെ ഗ്രാന്റ് നഷ്ടമാകുന്നതിന് കാരണമായി. ഡിഡിയുജിജെവൈ പദ്ധതി പ്രകാരം ബിപിഎൽ കുടുംബങ്ങൾക്ക് എൽഇഡി ബൾബുകൾ നൽകുന്നതിൽ വീഴ്ച വരുത്തിയത് ആനുകൂല്യം ലഭിക്കാതിരിക്കുന്നതിന് കാരണമായി.

***(ഖണ്ഡിക 4.5)***

# ഭാഗം I

# സംസ്ഥാന സർക്കാർ വകുപ്പുകൾ

# അദ്ധ്യായം I

# സാമാന്യം

# അദ്ധ്യായം I

# സാമാന്യം

## ആമുഖം

***1.1*** കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ (സിഎജി) റിപ്പോർട്ടിന്റെ ഈ ഭാഗം കേരള സർക്കാരിന്റെ പതിനൊന്ന് വകുപ്പുകളുടെ[1] അനുവർത്തന ഓഡിറ്റിൽ നിന്ന് ഉരുത്തിരിഞ്ഞ കാര്യങ്ങളുമായി ബന്ധപ്പെട്ടതാണ്. ഇന്ത്യൻ ഭരണഘടനയിലെ വ്യവസ്ഥകൾ, ബന്ധപ്പെട്ട നിയമങ്ങൾ, ചട്ടങ്ങൾ, വ്യവസ്ഥകൾ, മറ്റ് ഉത്തരവുകളും ഉത്തരവാദപ്പെട്ട അധികാരികൾ പുറപ്പെടുവിക്കുന്ന വിവിധ ഉത്തരവുകൾ, നിർദ്ദേശങ്ങൾ എന്നിവ പാലിക്കപ്പെടുന്നുണ്ടോ എന്ന് നിർണ്ണയിക്കുന്നതിന് വേണ്ടി ഓഡിറ്റ് ചെയ്യപ്പെട്ട സ്ഥാപനങ്ങളുടെ ഇടപാടുകളുടെ പരിശോധനയാണ് അനുവർത്തന ഓഡിറ്റ്. നിയമങ്ങൾ, നിയന്ത്രണങ്ങൾ, ഉത്തരവുകൾ, നിർദ്ദേശങ്ങൾ എന്നിവയുടെ നിയമസാധുത, പര്യാപ്തത, സുതാര്യത, ഔചിത്യം, വിവേകം തുടങ്ങിയവ പരിശോധിക്കുന്നതും അനുവർത്തന ഓഡിറ്റിൽ ഉൾപ്പെടുന്നു.

ഓഡിറ്റിന്റെ പ്രധാനപ്പെട്ട ഫലങ്ങൾ സംസ്ഥാന നിയമസഭയുടെ ശ്രദ്ധയിൽ കൊണ്ടുവരിക എന്നുള്ളതാണ് ഈ റിപ്പോർട്ടിന്റെ പ്രാഥമിക ലക്ഷ്യം. ഇടപാടുകളുടെ സ്വഭാവം, അളവ്, വ്യാപ്തി എന്നിവയ്ക്ക് ആനുപാതികമായിരിക്കണം റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കേണ്ട കാര്യങ്ങളുടെ പ്രാധാന്യം എന്ന് ഓഡിറ്റിംഗ് മാനദണ്ഡങ്ങൾ ആവശ്യപ്പെടുന്നു. തിരുത്തൽ നടപടികൾ കൈക്കൊള്ളുന്നതിനും സ്ഥാപനങ്ങളുടെ സാമ്പത്തികപരിപാലനം മെച്ചപ്പെടുത്തുന്നതിലേക്ക് നയിക്കുന്ന നയങ്ങളും പൊതുനിർദ്ദേശങ്ങളും രൂപീകരിക്കുന്നതിനും ഭരണാധികാരികളെ ഓഡിറ്റിന്റെ കണ്ടെത്തലുകൾ പ്രാപ്തമാക്കുകയും, അങ്ങനെ നല്ല ഭരണക്രമത്തിന് സഹായകമാവുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.

ഓഡിറ്റിന്റെ ആസൂത്രണവും വ്യാപ്തിയും വിശദീകരിക്കുന്നതിന് പുറമേ, മുൻ ഓഡിറ്റ് റിപ്പോർട്ടുകളുടെ തുടർ നടപടികളെക്കുറിച്ചുള്ള വിവരങ്ങളും ഈ അധ്യായത്തിൽ നൽകിയിരിക്കുന്നു.

## ഓഡിറ്റ് ചെയ്യപ്പെട്ട സ്ഥാപനങ്ങളുടെ രൂപരേഖ

***1.2*** കമ്മീഷണർമാർ, ഡയറക്ടർമാർ, ഡെപ്യൂട്ടി സെക്രട്ടറിമാർ, സബോർഡിനേറ്റ് ഓഫീസർമാർ എന്നിവരുടെ സഹായത്തോടെ അഡീഷണൽ ചീഫ് സെക്രട്ടറിമാർ / പ്രിൻസിപ്പൽ സെക്രട്ടറിമാർ / സെക്രട്ടറിമാർ എന്നിവരാണ് വകുപ്പുകൾക്ക് നേതൃത്വം നൽകുന്നത്.

റിപ്പോർട്ടിന്റെ ഈ ഭാഗത്ത് ഉൾപ്പെടുത്തിയിരിക്കുന്ന 11 വകുപ്പുകളുടെ ഒരു ഹ്രസ്വവിവരണം ***അനുബന്ധം 1***-ൽ കൊടുത്തിരിക്കുന്നു.

2019-20, 2020-21 വർഷങ്ങളിലെ കേരള സർക്കാരിന്റെ സാമ്പത്തിക പ്രവർത്തനങ്ങളുടെ സംഗ്രഹം **പട്ടിക 1.1**-ൽ നൽകിയിരിക്കുന്നു:

---

[1] ഇനി പറയുന്ന വകുപ്പുകൾ: (i) പരിസ്ഥിതി, കാലാവസ്ഥ വ്യതിയാനം, (ii) വനം വന്യജീവി, (iii) പൊതുമരാമത്ത്, (iv) ശാസ്ത്രസാങ്കേതികം, (v) സാംസ്കാരിക കാര്യം, (vi) ഇല്കട്രോണിക്സും വിവര സാങ്കേതിക വിദ്യയും, (vii) വ്യവസായവും വാണിജ്യവും, (viii) തുറമുഖം, (ix) ഊർജ്ജം, (x) വിനോദസഞ്ചാരം, (xi) ഗതാഗതം.

**പട്ടിക 1.1: സാമ്പത്തിക പ്രവർത്തനങ്ങളുടെ സംഗ്രഹം**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | ഘടകങ്ങൾ | 2019-20 (യഥാർത്ഥ ചെലവ്) | 2020-21 (ബജറ്റ് എസ്റ്റിമേറ്റ്) | 2020-21 (യഥാർത്ഥ ചെലവ്) | ബജറ്റ് എസ്റ്റി മേറ്റുമായുള്ള യഥാർത്ഥ ചെലവിന്റെ ശതമാനം | മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപാദനത്തിലേക്കുള്ള യഥാർത്ഥ ചെലവിന്റെ ശതമാനം |
|---|---|---|---|---|---|---|
| 1 | നികുതി വരുമാനം * | 50,323.14 | 67,420.01 | 47,660.84 | 70.69 | 6.28 |
| 2 | നികുതിയിതര വരുമാനം | 12,265.22 | 14,587.00 | 7,327.31 | 50.23 | 0.97 |
| 3 | യൂണിയൻ നികുതികളുടെ/ തീരുവകളുടെ പങ്ക് ** | 16,401.05 | 20,934.80 | 11,560.40 | 55.22 | 1.52 |
| 4 | ഗ്രാന്റ്-ഇൻ-എയ്ഡും സംഭാവനകളും *** | 11,235.26 | 11,694.09 | 31,068.28 | 265.68 | 4.09 |
| **5** | **റവന്യൂ രസീതുകൾ (1+2+3+4)** | **90,224.67** | **1,14,635.90** | **97,616.83** | **85.15** | **12.86** |
| 6 | വായ്പകളുടെയും അഡ്വാൻസുകളുടെയും റിക്കവറി | 295.32 | 284.01 | 263.82 | 92.89 | 0.03 |
| 7 | മറ്റ് രസീതുകൾ | 27.48 | 50.00 | 34.15 | 68.30 | 0.00 |
| 8 | കടങ്ങളും മറ്റ് ബാധ്യതകളും | 23,837.47 | 29,295.39 | 40,969.69^ | 139.85 | 5.40 |
| **9** | **മൂലധന രസീതുകൾ (6+7+8)** | **24,160.27** | **29,629.40** | **41,267.66** | **139.28** | **5.44** |
| **10** | **ആകെ രസീതുകൾ (5+9)** | **1,14,384.94** | **1,44,265.30** | **1,38,884.49** | **96.27** | **18.30** |
| **11** | **റവന്യൂ ചെലവ്** | **1,04,719.92** | **1,29,837.37** | **1,23,446.33** | **95.08** | **16.27** |
| 12 | പലിശ പേയ്മെന്റുകൾ | 19,214.70 | 19,850.00 | 20,975.36 | 105.67 | 2.76 |
| **13** | **മൂലധന ചെലവ്** | **9,665.02** | **14,427.93** | **15,438.16** | **107.00** | **2.03** |
| 14 | മൂലധന ഔട്ട് ലേ | 8,454.80 | 12,913.22 | 12,889.65 | 99.82 | 1.70 |
| 15 | വായ്പയും അഡ്വാൻസും | 1,210.22 | 1,514.71 | 2,548.51 | 168.25 | 0.34 |
| **16** | **മൊത്തം ചെലവ് (11+13)** | **1,14,384.94** | **1,44,265.30** | **1,38,884.49** | **96.27** | **18.30** |
| **17** | **റവന്യൂ കമ്മി (5-11)** | **14,495.25** | **15,201.47** | **25,829.50** | **169.91** | **3.40** |
| **18** | **ധനക്കമ്മി ^ {16-(5+6+7)}** | **23,837.47** | **29,295.39** | **40,969.69** | **139.85** | **5.40** |
| **19** | **പ്രാഥമിക കുറവ് ^ (18-12)** | **4,622.77** | **9,445.39** | **19,994.33** | **211.68** | **2.63** |

ഉറവിടം: 2019-20, 2020-21 വർഷങ്ങളിലെ ഫിനാൻസ് അക്കൗണ്ടുകൾ, വാർഷിക സാമ്പത്തിക പ്രസ്താവന- 2020-21.

** 20,028.31 കോടി രൂപയുടെ സ്റ്റേറ്റ് ഗുഡ്സ് ആന്റ് സർവ്വീസ് ടാക്സ് ഉൾപ്പെടെ.*

*** 3,325.63 കോടി രൂപയുടെ സെൻട്രൽ ഗുഡ്സ് ആന്റ് സർവ്വീസ് ടാക്സ് ഉൾപ്പെടെ.*

**** ജിഎസ്ടി നടപ്പാക്കിയതുമൂലം ഉണ്ടാകുന്ന വരുമാനനഷ്ടത്തിന് 6,721.38 കോടി രൂപ നഷ്ടപരിഹാരം ഉൾപ്പെടെ.*

*^ വായ്പാ രസീതുകൾക്ക് കീഴിൽ സംസ്ഥാനത്തിന് ബാക്ക് ടു ബാക്ക് ലോണായി നൽകിയ 5,766 കോടി രൂപയുടെ ജി.എസ്.ടി. നഷ്ടപരിഹാരം ധനകാര്യ കമ്മിഷൻ നിർദ്ദേശിച്ചേക്കാവുന്ന ഏതെങ്കിലും മാനദണ്ഡങ്ങൾക്ക് അനുസരിച്ച് സംസ്ഥാനത്തിന്റെ കടമായി കണക്കാക്കില്ലെന്ന് കേന്ദ്ര സർക്കാരിലെ എക്സ്പെൻഡിച്ചർ വകുപ്പ് തീരുമാനിച്ചിരുന്നതിനാൽ സംസ്ഥാനത്തിന്റെ അന്തിമമായ വായ്പകളും മറ്റ് ബാധ്യതകളും 35,203.69 കോടി രൂപയായിരിക്കും.*

## ഓഡിറ്റ് നടത്താനുള്ള അധികാരം

***1.3*** ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 149, 151 എന്നിവ അനുസരിച്ചും 1971-ലെ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ (കർത്തവ്യങ്ങൾ, അധികാരങ്ങൾ, സേവന വ്യവസ്ഥകൾ) നിയമം [സിഎജിയുടെ (ഡി.പി.സി) നിയമം] അനുസരിച്ചുമാണ് സിഎജിക്ക് ഓഡിറ്റിന് ഉള്ള അധികാരം ലഭിച്ചത്. വിവിധ ഓഡിറ്റുകളുടെ തത്വങ്ങളും രീതിശാസ്ത്രങ്ങളും സിഎജി പുറപ്പെടുവിച്ച 2020-ലെ റെഗുലേഷൻസ് ഓൺ ഓഡിറ്റ് ആൻഡ് അക്കൗണ്ട്സ്, 2017-ലെ ഓഡിറ്റിംഗ് സ്റ്റാൻഡേർഡ്സ് എന്നിവയിൽ നിഷ്കർഷിച്ചിട്ടുണ്ട്.

## ഓഡിറ്റിന്റെ ആസൂത്രണവും നടത്തിപ്പും

***1.4*** വിവിധ സർക്കാർ വകുപ്പുകളുടെ നഷ്ടസംഭവ്യസാധ്യതകൾ വിലയിരുത്തിയാണ് ഓഡിറ്റ് പ്രക്രിയ ആരംഭിക്കുന്നത്. വരുത്തിയ ചെലവ്, പ്രവൃത്തികളുടെ സങ്കീർണത/നിർണ്ണായകാവസ്ഥ, സാമ്പത്തിക അധികാരങ്ങളുടെ വിന്യാസനില, മൊത്തത്തിലുള്ള ആന്തരിക നിയന്ത്രണ സംവിധാനങ്ങളുടെ വിലയിരുത്തൽ, സ്റ്റേക്ഹോൾഡർമാരുടെ ആശങ്കകൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് വിവിധ സർക്കാർ വകുപ്പുകൾ നേരിടുന്ന നഷ്ടസംഭവ്യസാധ്യത വിലയിരുത്തുന്നത്. മുൻവർഷങ്ങളിലെ ഓഡിറ്റ് കണ്ടെത്തലുകളും ഈ ഉദ്യമത്തിൽ പരിഗണിക്കാറുണ്ട്. നഷ്ടസംഭവ്യസാധ്യത പരിഗണിച്ചാണ് ഓഡിറ്റിന്റെ ആവൃത്തിയും വ്യാപ്തിയും തീരുമാനിക്കുന്നത്. 2019-20 വർഷത്തിൽ 1,858 പാർട്ടി ദിവസങ്ങളും 2020-21 വർഷത്തിൽ 1,079 പാർട്ടി ദിവസങ്ങളും യഥാക്രമം 175, 48 എന്നിങ്ങനെ യൂണിറ്റുകളുടെ ഓഡിറ്റ് നടത്താൻ വിനിയോഗിക്കുകയുണ്ടായി.

ഓരോ യൂണിറ്റിന്റെയും ഓഡിറ്റ് പൂർത്തിയാക്കിയ ശേഷം, ഓഡിറ്റ് കണ്ടെത്തലുകൾ അടങ്ങിയ പരിശോധന റിപ്പോർട്ടുകൾ വകുപ്പ് മേധാവിക്ക് നൽകുന്നു. പരിശോധനാ റിപ്പോർട്ടുകൾ ലഭിച്ച് ഒരു മാസത്തിനകം ഓഡിറ്റ് കണ്ടെത്തലുകൾക്കുള്ള മറുപടികൾ നൽകാൻ വകുപ്പുകളോട് അഭ്യർത്ഥിക്കുന്നു. മറുപടികൾ ലഭിക്കുമ്പോഴെല്ലാം, ഓഡിറ്റ് കണ്ടെത്തലുകൾ അന്തിമമായി തീർപ്പാക്കുകയോ അല്ലെങ്കിൽ നിയമം അനുസരിക്കുന്നതിന് തുടർനടപടികൾ ഉപദേശിക്കുകയോ ചെയ്യുന്നു. ഈ പരിശോധനാ റിപ്പോർട്ടുകളിൽ നിന്ന് ഉയർന്നുവരുന്ന പ്രധാനപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ സംസ്ഥാന നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കാനായി, ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 151 പ്രകാരം സംസ്ഥാന ഗവർണർക്ക് സമർപ്പിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെടുത്തുന്നതിനായി തയ്യാറാക്കുന്നു.

## റിപ്പോർട്ടിലെ ഈ ഭാഗത്തിന്റെ ഉള്ളടക്കം

***1.5*** റിപ്പോർട്ടിന്റെ ഈ ഭാഗത്ത് 11 ഖണ്ഡികകൾ അടങ്ങിയിരിക്കുന്നു. ഖണ്ഡികകളുടെ മൊത്തം സാമ്പത്തിക സ്വാധീനം 145.69 കോടി രൂപയാണ്. ഇവ അദ്ധ്യായം രണ്ടിൽ ചർച്ചചെയ്യുന്നു. 44.12 കോടി രൂപ ഉൾപ്പെടുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ വകുപ്പുകൾ/സർക്കാർ അംഗീകരിച്ചിട്ടുണ്ട് (ഫെബ്രുവരി 2022 വരെ).

## 1.6 ഓഡിറ്റ് നിരീക്ഷണങ്ങളോടുള്ള സർക്കാരിന്റെ/ വകുപ്പുകളുടെ പ്രതികരണം

### തീർപ്പാകാത്ത പരിശോധനാ റിപ്പോർട്ടുകൾ

***1.6.1*** സർക്കാർ വകുപ്പുകൾ അവയുടെ നിയമങ്ങളിലും നടപടിക്രമങ്ങളിലും നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം ഇടപാടുകൾ നടത്തുന്നുണ്ടോ എന്നും പ്രധാനപ്പെട്ട അക്കൗണ്ടുകളും മറ്റ് രേഖകളും പരിപാലിക്കുന്നുണ്ടോ എന്നും പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II), കേരള മാതൃകാ പരിശോധന നടത്തുന്നു. ഓഡിറ്റിനിടെ കണ്ടെത്തിയവയും തൽസമയം തീർപ്പാക്കാത്തവയുമായ ക്രമക്കേടുകൾ ഈ പരിശോധനകൾക്ക് ശേഷം തയാറാക്കുന്ന, പരിശോധനാ റിപ്പോർട്ടിൽ (ഐആറുകൾ) ഉൾപ്പെടുത്തുന്നു.

2021 സെപ്റ്റംബർ വരെ നൽകിയ ഐആറുകളുടെ വിശകലനത്തിൽ, ഈ വകുപ്പുകളുമായി ബന്ധപ്പെട്ടു നൽകിയ 1,041 ഐആറുകളിലെ 6,177 ഖണ്ഡികകൾ 2021 സെപ്റ്റംബർ അവസാനം വരെ തീർപ്പാകാതെ ശേഷിക്കുന്നതായി കണ്ടെത്തി. 2021 സെപ്റ്റംബർ വരെയുള്ള കണക്കുകളും അതിനുമുമ്പുള്ള രണ്ട് വർഷങ്ങളിലെ അനുബന്ധ കണക്കുകളും **പട്ടിക 1.2**-ൽ നൽകിയിരിക്കുന്നു:

**പട്ടിക 1.2 പരിശോധനാ റിപ്പോർട്ടുകളുടെ കുടിശ്ശികയുടെ വിശദാംശങ്ങൾ**

| വിശദാംശങ്ങൾ | സെപ്റ്റംബർ 2019 | സെപ്റ്റംബർ 2020 | സെപ്റ്റംബർ 2021 |
|---|---|---|---|
| തീർപ്പാകാത്ത ഐആറുകളുടെ എണ്ണം | 999 | 1,033 | 1,041 |
| തീർപ്പാകാത്ത ഓഡിറ്റ് ഖണ്ഡികകളുടെ എണ്ണം | 5,513 | 5,939 | 6,117 |

2021 സെപ്റ്റംബർ 30 വരെ കുടിശ്ശികയുള്ള ഐആറുകളുടെയും ഓഡിറ്റ് ഖണ്ഡികകളുടെയും വകുപ്പ് തിരിച്ചുള്ള വിശദാംശങ്ങളും അതിൽ ഉൾപ്പെട്ടിട്ടുള്ള തുകയും **പട്ടിക 1.3**-ൽ നൽകിയിരിക്കുന്നു:

**പട്ടിക 1.3 തീർപ്പാക്കാത്ത ഐആറുകളുടെയും ഖണ്ഡികകളുടെയും വകുപ്പ് തിരിച്ചുള്ള വിശദാംശങ്ങൾ**

| ക്രമ നമ്പർ | വകുപ്പ് | തീർപ്പാകാത്ത ഐആറുകളുടെ എണ്ണം | ഐആറുകളിലെ തീർപ്പാകാത്ത ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | വ്യവസായവും വാണിജ്യവും | 76 | 364 |
| 2 | ഊർജ്ജം | 30 | 133 |
| 3 | സാംസ്കാരികകാര്യങ്ങൾ | 100 | 541 |
| 4 | ഇലക്ട്രോണിക്സും വിവര സാങ്കേതികവിദ്യയും | 22 | 202 |
| 5 | തുറമുഖം | 17 | 47 |
| 6 | വിനോദസഞ്ചാരം | 18 | 113 |
| 7 | ഗതാഗതം | 279 | 2,263 |
| 8 | പരിസ്ഥിതി-കാലാവസ്ഥാ വ്യതിയാനം | 9 | 65 |
| 9 | പൊതുമരാമത്ത് | 309 | 1,641 |
| 10 | വനം വന്യജീവി | 154 | 707 |
| 11 | ശാസ്ത്രസാങ്കേതികം | 27 | 101 |
| **ആകെ** | | **1,041** | **6,177** |

പട്ടികയിൽ കാണുന്നതുപോലെ, തീർപ്പാകാത്ത ഐആറുകളുടെയും ഖണ്ഡികകളുടെയും കാര്യത്തിൽ ഏറ്റവും കൂടുതൽ കുടിശ്ശികയുള്ളത് പൊതുമരാമത്ത് വകുപ്പിലാണ്. ***അനുബന്ധം 2***-ൽ കൊടുത്തിരിക്കുന്ന, തീർപ്പാകാത്ത ഐആറുകളുടെയും ഓഡിറ്റ് ഖണ്ഡികകളുടെയും കാലപ്പഴക്കം തിരിച്ചുള്ള വിശകലനത്തിൽ നിന്നും 598 ഐആറുകൾ (ആകെ കുടിശ്ശികയുള്ള മൊത്തം ഐആറുകളുടെ 57.44 ശതമാനം) അഞ്ച് വർഷത്തിലേറെയായി തീർപ്പ് കൽപ്പിക്കപ്പെടാതെ നിലകൊള്ളുന്നതായി വെളിപ്പെടുന്നു.

ഐആർ മുഖേന ഓഡിറ്റ് ചൂണ്ടിക്കാണിച്ച അപാകതകളും ക്രമക്കേടുകളും പരിഹരിക്കാൻ ഓഫീസ് മേധാവികളും വകുപ്പുതല മേധാവികളും കാര്യക്ഷമമായ നടപടി സ്വീകരിക്കേണ്ടതുണ്ടെന്ന വസ്തുതയാണ് ഈ കുടിശ്ശിക സൂചിപ്പിക്കുന്നത്. തീർപ്പാകാത്ത ഐആറുകളുടെയും ഖണ്ഡികകളുടെയും വർഷം തിരിച്ചും വകുപ്പു തിരിച്ചും ഉള്ള വിശദാംശങ്ങൾ ***അനുബന്ധം 2***-ൽ നല്കിയിരിക്കുന്നു.

## വകുപ്പുതല ഓഡിറ്റ് കമ്മിറ്റി യോഗങ്ങൾ

***1.6.2*** ഐആറുകളിലെ ഖണ്ഡികകൾ തീർപ്പാക്കുന്നതിന്റെ പുരോഗതി നിരീക്ഷിക്കുന്നതിനും വേഗത്തിലാക്കുന്നതിനുമായി സർക്കാർ ഓഡിറ്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. 2019-20, 2020-21 വർഷങ്ങളിൽ നടന്ന ഓഡിറ്റ് കമ്മിറ്റി യോഗങ്ങളുടെയും (എസിഎം) അതിൽ തീർപ്പാക്കിയ ഖണ്ഡികകളുടെയും വിശദാംശങ്ങൾ **പട്ടിക 1.4**-ൽ നൽകിയിരിക്കുന്നു:

**പട്ടിക 1.4 വകുപ്പുതല ഓഡിറ്റ് കമ്മിറ്റി യോഗങ്ങൾ**

| ക്രമ നമ്പർ | വകുപ്പ് | ഓഡിറ്റ് കമ്മിറ്റി യോഗങ്ങളുടെ എണ്ണം | | തീർപ്പാക്കിയ ഖണ്ഡികകളുടെ എണ്ണം | |
|---|---|---|---|---|---|
| | | 2019-20 | 2020-21 | 2019-20 | 2020-21 |
| 1 | വനം വന്യജീവി | 2 | 0 | 17 | 0 |
| 2 | പൊതുമരാമത്ത് | 5 | 0 | 132 | 0 |
| 3 | ഊർജ്ജം | 3 | 1 | 81 | 49 |
| 4 | ഗതാഗതം | 4 | 0 | 371 | 0 |
| 5 | വ്യവസായവും വാണിജ്യവും | 3 | 0 | 10 | 0 |
| **ആകെ** | | **17** | **1** | **611** | **49** |

2019-20, 2020-21 വർഷങ്ങളിൽ യഥാക്രമം 17-ഉം ഒന്നും എസിഎം മാത്രമാണ് നടന്നതെന്നും ഈ കാലയളവിൽ യഥാക്രമം 611-ഉം 49-ഉം ഖണ്ഡികകൾ തീർപ്പാക്കിയതായും പട്ടികയിൽ നിന്ന് കാണാൻ കഴിയും. പരിസ്ഥിതി, ശാസ്ത്രസാങ്കേതികം, സാംസ്കാരികകാര്യം, ഇലക്ട്രോണിക്സും വിവര സാങ്കേതിക വിദ്യയും, തുറമുഖം, വിനോദസഞ്ചാരം എന്നീ ആറ് വകുപ്പുകളുമായി ബന്ധപ്പെട്ട് 2019-20, 2020-21 വർഷങ്ങളിൽ എസിഎം നടന്നില്ല. അതുപോലെ, ഓഡിറ്റ് സബ് കമ്മിറ്റികൾ ഈ കാലയളവുകളിൽ ഈ വകുപ്പുകളിൽ ഒന്നിലും നടന്നിട്ടില്ല.

## കരട് ഓഡിറ്റ് ഖണ്ഡികകളോടുള്ള വകുപ്പുകളുടെ പ്രതികരണം

***1.6.3*** സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സും അതിനെ തുടർന്ന് ഇന്ത്യയുടെ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ടിൽ ഉൾപ്പെടുത്താൻ നിർദ്ദേശിച്ചിട്ടുള്ള കരട് ഓഡിറ്റ് ഖണ്ഡികകളും ബന്ധപ്പെട്ട അഞ്ച്[2] വകുപ്പുകളുടെ പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ എന്നിവർക്ക് അയക്കുകയും ഓഡിറ്റ് കണ്ടെത്തലുകളിലേക്ക് അവരുടെ ശ്രദ്ധ ആകർഷിക്കുകയും നാല് ആഴ്ചക്കുള്ളിൽ അവരുടെ പ്രതികരണം അറിയിക്കാൻ അഭ്യർത്ഥിക്കുകയും ചെയ്തു. 2021 ഓഗസ്റ്റിനും 2021 ഒക്ടോബറിനും ഇടയിൽ ഈ റിപ്പോർട്ടിന്റെ ഭാഗം-I-ൽ ഉൾക്കൊള്ളിച്ചിട്ടുള്ള 11 ഖണ്ഡികകൾ അതത് വകുപ്പുകളിലെ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/ പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ എന്നിവർക്ക് അർദ്ധ ഔദ്യോഗികമായി അയച്ചു. ഖണ്ഡികകൾക്കു ലഭിച്ച സർക്കാർ മറുപടികൾ ഈ റിപ്പോർട്ടിൽ ഉചിതമായി ഉൾക്കൊള്ളിച്ചിരിക്കുന്നു.

## ഓഡിറ്റ് റിപ്പോർട്ടുകളിന്മേലുള്ള തുടർനടപടികൾ

***1.7*** ഓഡിറ്റ് സൂക്ഷ്മപരിശോധനാ പ്രക്രിയയുടെ പരിസമാപ്തിയെയാണ് സിഎജിയുടെ റിപ്പോർട്ടുകൾ പ്രതിനിധീകരിക്കുന്നത്. ആയതിനാൽ എക്സിക്യൂട്ടീവിൽ നിന്ന് ഉചിതവും സമയബന്ധിതവുമായ പ്രതികരണം അവയ്ക്ക് ലഭിക്കേണ്ടത് അത്യാവശ്യമാണ് ഓഡിറ്റ് നിരീക്ഷണങ്ങൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി സി.എ.ജി. യുടെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവർത്തന ക്ഷമതാ ഓഡിറ്റ്/ അനുവർത്തന ഓഡിറ്റ്, ഓഡിറ്റ് ഖണ്ഡികകൾ എന്നിവയെ സംബന്ധിച്ച വിശദീകരണ കുറിപ്പുകൾ ഓഡിറ്റ് റിപ്പോർട്ട് നിയമസഭയിൽ അവതരിപ്പിച്ച് രണ്ട് മാസത്തിനകം

---
[2] സാംസ്കാരികം, ഗതാഗതം, ശാസ്ത്ര സാങ്കേതികം, വനം വന്യജീവി, പൊതുമരാമത്ത്.

തന്നെ സമർപ്പിക്കണമെന്ന് സർക്കാരിന്റെ എല്ലാ അഡ്മിനിസ്ട്രേറ്റീവ് വകുപ്പുകളോടും ധനവകുപ്പ് 2017-ൽ നിർദ്ദേശം നൽകിയിട്ടുണ്ട്. 2022 മാർച്ച് വരെ വിശദീകരണ കുറിപ്പുകൾ ലഭിച്ചിട്ടില്ലാത്ത ഖണ്ഡികകൾ/ പ്രവർത്തനക്ഷമതാ ഓഡിറ്റുകൾ സംബന്ധിച്ച സ്ഥിതി **പട്ടിക 1.5**-ൽ നൽകിയിരിക്കുന്നു:

**പട്ടിക 1.5 : 2022 മാർച്ച് 31 വരെ ലഭിച്ചിട്ടില്ലാത്ത വിശദീകരണ കുറിപ്പുകൾ**

| ഓഡിറ്റ് റിപ്പോർട്ടിന്റെ വർഷം | പ്രവർത്തനക്ഷമതാ ഓഡിറ്റുകളുടെയും ഖണ്ഡികകളുടെയും എണ്ണം | | വിശദീകരണ കുറിപ്പുകൾ ലഭിച്ചിട്ടില്ലാത്ത പ്രവർത്തന ക്ഷമതാ ഓഡിറ്റുകളുടെയും ഖണ്ഡികകളുടെയും എണ്ണം | |
|---|---|---|---|---|
| | പ്രവർത്തനക്ഷമതാ ഓഡിറ്റുകൾ | ഖണ്ഡികകൾ | പ്രവർത്തനക്ഷമതാ ഓഡിറ്റുകൾ | ഖണ്ഡികകൾ |
| 2015-16 | 1 | 5 | 0 | 1 |
| 2016-17 | 1 | 7 | 1 | 1 |
| 2017-18 | 1 | 7 | 0 | 4 |
| 2018-19 | 0 | 4 | 0 | 3 |
| **ആകെ** | **3** | **23** | **1** | **9** |

അഡ്മിനിസ്ട്രേറ്റീവ് വകുപ്പുകൾ ഈ നിർദ്ദേശങ്ങൾ പാലിക്കാത്തതിനാൽ 2015-16 മുതൽ 2018-19 വരെയുള്ള **പട്ടിക 1.5**-ൽ കാണിച്ചിരിക്കുന്ന കാലയളവിലെ ഒരു പ്രവർത്തനക്ഷമതാ ഓഡിറ്റിനും ഒൻപത് ഖണ്ഡികകൾക്കും നടപടിയെടുത്ത കുറിപ്പുകൾ 2022 മാർച്ച് വരെയും സമർപ്പിച്ചിട്ടില്ല.

## പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചർച്ച ചെയ്യേണ്ട ഖണ്ഡികകൾ

***1.8*** ഇക്കണോമിക് സെക്ടറിന്റെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പ്രത്യക്ഷപ്പെട്ട പ്രവർത്തന ക്ഷമതാ ഓഡിറ്റുകളുടെയും ഖണ്ഡികകളുടെയും മേൽ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി 2022 മാർച്ച് 31 വരെ ചർച്ചക്കെടുത്തതിന്റെ വിശദാംശങ്ങൾ **പട്ടിക 1.6**-ൽ നൽകിയിരിക്കുന്നു:

**പട്ടിക 1.6 : പ്രവർത്തനക്ഷമതാ ഓഡിറ്റുകളുടെയും ഖണ്ഡികകളുടെയും ചർച്ചയുടെ നില**

| ഓഡിറ്റ് റിപ്പോർട്ടിന്റെ വർഷം | പ്രവർത്തനക്ഷമതാ ഓഡിറ്റ്/ഖണ്ഡികകളുടെ എണ്ണം | | | |
|---|---|---|---|---|
| | ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയവ | | ചർച്ച ചെയ്യപ്പെട്ട ഖണ്ഡികകൾ | |
| | പ്രവർത്തന ക്ഷമതാ ഓഡിറ്റ് | ഖണ്ഡികകൾ | പ്രവർത്തന ക്ഷമതാ ഓഡിറ്റ് | ഖണ്ഡികകൾ |
| 2012-13 | 0 | 5 | 0 | 4 |
| 2013-14 | 0 | 0 | 0 | 0 |
| 2014-15 | 0 | 0 | 0 | 0 |
| 2015-16 | 1 | 5 | 0 | 4 |
| 2016-17 | 1 | 7 | 0 | 0 |
| 2017-18 | 1 | 7 | 0 | 1 |
| 2018-19 | 0 | 4 | 0 | 0 |
| **ആകെ** | **3** | **28** | **0** | **9** |

2022 മാർച്ച് വരെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചർച്ച ചെയ്യാനുള്ള പ്രവർത്തന ക്ഷമതാ ഓഡിറ്റുകളുടെയും/ ഖണ്ഡികകളുടെയും സ്ഥിതി അവലോകനം ചെയ്തപ്പോൾ മൂന്ന് പ്രവർത്തനക്ഷമതാ ഓഡിറ്റുകളും 19 ഖണ്ഡികകളും (വനം വന്യജീവി, വിനോദസഞ്ചാരം, പൊതുമരാമത്ത് വകുപ്പുകൾ എന്നിവയുമായി ബന്ധപ്പെട്ടത്) ഇനിയും ചർച്ച ചെയ്യാനുണ്ടെന്ന് കണ്ടു.

# അദ്ധ്യായം II

# സംസ്ഥാന സർക്കാർ വകുപ്പുകളുടെ അനുവർത്തന ഓഡിറ്റ് ഖണ്ഡികകൾ

# അദ്ധ്യായം II

# സംസ്ഥാന സർക്കാർ വകുപ്പുകളുടെ അനുവർത്തന ഓഡിറ്റ് ഖണ്ഡികകൾ

***സാംസ്കാരിക, ടൂറിസം ക്ലസ്റ്റർ***

**മ്യൂസിയം, മൃഗശാല ഡയറക്ടറേറ്റ്**

***2.1* ഉദ്ദേശിച്ച നേട്ടങ്ങൾ കൈവരിക്കാതിരിക്കൽ**

**1.02 കോടി രൂപ ചെലവാക്കി നടപ്പിലാക്കിയ രണ്ട് പദ്ധതികൾ നിഷ്ഫലമായി.**

ഡിജിറ്റൽ അസറ്റ് മാനേജ്മെന്റ് സിസ്റ്റം (ഡിഎഎംഎസ്), സൂ മാനേജ്മെന്റ് സിസ്റ്റം (സെഡ്എംഎസ്) എന്നീ രണ്ട് പദ്ധതികൾ നടപ്പിലാക്കുന്നതിന് മ്യൂസിയം, മൃഗശാല ഡയറക്ടറേറ്റിന് (ഡയറക്ടറേറ്റ്) കേരള സർക്കാർ (സർക്കാർ) യഥാക്രമം 2013 ജനുവരിയിലും 2013 സെപ്തംബറിലും ഭരണാനുമതി നൽകി. സർക്കാർ 'ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡർ'[3] ആയി നിയോഗിച്ച കേരള സ്മോൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (സിഡ്കോ) എന്ന പൊതുമേഖലാ സ്ഥാപനത്തിന് ഈ രണ്ട് പദ്ധതികളും നടപ്പിലാക്കുന്നതിനുള്ള വർക്ക് ഓർഡറുകൾ ഡയറക്ടറേറ്റ് നൽകി (ജനുവരി 2013, ഡിസംബർ 2013). രണ്ട് പദ്ധതികളുടെയും വിശദാംശങ്ങൾ ***അനുബന്ധം 3***-ൽ നൽകിയിരിക്കുന്നു. 2013 ജനുവരിയിലും 2013 ഡിസംബറിലും യഥാക്രമം 63.21 ലക്ഷം രൂപയ്ക്കും, 38.79 ലക്ഷം രൂപയ്ക്കും ഡിഎഎംഎസ്, സെഡ്എംഎസ് എന്നിവ നടപ്പിലാക്കുന്നതിനുള്ള വർക്ക് ഓർഡറുകൾ സിഡ്കോയ്ക്ക് നൽകി. രണ്ട് വർക്ക് ഓർഡറുകൾക്കുമായി ഡയറക്ടറേറ്റ് 2014 ജൂണിലും, 2014 ഏപ്രിലിലുമായി മുഴുവൻ തുകയും സിഡ്കോയ്ക്ക് നൽകിയെങ്കിലും 2021 നവംബറിലും ഈ പദ്ധതികൾ പ്രവർത്തനക്ഷമമായിരുന്നില്ല.

സിഡ്കോയ്ക്ക് മുഴുവൻ പണവും നൽകിയിട്ടും, പ്രസ്തുത പദ്ധതികൾ ഡയറക്ടറേറ്റ് ഉപയോഗപ്പെടുത്താത്തത് 2017 ജനുവരിയിൽ ഓഡിറ്റ് ചൂണ്ടിക്കാട്ടിയിരുന്നു. ഇക്കാര്യത്തിൽ സ്വീകരിച്ച അനന്തര നടപടികളുടെ ഒരു പരിശോധന ഓഡിറ്റ് 2021 ഏപ്രിലിൽ നടത്തി. 2017 ജൂലൈ/ഓഗസ്റ്റ് വരെ, ഡയറക്ടറേറ്റ് ഒരു നടപടിയും സ്വീകരിച്ചിരുന്നില്ലെന്ന് ശ്രദ്ധയിൽപ്പെട്ടു. വാറന്റി/ വാർഷിക പരിപാലന കരാർ[4] ഇതിനകം കാലഹരണപ്പെട്ടിരുന്നു. പദ്ധതികളുടെ നടത്തിപ്പിനായി സിഡ്കോ, ഡയറക്ടറേറ്റ്, കേരള സർക്കാറിന്റെ സാംസ്കാരിക വകുപ്പ്, എന്നിവ 2017 ഒക്ടോബറിൽ നടത്തിയ യോഗവും ഫലം കണ്ടില്ല.

ഓഡിറ്റ് 2017 ജനുവരിയിൽ നടത്തിയ നിരീക്ഷണത്തിന്റെ തുടർച്ചയായി, പദ്ധതികളുടെ നടത്തിപ്പിനെക്കുറിച്ച് അന്വേഷണം നടത്താൻ ഡയറക്ടറേറ്റ് അതിന്റെ ആഭ്യന്തര വിജിലൻസ് സെല്ലിനോട് നിർദ്ദേശിച്ചു (2020 ജനുവരി). സെർവർ പാസ്‌വേഡ് ലഭ്യമല്ലാത്തതിനാലും സോഫ്റ്റ്‌വെയറിന്റെ ഫ്രണ്ട്-എൻഡ് പൂർത്തിയാകാത്തതിനാലും 2014 ജൂണിൽ സിഡ്കോയ്ക്ക് അന്തിമ പേയ്മെന്റ് നൽകുമ്പോൾ ഡിഎഎംഎസ് പ്രവർത്തനക്ഷമമായിരുന്നില്ല എന്ന് അന്വേഷണത്തിൽ കണ്ടെത്തി (2021 ജനുവരി). പൂർത്തീകരണം ഉറപ്പാക്കാതെ മുഴുവൻ തുകയും നല്കിയതിന് നീതീകരണമില്ല എന്ന് അന്വേഷണ റിപ്പോർട്ട് ചൂണ്ടിക്കാട്ടി. സെഡ്എംഎസ്-നെ സംബന്ധിച്ച്,

---

3 സർക്കാർ വകുപ്പുകൾക്കും/ ഡറക്ട്റേറ്റുകൾക്കും, അവയുടെ കമ്പ്യൂട്ടർവത്കരണ ഉദ്യമങ്ങൾക്ക് സാങ്കേതിക സഹായം ലഭ്യമാക്കുന്നതിനായി ചില ഏജൻസികളെ 'ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡർ'മാരായി സർക്കാർ നിയോഗിച്ചു.

4 സിഡ്കോയും ആയുള്ള കരാറിൽ വ്യവസ്ഥ ചെയ്തിരുന്നു എങ്കിലും, സെഡ്എംഎസ് കാര്യത്തിൽ വാർഷിക പരിപാലന കരാറിൽ ഏർപ്പെട്ടിരുന്നില്ല.

ഹാർഡ്‌വെയർ ഘടകങ്ങൾ വിതരണം ചെയ്തിട്ടില്ലെന്നും സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്തിട്ടില്ലെന്നും അന്വേഷണത്തിൽ വെളിപ്പെട്ടു. കൂടാതെ, സെഡ്എംഎസ്-ന്റെ സെർവറിന്റെ പാസ്‌വേഡും ഐപി വിലാസവും, സോഫ്റ്റ്‌വെയറിന്റെ യൂആർഎൽ[5], യൂസർ നെയിം, പാസ്‌വേഡ് മുതലായവയും ഡയറക്ടറേറ്റിൽ ലഭ്യമായിരുന്നില്ല. സിഡ്കോയുടെ സ്വയം സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ മുഴുവൻ തുകയും നല്കിയത് ഡയറക്ടറേറ്റിന്റെ ഭാഗത്തുനിന്ന് ഉണ്ടായ സാരമായ വീഴ്ചയാണ്.

ആയതിനാൽ, സ്റ്റോർസ് പർച്ചേസ് മാന്വലിന്റെ റൂൾ 11.1 അനുശാസിക്കുന്നത് പോലെ, എല്ലാ ഹാർഡ് വെയർ/ സോഫ്റ്റ് വെയർ ഘടകങ്ങളും ലഭിച്ചു എന്നും പദ്ധതികൾ പൂർത്തീകരിച്ചു എന്നും ഡയറക്ടറേറ്റ് ഉറപ്പ് വരുത്തിയില്ല എന്ന് അന്വേഷണത്തിൽ വെളിപ്പെട്ടു. ആഭ്യന്തര അന്വേഷണ റിപോർട്ട് 2021 ജനുവരിയിൽ ലഭിച്ചുവെങ്കിലും അത് 2021 നവംബറിൽ മാത്രമാണ് സർക്കാരിലേക്ക് അയച്ചത് എന്നതും ഡയറക്ടറേറ്റോ സർക്കാരോ ഇതുവരെ റിപ്പോർട്ടിൻമേൽ തുടർ നടപടി എടുത്തിട്ടില്ല എന്നതും ശ്രദ്ധേയമാണ്.

ഉത്തരവാദിത്തം നിശ്ചയിക്കുന്നതുൾപ്പെടെയുള്ള തിരുത്തൽ നടപടികൾ കൈക്കൊള്ളുന്നതിന്റെ ഭാഗമായി ഓഡിറ്റ് കണ്ടെത്തലുകളെ കുറിച്ച് വിശദമായ അന്വേഷണം നടത്താൻ കേരള സ്റ്റേറ്റ് ഐടി മിഷനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന് സർക്കാർ മറുപടി നൽകി (2022 ജനുവരി).

***ശുപാർശ: സർക്കാർ ഉത്തരവാദിത്തം നിശ്ചയിക്കുകയും പദ്ധതികൾ പ്രവർത്തന ക്ഷമമാക്കാൻ പരിശ്രമിക്കുകയും വേണം.***

***പരിസ്ഥിതി, ശാസ്ത്രസാങ്കേതിക ക്ലസ്റ്റർ***

**കേരള വനം വന്യജീവി വകുപ്പ്**

**2.2 ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് പ്രയോജനപ്പെടുത്തുന്നതിൽ പരാജയപ്പെട്ടതിനാൽ വന്ന 76.07 ലക്ഷം രൂപയുടെ നഷ്ടം**

**ജിഎസ്ടി നിയമത്തിലെ വ്യവസ്ഥകൾ വിലയിരുത്തുന്നതിലെ പാളിച്ച കാരണം ഡിപ്പോകളുടെ തടിവില്പനയിന്മേലുള്ള നികുതി ബാദ്ധ്യത തട്ടിക്കിഴിക്കുന്നതിന് ഡിവിഷനുകളുടെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് വിനിയോഗിക്കുന്നതിലുണ്ടായ പരാജയം 76.07 ലക്ഷം രൂപയുടെ ഒഴിവാക്കാവുന്ന ചെലവിന് കാരണമായി.**

കേന്ദ്ര ചരക്കു സേവന നികുതി നിയമം, 2017-ലെ വകുപ്പ് 25 (4) പ്രകാരം, ഒരു സംസ്ഥാനത്തിലോ കേന്ദ്രഭരണ പ്രദേശത്തോ ഒന്നിലധികം സംസ്ഥാനങ്ങളിലോ കേന്ദ്രഭരണ പ്രദേശങ്ങളിലോ ഒന്നിലധികം രജിസ്ട്രേഷനുകൾ നേടിയിട്ടുള്ള അല്ലെങ്കിൽ ആവശ്യമുള്ള ഒരു വ്യക്തിയെ, അത്തരം ഓരോ രജിസ്ട്രേഷനേയും സംബന്ധിച്ചിടത്തോളം, ഈ നിയമത്തിന്റെ ഉദ്ദേശ്യങ്ങൾക്കായി വ്യത്യസ്ത വ്യക്തികളായി പരിഗണിക്കണം. ഈ നിയമത്തിലെ വകുപ്പ് 2(62) പ്രകാരം രജിസ്റ്റർ ചെയ്ത വ്യക്തിയുമായി ബന്ധപ്പെട്ട് 'ഇൻപുട്ട് ടാക്സ്' എന്നാൽ അയാൾക്ക് ലഭിച്ച ഏതെങ്കിലും ചരക്കുകളുടെയോ സേവനങ്ങളുടെയോ ഇവ രണ്ടിന്റെയുമോ വിതരണത്തിന്മേൽ ചുമത്തിയ കേന്ദ്ര നികുതി, സംസ്ഥാന നികുതി, സംയോജിത നികുതി അല്ലെങ്കിൽ കേന്ദ്ര ഭരണ പ്രദേശ നികുതി എന്നിവയാണ്. ഇൻപുട്ടുകളിന്മേൽ ഇതിനകം അടച്ചിട്ടുള്ള നികുതി ഇൻപുട്ട് ടാക്സ് ക്രെഡിറ്റായി അവകാശപ്പെടാൻ രജിസ്റ്റർ ചെയ്ത ഓരോ വ്യക്തിയേയും ഈ നിയമത്തിലെ വകുപ്പ് 16(1) പ്രാപ്തമാക്കുന്നു. കൂടാതെ, വകുപ്പ് 16(4) പ്രകാരം, ബന്ധപ്പെട്ട സാമ്പത്തിക വർഷം കഴിഞ്ഞുള്ള സെപ്റ്റംബർ മാസത്തിലെ റിട്ടേൺ സമർപ്പിക്കുന്നതിനുള്ള അവസാന തീയതിയോ വാർഷിക റിട്ടേൺ സമർപ്പിച്ച തീയതിയോ, ഏതാണോ ആദ്യം, ആ തീയതിക്ക് ശേഷം ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് (ഐടിസി) അവകാശപ്പെടാൻ കഴിയില്ല.

[5] യൂണിഫോം റിസോഴ്സ് ലൊക്കേറ്റർ.

കേരള വനം വന്യജീവി വകുപ്പിൽ (കെഎഫ്ഡബ്ല്യുഡി) തടിവിൽപ്പന പ്രവർത്തനങ്ങൾ ആറ് ടിമ്പർ സെയിൽസ് ഡിവിഷനുകൾക്ക് (തിരുവനന്തപുരം, പുനലൂർ, കോട്ടയം, പെരുമ്പാവൂർ, പാലക്കാട്, കോഴിക്കോട്) കീഴിലുള്ള ടിമ്പർ സെയിൽസ് ഡിപ്പോകൾ വഴിയും ചന്ദനം, ചന്ദനതൈലം എന്നിവയുടെ വില്പന മറയൂർ സാൻഡൽ ഡിവിഷൻ വഴിയും നടത്തുന്നു. ഇതിനായി തടി, ചന്ദനം, ചന്ദനതൈലം എന്നിവയുടെ ഇ-ലേലം നടത്തുന്നതിന് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എംഎസ്ടിസി ലിമിറ്റഡിന്റെ (എംഎസ്ടിസി) സേവനം കെഎഫ്ഡബ്ല്യുഡി പ്രയോജനപ്പെടുത്തുന്നു. എംഎസ്ടിസി ലേലവസ്തുക്കളുടെ വിൽപന മൂല്യത്തിന്റെ 0.8 ശതമാനം സേവന ചാർജായി ഈടാക്കുകയും ഇ-ലേലങ്ങളുടെ സേവനത്തിനായി ഡിവിഷനുകളുടെ ജിഎസ്ടി നമ്പറുകൾ ഉൾപ്പെടുത്തി ബില്ലുകൾ നൽകുകയും ചെയ്യുന്നു.

ആറ് ടിംബർ സെയിൽസ് ഡിവിഷനുകളിലും സാൻഡൽ ഡിവിഷനിലും നടത്തിയ ഓഡിറ്റിൽ (2021 ഏപ്രിൽ മുതൽ 2021 മെയ് വരെ) താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കപ്പെട്ടു:

i. തടി വിൽപ്പനയുടെ കാര്യത്തിൽ, 2021 മാർച്ച് വരെ എംഎസ്ടിസിക്ക് നൽകിയ ജിഎസ്ടിയിൽ നിന്ന് നേടിയ 47.34 ലക്ഷം രൂപയുടെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അവകാശപ്പെടാനും ഉപയോഗിക്കാനും ടിമ്പർ സെയിൽസ് ഡിവിഷനുകൾക്ക് അർഹതയുണ്ടായിരുന്നു (***അനുബന്ധം 4***). എന്നിരുന്നാലും, ഡിവിഷൻ തലത്തിൽ ബില്ലുകൾ തയ്യാറാക്കിയോ ഇൻപുട്ട് സേവന വിതരണക്കാരായി (ഐഎസ്ഡി) ഡിവിഷനുകൾ സ്വയം രജിസ്റ്റർ ചെയ്തിട്ടോ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് വിനിയോഗിക്കുന്നതിനും അതുവഴി ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് വിനിയോഗത്തിനായി ഡിപ്പോകൾക്ക് വിതരണം ചെയ്യുന്നതിനും വകുപ്പ് നടപടികളൊന്നും സ്വീകരിച്ചില്ല. തൽഫലമായി, ടിമ്പർ സെയിൽസ് ഡിവിഷനുകളിൽ ലഭ്യമായ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് വിനിയോഗിക്കാനും സെയിൽസ് ഡിപ്പോകളുടെ നികുതി ബാധ്യതയായ 6,298.16 ലക്ഷം രൂപയിൽ (***അനുബന്ധം 5***) തട്ടിക്കിഴിക്കാനും കഴിഞ്ഞില്ല. അതിനാൽ, ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ഉപയോഗിക്കുന്നതിൽ വിവേകപൂർണമായ ഒരു സംവിധാനം സ്വീകരിക്കുന്നതിൽ വകുപ്പ് പരാജയപ്പെട്ടത് ജിഎസ്ടി ഇനത്തിൽ 47.34 ലക്ഷം രൂപയുടെ ഒഴിവാക്കാമായിരുന്ന ചെലവിന് ഇടയാക്കി.

ii. 2021 മാർച്ച് വരെ എംഎസ്ടിസി നൽകുന്ന സേവനത്തിന് നൽകിയ ജിഎസ്ടി തുകയുമായി ബന്ധപ്പെട്ട്, 28.73 ലക്ഷം രൂപ ഇൻപുട്ട് ടാക്സ് ക്രെഡിറ്റായി അവകാശപ്പെടുവാനും ഉപയോഗിക്കാനും മറയൂർ സാൻഡൽ ഡിവിഷന് അർഹതയുണ്ടായിരുന്നു (***അനുബന്ധം 6***). ചന്ദനം, ചന്ദനതൈലം എന്നിവയുടെ വിൽപ്പന സാൻഡൽ ഡിവിഷൻ നേരിട്ട് നടത്തുകയും ഇൻവോയ്സുകൾ ഡിവിഷൻ തന്നെ നൽകുകയും ചെയ്തു. ഈ വസ്തുക്കളുടെ വിൽപ്പനയിൽ നിന്ന് സമാഹരിച്ച 3,765.65 ലക്ഷം രൂപയുടെ (***അനുബന്ധം 7***) ജിഎസ്ടിയിൽ നിന്ന് 28.73 ലക്ഷം രൂപയുടെ അർഹമായ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് തട്ടിക്കിഴിക്കാതെ അടവാക്കി. ഇത് ജിഎസ്ടി ഇനത്തിൽ മറയൂർ സാൻഡൽ ഡിവിഷന് 28.73 ലക്ഷം രൂപയുടെ ഒഴിവാക്കാമായിരുന്ന ചെലവിന് ഇടയാക്കി.

നികുതി ബാധ്യതയുമായി ബന്ധപ്പെട്ട് ജിഎസ്ടി നിയമത്തിലെ വ്യവസ്ഥകൾ (ഐടിസിയുടെ ലഭ്യതയും ജിഎസ്ടിയുടെ ശേഖരണവും പണമടയ്ക്കലും വ്യത്യസ്ത പോയിന്റുകളിലായതിനാൽ) വിലയിരുത്തുന്നതിലെ വീഴ്ചകൾ കാരണം, അർഹമായ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് നേടാൻ വകുപ്പിന് കഴിയാതിരിക്കുകയും, അത് 76.07 ലക്ഷം രൂപയുടെ ഒഴിവാക്കാവുന്ന ചെലവിന് കാരണമാവുകയും ചെയ്തു.

വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തുകയും (2021 സെപ്റ്റംബർ) സർക്കാർ താഴെ കൊടുത്ത പ്രകാരം മറുപടി നൽകുകയും (2022 ഫെബ്രുവരി) ചെയ്തു:

i. 2021 സെപ്റ്റംബർ മുതൽ അർഹമായ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (പി & ഡി)യ്ക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട് എന്നും;

ii. സർവീസ് ചാർജും ജിഎസ്ടിയും അവകാശപ്പെടുന്ന ഇൻവോയ്സുകൾ ഡിവിഷനുകൾക്ക് പകരം ടിമ്പർ സെയിൽസ് ഡിപ്പോകളുടെ പേരിൽ എംഎസ്ടിസി ജനറേറ്റുചെയ്യുന്നതിനും സെയിൽസ് ഡിപ്പോകളെ വിൽപ്പനക്കാരനായി രജിസ്റ്റർ ചെയ്ത് 2020-21 മുതൽ ഐടിസി പ്രയോജനപ്പെടുത്തുന്നതിനുമുള്ള തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട് എന്നും അറിയിച്ചു.

**ശാസ്ത്രസാങ്കേതിക വകുപ്പ്**

### *2.3* എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ടിലേക്ക് തൊഴിലുടമ നല്കിയ അധികവിഹിതം

**എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ടിലേക്ക് തൊഴിലുടമയുടെ വിഹിതം അധികമായി അടച്ചതിലൂടെ ജീവനക്കാർക്ക് 11.86 കോടി രൂപയുടെ അനർഹമായ ആനുകൂല്യം ലഭിക്കാനിടയായി.**

എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ടുകളും വിവിധ വ്യവസ്ഥകളും നിയമം, 1952 (ഇപിഎഫ് ആക്ട്) നിയമത്തിലെ സെക്ഷൻ 6 എ പ്രകാരം സൃഷ്ടിച്ച എംപ്ലോയീസ് പെൻഷൻ സ്കീം (ഇപിഎസ്) അനുസരിച്ച്, തൊഴിലുടമ ജീവനക്കാരന്റെ ശമ്പളത്തിന്റെ 12 ശതമാനം തൊഴിലുടമയുടെ വിഹിതമായി നൽകണം, അതിൽ രണ്ട് ഘടകങ്ങൾ[6] ഉൾപ്പെടുന്നു - എട്ടും മൂന്നിലൊന്ന് ശതമാനം ഇപിഎസിലേക്കും, മൂന്നും മൂന്നിൽ രണ്ട് ശതമാനം ഇപിഎഫിലേക്കും അടയ്ക്കണം. പ്രസ്തുത പദ്ധതി പ്രകാരം, പെൻഷൻ ലഭിക്കാവുന്ന പരമാവധി ശമ്പളം 15,000[7] രൂപയായിരുന്നു പെൻഷൻ ഫണ്ടിലേക്കും പ്രൊവിഡന്റ് ഫണ്ടിലേക്കുമുള്ള വിഹിതം ആ തുകയിൽ പരിമിതപ്പെടുത്തിയ ശമ്പളത്തിന്മേൽ കണക്കാക്കണം.

ഇപിഎഫുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഔചിത്യം കൊണ്ടുവരുന്നതിന്, എല്ലാ പൊതുമേഖലാ/ സ്വയംഭരണ/ ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾക്കും കർശനമായി പാലിക്കുന്നതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു (2011 ഒക്ടോബർ). ഉയർന്ന പരിധിയില്ലാതെ തൊഴിലുടമ സംഭാവന നൽകുന്ന ക്രമവിരുദ്ധമായ സമ്പ്രദായം പിന്തുടരുന്ന സ്ഥാപനങ്ങൾ അത്തരം സമ്പ്രദായങ്ങൾ ഉടനടി നിർത്തിവയ്ക്കണമെന്നും നിയമപരമായ പരിധിക്കുള്ളിൽ വിഹിതം പരിമിതപ്പെടുത്തണമെന്നും സർക്കാർ നിർദ്ദേശിച്ചു. അങ്ങനെ, തൊഴിലുടമ അടയ്ക്കേണ്ട പരമാവധി പ്രതിമാസ വിഹിതം 1,800 രൂപ മാത്രമാണ്, അതിൽ ഇപിഎസിലേക്ക് 1,250 രൂപയും ഇപിഎഫിലേക്ക് 550 രൂപയും അടയ്ക്കേണ്ടതുണ്ട്.

ശാസ്ത്ര സാങ്കേതിക വകുപ്പിന് കീഴിലുള്ള സ്വയംഭരണ സ്ഥാപനമായ കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആൻഡ് എൻവയോൺമെന്റ് (കെഎസ്സിഎസ്ടിഇ), അതിന്റെ റിസർച്ച് ആൻഡ് ഡെവലപ്മെന്റ് (ആർ & ഡി) കേന്ദ്രങ്ങൾ എന്നിവ അവരുടെ ജീവനക്കാർക്കായി ഇപിഎഫ് പദ്ധതി നടപ്പിലാക്കാൻ ബാധ്യസ്ഥരായിരുന്നു. പൂർണമായും സംസ്ഥാന സർക്കാരിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്നതിനാൽ സർക്കാരിന്റെ എല്ലാ നിർദ്ദേശങ്ങളും പാലിക്കാനും അവർ ബാധ്യസ്ഥരായിരുന്നു.

കെഎസ്സിഎസ്ടിഇയുടെ ഓഡിറ്റിനിടെ (2021 ഫെബ്രുവരി), കെഎസ്സിഎസ്ടിഇയുടെ കീഴിലുള്ള സ്വയംഭരണ സ്ഥാപനങ്ങൾ ഇ.പി.എഫ് വിഹിതം അടച്ചതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ പരമാവധി പെൻഷൻ കിട്ടാവുന്ന ശമ്പളം 15,000 രൂപയിൽ പരിമിതപ്പെടുത്തുന്നതിനുപകരം സ്ഥാപനങ്ങൾ തൊഴിലുടമയുടെ

[6] എട്ടും മൂന്നിൽ ഒന്ന് ശതമാനം ജീവനക്കാരുടെ പെൻഷൻ പദ്ധതിയിലേക്കും മൂന്നും മൂന്നിൽ രണ്ടു ശതമാനം എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ടിലേക്കും.

[7] തുടക്കത്തിൽ ഈ തുക 6,500 രൂപ ആയിരുന്നത് 2014 ഓഗസ്റ്റ് 22-ലെ ജിഎസ്ആർ 609 നോട്ടിഫിക്കേഷൻ പ്രകാരം 2014 സെപ്റ്റംബർ 01 മുതൽ 15,000 രൂപയായി പുതുക്കി.

വിഹിതം യഥാർത്ഥ ശമ്പളത്തിന്റെ 12 ശതമാനം അടച്ചതായി ശ്രദ്ധയിൽപ്പെട്ടു. സ്ഥാപനങ്ങൾ പെൻഷൻ കിട്ടാവുന്ന പരമാവധി ശമ്പളത്തിന്റെ 8.33 ശതമാനം (പ്രതിമാസം 1,250 രൂപ) ഇപിഎസിലേക്ക് അടച്ചെങ്കിലും യഥാർത്ഥ ശമ്പളത്തിന്റെ 12 ശതമാനത്തിൽ ബാക്കിയുള്ള തുക ഇപിഎഫിലേക്ക് അടച്ചത്, 2016 ഏപ്രിൽ മുതൽ 2020 ഡിസംബർ വരെയുള്ള കാലയളവിൽ പ്രതിമാസം 550 രൂപയിൽ കൂടുതലായിരുന്നു. ഇപിഎഫ് നിയമത്തിലെ നിയമപരമായ വ്യവസ്ഥകൾ പാലിക്കാത്തതിന്റെ ഫലമായി കെഎസ്സിഎസ്ടിഇ, അഞ്ച് ഗവേഷണ-വികസന കേന്ദ്രങ്ങൾ (പ്രത്യേക സ്വയംഭരണ സ്ഥാപനങ്ങൾ) എന്നിവയുമായി ബന്ധപ്പെട്ട് ഇപിഎഫിലേക്കുള്ള തൊഴിലുടമകളുടെ സംഭാവനയ്ക്കായി 11.86 കോടി രൂപ അധികമായി ചെലവഴിച്ചു (***അനുബന്ധം 8***).

2018 ഒക്ടോബറിൽ നടന്ന എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിൽ തീരുമാനിച്ച പ്രകാരം, കെഎസ്സിഎസ്ടിഇ സർക്കാരിനെ സമീപിച്ച് (2018 ഡിസംബർ) തൊഴിലുടമയുടെ ഇപിഎഫ് വിഹിതം പരിധിയില്ലാതെ അടയ്ക്കാൻ അനുമതി തേടിയതായി ഓഡിറ്റ് കണ്ടെത്തി. സർക്കാരിന്റെ നൂറു ശതമാനം സാമ്പത്തിക സഹായത്തോടെ പ്രവർത്തിക്കുന്നതിനാൽ കെഎസ്സിഎസ്ടിഇ സർക്കാരിന്റെ എല്ലാ നിർദ്ദേശങ്ങളും പാലിക്കേണ്ടതായിട്ടുണ്ട്. അതുകൊണ്ടുതന്നെ ഈ പ്രമേയം പരിഗണിക്കാനാവില്ലെന്ന് സർക്കാർ അറിയിച്ചു (2019 മേയ്). 2014 സെപ്റ്റംബർ 01 വരെ അടയ്ക്കേണ്ട സംഭാവനകളുടെ കാര്യത്തിൽ തൊഴിലുടമയുടെ വിഹിതം 6,500 രൂപയുടെ 12 ശതമാനമായും അതിനുശേഷമുള്ള കാലയളവിലേക്ക് 15,000 രൂപയുടെ 12 ശതമാനമായും പരിമിതപ്പെടുത്താൻ കെഎസ്സിഎസ്ടിഇയോട് നിർദ്ദേശിച്ചു. ജീവനക്കാരുടെ സഹകരണം ഉറപ്പാക്കി തൊഴിലുടമ അടച്ച അധിക തുക തിരിച്ചുപിടിക്കുന്നതിനോ ക്രമീകരിക്കുന്നതിനോ ഒരു മാർഗ്ഗം കണ്ടെത്താനും നിർദേശം നൽകി. ഇതിനകം നൽകിയ അധിക വിഹിതം ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുകയോ ഇപിഎഫ് വിഹിതം അധികമായി അടക്കുന്ന രീതി അവസാനിപ്പിക്കുകയോ കെഎസ്സിഎസ്ടിഇ ചെയ്തില്ല.

വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും (2021 സെപ്റ്റംബർ) സർക്കാർ മറുപടി നൽകുകയും ചെയ്തു (2022 ഫെബ്രുവരി).

i. കെഎസ്സിഎസ്ടിഇ റൂളിന്റെ, സെക്ഷൻ II, ഭാഗം 1, ക്ലോസ് 1.3 അനുസരിച്ച് എല്ലാ ജീവനക്കാരും എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ടിൽ വരിക്കാരാകണം. പ്രൊവിഡന്റ് ഫണ്ടിലെ തൊഴിലുടമയുടെ വിഹിതം ശമ്പളത്തിന്റെയും ഡിഎയുടെയും 12 ശതമാനവും പ്രൊവിഡന്റ് ഫണ്ടിലെ ജീവനക്കാരുടെ വിഹിതം ശമ്പളത്തിന്റെയും ഡിഎയുടെയും 12 ശതമാനത്തേക്കാൾ കുറവല്ലാത്തതും ആയിരിക്കണം. ഈ നിയമങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അധ്യക്ഷനായ കെഎസ്സിഎസ്ടിഇയുടെ സംസ്ഥാന കൗൺസിൽ അംഗീകരിക്കുകയും, ഇത് കെഎസ്സിഎസ്ടിഇയിലെയും അതിന്റെ ഗവേഷണ-വികസന കേന്ദ്രങ്ങളിലെയും എല്ലാ ജീവനക്കാർക്കും ബാധകമാക്കുകയും ചെയ്തു;

ii. ഇപിഎഫ് നിയമത്തിലെ സെക്ഷൻ 26 (6) തൊഴിലുടമയ്ക്ക് ഏറ്റവും കുറഞ്ഞ പരിധിയായ 15,000 രൂപയുടെ 12 ശതമാനത്തിന് മുകളിലുള്ള സംഭാവന തീരുമാനിക്കാനുള്ള വ്യവസ്ഥ നൽകുന്നു. കെഎസ്സിഎസ്ടിഇയുടെ സംസ്ഥാന കൗൺസിൽ തൊഴിലുടമകളുടെ ഉയർന്ന വരിസംഖ്യയ്ക്ക് അംഗീകാരം നൽകുകയും, അത് മുകളിൽ പറഞ്ഞിരിക്കുന്ന കെഎസ്സിഎസ്ടിഇ സർവീസ് റൂളുകളിലും മറ്റ് പ്രസക്തമായ നിയമങ്ങളിലും ചട്ടങ്ങളിലും നൽകിയിരിക്കുകയും ചെയ്യുന്നു. കെഎസ്സിഎസ്ടിഇയുടെ സംസ്ഥാന കൗൺസിൽ എടുത്ത തീരുമാനത്തിൽ സർക്കാരിന് ഇടപെടാനാകില്ല, മാത്രമല്ല, ഇത്, 1955-ലെ ട്രാവൻകൂർ-കൊച്ചിൻ ലിറ്റററി സയന്റിഫിക് ആൻഡ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളിൽ/ സൊസൈറ്റികളിൽ സർക്കാരിന് നേരിട്ട് നിയന്ത്രണമില്ലെന്ന് അനുശാസിക്കുന്ന സർക്കാർ സർക്കുലറിലെ[8] ഉള്ളടക്കങ്ങളുടെ ലംഘനവുമാണ്.

[8] 2007 ഏപ്രിൽ 11-ാം തീയതിയിലെ 64068/ സിഡിഎൻ.3/2006/ ജിഎഡി നമ്പർ സർക്കുലർ.

താഴെപ്പറയുന്ന കാരണങ്ങളാൽ സർക്കാരിന്റെ മറുപടി സ്വീകാര്യമല്ല:

i. ഇപിഎഫ് നിയമത്തിന്റെയും പദ്ധതിയുടെയും പരിധിയിൽ വരുന്ന എല്ലാ സ്ഥാപനങ്ങളും ഇപിഎഫ് നിയമത്തിന്റെയും പദ്ധതിയുടെയും വ്യവസ്ഥകൾ പാലിക്കാൻ ബാധ്യസ്ഥരാണ്. ഇപിഎഫ് നിയമമോ പദ്ധതിയോ ഭേദഗതി ചെയ്യാൻ പാർലമെന്റിന് മാത്രമേ അധികാരമുള്ളൂ. അതിനാൽ, കെഎസ്‌സിഎസ്ടിഇ ചട്ടത്തിന് ഇപിഎഫ് നിയമത്തിന്റെയും പദ്ധതി യുടെയും വ്യവസ്ഥകൾ പരിഷ്കരിക്കാനോ അസാധുവാക്കാനോ കഴിയില്ല. കെഎസ്‌സിഎസ്ടിഇ ചട്ടം ഇപിഎഫ് നിയമവുമായി പൊരുത്ത പ്പെടുന്നില്ല. കൂടാതെ, 24/12/2019-ന് നടന്ന 14-ാമത് യോഗത്തിൽ സംസ്ഥാന കൗൺസിൽ ഒരു ജീവനക്കാരന്റെ ശമ്പളത്തിൽ ഇപിഎഫ് വിഹിതം 12 ശതമാനം എന്ന നിരക്കിൽ അത് ഒരു തുകയിലും പരിമിത പ്പെടുത്താതെ നൽകാമെന്ന നിർദ്ദേശം പരിഗണിച്ചതായും അംഗീകാരത്തിനായി സർക്കാരിനെ സമീപിക്കാൻ തീരുമാനിച്ചതായും ഓഡിറ്റിന്റെ ശ്രദ്ധയിൽ പ്പെട്ടതിനാൽ, ഈ നിയമങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അധ്യക്ഷനായ കെഎസ്‌സിഎസ്ടിഇയുടെ സംസ്ഥാന കൗൺസിൽ അംഗീകരിച്ചു വെന്ന സർക്കാർ മറുപടിയിലെ അവകാശവാദം തെറ്റാണ്. അതിനിടയിൽ കെഎസ്‌സിഎസ്ടിഇയുടെ 06/12/2018-ലെ അപേക്ഷയുടെ മറുപടിയായി, കെഎസ്‌സിഎസ്ടിഇയ്ക്ക് പൂർണമായും സർക്കാർ ധനസഹായം നൽകി യിട്ടും സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ പരാജയപ്പെട്ടതിനാൽ, പരിധി യില്ലാതെ തൊഴിലുടമയുടെ വിഹിതം 12 ശതമാനത്തിൽ അടയ്ക്കുന്നതിനുള്ള നിർദ്ദേശം അംഗീകരിക്കാൻ കഴിയില്ലെന്ന് സർക്കാർ അറിയിക്കുകയും (2019 മേയ്), കൂടാതെ തൊഴിലുടമയുടെ വിഹിതം സംബന്ധിച്ച ഇപിഎഫ് നിയമവു മായി ബന്ധപ്പെട്ട നിർദ്ദിഷ്ട വ്യവസ്ഥകൾ പാലിക്കാനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. തിരുവിതാംകൂർ-കൊച്ചി ലിറ്ററി, സയന്റിഫിക്, ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരമാണ് കെഎസ്‌സിഎസ്ടിഇ രജിസ്റ്റർ ചെയ്തിരിക്കുന്നതെന്നും അതിനാൽ സർക്കാരിന് സ്ഥാപനങ്ങളുടെ മേൽ നേരി ട്ടുള്ള നിയന്ത്രണമില്ലെന്ന വാദം, സർക്കാർ സ്ഥാപനങ്ങൾക്ക്/സംഘങ്ങൾക്ക് സ്വയംഭരണാവകാശം നൽകുന്ന പ്രത്യേക വ്യവസ്ഥകളൊന്നും ഈ നിയമ ത്തിൽ ഇല്ലാത്തതിനാൽ അംഗീകരിക്കാനാവില്ല.

ii. ഇപിഎഫ് നിയമത്തിൽ സെക്ഷൻ 26 ഇല്ല. ഇപിഎഫ് സ്കീമിന്റെ 26-ാം ഖണ്ഡികയാണ് പരാമർശമെന്ന് തോന്നുന്നു. ഈ ഖണ്ഡിക, ഫണ്ടിൽ ചേരാൻ അർഹതയുള്ളതും ആവശ്യമുള്ളതുമായ വിഭാഗം ജീവനക്കാരുമായി ബന്ധപ്പെട്ടിരിക്കുന്നു. ഖണ്ഡികയിലെ ഉപഖണ്ഡിക (6) ജീവനക്കാരനും തൊഴിലുടമയും സംയുക്തമായി ഒരപേക്ഷ ഇപിഎഫ്ഒയ്ക്കു നൽകിയാൽ അയാളെ പ്രതിമാസം പതിനയ്യായിരം രൂപയിൽ കൂടുതലുള്ള ശമ്പളത്തിൽ നിന്നും സംഭാവന ചെയ്യാൻ അനുവദിക്കുകയും ചെയ്യുന്നു. ഉപഖണ്ഡിക ജീവനക്കാരനെ മാത്രമേ 15,000 രൂപയിൽ കൂടുതലുള്ള ശമ്പളത്തിൽ നിന്നും സംഭാവന ചെയ്യാൻ അനുവദിക്കുന്നുള്ളൂ. തൊഴിലുടമയും 15,000 രൂപയിൽ കൂടുതലുള്ള ശമ്പളത്തിൽ നിന്നും സംഭാവന നൽകണമെന്ന് ആവശ്യപ്പെടു ന്നില്ല. കൂടാതെ, 2019 മെയ് മാസത്തിൽ കെഎസ്‌സിഎസ്ടിഇ-യ്ക്ക് നൽകിയ സ്വന്തം മറുപടിക്ക് തന്നെ വിരുദ്ധമാണ് സർക്കാരിന്റെ മറുപടി.

***ശുപാർശ : തൊഴിലുടമകളുടെ ഇപിഎഫ് വിഹിതം സംബന്ധിച്ച സർക്കാർ നിർ ദ്ദേശങ്ങൾ ലംഘിക്കുകയും തൊഴിലുടമയുടെ അധിക വിഹിതം തുടർന്നും നൽ കുകയും ചെയ്തതിന്റെ ഉത്തരവാദിത്തം സർക്കാർ അവരിൽ ചുമത്തേണ്ടതാണ്.***

## *2.4* ഇപിഎഫ് അംഗത്വമെടുക്കുന്നതിലും വിഹിതം അടയ്ക്കുന്നതിലും വന്ന കാലതാമസം

**നാല് സ്വയംഭരണ സ്ഥാപനങ്ങൾ, അവരുടെ ജീവനക്കാരുടെ അംഗത്വമെടുക്കുന്നതിലും ഇപിഎഫ് വിഹിതം അടയ്ക്കുന്നതിലും ഉണ്ടായ കാലതാമസം, പലിശയും നഷ്ടപരിഹാരവുമായി 57.91 ലക്ഷം രൂപ അധികമായി അടയ്ക്കാൻ ഇടയാക്കി.**

എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ആൻഡ് മിസലേനിയസ് പ്രൊവിഷൻസ് ആക്ട്, 1952 (ഇപിഎഫ് ആക്ട്) എന്നത് ഫാക്ടറികളിലെയും മറ്റ് സ്ഥാപനങ്ങളിലെയും ജീവനക്കാർക്കായി പ്രൊവിഡന്റ് ഫണ്ടുകൾ (പെൻഷൻ ഫണ്ടും ഡെപ്പോസിറ്റ്-ലിങ്ക്ഡ് ഇൻഷുറൻസ് ഫണ്ടും) സ്ഥാപിക്കുന്നതിനുള്ള ഒരു നിയമമാണ്. കേരള സർക്കാരിന് കീഴിലുള്ള സ്വയംഭരണ സ്ഥാപനമായ കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആൻഡ് എൻവയോൺമെന്റ് (കെഎസ്‌സിഎസ്ടിഇ), അതിന്റെ റിസർച്ച് ആൻഡ് ഡെവലപ്‌മെന്റ് (ആർ&ഡി) കേന്ദ്രങ്ങൾ എന്നിവയിലെ ജീവനക്കാർ നിയമപ്രകാരം ഇപിഎഫ് സ്കീമിൽ അംഗത്വമെടുക്കാൻ ബാധ്യസ്ഥരാണ്.

കെഎസ്‌സിഎസ്ടിഇയുടെ കീഴിലുള്ള സ്വയംഭരണ സ്ഥാപനങ്ങൾ ഫണ്ടിലേക്ക് ജീവനക്കാരെ എൻറോൾ ചെയ്യുന്നതും വിഹിതം അടക്കുന്നതുമായി ബന്ധപ്പെട്ട രേഖകളുടെ അവലോകനത്തിൽ, ഇനിപ്പറയുന്ന സ്വയംഭരണ സ്ഥാപനങ്ങളിലെ വീഴ്ചകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു:

i. 2012 ഏപ്രിലിനും 2016 മെയ് മാസത്തിനും ഇടയിൽ നിയമിക്കപ്പെട്ട 35 ജീവനക്കാരെ തൃശ്ശൂരിലെ കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (കെഎഫ്ആർഐ) പദ്ധതിയിലേക്ക് ചേർക്കുന്നതിൽ പരാജയപ്പെട്ടു. ഫണ്ടിലേക്ക് നിയമപരമായ വിഹിതം (ജീവനക്കാരുടെയും തൊഴിലുടമയുടെയും വിഹിതം) സ്ഥാപനം അടച്ചില്ല. വ്യവസ്ഥകൾ പാലിക്കാത്തതിന്റെ ഫലമായി 2017 മാർച്ചിനും 2018 മാർച്ചിനും ഇടയിൽ 28.78 ലക്ഷം രൂപ പലിശയും നഷ്ടപരിഹാരവുമായി അടയ്ക്കേണ്ടി വന്നു.

ii. തിരുവനന്തപുരത്തെ ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (ജെഎൻടിബിജിആർഐ) അവരുടെ ജീവനക്കാരിൽ നിന്ന് ആവശ്യമായ വിഹിതം പിടിച്ചെങ്കിലും 2016-17 മുതൽ 2019-20 വരെയുള്ള ചില മാസങ്ങളിൽ ഫണ്ടിലേക്കുള്ള തൊഴിലുടമയുടെ തത്തുല്യമായ വിഹിതത്തോടൊപ്പം അത് അടച്ചില്ല. അതിനാൽ 2016 ഒക്ടോബറിനും 2019 സെപ്റ്റംബറിനും ഇടയിൽ സ്ഥാപനം പലിശയായും നഷ്ടപരിഹാരമായും 16.57 ലക്ഷം രൂപ അടച്ചു.

iii. സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്‌മെന്റ് ആൻഡ് മാനേജ്മെന്റ് (സിഡബ്ല്യൂആർഡിഎം) 2011 ജൂൺ മുതൽ 2017 സെപ്റ്റംബർ വരെ കേന്ദ്രത്തിൽ ചേർന്ന മൂന്ന് ജീവനക്കാരെ എൻറോൾ ചെയ്യിക്കുന്നതിൽ കാലതാമസം വരുത്തി. 2017 മെയ് മുതൽ 2018 മാർച്ച് വരെയുള്ള കാലയളവിൽ ആണ് സിഡബ്ല്യൂആർഡിഎം വിഹിതം അടച്ചത്. ഇതിന് ഇപിഎഫ് അധികൃതർ 6.02 ലക്ഷം രൂപ പലിശയും 10.90 ലക്ഷം രൂപ നഷ്ടപരിഹാരവും ആവശ്യപ്പെട്ടു. ഇതിനായി സ്ഥാപനം 6.02 ലക്ഷം രൂപ പലിശ നൽകുകയും നഷ്ടപരിഹാരം എഴുതിത്തള്ളുന്നതിനായി ബഹുമാനപ്പെട്ട കേന്ദ്ര സർക്കാർ ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ കം ലേബർ കോടതിയിൽ (193/2018) അപ്പീൽ നൽകുകയും നഷ്ടപരിഹാരം 6.54 ലക്ഷം രൂപയായി കുറയ്ക്കാൻ ബഹുമാനപ്പെട്ട ട്രൈബ്യൂണൽ 2021 ജനുവരിയിൽ ഉത്തരവിടുകയും ചെയ്തു. സ്ഥാപനം 2021 സെപ്റ്റംബറിൽ 6.54 ലക്ഷം രൂപയുടെ നഷ്ടപരിഹാരം അടച്ചു.

iv. കോഴിക്കോട്ടെ കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് (കെഎസ്ഒഎം) 2009 മാർച്ച് മുതൽ 2019 ഫെബ്രുവരി വരെ ചേർന്ന എട്ട് ജീവനക്കാരെ ഇപിഎഫിലേക്ക് അവർ ഉദ്യോഗത്തിൽ ചേർന്ന തീയതി മുതൽ അംഗത്വമെടുപ്പിക്കുന്നതിൽ പരാജയപ്പെട്ടു. പിന്നീട്, ഉദ്യോഗത്തിൽ ചേർന്ന തീയതി മുതൽ ഇപിഎഫിൽ

അംഗത്വമെടുത്ത തീയതി (2019 മാർച്ച്) വരെയുള്ള കാലയളവിലെ സംഭാവന യുടെ കുടിശ്ശികയായി ജീവനക്കാരിൽ നിന്ന് 12.26 ലക്ഷം രൂപ സമാഹരിച്ചു (2017 മെയ് മുതൽ 2019 ഫെബ്രുവരി വരെ). സ്ഥാപനം ജീവനക്കാരുടെ വിഹിതം പിരിച്ചെടുത്തെങ്കിലും ശേഖരിച്ച തുക ഇപിഎഫിലേക്ക് (2022 ഫെബ്രുവരി) മാറ്റാതെ ഇന്ത്യൻ ബാങ്കിലെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു. ഇപിഎഫിലേക്ക് പണം കൈമാറുന്നതിലെ കാലതാമസം പലിശയ്ക്കും നഷ്ട പരിഹാരത്തിനും ഇടയാക്കും.

അങ്ങനെ, ജീവനക്കാരെ ഇപിഎഫ് സ്കീമിലേക്ക് ചേർക്കുന്നതിലെയും വിഹിതങ്ങൾ അടയ്ക്കുന്നതിലെയും കാലതാമസം, പലിശയും നഷ്ടപരിഹാരവുമായി അടക്കേണ്ടി വന്ന 0.58 കോടി രൂപയുടെ ഒഴിവാക്കാമായിരുന്ന ചെലവുകളിലേക്ക് നയിച്ചു. കൂടാതെ, വിഹിതങ്ങൾ ക്രെഡിറ്റ് ചെയ്യപ്പെടാത്ത കാലയളവിൽ ജീവനക്കാർ സാമൂഹിക സുരക്ഷാ ക്രമീകരണങ്ങൾക്ക് പുറത്തും ആയിരുന്നു.

വിഷയം 2021 സെപ്റ്റംബറിൽ സർക്കാരിനെ അറിയിച്ചു. സർക്കാർ അതിന്റെ മറു പടിയിൽ (2022 ഫെബ്രുവരി) ജീവനക്കാരെ ഇപിഎഫിലേക്ക് ചേർക്കുന്നതിലെ കാലതാമസവും അതിന്റെ ഫലമായി പലിശയും നഷ്ടപരിഹാരവും അടച്ചതും അംഗീകരിച്ചു. വേണ്ടത്ര പദ്ധതിയേതര ഗ്രാന്റ് ഇല്ലാത്തതും ഇപിഎഫിലെ മുൻകാല അംഗത്വവിവരങ്ങൾ ജീവനക്കാർ റിപ്പോർട്ട് ചെയ്യാത്തതും വിവിധ അപ്രതീക്ഷിത കാര്യങ്ങളും ഇതിന് കാരണമായും പറഞ്ഞു.

***ശുപാർശ : സർക്കാരിന്, സ്ഥാപനങ്ങൾ ഭാവിയിൽ ഇപിഎഫ് നിയമത്തിന് കീഴിലുള്ള നിയമപരമായ ഉത്തരവാദിത്തങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയും കാലതാമസത്തിനും തത്ഫലമായുള്ള പിഴയും പലിശയും അടയ്ക്കുന്നതിന്റെയും ഉത്തരവാദിത്തം നിശ്ചയിക്കുകയും ചെയ്യാവുന്നതാണ്.***

***പൊതുമരാമത്ത് ക്ലസ്റ്റർ***

**പൊതുമരാമത്ത് വകുപ്പ്**

### *2.5* ബൈപാസ് റോഡുകളുടെ പൂർത്തീകരണത്തിലെ കാലതാമസം

**പിഡബ്ല്യുഡി മാന്വലിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട്, ആവശ്യമായ ഭൂമിയുടെ ലഭ്യത ഉറപ്പാക്കാതെ തുടങ്ങിവച്ച മൂന്ന് ബൈപാസ് റോഡ് പ്രവൃത്തികൾ അപൂർണ്ണമായി തുടരുന്നതിനാൽ 54.08 കോടി രൂപ ചെലവാക്കിയത് നിഷ്ഫലമായി.**

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ (പുതുക്കിയ പതിപ്പ് 2012) (മാന്വൽ) സെക്ഷൻ 2003 പ്രകാരം, ഒരു ജോലിക്ക് ദർഘാസുകൾ ക്ഷണിക്കുന്നതിന് മുമ്പ്, തടസ്സമില്ലാത്ത ഭൂമി 100 ശതമാനം കൈവശം വയ്ക്കണം. എന്നിരുന്നാലും, റോഡ് പദ്ധതികളുടെ കാര്യത്തിൽ, ആവശ്യമായ ഭൂമിയുടെ 60 ശതമാനം ലഭ്യമാണെങ്കിൽ, ബാക്കിയുള്ള ഭൂമി നിർമ്മാണവേളയിൽ ലഭ്യമാക്കാൻ കഴിയുമെന്നുണ്ടെങ്കിൽ സർക്കാരിന്റെ മുൻകൂർ അനുമതിയോടെ ദർഘാസുകൾ ക്ഷണിക്കാം.

പഴയ മാന്വൽ അനുസരിച്ച്, ജോലിക്ക് ആവശ്യമായ മുഴുവൻ സ്ഥലവും ഏറ്റെടുത്തു കഴിഞ്ഞിരിക്കുകയോ അല്ലെങ്കിൽ കരാറുകാരൻ ജോലി ആരംഭിക്കുന്നതിന് മുമ്പ്, ഭൂമി ലഭ്യമാകുന്നതിനു ന്യായമായ സാധ്യതയുള്ള ഒരു ഘട്ടത്തിൽ ഭൂമി ഏറ്റെടുക്കുന്നതി നുള്ള നടപടികൾ എത്തിയിരിക്കുകയോ വേണം. ഏതൊരു ജോലിക്കും ദർഘാസുകൾ ക്ഷണിക്കുന്നതിനുമുമ്പ് തടസ്സമില്ലാത്ത ഭൂമിയുടെ ലഭ്യത കർശനമായി ഉറപ്പാക്കണമെന്ന് പൊതുമരാമത്ത് വകുപ്പ് (പിഡബ്ല്യുഡി) സർക്കുലറുകൾ (2010 ഒക്ടോബറിലും 2015 ജൂലൈയിലും) പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നു.

2010 മുതൽ സംസ്ഥാനത്ത് പി.ഡബ്ല്യു.ഡി ഏറ്റെടുത്ത ബൈപാസ് റോഡ് പ്രവൃത്തി കളുടെ ആസൂത്രണവും നടത്തിപ്പും സംബന്ധിച്ച രേഖകൾ ഓഡിറ്റ് പരിശോധിച്ചു (2021 ഫെബ്രുവരി). 2010 മുതൽ പൊതുമരാമത്തുവകുപ്പ് 17 പ്രവൃത്തികൾ ഏറ്റെടുത്തിട്ടുള്ളതിൽ മൂന്നു പ്രവൃത്തികളിൽ താഴെപ്പറയുന്ന പ്രശ്നങ്ങൾ ഉള്ളതായി ഓഡിറ്റ് കണ്ടെത്തി (**പട്ടിക 2.1**).

**പട്ടിക 2.1: മൂന്ന് ബൈപാസ് റോഡുകളുടെ വിശദാംശങ്ങൾ**

| ക്രമ നമ്പർ | റോഡ് പ്രവൃത്തി | സൈറ്റ് കൈമാറുന്ന തീയതി | കൈമാറിയതിന് ശേഷം ജോലി പൂർത്തിയാക്കുന്നതിനുള്ള നിശ്ചിത സമയം | റോഡ് പ്രവൃത്തികളുടെ നിലവിലെ അവസ്ഥ | റോഡ് പ്രവൃത്തികൾ പൂർത്തിയാകാത്തതിന്റെ കാരണം |
|---|---|---|---|---|---|
| 1 | **കൽമണ്ഡപം ബൈപാസ്സ്** | 28/09/2015 | 9 മാസം | പൂർത്തിയായിട്ടില്ല | ചെയിനേജ് 0/572 കി.മീ. മുതൽ 0/678 കി.മീ. വരെയും 0/722 കി.മീ. മുതൽ 0/750 കി.മീ. വരെയും വേണ്ട ഭൂമി ഏറ്റെടുക്കണം |
| 2 | **നിലമ്പൂർ ബൈപാസ്സ്** | 24/02/2016 | 18 മാസം | പൂർത്തിയായിട്ടില്ല | 2.527 കി.മീ.-ന് ആവശ്യമായ ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. |
| 3 | **തങ്കളം ബൈപാസ്സ്** | | | | |
| (i) | റോഡ് പണി | 08/01/2010 | 18 മാസം | 26/10/2019-നു പണി നിർത്തി വച്ചു | 0.2589[9] ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. |
| (ii) | പാലം പണി | 27/10/2009 | - | 30/09/2011-ന് പണി പൂർത്തിയായി | - |

ഭരണാനുമതിക്കായുള്ള നിർദ്ദേശത്തിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ചെലവ് ആയി ഒരു തുക ഉൾകൊള്ളിച്ചത് റവന്യൂ വകുപ്പ് നടത്തിയ ഏതെങ്കിലും വസ്തുനിഷ്ഠമായ മൂല്യനിർണയത്തിന്റെ അടിസ്ഥാനത്തിലായിരുന്നില്ല, സർക്കാർ ആകട്ടെ, അത് അംഗീകരിക്കുകയും ചെയ്തു. പ്രവൃത്തികൾക്ക് ആവശ്യമായ ഭൂമിയുടെ വിസ്തൃതിയും നിർദ്ദേശത്തിൽ പരാമർശിച്ചിട്ടില്ല, റോഡിന്റെ നീളം മാത്രമാണ് അതത് നിർദ്ദേശങ്ങളിൽ നൽകിയിരുന്നത്. ഭൂമി ഏറ്റെടുക്കൽ പൂർത്തിയാക്കുന്നതിനുള്ള ഫണ്ട് പൂർണമായും ലഭിക്കുന്നതിന് മുൻപും ഫണ്ടിന്റെ ലഭ്യത വിലയിരുത്താതെയും ആണ് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയത്. തങ്കളം ബൈപ്പാസിന്റെ കാര്യത്തിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഫണ്ടിന്റെ ഒരു പ്രധാന ഭാഗം (9.48 കോടി രൂപയിൽ 7.46 കോടി രൂപ) ഭരണാനുമതി നൽകിയ ശേഷം 2008-2015 കാലയളവിൽ ഗഡുക്കളായാണ് അനുവദിച്ചത്. 2013 സെപ്തംബറിനും 2016 നവംബറിനും ഇടയിൽ നിലമ്പൂർ ബൈപ്പാസ് നിർമ്മാണത്തിനായി 35.20 കോടി രൂപ ഗഡുക്കളായി അനുവദിച്ചു. കൽമണ്ഡപം ബൈപ്പാസിന് ഫണ്ട് അനുവദിച്ചിട്ടില്ല.

തങ്കളം ബൈപാസിന്റെ മൊത്തം ദൈർഘ്യത്തിൽ ഒരു പാലം ഉൾപ്പെട്ടിരുന്നു. 183.03 ലക്ഷം രൂപ ചെലവിൽ 2011 സെപ്റ്റംബർ 30-ന് പാലത്തിന്റെ പണി പൂർത്തിയായി. തങ്കളം ബൈപ്പാസ് റോഡിനായി സ്ഥലമെടുപ്പ് പൂർത്തിയാകാത്തതിനാൽ 10 വർഷത്തോളമായി പാലം ഉപയോഗശൂന്യമാണ്.

ബാധ്യതകൾ നീക്കിയ ഭൂമി ഏറ്റെടുക്കുന്നതിനും റോഡ് നിർമ്മാണം പാലത്തിന്റെ നിർമ്മാണവുമായി സമന്വയിപ്പിക്കുന്നതിനും സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിൽ വകുപ്പ് പരാജയപ്പെട്ടത് കാരണം ചെലവ് അധികരിച്ചതും അഞ്ചു വർഷം പത്തു മാസം മുതൽ പത്തു വർഷം പതിനൊന്നുമാസം വരെ (2022 മെയ്) കാലതാമസം വന്നതും കൂടാതെ 54.08 കോടി രൂപയുടെ (റോഡ് നിർമ്മാണം-7.57 കോടി രൂപ, പാലം നിർമ്മാണം-1.83 കോടി രൂപ, ഭൂമി ഏറ്റെടുക്കൽ-44.68 കോടി രൂപ) ചെലവ് നിഷ്ഫലമായി.

---

[9] ഏറ്റെടുക്കലിനായി നിർദ്ദേശിക്കപ്പെട്ട മൊത്തം ഭൂമി 4.2263 ഹെക്ടർ ആയിരുന്നു, ഇതിലേക്ക് എത്തിയത് റോഡിന്റെ നീളവും വീതിയും ഗുണിച്ചെടുത്താണ് (അതായത് 2,817.50 മീറ്റർ × 15 മീറ്റർ). എന്നാൽ, ഈ ഭൂമി പുറമ്പോക്ക് ഭൂമിയും ഇതിനകം നിലവിലുള്ള റോഡുകളുള്ള ക്രോസിംഗും ഉൾപ്പെട്ടതും ഭൂമി മുൻപേ ലഭ്യമായിരുന്നതും ആണ്. അതിനാൽ, ഇനി ഏറ്റെടുക്കാൻ ബാക്കിയുള്ള ഭൂമിയുടെ യഥാർത്ഥ വിസ്തീർണ്ണം 0.2589 ഹെക്ടർ മാത്രമാണ്.

ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും (2021 സെപ്റ്റംബർ), സർക്കാരിൽ നിന്ന് താഴെ പറയുംപ്രകാരം മറുപടി (2022 ജനുവരി) ലഭിക്കുകയും ചെയ്തു.

i. കൽമണ്ഡപം ബൈപ്പാസിനായി പാലക്കാട് നഗരസഭയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ സുഗമമായി നടക്കുന്നുണ്ട്. അതിനാൽ ആവശ്യമായ ബാക്കി ഭൂമി എത്രയും വേഗം കൈമാറുമെന്നു പ്രതീക്ഷിക്കുന്നു.

ii. നിലമ്പൂർ ബൈപ്പാസ് ഒന്നാം ഘട്ടത്തിൽ റവന്യു വകുപ്പിൽ നിന്നുള്ള നടപടി ക്രമങ്ങൾ വൈകിയതാണ് നിർമ്മാണം വൈകാൻ കാരണം. സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുമില്ല.

iii. തങ്കളം മുതൽ കോഴിപ്പിള്ളി ബൈപ്പാസ് റോഡിനായി കോതമംഗലം നഗരസഭയുടെയും എക്സൈസ് വകുപ്പിന്റെയും ഉടമസ്ഥതയിലുള്ള ഭൂമിയുടെ ഒരു ചെറിയ ഭാഗം ഏറ്റെടുക്കണം. 2022 ജനുവരി വരെ ഭൂമി കൈമാറ്റത്തിനായി നഗരസഭ എൻ.ഒ.സി നൽകിയിട്ടില്ല. എക്സൈസ് വകുപ്പാകട്ടെ, ഭൂമി കൈമാറ്റത്തിന് എൻഒസി നൽകാൻ തയ്യാറുമല്ല.

ആവശ്യമായ ഭൂമി തടസ്സമില്ലാതെ കൈവശം വയ്ക്കാതെയാണ് ജോലിയ്ക്കായി ദർഘാസ് വിളിക്കുകയും തുടങ്ങുകയും ചെയ്തത് എന്നതും ഇതാണ് പണി പൂർത്തിയാകാൻ അനിശ്ചിതമായി കാലതാമസമുണ്ടാകാനുള്ള പ്രധാന കാരണമെന്നുമുള്ള ഓഡിറ്റിന്റെ നിരീക്ഷണത്തെ ശക്തിപ്പെടുത്തുകയാണ് സർക്കാർ മറുപടി (2022 ജനുവരി).

***ശുപാർശ: റോഡ് പ്രവൃത്തികൾ ടെൻഡർ ചെയ്യുന്നതുമായി ബന്ധപ്പെട്ട് പിഡബ്ല്യുഡി മാന്വലിൽ വകുപ്പ് 2003 പ്രകാരം നിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകൾ കർശനമായി പാലിക്കുന്നുണ്ടെന്ന് സർക്കാർ ഉറപ്പാക്കേണ്ടതാണ്. റോഡ് പ്രവൃത്തികൾ പൂർത്തിയാകുന്നതിന് മുമ്പ് ആവശ്യമായ മുഴുവൻ സ്ഥലവും ഏറ്റെടുക്കാമെന്നുള്ള ഡിവിഷണൽ അധികാരികളുടെ ഉറപ്പ് ആവശ്യപ്പെടാവുന്നതുമാണ്.***

### *2.6* നികുതിയുടെയും പലിശയുടെയും ഒഴിവാക്കാവുന്ന ചെലവ്

**പിഡബ്ല്യുഡിയുടെ ഇടപാടുകളിൽ ജിഎസ്ടിയുടെ അനിവാര്യത വിശകലനം ചെയ്യുന്നതിൽ വകുപ്പ് പരാജയപ്പെട്ടതിനാൽ ജിഎസ്ടി കുടിശ്ശികയും പലിശയും കൂടി 42.78 കോടി രൂപയുടെ അധിക ചെലവിനിടയാക്കി.**

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012-ലെ പുതുക്കിയ പതിപ്പ് (ക്ലോസ് 2104, അനുബന്ധം 200 B) പ്രകാരം ഒരു കോടി രൂപ വരെ ചെലവ് വരുന്ന പ്രവൃത്തികൾക്ക് പൊതുമരാമത്ത് വകുപ്പ് ബിറ്റുമിൻ നൽകണം.

ജിഎസ്ടി നിയമം നടപ്പിലാക്കിയതിന്റെ ഫലമായി അർഹതപ്പെട്ട ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് (ഐടിസി) പ്രയോജനപ്പെടുത്താൻ കഴിയുംവിധം ബില്ലിംഗ് പാറ്റേണിൽ ആവശ്യമായ മാറ്റങ്ങൾ സംബന്ധിച്ച് ചീഫ് എഞ്ചിനീയറെ (റോഡുകളും പാലങ്ങളും) (സിഇ) ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (ബിപിസിഎൽ) അറിയിച്ചിരുന്നു (2017 ജൂലൈ). ജിഎസ്ടി ആക്ട്/റൂൾസ് പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കാൻ സിഇ എല്ലാ ഡിവിഷനുകൾക്കും നിർദ്ദേശങ്ങൾ നൽകി (2017 ഓഗസ്റ്റ്). കൂടാതെ, ജിഎസ്ടി നടപ്പാക്കൽ കണക്കിലെടുത്ത് ബിപിസിഎൽ നിർദ്ദേശിച്ച പുതിയ ബില്ലിംഗ് പാറ്റേണിനെക്കുറിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകാൻ 2017 സെപ്റ്റംബറിൽ അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ട്മെന്റിനോട് സിഇ അഭ്യർത്ഥിക്കുകയും ചെയ്തു. അതനുസരിച്ച് പൊതുമരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്ന എല്ലാ സ്ഥാപനങ്ങളോടും നിർബന്ധമായും ജിഎസ്ടി രജിസ്ട്രേഷൻ എടുക്കാൻ സർക്കാർ നിർദ്ദേശിച്ചു (2018 ജനുവരി).

രേഖകളുടെ പരിശോധനയിൽ ഓഡിറ്റ് താഴെപ്പറയുന്നവ കണ്ടെത്തി:

i. ജിഎസ്ടി രജിസ്ട്രേഷൻ എടുക്കാനുള്ള സിഇയുടെ നിർദ്ദേശങ്ങളും (2017 ഓഗസ്റ്റ്) സർക്കാരിന്റെ നിർദ്ദേശങ്ങളും (2018 ജനുവരി) 15 റോഡ്സ് ഡിവിഷനുകളിൽ ഒന്നുപോലും 2017-18-ൽ നടപ്പാക്കിയില്ല. 13 ഡിവിഷനുകൾ 2018-19-ലും ശേഷിക്കുന്ന രണ്ട് ഡിവിഷനുകൾ 2019-20-ലും ആണ് രജിസ്റ്റർ ചെയ്തത്. തത്ഫലമായി, ഡിവിഷനുകളെ രജിസ്റ്റർ ചെയ്യാത്ത ഉപഭോക്താവായി പരിഗണിച്ച് ബിപിസിഎൽ 'ബിസിനസ് ടു കൺസ്യൂമർ' (ബി2സി) ഫോർമാറ്റിൽ ഇൻവോയ്സുകൾ നൽകുന്നത് തുടർന്നു.

ii. പിഡബ്ല്യുഡിക്ക് കീഴിലുള്ള റോഡ്സ് ഡിവിഷനുകൾ 2017 ജൂലൈ മുതൽ 2019 ജൂൺ വരെ ബിപിസിഎല്ലിൽ നിന്ന് 324.48 കോടി രൂപ (274.99 കോടി രൂപ വിലയും 49.49 കോടി രൂപ ജിഎസ്ടിയും) വിലമതിക്കുന്ന ബിറ്റുമിൻ വാങ്ങി. ജിഎസ്ടി രജിസ്ട്രേഷൻ കൃത്യസമയത്ത് എടുക്കുന്നതിൽ വകുപ്പ് പരാജയപ്പെട്ടതുമൂലം ഈ ഇൻവോയ്സുകളുടെ കാലയളവിൽ ഐ.ടി.സി അവകാശപ്പെടാൻ സാധിച്ചില്ല. 2017-18 വർഷത്തിൽ 15-ൽ നാല്[10] ഡിവിഷനുകൾ അവരുടെ ജിഎസ്ടി ബാധ്യത തീർക്കാൻ അവരുടെ ക്രെഡിറ്റ് ക്ലെയിം ചെയ്യാനും ഉപയോഗിക്കാനും തുടങ്ങി. 2018-19 മുതൽ ആറ്[11] ഡിവിഷനുകളും 2019-20-ൽ ഒരു ഡിവിഷനും (തൃശ്ശൂർ) ജിഎസ്ടി ബാധ്യതയ്ക്കെതിരെ അവരുടെ ഐടിസി ഉപയോഗിച്ചു. ബാക്കിയുള്ള നാല്[12] ഡിവിഷനുകൾ അവരുടെ ജിഎസ്ടി ബാധ്യത തീർക്കാൻ ക്രെഡിറ്റ് ക്ലെയിം ചെയ്യുന്നതിലും ഉപയോഗപ്പെടുത്തുന്നതിലും പരാജയപ്പെട്ടു.

   പിഡബ്ല്യുഡി കരാറുകാർക്ക് വകുപ്പുതല ബിറ്റുമിൻ വിതരണം ചെയ്യുന്നതിനെക്കുറിച്ചുള്ള അന്വേഷണത്തിന് ശേഷം തിരുവനന്തപുരത്തെ ജിഎസ്ടി ഇന്റലിജൻസ് ഡയറക്ടർ ജനറൽ (ഡിജിജിഎസ്ടിഐ), 1930-ലെ സെയിൽ ഓഫ് ഗുഡ്സ് ആക്ടിന്റെ സെക്ഷൻ 4 പ്രകാരം ബിറ്റുമിന്റെ വകുപ്പുതല വിതരണം വിൽപ്പനയായി കണക്കാക്കണമെന്ന് അറിയിച്ചുവെങ്കിലും (2020 മേയ്) ജിഎസ്ടി വന്നതിനു ശേഷവും കരാറുകാർക്ക് ബിറ്റുമിൻ വിതരണം ചെയ്യുന്നത് പ്രവൃത്തിയുടെ ശീർഷകത്തിൽ ഒരു ചെലവായി ഈടാക്കുന്നത് പിഡബ്ല്യൂഡി തുടർന്നുപോന്നു. 2017 ജൂലൈ മുതൽ 2019 ജൂൺ വരെയുള്ള കാലയളവിൽ 15 റോഡ്സ് ഡിവിഷനുകൾ നല്കേണ്ട 18 ശതമാനം ജിഎസ്ടി 50.68 കോടി രൂപയായി കണക്കാക്കിയിരിക്കുന്നു. സ്വമേധയാ അടച്ചതുകകളും, യോഗ്യമായ ഐടിസിയും ക്രമീകരിച്ച് 15 ഡിവിഷനുകളുടെ അറ്റ ബാധ്യത 42.78[13] കോടി രൂപയായി (***അനുബന്ധം 9***) പിഡബ്ല്യുഡി കണക്കാക്കി.

   പിഴയും അതിന്മേലുള്ള പലിശയും ഒഴിവാക്കുന്നതിന്, 15 ഡിവിഷനുകൾക്കായി 44.68 കോടി രൂപ ധനവകുപ്പിന്റെ അനുമതിയോടെ അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ട്മെന്റ് അനുവദിച്ചു (2020 നവംബർ, 2021 ഫെബ്രുവരി, 2021 നവംബർ).

iii. ബിറ്റുമിൻ വില തിരിച്ചുപിടിക്കാനുള്ളത് റണ്ണിംഗ് അക്കൗണ്ട് ബില്ലിൽ നിന്ന് കുറയ്ക്കുന്ന മുൻ സമ്പ്രദായം തുടർന്നത് കാരണം, വകുപ്പിന് കരാറുകാരിൽ നിന്ന് ജിഎസ്ടി ഇൻവോയ്സിലൂടെ ജിഎസ്ടി പിരിച്ചെടുക്കാൻ കഴിഞ്ഞില്ല. അങ്ങനെ, ബിറ്റുമിൻ വിതരണത്തിൽ 42.78 കോടി രൂപയുടെ ജിഎസ്ടി ബാധ്യത വകുപ്പ് സ്വയം വഹിക്കേണ്ടി വന്നു.

ഈ വിഷയം സർക്കാരിനെ (2021 ഒക്ടോബർ) അറിയിക്കുകയും സർക്കാരിന്റെ മറുപടിയിൽ (2022 ഫെബ്രുവരി) പിഡബ്ല്യുഡി ഡിവിഷനുകൾ പ്രവർത്തികൾക്ക്

---

[10] ആലപ്പുഴ, എറണാകുളം, പാലക്കാട്, പത്തനംതിട്ട.

[11] കണ്ണൂർ, കാസറഗോഡ്, കോട്ടയം, കോഴിക്കോട്, മൂവാറ്റുപുഴ, തിരുവനന്തപുരം.

[12] ഇടുക്കി, കൊല്ലം, മഞ്ചേരി, വയനാട്.

[13] പത്തനംതിട്ട ഡിവിഷനുമായി ബന്ധപ്പെട്ട് 31/03/2021 വരെയും കാസർഗോഡ് ഡിവിഷനെ സംബന്ധിച്ച് 31/08/2020 വരെയും ശേഷിക്കുന്ന ഡിവിഷനുകളുടെ കാര്യത്തിൽ 31/07/2020 വരെയും ഉള്ള കാലയളവിലേക്ക് കണക്കാക്കിയ പലിശ ഉൾപ്പെടെ.

വസ്തുക്കൾ നൽകുന്നത് ജിഎസ്ടിക്ക് കീഴിൽ നികുതി ചുമത്താവുന്ന ഒരു വില്പന യായി കണക്കാക്കുക എന്ന ആശയം വിഭാവനം ചെയ്തിട്ടില്ലെന്ന് സർക്കാർ പ്രസ്താവിച്ചു. മാത്രമല്ല 'വകുപ്പുകളുടെ ജിഎസ്ടിയെക്കുറിച്ചുള്ള കൈപ്പുസ്തകം- ചെയ്യേണ്ട കാര്യങ്ങൾ', ചീഫ് എഞ്ചിനീയറുടെ നിർദ്ദേശങ്ങൾ (2017 ഓഗസ്റ്റ്), സർക്കാർ ഉത്തരവ് (2018 ജനുവരി) എന്നിവ പിഡബ്ല്യുഡിയിലെ ഇടപാടുകളുമായി ബന്ധപ്പെട്ട് അത്ര വെളിച്ചം വീശുന്നവയും അല്ല. പിഡബ്ല്യുഡി ഡിവിഷനുകൾ സർക്കാർ സ്ഥാപനങ്ങളായതിനാൽ തുടക്കത്തിൽ ജിഎസ്ടി രജിസ്ട്രേഷന് ആവശ്യമായ പാൻ കൈവശമുണ്ടായിരുന്നില്ലെന്നും കൂടാതെ മറ്റു പല ഘടകങ്ങളും രജിസ്ട്രേഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വൈകുന്നതിന് കാരണമായി എന്നും സർക്കാർ പ്രസ്താവിച്ചു. വാങ്ങുന്ന വസ്തുക്കൾ പുനർവിതരണത്തിനായി സ്വതന്ത്രമായി ഉപ യോഗിക്കാൻ കഴിയുന്ന വാണിജ്യ മേഖലയിൽ നിന്ന് വകുപ്പുതല ബിറ്റുമിൻ കരാറുകാർക്ക് വിതരണം ചെയ്യുന്നതിന്റെ സ്വഭാവം തികച്ചും വ്യത്യസ്തമാണെന്നും ജിഎസ്ടി വകുപ്പിന്റെ വ്യത്യസ്ഥമായ വ്യാഖ്യാനമല്ലാതെ ഒരു ക്രമക്കേടും ഇല്ലെന്നും സർക്കാർ പറഞ്ഞു. വകുപ്പുതലവിതരണം എന്ന ആശയം ജിഎസ്ടി വകുപ്പ് അവഗണിച്ചപ്പോൾ, ബിറ്റുമിൻ വിതരണം സർക്കാർ നിർത്തലാക്കി[14].

ഇത് ജിഎസ്ടി നിയമം, 1930-ലെ ചരക്ക് വിൽപന നിയമം, എന്നിവയിലെ വ്യവ സ്ഥകൾ വകുപ്പുതല ബിറ്റുമിൻ വിതരണത്തിന് സമാനമായ ഇടപാടുകൾ വിൽപ്പന യുടെ പരിധിയിൽ കൊണ്ടുവന്ന 46-ാം ഭരണഘടനാ ഭേദഗതി എന്നിവയുടെ തെറ്റായ വ്യാഖ്യാനം ആയതിനാൽ മറുപടി സ്വീകാര്യമല്ല. ഖണ്ഡിക (i)-ൽ പറഞ്ഞിരിക്കുന്നതു പോലെ ജിഎസ്ടി രജിസ്ട്രേഷൻ വൈകിയാണ് എടുത്തത് എന്നതും പ്രവൃത്തികൾക്കുള്ള ബിറ്റുമിന്റെ വകുപ്പുതല വിതരണ സംവിധാനം നിർത്താനുള്ള തീരുമാനവും (2019) ബിറ്റുമിൻ വിതരണത്തിലെ 42.78 കോടി രൂപയുടെ ജിഎസ്ടി ബാധ്യതയിൽ നിന്നും സർക്കാരിനെ ഒഴിവാക്കുന്നില്ല.

### *2.7* നിഷ്ക്രിയ നിക്ഷേപം

**നേര്യമംഗലത്ത് 24.22 കോടി രൂപ ചെലവാക്കി നിർമ്മിച്ച പിഡബ്ല്യുഡി സമുച്ചയം നിഷ്ക്രിയമായി തുടർന്നു.**

പൊതുമരാമത്ത് വകുപ്പിലെ (പിഡബ്ല്യുഡി) എഞ്ചിനീയറിംഗ് ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനുമാത്രമായി ഒരു പ്രത്യേക സ്ഥാപനം വകുപ്പിനില്ലാത്തതിനാൽ അങ്ങനെയുള്ള ഒരു പരിശീലന കേന്ദ്രം സ്ഥാപിക്കുക എന്ന ഉദ്ദേശ്യത്തോടെ നേര്യമംഗലത്ത് ഒരു പിഡബ്ല്യുഡി സമുച്ചയം നിർമ്മിക്കാൻ തീരുമാനിച്ചു (2008 ഒക്ടോബർ). സമുച്ചയത്തിൽ മൂന്ന് കെട്ടിടങ്ങൾ (ട്രെയിനിംഗ് സെന്റർ, റെസ്റ്റ് ഹൗസ്, കൺവെൻഷൻ സെന്റർ എന്നിവയ്ക്കായി ഒരോന്ന് വീതം) ഉൾക്കൊള്ളിക്കാൻ പദ്ധതിയിട്ടിരുന്നു. മൂന്ന് ഘട്ടങ്ങളിലായാണ് നിർമ്മാണം നടത്താൻ പദ്ധതിയിട്ടിരുന്നത് (***അനുബന്ധം 10***). പിന്നീട്, 2013 ജൂണിൽ, ഇതേ കോമ്പൗണ്ടിൽ തന്നെ ഒരു റീജിയണൽ ക്വാളിറ്റി കൺട്രോൾ ലാബ് (ആർക്യുസിഎൽ) സ്ഥാപിക്കാൻ പിഡബ്ല്യൂഡി പദ്ധതിയിട്ടു.

പദ്ധതിയുടെ ഒന്നാം ഘട്ടത്തിനായി സർക്കാർ തുടക്കത്തിൽ (2009 മാർച്ച്) രണ്ടു കോടി രൂപ അനുവദിച്ചു. പിന്നീട് (2010 മാർച്ച്) ഇത് 4.48 കോടി രൂപയായി പുതുക്കി. തുടർന്ന്, 2013 മാർച്ച് മുതൽ 2019 ജനുവരി വരെ രണ്ടാം ഘട്ടം (ഏഴു കോടി രൂപ), മൂന്നാം ഘട്ടം (പത്തു കോടി രൂപ), മൂന്നാം ഘട്ടം (ബാലൻസ് വർക്ക്) (4.35 കോടി രൂപ) എന്നിവയ്ക്കായി 21.35 കോടി രൂപ സർക്കാർ അനുവദിച്ചു. ആർക്യുസിഎല്ലിന്റെ നിർമ്മാണത്തിനായി, 2013 മാർച്ചിൽ 0.67 കോടി രൂപ അനുവദിച്ചു. പിഡബ്ല്യൂഡി 24.22 കോടി രൂപ ചെലവഴിച്ച് പരിശീലന കേന്ദ്രം, റെസ്റ്റ് ഹൗസ്, ആർക്യുസിഎൽ എന്നിവയ്ക്കുള്ള കെട്ടിടങ്ങളുടെ നിർമ്മാണം യഥാക്രമം 2016 ഡിസംബർ, 2018 ഡിസംബർ, 2015 മാർച്ച് മാസങ്ങളിൽ പൂർത്തിയാക്കി.

---

[14] 20/08/2019 ലെ ജി.ഒ.(ആർ.ടി) നം. 1029/ 2019/ പിഡബ്ല്യുഡി.

രേഖകളുടെ പരിശോധനയിൽ ഈ പദ്ധതിയിൽ താഴെ പറയുന്ന വീഴ്ചകൾ കണ്ടെത്തി:

i. പിഡബ്ല്യൂഡി സമുച്ചയത്തിന് വേണ്ടി നിർദ്ദേശിക്കപ്പെട്ട ആദ്യപദ്ധതിയുടെയോ മാസ്റ്റർ ആർക്കിടെക്ചറൽ പ്ലാനിന്റെയോ ഭാഗമായിരുന്നില്ല ആർക്യുസിഎൽ. ട്രെയിനിങ് സമുച്ചയത്തിനുള്ള കെട്ടിടങ്ങളുടെ നിർമ്മാണം ആരംഭിച്ചതിന് ശേഷം 2013-ൽ ആണ് അതേ കോമ്പൗണ്ടിൽ തന്നെ ആർക്യുസിഎൽ സ്ഥാപിക്കാൻ തീരുമാനിച്ചത്. കൂടാതെ ലാബിനുള്ള കെട്ടിടം നിർമ്മിച്ച ശേഷം (2015 മാർച്ച്), ലാബിന്റെ വിദൂരസ്ഥാനത്തെ ലോജിസ്റ്റിക് പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി റീജിയണൽ ലബോറട്ടറി അത് ഇപ്പോൾ പ്രവർത്തിക്കുന്ന കാക്കനാട്ടു നിന്നും നേര്യമംഗലത്തേക്ക്[15] മാറ്റേണ്ടതില്ലെന്ന് പിഡബ്ല്യൂഡി തീരുമാനിക്കുകയും ലാബിനായി കാക്കനാട്ട് മറ്റൊരു കെട്ടിടം 1.11 കോടി രൂപ (2017 നവംബർ) ചെലവിട്ട് നിർമ്മിക്കാൻ തുടങ്ങുകയും ചെയ്തു. ഇത് ആർക്യുസിഎല്ലിനുള്ള നേര്യമംഗലത്തെ കെട്ടിടനിർമ്മാണത്തിലൂടെ 0.69 കോടി രൂപയുടെ ഒഴിവാക്കാമായിരുന്ന ചെലവിലേക്കു നയിച്ചു.

ii. മൊത്തം 3.02 കോടി രൂപ ചെലവിൽ ജനറേറ്ററും ലിഫ്റ്റും ഉൾപ്പെടെയുള്ള ഇലക്ട്രിക്കൽ, ഇലക്ട്രോണിക് ഉപകരണങ്ങൾ പിഡബ്ല്യൂഡി യഥാസ്ഥാനങ്ങളിൽ സ്ഥാപിക്കുകയും കമ്മീഷൻ ചെയ്യുകയും (2018 ജൂലൈക്കും 2020 ജനുവരിക്കും ഇടയിൽ) അടുക്കളയിലേയ്ക്കുള്ള ഫർണിച്ചറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുകയും ചെയ്തു (***അനുബന്ധം 11***). നിർമ്മാണത്തിന്റെ മൂന്നാം ഘട്ടത്തിലെ കെട്ടിടത്തിന്റെ വൈദ്യുതീകരണം, എയർ കണ്ടീഷനിംഗ്, 200 കെവിഎ ട്രാൻസ്ഫോർമർ എന്നിവ ഉൾപ്പെടുന്ന, 0.93 കോടി രൂപയുടെ എസ്റ്റിമേറ്റ് പിഡബ്ല്യൂഡി ചീഫ് എഞ്ചിനീയർക്ക് (ഇലക്ട്രിക്കൽ) 2020 ഫെബ്രുവരിയിൽ സമർപ്പിച്ചു. വൈദ്യുതീകരണ ജോലികൾ ഇപ്പോഴും (മേയ് 2022) തുടർന്നു കൊണ്ടിരിക്കുന്നതിനാൽ അന്ന് സ്ഥാപിച്ച ഇലക്ട്രിക്കൽ ഉപകരണങ്ങളും നിർമ്മിച്ച കെട്ടിടങ്ങളും പ്രവർത്തനരഹിതമായി തുടരുന്നു. കൂടാതെ, കെട്ടിടം ഉപയോഗിക്കുന്നതിന് മുമ്പു തന്നെ, പൂർത്തിയാക്കിയ പ്രവൃത്തികളുടെ (മൂന്നാം ഘട്ടം- ബാലൻസ് വർക്ക് ഒഴികെ) ന്യൂനതാപരിഹാര ബാധ്യതാ കാലയളവ്[16] (***അനുബന്ധം 12***) കാലഹരണപ്പെട്ടു. ഇലക്ട്രിക്കൽ, ഇലക്ട്രോണിക് ഉപകരണങ്ങൾ സ്ഥാപിക്കൽ, കമ്മീഷൻ ചെയ്യൽ, ഫർണിച്ചറുകൾ വാങ്ങൽ, വൈദ്യുതി കണക്ഷൻ ലഭ്യമാക്കൽ, കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കൽ തുടങ്ങിയ വിവിധ പ്രവർത്തനങ്ങളുടെ സമന്വയത്തിലെ പരാജയം, കാലതാമസത്തിനും വാങ്ങിയ ഉപകരണങ്ങളുടെ വാറന്റി കാലയളവ് കാലഹരണപ്പെടുന്നതിനും കാരണമായി. ഇത് അവ ഉപയോഗിക്കുമ്പോൾ അറ്റകുറ്റപ്പണികൾക്ക് വേണ്ടിരുന്ന ഒഴിവാക്കാവുന്ന ചെലവുകൾക്ക് ഇടയാക്കുകയും ചെയ്യും.

iii. കൺവെൻഷൻ സെന്ററിന്റെ നിർമ്മാണം ഇതുവരെ ആരംഭിച്ചിട്ടില്ല.

മേൽപ്പറഞ്ഞ വീഴ്ചകൾ കാരണം, 3.02 കോടി രൂപയ്ക്ക് വാങ്ങിയ ഫർണിച്ചറുകളും ഉപകരണങ്ങളും ഉൾപ്പെടെ 24.22 കോടി രൂപ ചെലവിൽ പൂർത്തിയാക്കിയ കെട്ടിടങ്ങൾ (പരിശീലന കേന്ദ്രവും ആർക്യുസിഎല്ലും) ഉപയോഗശൂന്യമായി തുടർന്നു.

സർക്കാരിന്റെ മറുപടിയിൽ (2022 ഫെബ്രുവരി), പരിശീലന കേന്ദ്രത്തിന്റെ വൈദ്യുതീകരണ പ്രവർത്തനത്തിനായി 0.93 കോടി രൂപയുടെ ഭരണാനുമതിക്കായി അപേക്ഷ സമർപ്പിച്ചതായി സർക്കാർ അറിയിച്ചു. വാറന്റി സംബന്ധിച്ച്, എല്ലാ സ്വിച്ചുകൾക്കും അഞ്ച് വർഷത്തെ വാറന്റി ഉണ്ടെന്നും യന്ത്രോപകരണങ്ങൾ സ്ഥാപിക്കുന്നതിന്റെ

---

[15] എറണാകുളം ജില്ലയ്ക്ക് കീഴിലുള്ള ഒരു ഗ്രാമമാണ് നേര്യമംഗലം (നഗരത്തിൽ നിന്ന് 80 കിലോമീറ്റർ അകലെ) കാക്കനാട് എറണാകുളത്തിന്റെ ജില്ലാ ആസ്ഥാനമാണ് (നഗരത്തിൽ നിന്ന് ഏകദേശം എട്ട് കിലോമീറ്റർ അകലെ).

[16] ഒന്നാം ഘട്ടത്തിനായുള്ള ന്യൂനതാപരിഹാരബാധ്യതാ കാലയളവ് 02/07/2013 മുതൽ 01/07/2015 വരെയും രണ്ടാം ഘട്ടത്തിന് 01/12/2016 മുതൽ 30/11/2019 വരെയും, മൂന്നാം ഘട്ടത്തിന് 17/12/2018 മുതൽ 16/12/2021 വരെയും, ആർക്യുസിഎൽ കെട്ടിടത്തിന് 11/03/2015 മുതൽ 10/03/2018 വരെയും ആയിരുന്നു.

നടപടിക്രമം പൂർത്തിയാക്കിയ ശേഷം പ്രോജക്റ്റിനുള്ള സേവനവാറന്റി മൂന്നാമതൊരു കക്ഷിയിൽ നിന്നും സേവനമായി വാങ്ങാവുന്നതാണെന്നും പ്രസ്താവിച്ചു. ആർക്യൂസിഎല്ലിന് നേര്യമംഗലത്ത് കെട്ടിടം നിർമ്മിച്ചത് എറണാകുളത്തിനടുത്ത് പി.ഡബ്ല്യു.ഡി.ക്ക് സ്ഥലം ലഭ്യമല്ലാത്തതിനാലും സോണൽ ഓഫീസിനായി എറണാകുളത്ത് റീജിയണൽ ലാബ് സ്ഥാപിക്കാൻ തീരുമാനിച്ചത് അതിന്റെ അധികാരപരിധിയിലുള്ള ജില്ലകളുടെ സാമീപ്യം കരുതിയും ആണ്. കൂടാതെ, പരിശീലന കേന്ദ്രം പ്രവർത്തനം ആരംഭിച്ചാൽ നേരിയമംഗലത്തെ ആർക്യൂസിഎൽ കെട്ടിടം ഭരണസംബന്ധമായ പ്രവർത്തനത്തിന് ഉപയോഗിക്കാമെന്നും പ്രസ്താവിച്ചു. ഫണ്ടിന്റെ പരിമിതി കാരണമാണ് ഘട്ടം ഘട്ടമായി പദ്ധതി നടപ്പിലാക്കിയത് അതിനാൽ മുഴുവൻ ഫണ്ടും കൈവശമുള്ള ഒരു പദ്ധതിയേക്കാൾ കൂടുതൽ സമയം ഈ പദ്ധതി പൂർത്തിയാക്കാൻ ആവശ്യമായിരുന്നു.

വൈദ്യുതീകരണത്തിനുള്ള ഭരണാനുമതിക്കായി സമീപിക്കുന്നതിലെ കാലതാമസത്തിന്റെ കാരണങ്ങൾ മറുപടിയിൽ പറയാത്തതിനാൽ സർക്കാരിന്റെ മറുപടി സ്വീകാര്യമല്ല. പരിശീലനകേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിക്കാത്തതിന്റെ പ്രധാന കാരണങ്ങളിലൊന്ന് വൈദ്യുതിയുടെ അഭാവമാണ്. പ്രവർത്തനങ്ങൾ സമന്വയിപ്പിക്കാത്തതിനാൽ, വാറന്റി കാലയളവിന്റെ പ്രധാന ഭാഗത്തിന്റെ പ്രയോജനം നഷ്ടപ്പെട്ടു, കൂടാതെ സേവന വാറന്റി വാങ്ങുന്നത് അധിക ചെലവിനും ഇടവരുത്തും. നേരിയമംഗലത്ത് പുതുതായി നിർമ്മിച്ച റീജിയണൽ ക്വാളിറ്റി കൺട്രോൾ ലാബിന്റെ കെട്ടിടം ദൂരസ്ഥലത്താണെന്നതിനാൽ അതുപേക്ഷിച്ച് കാക്കനാട്ട് പുതിയ ലാബ് നിർമ്മിക്കാനുള്ള നീക്കവും പരിശീലനകേന്ദ്രത്തിന്റെ ഭരണവിഭാഗത്തിനായി ആർ.ക്യു.സി.എൽ ഉപയോഗിക്കുമെന്നതും ന്യായീകരിക്കത്തക്കതല്ല. 12 വർഷം പിന്നിട്ടിട്ടും പദ്ധതി പൂർത്തിയാക്കാൻ വൈകുന്നതിന്റെ കാരണവും ന്യായീകരിക്കാനാവില്ല.

***ശുപാർശ : സർക്കാർ, പദ്ധതി പൂർത്തീകരണത്തിനുള്ള കാലതാമസത്തിന്റെ കാരണങ്ങൾ കണ്ടെത്തുകയും പൂർത്തിയാക്കിയ കെട്ടിടത്തിന്റെ പ്രവർത്തനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും എത്രയും വേഗം കണ്ടെത്തി പദ്ധതി പൂർത്തിയാക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യേണ്ടതാണ്.***

### *2.8* കരാറുകാർക്ക് നല്കിയ അനർഹമായ ആനുകൂല്യം

**കരാർ നിരക്കിനുപരിയായി ബിറ്റുമിന്റെ വിലയിലുള്ള വ്യത്യാസം വ്യവസ്ഥകൾ ലംഘിച്ച് കരാറുകാർക്ക് നൽകാനുള്ള സർക്കാർ തീരുമാനം കരാറുകാർക്ക് 4.98 കോടി രൂപയുടെ അനർഹമായ ആനുകൂല്യം നല്കുന്നതിനിടയാക്കി.**

പൊതുമരാമത്ത് സ്റ്റാൻഡേർഡ് ബിഡ്ഡിംഗ് ഡോക്യുമെന്റിന്റെ (എസ്ബിഡി) ക്ലോസ് 3.3.8 പ്രകാരം, പ്രവൃത്തി പൂർത്തീകരിക്കാൻ 18 മാസത്തിൽ കൂടുതൽ സമയം എടുക്കാത്ത പ്രവൃത്തികളിൽ ലേലം കൊള്ളുന്നവർ ക്വോട്ട് ചെയ്യുന്ന നിരക്കുകളും വിലകളും കരാർ കാലയളവിലുടനീളം സ്ഥിരമായിരിക്കണം, 2018 നവംബർ ഒന്നു മുതൽ തുടർന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളിൽ, ടെൻഡർ അവസാനിക്കുന്ന തീയതിക്കും ഇൻവോയ്സ് തീയതിക്കും ഇടയിൽ ബിറ്റുമിന്റെ വിലയിലുണ്ടാകുന്ന വ്യത്യാസം 2018 നവംബർ ഒന്നിനോ അതിന് ശേഷമോ വാങ്ങിയ യഥാർത്ഥ ഇൻവോയ്സ് ഹാജരാക്കിയാൽ കരാറുകാരന് നൽകാമെന്ന് കേരള സർക്കാർ (2018 നവംബർ)[17] ഉത്തരവിട്ടു. പ്രസ്തുത ഉത്തരവ് പിന്നീട് കരാറിന്റെ തീയതിക്കും ഇൻവോയ്സിന്റെ തീയതിക്കും (2018 നവംബർ ഒന്നിനോ അതിനു ശേഷമോ) ഇടയിൽ ബിറ്റുമിന്റെ വിലയിലുണ്ടാകുന്ന വ്യത്യാസം നൽകുകയോ വീണ്ടെടുക്കുകയോ ചെയ്യാം എന്ന രീതിയിൽ സർക്കാർ പരിഷ്ക്കരിച്ചു (2020 ഏപ്രിൽ)[18] ഓപ്പൺ ടെൻഡറുകളുടെ കാര്യത്തിൽ, ടെൻഡറുകൾ അവസാനിക്കുന്ന തീയതിയിലെ ബിറ്റുമിന്റെ വില വ്യത്യാസം അനുവദിക്കാമെന്നും നാമനിർദ്ദേശത്തിന്റെ കാര്യത്തിൽ, കരാർ തീയതിയിലെയും

---

17 ജി.ഒ(ആർ.ടി)നം.9386/2018/ഫിൻ തീയതി 13/11/2018.

18 ജി.ഒ(ആർ.ടി)നം.2816/2020/ഫിൻ തീയതി 17/04/2020.

ഇൻവോയ്സിന്റെ തീയതിയിലെയും (2018 നവംബർ ഒന്നിനോ അതിനു ശേഷമോ) ബിറ്റുമിന്റെ വില വ്യത്യാസം അനുവദിക്കാമെന്നും വ്യക്തമാക്കി (2020 സെപ്റ്റംബർ)[19].

പതിനഞ്ചിൽ ഒൻപത്[20] റോഡ് ഡിവിഷനുകളുടെ ഓഡിറ്റിൽ (2020 ഫെബ്രുവരി - 2021 ഓഗസ്റ്റ്) ബിറ്റുമിന്റെ വില വ്യത്യാസം (ടെൻഡർ ചെയ്ത പ്രവൃത്തികളിൽ, ടെൻഡർ സമർപ്പിക്കേണ്ട അവസാന തീയതിക്കും നാമനിർദ്ദേശത്തിന്റെ കാര്യത്തിൽ, കരാർ ഒപ്പുവച്ച തീയതിക്കും നിലനിന്നിരുന്ന മാർക്കറ്റ് വിലയുടെയും യഥാർത്ഥ വാങ്ങൽ വിലയുടെയും വ്യത്യാസം) 44 പ്രവൃത്തികളിൽ അനുവദിച്ചതായി കണ്ടെത്തി (***അനുബന്ധം 13***). പ്രവൃത്തികൾ ടെൻഡർ ചെയ്തത് ഐറ്റം റേറ്റ് അടിസ്ഥാനത്തിൽ ആയിരിക്കിലും, കരാറിലെ വ്യവസ്ഥയനുസരിച്ച്, പ്രവൃത്തി പൂർത്തീകരിക്കാൻ 18 മാസത്തിൽ കൂടുതൽ സമയം എടുക്കാത്ത പ്രവൃത്തികളിൽ ഒരു കരാറുകാരൻ സമ്മതിക്കുന്ന നിരക്കുകളും വിലകളും കരാർ കാലയളവിലുടനീളം സ്ഥിരമായിരിക്കും എന്നിരിക്കിലും ഈ വിലവ്യത്യാസം അനുവദിച്ചു. കൂടാതെ സൂപ്രണ്ടിംഗ് എഞ്ചിനീയർ മാർ, ദർഘാസുകൾ സ്വീകരിക്കുമ്പോൾ, ഒരിക്കൽ നിശ്ചയിച്ച നിരക്കുകൾ ഒരു കാരണ വശാലും വർദ്ധിപ്പിക്കില്ലെന്ന് ആവർത്തിച്ചു പ്രസ്താവിക്കുകയും ചെയ്തിട്ടുണ്ട്.

2018 നവംബറിലെ സർക്കാർ ഉത്തരവും അതിന്റെ പിന്നീടുള്ള ഭേദഗതികളും ടെൻഡർ സമ്പ്രദായത്തിന്റെ തത്വത്തെതന്നെ പൊതുവിൽ ദുർബലപ്പെടുത്തി. കാരണം, കരാർ പ്രകാരം ഈ 44 പ്രവൃത്തികളും 18 മാസത്തിനുള്ളിൽ പൂർത്തിയാക്കേണ്ടവയായിരുന്നു. ക്ലോസ് 3.3.8 കർശനമായി ബാധകമായതിനാൽ പിന്നീട് പുറപ്പെടുവിക്കുന്ന ഉത്തരവു കൾ നടന്നുകൊണ്ടിരിക്കുന്ന ഈ പ്രവൃത്തികൾക്ക് ബാധകമാക്കാനാവില്ല. സർ ക്കാരിന്റെ ഈ ഉത്തരവ്, 44 പ്രവൃത്തികളിലെ കരാറുകാർക്ക് ഇതിനോടകം നല്കിയ 3.10 കോടി രൂപയും, വിവിധതലങ്ങളിലായി കുടിശ്ശികയുള്ള 1.88 കോടി രൂപയും ഉൾ പ്പെടെ 4.98 കോടി രൂപയുടെ അനർഹമായ ആനുകൂല്യത്തിനിടയാക്കി.

ഈ വിഷയം കേരള സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും (2021 ഒക്ടോബർ) ബിറ്റുമിൻ വില കുത്തനെ വർദ്ധിച്ചതിനാൽ സംസ്ഥാനത്തുടനീളം പണികൾ നിർത്തി വയ്ക്കുന്നത് ഒഴിവാക്കാനുള്ള നയപരമായ തീരുമാനമാണിതെന്ന് സർക്കാർ (2022 മാർച്ച്) മറുപടി നല്കുകയും ചെയ്തു. സർക്കാർ ഏജൻസികൾ മാത്രമാണ് ബിറ്റുമിൻ നിർമ്മിച്ച് വിൽക്കുന്നതെന്നും അതിനാൽ ഏതെങ്കിലും കരാറുകാരനോ സ്വകാര്യ ഏജൻസികളോ അനാവശ്യ നേട്ടമുണ്ടാക്കിയിട്ടില്ലെന്നും പ്രസ്താവിച്ചു.

കരാറിലെ നിബന്ധനകളും വ്യവസ്ഥകളും അംഗീകരിക്കാനും ചെലവിലെ വർദ്ധനവ് സ്വയം വഹിക്കാനും കരാറുകാർ ബാധ്യസ്ഥരാണ് എന്നതിനാൽ സർക്കാരിന്റെ മറുപടി അംഗീകരിക്കാൻ കഴിയുന്നതല്ലെന്ന് ഓഡിറ്റ് കണ്ടെത്തി. പൂർത്തിയായ വാണിജ്യ കരാറുകളുടെ അവകാശങ്ങളിലും ബാധ്യതകളിലും പിന്നീട് പുറപ്പെടുവിക്കുന്ന സർക്കാർ ഉത്തരവുകളാൽ മാറ്റം വരുത്താൻ കഴിയില്ലെന്ന് 2021-ലെ ഡബ്ല്യൂപി(സി) 23576-ൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി നിരീക്ഷിച്ചിരുന്നു. കൂടാതെ ബിറ്റു മിന്റെ വർദ്ധിച്ച വില മൂലം വന്ന ചെലവ് സർക്കാർ വഹിച്ചതുകാരണം സർക്കാർ തീരുമാനം കരാറുകാർക്ക് ഗുണം ചെയ്തു എന്നതിനാൽ, നയപരമായ തീരുമാന മാണിതെന്ന സർക്കാർ നിലപാട്, കേരള ഫിനാൻഷ്യൽ കോഡിൽ നിഷ്കർഷിച്ചിട്ടുള്ള ഔചിത്യനിലവാര സൂചകങ്ങൾക്ക് വിരുദ്ധമാണ്.

എന്നിരുന്നാലും 2022 ഓഗസ്റ്റ് 26-ാം തീയതിയിലെ ജി.ഒ(പി) നം.96/2022/ഫിൻ പ്രകാരം, 2018 നവംബർ 13-ന് പുറപ്പെടുവിച്ച ഉത്തരവും തുടർന്നുള്ള പരിഷ്ക്കരണങ്ങളും മുഖേന ഉത്തരവിട്ട ബിറ്റുമിന്റെ വില വ്യത്യാസം, വിലക്കുറവിന്റെ വീണ്ടെടുപ്പ് എന്നിവ അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ തുടർന്നുള്ള എല്ലാ ടെൻഡറുകൾക്കും നിർത്ത ലാക്കാൻ ഉത്തരവിട്ടു. ഓഡിറ്റ് ചൂണ്ടിക്കാണിച്ച ക്രമക്കേട് സർക്കാർ അംഗീകരിച്ച

---

[19] ജി.ഒ(ആർ.ടി)നം.5502/2020/ഫിൻ തീയതി 25/09/2020.

[20] തിരുവനന്തപുരം, കോട്ടയം, തൃശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്.

തായി ഇത് സൂചിപ്പിക്കുന്നു. എന്നാൽ ഉത്തരവിന് വരുംകാലപ്രാബല്യം മാത്രം ഉള്ളതിനാൽ തിരുത്തൽ നടപടി അപര്യാപ്തമാണ്. വാസ്തവത്തിൽ, വാണിജ്യ പരമായി അവസാനിപ്പിച്ച കരാറുകളുടെ വ്യവസ്ഥകളിൽ മുൻകാല പ്രാബല്യത്തോടെ ക്രമരഹിതമായി ചെയ്ത മാറ്റമാണ് ഓഡിറ്റ് ചൂണ്ടിക്കാട്ടിയത്. ഏറ്റവും പുതിയ ഈ ഉത്തരവിലൂടെയും, ഒരു തിരുത്തലിനു പകരം, ഈ ക്രമക്കേട് ഉത്തരവിന്റെ തീയതി വരെ (26/08/2022) തുടരാൻ അനുവദിച്ചിരിക്കുന്നു എന്നത് സർക്കാരിന്റെ സാമ്പത്തിക താൽപ്പര്യങ്ങൾക്ക് വിരുദ്ധമാണ്.

***ശുപാർശ: കരാറുകാർക്ക് മുൻകാലപ്രാബല്യത്തോടെ വില വ്യത്യാസം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട ഉത്തരവുകൾ സർക്കാർ തിരുത്തുകയും നഷ്ടം വീണ്ടെടുക്കുകയും വേണം, എന്തെന്നാൽ ഇത്തരമൊരു ബാദ്ധ്യത ഏറ്റെടുത്തത് കരാർ നിബന്ധനകൾക്ക് പുറത്താണ്.***

### *2.9* കരാറുകാർക്ക് അധിക തുക നൽകിയത്

**2016 ജൂലൈ മുതൽ 2019 ഡിസംബർ വരെ അനുവദിച്ച മൂന്ന് പ്രവൃത്തികളിൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ ബിറ്റുമിന്റെ വിലയുടെ കൂടെ കൂട്ടിയിട്ടുള്ള ബിറ്റുമിന്റെ കോസ്റ്റ് ഇൻഡക്സ് വീണ്ടെടുക്കുന്നതിൽ വകുപ്പിനുണ്ടായ പരാജയം കരാറുകാർക്ക് 1.26 കോടി രൂപയുടെ അധിക തുക നൽകാനിടയാക്കി.**

ഒരു കോടി രൂപ വരെ ചെലവ് വരുന്ന റോഡ് പ്രവൃത്തികളിൽ ബിറ്റുമിന്റെ വിതരണം വകുപ്പുതലത്തിലൂടെയാണെന്നുള്ള വ്യവസ്ഥകളോടെ കേരള പൊതുമരാമത്ത് വകുപ്പ് റോഡ് പ്രവൃത്തികൾ ടെൻഡർ ചെയ്യുകയും നടത്തിക്കുകയും ചെയ്യുന്നു. അത്തരം എല്ലാ പ്രവൃത്തികളിലും, റണ്ണിംഗ് അക്കൗണ്ട് ബില്ലുകളുടെ തുക കരാറുകാരന് നല്കുന്ന സമയത്ത് അതിൽ നിന്ന് വകുപ്പുതലത്തിൽ നല്കിയ സാധനങ്ങളുടെ വില ഈടാക്കേണ്ടതുണ്ട്. വകുപ്പുതല വസ്തുക്കളുടെ ഈടാക്കപ്പെടേണ്ട വില കണക്കാക്കുന്നത് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നിരക്കുകൾ അനുസരിച്ചാണ്.

സർക്കാർ നിശ്ചയിച്ച പരിധിക്ക് മുകളിൽ ചെലവ് വരുന്ന വൻകിട പ്രവൃത്തികൾക്ക് വകുപ്പുതല ബിറ്റുമിൻ വിതരണത്തിന്റെ കാര്യത്തിൽ ഏർപ്പെടുത്തിയ ബദൽ സംവിധാനത്തിൽ[21], ഡിവിഷന്റെ എക്സിക്യൂട്ടീവ് എഞ്ചിനീയർ നൽകുന്ന ഇൻഡന്റിനെ അടിസ്ഥാനമാക്കി വിതരണക്കാരനിൽ നിന്ന് ബിറ്റുമിൻ വാങ്ങാൻ കരാറുകാരനെ അധികാരപ്പെടുത്തുന്നു. ഒറിജിനൽ ഇൻവോയ്സുകൾ സമർപ്പിക്കുമ്പോൾ ബിറ്റുമിൻ വാങ്ങിയ വില അദ്ദേഹത്തിന് തിരികെ നൽകും. പ്രവൃത്തിയിൽ ഉപയോഗിക്കുന്ന ബിറ്റുമിൻ വാങ്ങാനുള്ള ചെലവ് വകുപ്പ് വഹിക്കുന്നതിനാൽ, ഇത് ബിറ്റുമിന്റെ വകുപ്പുതല വിതരണമായി കണക്കാക്കുന്നു. മെസ്സേഴ്സ് ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിൽ (ബിപിസിഎൽ) നിന്ന് നേരിട്ട് ബിറ്റുമിൻ വാങ്ങാനും ചെലവാക്കിയ തുക തിരിച്ചുകിട്ടാൻ ഇൻവോയ്സുകൾ സമർപ്പിക്കാനും കരാറുകാരെ അനുവദിക്കുന്നു. ബിറ്റുമിന്റെ വില കരാറുകാരന്റെ റണ്ണിംഗ് അക്കൗണ്ട് ബില്ലുകളിൽ നിന്ന് തിരികെ ഈടാക്കുന്നു.

കോട്ടയം പിഡബ്ല്യുഡി റോഡ്സിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ, 2016 ജൂലൈ മുതൽ 2019 ഡിസംബർ വരെയുള്ള കാലയളവിലെ ഓഡിറ്റിങ്ങിൽ (2020 ഫെബ്രുവരി) തിരുവനന്തപുരം സൗത്ത് സർക്കിളിലെ റോഡ്സ് ആൻഡ് ബ്രിഡ്ജസ് സൂപ്രണ്ടിംഗ് എഞ്ചിനീയർ 2014-15, 2015-16 വർഷങ്ങളിൽ ചെയ്ത മൂന്ന് റോഡ് പ്രവൃത്തികളിൽ ബിറ്റുമിൻ ഉൾപ്പെടെ എല്ലാ ഇനങ്ങളിലും 34 ശതമാനം കോസ്റ്റ് ഇൻഡക്സ് പ്രയോഗിച്ച് കണക്കാക്കിയ ഡാറ്റയുടെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയതായി ശ്രദ്ധയിൽപ്പെട്ടു. കരാറുകാരനുമായി ഒപ്പുവെച്ച കരാറിലെ പ്രത്യേക വ്യവസ്ഥകൾ അനുസരിച്ച്, വകുപ്പുതല ബിറ്റുമിന്റെ വില, നിരക്കും കോസ്റ്റ് ഇൻഡക്സും ഉൾപ്പെടെ ഈടാക്കണം. എന്നാൽ മേൽപ്പറഞ്ഞ മൂന്ന് പ്രവൃത്തികളിൽ, വകുപ്പുതല

[21] 6/09/2003 ലെ ജി.ഒ.(പി)നം.50/പി.ഡബ്ല്യു.ഡി/2003 മുഖേന.

ബിറ്റുമിന്റെ വില, എസ്റ്റിമേറ്റ് നിരക്കിൽ നിന്നും കോസ്റ്റ് ഇൻഡക്സ് ഘടകം ഒഴിവാക്കി തിരിച്ചു പിടിച്ചു. ബിറ്റുമിന്റെ തിരിച്ചു പിടിക്കപ്പെട്ട വിലയിൽ കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുത്തുന്നതിൽ വകുപ്പ് പരാജയപ്പെട്ടതിനാൽ, കരാറുകാർക്ക് 1.26 കോടി രൂപ അധികമായി നൽകാനിടയായി (***അനുബന്ധം 14***).

ഇത് തിരഞ്ഞെടുത്ത റോഡ്സ് ഡിവിഷനുകളിലെ പ്രവൃത്തികളുടെ ഒരു ടെസ്റ്റ്-ഓഡിറ്റായതിനാലും ഓഡിറ്റ് നിരീക്ഷണം ടെസ്റ്റ്-ഓഡിറ്റിൽ ഉൾപ്പെടാത്ത മറ്റ് പ്രവൃത്തികളിൽ പ്രതിഫലിക്കുന്ന സ്വഭാവമുള്ളതിനാലും, അധിക പേയ്മെന്റുകൾ വീണ്ടെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കാൻ വകുപ്പിന് മറ്റു പ്രവൃത്തികളിലെ സ്ഥിതി പരിശോധിക്കാവുന്നതാണ്.

ഈ വിഷയം കേരള സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും (2021 ഒക്ടോബർ), സർക്കാർ ഇപ്രകാരം മറുപടി നൽകുകയും ചെയ്തു (2022 ഫെബ്രുവരി).

i. ഈടാക്കുന്ന ബിറ്റുമിന്റെ വിലയിൽ 34 ശതമാനം വിലസൂചിക ചേർത്താൽ, അതേ 34 ശതമാനം കരാറുകാരൻ വാങ്ങിയ ബിറ്റുമിന്റെ വിലയിലും ബാധകമായേക്കാം;

ii. 'നബാർഡ് - ആർഐഡിഎഫ്-XVIII-XIX - തെക്കേമുറി - ആണ്ടൂർ-പടിഞ്ഞാറ്റിൻകര - താമരക്കുളം - ഇടനാട് റോഡ് മെച്ചപ്പെടുത്തൽ' എന്ന പ്രവൃത്തിക്ക് വില സൂചിക ബാധകമാക്കാതെ ബില്ലുകൾ തീർപ്പാക്കിയത് സർക്കാരിന് ലാഭകരമായിരുന്നു.

iii. 'മാന്നാനം - കുടമാളൂർ റോഡ് ചെയ്നേജ് 0/000 മുതൽ 2/300 കി.മീ വരെ ബി.എം & ബി.സി നൽകൽ' എന്ന ജോലിക്ക്, ബിറ്റുമിൻ വിലവ്യത്യാസം/ വില വർദ്ധനവ് കണക്കാക്കിയതിൽ കരാറുകാരന് 3,04,851 രൂപ നൽകേണ്ടതുണ്ട്.

iv. 'കാപ്പിൽക്കുന്ന്-വിളക്കുമരുത്-പാലാക്കാട്-കിഴപറയാർ റോഡ് ചെയ്നേജ് 0/000 മുതൽ 9/000 കി.മീ വരെയുള്ള ഒന്നാം റീച്ചിലേക്കുള്ള മെച്ചപ്പെടുത്തലുകൾ', എന്ന പ്രവൃത്തിയിൽ അധികതുകയായി കൊടുത്ത 4,06,440 രൂപ കരാറുകാരനിൽ നിന്ന് ഉടൻ ഈടാക്കുന്നതാണ്.

ബിറ്റുമിന്റെ യഥാർത്ഥ വിലയിൽ വില സൂചിക ഉൾപ്പെടുത്തി നടത്തിയ കണക്കുകൂട്ടലുകൾ തെറ്റായതിനാലും, ബിറ്റുമിന്റെ വിലയുടെ എസ്റ്റിമേറ്റ് നിരക്ക് ഈടാക്കുന്നതിനും യഥാർത്ഥ ചെലവ് കരാറുകാരന് തിരികെ നൽകുന്നതിനുമുള്ള പിഡബ്ല്യുഡി കോഡിന്റെ ഖണ്ഡിക 10.3.8-ൽ ഉള്ള വ്യവസ്ഥയുടെ ലംഘനമായതിനാലും സർക്കാരിന്റെ മറുപടി സ്വീകാര്യമല്ല.

***ശുപാർശ: ബിറ്റുമിൻ വില വീണ്ടെടുക്കുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ വകുപ്പ് കർശനമായി പാലിക്കുന്നുണ്ടെന്ന് സർക്കാർ ഉറപ്പുവരുത്തേണ്ടതാണ്.***

**2.10 ക്രമരഹിതമായ പണമിടപാട്**

**പ്രവൃത്തിയുടെ അളവുകൾ വകുപ്പുതല അധികാരി തെറ്റായി രേഖപ്പെടുത്തിയതിലൂടെ കരാറുകാർക്ക് 20.71 ലക്ഷം രൂപ അധികം നൽകാനിടയായി.**

കേരള പിഡബ്ല്യുഡി മാന്വൽ 2012-ലെ ക്ലോസ് 2211.3 അനുസരിച്ച്, കരാറുകാർക്കുള്ള എല്ലാ പേയ്മെന്റുകളും നിയന്ത്രിക്കുന്നത് മെഷർമെന്റ് ബുക്കിലോ ലെവൽ ഫീൽഡ് ബുക്കിലോ രേഖപ്പെടുത്തിയിരിക്കുന്ന അളവുകളാൽ ആണ്. വ്യാജമായതോ തെറ്റായതോ അധികമായതോ ആയ അളവുകൾ രേഖപ്പെടുത്തുകയാണെങ്കിൽ, അത് അനർഹമായ പണമിടപാടിലേക്കു നയിക്കുകയും സർക്കാർ പണം ദുരുപയോഗം ചെയ്യപ്പെടുകയും ചെയ്യും.

ആലുവയിലെ റോഡ്സ് മദ്ധ്യമേഖലക്ക് കീഴിലുള്ള മൂവാറ്റുപുഴ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ (റോഡ്സ് ഡിവിഷൻ) കാര്യാലയത്തിലെ 2017 മാർച്ച് മുതൽ 2020

ജൂലൈ വരെയുള്ള കാലയളവിലെ 72 പ്രവൃത്തികളിൽ നാലെണ്ണം ഓഡിറ്റ് പരിശോധിക്കുകയും (2020 ആഗസ്റ്റ്-2020 നവംബർ) താഴെ പറയുന്ന ഒരു റോഡ് പ്രവൃത്തിയിൽ പോരായ്മകൾ ശ്രദ്ധിക്കപ്പെടുകയും ചെയ്തു.

**ചെറങ്ങനാൽ-മുത്തൻകുഴി - ചെങ്ങറ - പുന്നക്കാട് - ആവോലിച്ചാൽ റോഡ് മെച്ചപ്പെടുത്തൽ (ചെയ്നേജ് 0/000 മുതൽ 25/000 കി.മീ വരെ)**

മദ്ധ്യമേഖല സൂപ്രണ്ടിങ് എഞ്ചിനീയർ (റോഡ്സ്), ആലുവ (എസ്ഇ), 9.86 കോടി രൂപയുടെ കരാർ മൂല്യമുള്ള പ്രവൃത്തി ഒരു കരാറുകാരന് നൽകി (2016 മെയ്). 2019 മെയ് മാസത്തിൽ പണി പൂർത്തീകരിക്കുകയും, 2020 ജൂലൈയിൽ അന്തിമ ബിൽ അനുവദിക്കുകയും ചെയ്തു. പ്രവൃത്തിയുടെ മൊത്തം ചെലവ് 8.32 കോടി രൂപയായി. മെഷർമെന്റ് ബുക്കിലും ലെവൽ ഫീൽഡ് ബുക്കിലും രേഖപ്പെടുത്തിയിട്ടുള്ള അളവുകൾ, എസ്ഇ അംഗീകരിച്ച ഡിസൈൻ/ഡ്രോയിംഗുകൾ എന്നിവയുമായി ചേർത്തുവച്ച് ഓഡിറ്റ് സൂക്ഷ്മമായി പരിശോധിച്ചതിൽ 2017-ൽ എടുത്ത പ്രാഥമിക തല അളവുകൾ ഉൾപ്പെടുത്തിയാണ് ചെയ്ത പ്രവൃത്തിയുടെ അളവ് കണക്കാക്കിയത് എന്ന് കണ്ടെത്തി. മെഷർമെന്റ് ബുക്ക് അനുസരിച്ച്, റോഡിന്റെ ഉപരിതലം 15 സെ മീ[22] ആഴത്തിൽ നീക്കം ചെയ്തതിന് ശേഷം, ഗ്രാനുലാർ സബ് ബേസ് (ജിഎസ്ബി), വെറ്റ് മിക്സ് മെക്കാഡം (ഡബ്ല്യൂഎംഎം) എന്നീ ഇനങ്ങൾ 10 സെമി - 15 സെമീ[23] ഘനത്തിൽ വിരിക്കുന്നു. പ്രവൃത്തിയുടെ ഓരോ ഇനവും നടപ്പിലാക്കിയ ശേഷം, അതായത്, ഭൂഖനനം[24], ജിഎസ്ബി[25], ഡബ്ല്യുഎംഎം[26], റോഡിന്റെ നിലവിലുള്ള ഉപരിതലം അതിനനുസരിച്ച് ഉയരുമായിരുന്നുവെന്നും കൂടാതെ, ലെവൽ ഫീൽഡ് ബുക്കിൽ (***അനുബന്ധം 15***) രേഖപ്പെടുത്തിയിരിക്കുന്നതുപോലെ, ഡബ്ല്യൂഎംഎം-ന്റെ അന്തിമ ലെവൽ ബിറ്റുമിനസ് മെക്കാഡത്തിനെക്കാൾ (ബിഎം) ഉയർന്നതായിരിക്കും എന്നും ഓഡിറ്റ് നിരീക്ഷിച്ചു. അതിനാൽ പ്രസ്തുത റീച്ചുകളുമായി ബന്ധപ്പെട്ട് രേഖപ്പെടുത്തിയ ബി.എം-ന്റെ അന്തിമ ലെവലുകൾ പ്രായോഗികവും സാധ്യവുമല്ല. 2019 ജനുവരിയിൽ രേഖപ്പെടുത്തിയ ബിഎമ്മിന്റെ അന്തിമ നിലയും 2017-ൽ എടുത്ത പ്രാരംഭ നിലയും കണക്കിലെടുത്ത് വകുപ്പ് ബിഎമ്മിന്റെ അളവ് കണക്കാക്കുകയും അതുവഴി മറ്റ് മൂന്ന് ഇനങ്ങളെ അവഗണിക്കുകയും ചെയ്തു, അതായത് നേരത്തേ നടപ്പാക്കിയ ജിഎസ്ബി, ഡബ്ല്യൂഎംഎം എന്നീ പ്രവൃത്തികളുടെ കുഴിച്ചെടുക്കലും നിരത്തലും മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന സാങ്കൽപ്പിക അളവുകൾ അടിസ്ഥാനമാക്കി കണക്കാക്കിയ ബിഎം-ന്റെ അധിക അളവ് 208.52 ഘന മീറ്ററും ബിറ്റുമിനസ് കോൺക്രീറ്റ് (ബി.സി)-ന്റേത് 24.27 ഘന മീറ്ററും ആയിരിക്കുകയും, ഇതിന് 20.71 ലക്ഷം രൂപ നൽകുകയും ചെയ്തു.

വിഷയം സർക്കാരിനെ അറിയിക്കുകയും (2021 ഒക്ടോബർ) സർക്കാർ ഇപ്രകാരം മറുപടി നൽകുകയും (2022 ഫെബ്രുവരി) ചെയ്തു. ചെയ്ത പ്രവൃത്തിയുടെ അളവ് കണക്കാക്കാൻ, പ്രാരംഭ ലെവലുകൾ കണക്കാക്കുന്നത് 2017-ൽ റോഡിനായി എടുത്ത നിലകളാണെന്നും ഓരോ ജോലിയും ചെയ്തതിന് ശേഷവും റോഡിന്റെ നിലവിലുള്ള ലെവലുകൾ അതിനനുസരിച്ച് ഉയരുമെന്നും ഉള്ള ഓഡിറ്റ് നിരീക്ഷണം അർത്ഥശൂന്യമാണ്.

സർക്കാരിന്റെ മറുപടി സ്വീകാര്യമല്ല. കാരണം, വിവിധ തലങ്ങളിലെ പ്രവൃത്തികളുടെ ലെവലുകൾ കണക്കാക്കുന്നതിനു സർക്കാർ പ്രസ്താവിച്ച അതേ രീതി തന്നെയാണ് ഓഡിറ്റ് ഉപയോഗിച്ചത്. അതായത് റോഡ് പ്രവൃത്തിയുടെ ആരംഭത്തിൽ നിലവിലുള്ള റോഡിന്റെ മുകൾ നില 2017-ൽ (പ്രാരംഭ തലം 2017-ലേത്) അളന്നു. അത് റോഡ്

[22] മെഷർമെന്റ് ബുക്ക് നമ്പർ 678/13-14-ൽ 6 മുതൽ 9 വരെയുള്ള പേജുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന അളവുകൾ.

[23] മെഷർമെന്റ് ബുക്ക് നമ്പർ 678/13-14-ൽ 10 മുതൽ 12 വരെയുള്ള പേജുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന അളവുകൾ.

[24] 2018 നവംബർ 26, 28 തീയതികളിൽ അളന്നു.

[25] 2018 ഡിസംബർ 3-ന് അളന്നു.

[26] 2018 ഡിസംബർ 10-ന് അളന്നു.

പണിയുടെ പ്രാരംഭ നിലയായിരുന്നു. ആദ്യം നിലവിലുള്ള റോഡ് 15 സെന്റീമീറ്റർ താഴ്ചയിൽ കുഴിച്ചു കൊണ്ടാണ് റോഡിന്റെ പ്രവൃത്തി തുടങ്ങേണ്ടത്. തുടർന്ന് 10 സെന്റീമീറ്റർ കനത്തിൽ ജിഎസ്ബി, ഡബ്ല്യൂഎംഎം 10 സെന്റീമീറ്റർ കനത്തിൽ, ബിഎം 5.5 സെന്റീമീറ്റർ കനത്തിൽ, 3 സെന്റീമീറ്റർ കനത്തിൽ ബിസി എന്നിവ ക്രമത്തിൽ ഒന്നിനു പുറകെ ഒന്നായി വിരിക്കുന്നു. ഒരു പാളിയുടെ പ്രാരംഭ തലം അതിന് മുൻപുള്ള പാളിയുടെ മുകളിലെ നിലയായിരിക്കും, കൂടാതെ നിർമ്മാണത്തിലിരിക്കുന്ന റോഡിന്റെ പുതിയ ലെവൽ, ചെയ്തു കഴിഞ്ഞ പാളികളുടെ കനം അനുസരിച്ച് ഉയരും. മണ്ണ് കുഴിച്ച് ജിഎസ്ബി, ഡബ്ല്യൂഎംഎം എന്നിവ ചെയ്ത ശേഷം റോഡിന്റെ നിരപ്പ് 2017-ലെ പ്രാരംഭ ലെവലിനേക്കാൾ 5 സെന്റീമീറ്റർ ഉയരുമെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. എന്നിരുന്നാലും, മെഷർമെന്റ് ബുക്ക് അനുസരിച്ച്, 2017-ലെ പ്രാരംഭ ലെവലിൽ നിന്ന് ബിഎം ചെയ്തത്, ഡബ്ല്യൂഎംഎം ചെയ്തതിനു ശേഷം ലഭിച്ച ലെവലിന് താഴെയായിരുന്നു. ഡബ്ല്യൂഎംഎം-ന് മുകളിൽ മാത്രമേ ബിഎം ചെയ്യാൻ കഴിയൂ എന്നതിനാൽ, ഇത് സാധ്യമല്ല. തത്ഫലമായി മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന വർദ്ധിച്ച കനം കാരണം പ്രവൃത്തി പൂർത്തിയാക്കിയ ബിഎമ്മിന്റെ അളവ് വർദ്ധിച്ചു. മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന തെറ്റായ അളവുകൾ കാരണം, പ്രവൃത്തി ചെയ്തതായി കാണിച്ചിരിക്കുന്ന ബിഎം, ബിസി എന്നിവയുടെ അധിക അളവ് യഥാക്രമം 208.52 ഘനമീറ്റർ, 24.27 ഘനമീറ്റർ ആയിരിക്കുകയും, ഇതിന് 20.71 ലക്ഷം രൂപ നല്കുകയും ചെയ്തു.

***ശുപാർശ: ഫണ്ട് ദുർവിനിയോഗത്തിന്റെ ഉത്തരവാദിത്തം നിർണ്ണയിക്കാൻ വകുപ്പിന് ആവശ്യമായ അച്ചടക്ക നടപടി സ്വീകരിക്കാവുന്നതാണ്.***

*ട്രാൻസ്പോർട്ട് ക്ലസ്റ്റർ*

**മോട്ടോർ വാഹന വകുപ്പ്**

**2.11 നികുതി ഈടാക്കാതിരിക്കലും, കുറച്ച് ഈടാക്കലും**

**റീജ്യണൽ/ സബ്-റീജ്യണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലെ ഉദ്യോഗസ്ഥർ ഡാറ്റാബേസിലെ രേഖകളുടെ അടിസ്ഥാന പരിശോധനകൾ നടത്താത്തതി നാൽ 3.94 കോടി രൂപയുടെ നികുതി ഈടാക്കാതിരിക്കുകയോ കുറച്ച് ഈടാ ക്കുകയോ ചെയ്തു.**

ഗതാഗത വകുപ്പിൽ നിന്നുള്ള വരവുകൾ നിയന്ത്രിക്കുന്നത് കേന്ദ്ര-സംസ്ഥാന മോട്ടോർ വെഹിക്കിൾ നിയമങ്ങളുടെയും അതിനു കീഴിലുള്ള ചട്ടങ്ങളുടെയും വ്യവസ്ഥകൾ പ്രകാരമാണ്. സർക്കാർ തലത്തിൽ ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെയും വകുപ്പ് തലത്തിൽ ട്രാൻസ്പോർട്ട് കമ്മീഷണറുടെയും ഭരണ നിയന്ത്രണത്തിലാണ് ഗതാഗത വകുപ്പ് പ്രവർത്തിക്കുന്നത്. 1988-ലെ മോട്ടോർ വാഹന നിയമം, 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങൾ, 1976-ലെ കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ (കെ.എം.വി.ടി.) നിയമം എന്നിവ അനുസരിച്ചാണ് സംസ്ഥാനത്ത് നികുതി ഈടാക്കുന്നതും പിരിച്ചെടുക്കുന്നതും. 2007 ജനുവരിയിൽ, നാഷണൽ ഇൻഫോർമാറ്റിക്സ് സെൻറർ വികസിപ്പിച്ച 'സ്മാർട്ട് മൂവ്' എന്ന സോഫ്റ്റ്‌വെയർ നടപ്പിലാക്കി മോട്ടോർ വാഹന വകുപ്പ് തങ്ങളുടെ പ്രവർത്തനം പൂർണ്ണമായും ഓട്ടോമേറ്റ് ചെയ്തു. നികുതികളുടെ ഡിമാൻഡും ശേഖരണവും നിരീക്ഷിക്കുന്നതിനുള്ള ഒരു ഡിമാൻഡ് കളക്ഷൻ മൊഡ്യൂൾ ഇതിൽ ഉൾപ്പെട്ടിരുന്നു.

മോട്ടോർ വാഹന വകുപ്പിന് കീഴിൽ 18 റീജ്യയണൽ ട്രാൻസ്പോർട്ട് ഓഫീസുകളും (ആർ.ടി.ഒ) 55 സബ് റീജ്യണൽ ട്രാൻസ്പോർട്ട് ഓഫീസുകളും (എസ്.ആർ.ടി.ഒ) ഉണ്ടായിരുന്നു. 2019-20 കാലയളവിൽ 17 ആർ.ടി.ഒ.കളുടെയും 29 എസ്.ആർ.ടി.ഒ. കളുടെയും രേഖകളുടെ പരിശോധനയിൽ ഹരിത നികുതി ഈടാക്കിയിട്ടില്ലെന്നും മോട്ടോർ വാഹന നികുതി, ഒറ്റത്തവണ നികുതി എന്നിവ കുറഞ്ഞ അളവിലാണ് ഈടാക്കിയത് എന്നും കണ്ടെത്തി. മുൻവർഷങ്ങളിലും സമാനമായ ചില വീഴ്ചകൾ ഓഡിറ്റ് ചൂണ്ടിക്കാട്ടിയിരുന്നു. ഈ ക്രമക്കേടുകൾ തുടരുക മാത്രമല്ല, അടുത്ത ഓഡിറ്റ് നടത്തു

ന്നതുവരെ അവ കണ്ടെത്തപ്പെടാതിരിക്കുകയും ചെയ്യുന്നു. 3.98 കോടി രൂപ ഉൾക്കൊള്ളുന്ന ഏതാനും ഓഡിറ്റ് നിരീക്ഷണങ്ങൾ തുടർന്നുള്ള ഖണ്ഡികകളിൽ പരാമർശിച്ചിരിക്കുന്നു.

### *2.11.1* ഹരിത നികുതി ഈടാക്കാതിരിക്കൽ

2016-ലെ കേരള ഫിനാൻസ് നിയമത്താൽ ഭേദഗതി ചെയ്യപ്പെട്ട 1976-ലെ കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ നിയമത്തിലെ (കെ.എം.വി.ടി. ആക്ട്) വകുപ്പ് 3 എ, പ്രസ്തുത നിയമപ്രകാരം ഈടാക്കുന്ന നികുതിക്ക് പുറമേ ഹരിത നികുതി ഈടാക്കുകയും ശേഖരിക്കുകയും ചെയ്യണമെന്ന് നിഷ്കർഷിക്കുന്നു. നാലോ അതിലധികമോ ചക്രങ്ങളുള്ളതും രജിസ്ട്രേഷൻ തീയതി മുതൽ 15 വർഷം പൂർത്തിയാക്കിയതുമായ നോൺ ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് ഓരോ അഞ്ച് വർഷത്തിലും 400 രൂപ നിരക്കിലും; നാലോ അതിലധികമോ ചക്രങ്ങളുള്ളതും രജിസ്ട്രേഷൻ തീയതി മുതൽ 10 വർഷം പൂർത്തിയാക്കിയതുമായ ലൈറ്റ് ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് ഓരോ വർഷവും 200 രൂപ നിരക്കിലും; രജിസ്ട്രേഷൻ തീയതി മുതൽ 10 വർഷം പൂർത്തിയാക്കിയ മീഡിയം ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് ഓരോ വർഷവും 300 രൂപ നിരക്കിലും; രജിസ്ട്രേഷൻ തീയതി മുതൽ 10 വർഷം പൂർത്തിയാക്കിയ ഹെവി ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് ഓരോ വർഷവും 400 രൂപ നിരക്കിലും ഹരിതനികുതി ഈടാക്കേണ്ടതാണ്. ട്രാൻസ്പോർട്ട് കമ്മീഷണർ പുറത്തിറക്കിയ (ഡിസംബർ 2016)[27] സർക്കുലർ പ്രകാരം, ട്രാൻസ്പോർട്ട് വാഹനങ്ങളുടെ കാര്യത്തിൽ ഫിറ്റ്നസ് ടെസ്റ്റിന്റെ സമയത്തും നോൺ-ട്രാൻസ്പോർട്ട് വാഹനങ്ങളുടെ കാര്യത്തിൽ രജിസ്ട്രേഷൻ പുതുക്കുന്ന സമയത്തും ഹരിത നികുതി അടയ്ക്കുന്നത് ഉറപ്പാക്കേണ്ടതായിരുന്നു.

2018-19-ൽ 18 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ 17[28]-ഉം 2017-19-ൽ 55 സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ 29[29]-ഉം ട്രാൻസ്പോർട്ട് വാഹനങ്ങളുടെ കാര്യത്തിൽ ഫിറ്റ്നസ് ടെസ്റ്റ് നടത്തിയപ്പോഴും നോൺ-ട്രാൻസ്പോർട്ട് വാഹനങ്ങളുടെ കാര്യത്തിൽ രജിസ്ട്രേഷൻ പുതുക്കുന്ന സമയത്തും മൊത്തം 1,21,124 വാഹനങ്ങളിൽ 27,673 വാഹനങ്ങളിൽ നിന്ന് ഹരിത നികുതി പിരിച്ചിട്ടില്ലെന്ന് ഓഡിറ്റ് കണ്ടെത്തി. ഇത് ***അനുബന്ധം 16***-ൽ കാണിച്ചിരിക്കുന്നതുപോലെ 87.70 ലക്ഷം രൂപയുടെ നികുതി പിരിക്കാതിരിക്കുന്നതിലേക്കു നയിച്ചു.

ഓഡിറ്റ് ചൂണ്ടിക്കാണിച്ച 87.70 ലക്ഷം രൂപയിൽ 55.75 ലക്ഷം രൂപയുടെ ഹരിത നികുതി ആർ.ടി.ഒ/എസ്.ആർ.ടി.ഒ.കൾ പിരിച്ചെടുത്തെന്ന് കേരള സർക്കാർ മറുപടി നൽകി (ഫെബ്രുവരി 2022). നികുതിപിരിവിലെ കൂടുതൽ പുരോഗതിക്കായി കാത്തിരിക്കുന്നു (മെയ് 2022). റവന്യൂ കുടിശ്ശിക കുറയ്ക്കുന്നതിന് ബാക്കിയുള്ള നികുതി തുക എത്രയും വേഗം പിരിച്ചെടുക്കാൻ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കണം.

### *2.11.2* രജിസ്ട്രേഷൻ സമയത്തെ ഒറ്റത്തവണ നികുതിയുടെ തെറ്റായ ഈടാക്കൽ

1976-ലെ കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ (കെ.എം.വി.ടി) നിയമത്തിലെ വകുപ്പ് 3 (1) ന്റെ രണ്ടാം വ്യവസ്ഥ പ്രകാരം, പുതിയ മോട്ടോർസൈക്കിളുകൾ, മോട്ടോർ കാറുകൾ, മോട്ടോർ ക്യാബുകൾ എന്നിവയുടെ കാര്യത്തിൽ, വാഹനം വാങ്ങുന്ന തീയതി മുതൽ ഒറ്റത്തവണ നികുതി വാഹനത്തിന്റെ ആദ്യ രജിസ്ട്രേഷൻ സമയത്ത് നിയമത്തിൽ നിർദ്ദേശിക്കുന്ന നിരക്കിൽ ഈടാക്കേണ്ടതാണ്.

---

[27] 23 ഡിസംബർ 2016-ലെ സർക്കുലർ നമ്പർ 31/2016 പ്രകാരം.

[28] ആലപ്പുഴ, ആറ്റിങ്ങൽ, എറണാകുളം, ഇടുക്കി, കണ്ണൂർ, കാസർഗോഡ്, കൊല്ലം, കോട്ടയം, കോഴിക്കോട്, മലപ്പുറം, മൂവാറ്റുപുഴ, പാലക്കാട്, പത്തനംതിട്ട, തിരുവനന്തപുരം, തൃശ്ശൂർ, വടകര, വയനാട്.

[29] ആലത്തൂർ, ചെങ്ങന്നൂർ, ചേർത്തല, ദേവികുളം, ഗുരുവായൂർ, കാഞ്ഞിരപ്പള്ളി, കൊടുങ്ങല്ലൂർ, കൊയിലാണ്ടി, കോതമംഗലം, കുട്ടനാട്, മല്ലപ്പള്ളി, മാനന്തവാടി, മണ്ണാർക്കാട്, മട്ടാഞ്ചേരി, മാവേലിക്കര, നിലമ്പൂർ, നോർത്ത് പറവൂർ, ഒറ്റപ്പാലം, പാലാ, പെരിന്തൽമണ്ണ, പെരുമ്പാവൂർ, പൊന്നാനി, റാന്നി, തളിപ്പറമ്പ്, തൃപ്പൂണിത്തുറ, ഉടുമ്പൻചോല, ഉഴവൂർ, വണ്ടിപ്പെരിയാർ, വടക്കാഞ്ചേരി.

ഷെഡ്യൂൾ പ്രകാരമുള്ള ഒറ്റത്തവണ നികുതിയുടെ ബാധകമായ നിരക്ക് ഇവയാണ്:

- മോട്ടോർസൈക്കിളുകളുടെ കാര്യത്തിൽ, വാഹനത്തിന്റെ വില 1.00 ലക്ഷം രൂപ വരെ, 1.00 ലക്ഷം രൂപയ്ക്ക് മുകളിൽ, 2.00 ലക്ഷം രൂപ വരെ, 2.00 ലക്ഷം രൂപയ്ക്ക് മുകളിൽ എന്നിവയ്ക്ക് യഥാക്രമം; വാഹനവിലയുടെ 8 ശതമാനം, 10 ശതമാനം, 20 ശതമാനം.
- മോട്ടോർ കാറുകളുടെ കാര്യത്തിൽ, വാഹനത്തിന്റെ വില 5.00 ലക്ഷം രൂപ വരെ, 5.00 ലക്ഷം രൂപയിൽ കൂടുതലും 10.00 ലക്ഷം രൂപ വരെയും, 10.00 ലക്ഷം രൂപയിൽ കൂടുതലും 15.00 ലക്ഷം രൂപ വരെയും, 15.00 ലക്ഷം രൂപയിൽ കൂടുതലും 20.00 ലക്ഷം രൂപ വരെയും, 20.00 ലക്ഷം രൂപയ്ക്ക് മുകളിൽ എന്നിവയ്ക്ക് യഥാക്രമം വാഹനവിലയുടെ 6 ശതമാനം, 8 ശതമാനം, 10 ശതമാനം, 15 ശതമാനം, 20 ശതമാനം.
- മോട്ടോർ ക്യാബുകളുടെ കാര്യത്തിൽ 1,500 സിസിയിൽ താഴെ ക്യൂബിക് കപ്പാസിറ്റിയും 20.00 ലക്ഷം രൂപ വരെ വിലയുള്ളതും, 1,500 സിസിയിൽ താഴെ ക്യൂബിക് കപ്പാസിറ്റിയും 20.00 ലക്ഷം രൂപയ്ക്ക് മേൽ വിലയുള്ളതും, 1,500 സിസിയും അതിനു മേൽ ക്യൂബിക് കപ്പാസിറ്റിയും 15 ലക്ഷം രൂപ വരെ വിലയുള്ളതും, 1,500 സിസിയും അതിനു മേൽ ക്യൂബിക് കപ്പാസിറ്റിയും 15.00 ലക്ഷത്തിൽ കൂടുതലും 20.00 ലക്ഷം രൂപ വരെയും വിലയുള്ളതും, 1,500 സിസിയും അതിനു മേൽ ക്യൂബിക് കപ്പാസിറ്റിയും 20.00 ലക്ഷത്തിനു മേൽ വിലയുള്ളതും, യഥാക്രമം, വാഹനത്തിന്റെ വിലയുടെ 6 ശതമാനം, 20 ശതമാനം, 10 ശതമാനം, 15 ശതമാനം, 20 ശതമാനം.

മൂന്ന് ആർടിഒകളുടെ കാര്യത്തിൽ 2018-19-ൽ രജിസ്റ്റർ ചെയ്ത 77,361 വാഹനങ്ങളിൽ 13 എണ്ണത്തിനും, ഏഴ് എസ്ആർടിഒകളുടെ കാര്യത്തിൽ 2017-19-ൽ രജിസ്റ്റർ ചെയ്ത 1,28,185 വാഹനങ്ങളിൽ 19 എണ്ണത്തിനും ബാധകമായ നിരക്കിൽ നികുതി ചുമത്തിയിട്ടില്ലെന്നും തത്ഫലമായി ***അനുബന്ധം 17***-ൽ വിവരിച്ചിരിക്കുന്ന പ്രകാരം ഒറ്റത്തവണ നികുതി പിരിച്ചതിൽ 19.40 ലക്ഷം രൂപയുടെ കുറവ് വന്നു എന്നും ഓഡിറ്റ് നിരീക്ഷിച്ചു (2019-20).

ഓഡിറ്റ് ചൂണ്ടിക്കാണിച്ച 19.40 ലക്ഷം രൂപയുടെ നികുതിയിൽ 6.68 ലക്ഷം രൂപ ആർ.ടി.ഒ/എസ്.ആർ.ടി.ഒ.കൾ പിരിച്ചെടുത്തതായി കേരള സർക്കാർ മറുപടി നൽകി (ഫെബ്രുവരി 2022). ശേഷിക്കുന്ന കേസുകളുടെ കാര്യത്തിൽ നികുതി പിരിവിലെ പുരോഗതിക്കായി കാത്തിരിക്കുന്നു (മെയ് 2022). സർക്കാർ നികുതിയുടെ ബാക്കി തുക എത്രയും വേഗം തിരിച്ചുപിടിക്കുകയും നികുതി തുക കുടിശ്ശികയാകുമ്പോൾ എല്ലാ വാഹനങ്ങളിൽ നിന്നും നികുതി ആവശ്യപ്പെടാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുക.

2017 മാർച്ചിലും 2018 മാർച്ചിലും അവസാനിച്ച വർഷങ്ങളിലെ റവന്യൂ മേഖലയെക്കുറിച്ചുള്ള കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ടുകളിൽ ചൂണ്ടിക്കാണിച്ചിട്ടും ഈ പ്രശ്നം ഇപ്പോഴും നിലനിൽക്കുന്നു.

**_2.11.3_ വാഹനങ്ങളുടെ തരം മാറ്റുന്ന സമയത്ത് ഒറ്റതവണ നികുതി ഈടാക്കാതിരിക്കൽ**

(കെ.എം.വി.ടി) നിയമത്തിന്റെ വകുപ്പ് 3 (1) പ്രകാരം, 01/04/2007-ന് ശേഷമോ അതിനു ശേഷമോ രജിസ്റ്റർ ചെയ്ത മോട്ടോർ സൈക്കിളുകളും, മുച്ചക്ര വാഹനങ്ങളും, മോട്ടോർ കാറുകളും, 01/04/2014-ന് ശേഷം രജിസ്റ്റർ ചെയ്ത മോട്ടോർ ക്യാബുകളും, ട്രാൻസ്പോർട്ട് വാഹനങ്ങളുടെ വിഭാഗത്തിൽ നിന്ന് നോൺ-ട്രാൻസ്പോർട്ട് വാഹനങ്ങളുടെ വിഭാഗത്തിലേക്ക് തരം മാറ്റുന്ന സന്ദർഭത്തിൽ വാഹനങ്ങളുടെ ആയുസ്സിനെ അടിസ്ഥാനമാക്കി നിയമത്തിന്റെ അനുബന്ധം-I ഭാഗം സി, എഫ് എന്നിവയിൽ വ്യക്തമാക്കിയിരിക്കുന്നതുപോലെ ശതമാനക്കണക്കിൽ ഒറ്റ തവണ നികുതി ഈടാക്കേണ്ടതാണ്.

മോട്ടോർ വാഹന വകുപ്പിന്റെ ഡാറ്റാബേസ്, ഓഡിറ്റ് അവലോകനം ചെയ്യുകയും (2019-20) 1,773 വാഹനങ്ങളെ ട്രാൻസ്പോർട്ട് വാഹനങ്ങളിൽ നിന്നു നോൺ-ട്രാൻസ് പോർട്ട് വാഹനങ്ങളിലേക്ക് തരം മാറ്റുന്ന സന്ദർഭത്തിൽ 17 ആർ.ടി.ഒ-കളും 29 എസ്.ആർ.ടി.ഒ-കളും ഒറ്റത്തവണ നികുതി പിരിച്ചില്ലെന്ന് കണ്ടെത്തുകയും ചെയ്തു. ഇത് മൂലം 2018-19 കാലയളവിൽ 17 ആർ.ടി.ഒ.കളുടെ കാര്യത്തിലും 2017-19 കാലയളവിൽ 29 എസ്.ആർ.ടി.ഒ.യുടെ കാര്യത്തിലും ***അനുബന്ധം 18***-ൽ വിശദീകരിച്ച പ്രകാരം ഒറ്റത്തവണ നികുതിയുടെ പിരിവിൽ 2.81 കോടി രൂപയുടെ കുറവുണ്ടായി.

നികുതി പിരിവിൽ കുറവുണ്ടായതായി ഓഡിറ്റ് ചൂണ്ടിക്കാണിച്ച തുകയിൽ ആർ.ടി.ഒ. കളും എസ്.ആർ.ടി.ഒ.കളും 1.18 കോടി രൂപ പിരിച്ചെടുത്തുവെന്ന് സർക്കാർ മറുപടി നൽകി (2022 ഫെബ്രുവരി). ഏഴ് കേസുകളിൽ വാഹനങ്ങൾ തരം മാറ്റം നടത്തിയ ശേഷവും നികുതിനിരക്കിന്റെ ശതമാനത്തിൽ മാറ്റമുണ്ടായിരുന്നില്ല. കൂടാതെ, ഒമ്പത് കേസുകളിൽ റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചു. ശേഷിക്കുന്ന കേസുകളുടെ കാര്യത്തിൽ നികുതി പിരിവിലെ കൂടുതൽ പുരോഗതിക്കായി കാത്തിരിക്കുന്നു. (ഫെബ്രുവരി 2022).

തരം മാറ്റം നടത്തിയശേഷവും നികുതിയുടെ ശതമാനത്തിൽ മാറ്റമില്ലെന്ന സർക്കാർ മറുപടി സ്വീകാര്യമല്ല. തരം മാറ്റം നടത്തിയ സമയത്ത് ഈടാക്കിയിരുന്ന നികുതി വാഹനത്തിന്റെ ആയുസ്സിൽ അവശേഷിക്കുന്ന കാലയളവിലേക്ക് മാത്രമേ ബാധക മായിരുന്നുള്ളൂ. ആദ്യ രജിസ്ട്രേഷന്റെ തീയതി മുതൽ തരം മാറ്റം നടത്തിയ തീയതി വരെയുള്ള കാലയളവിലേക്ക്, ആനുപാതികമായ നികുതി (തരം മാറ്റപ്പെട്ട വാഹന ത്തിന് ബാധകമായ നിരക്കിൽ) ഒടുക്കുന്നതിൽ നിന്ന് നിയമം ഇളവ് നൽകുന്നില്ല. കൂടാതെ, നികുതിയുടെ ബാക്കി തുക എത്രയും വേഗം പിരിച്ചെടുക്കാൻ സർക്കാർ ശ്രമിക്കേണ്ടതുണ്ട്.

### *2.11.4* ട്രാൻസ്പോർട്ട് വാഹനങ്ങളുടെ കാര്യത്തിൽ നികുതി ഈടാക്കാതിരിക്കലും, കുറച്ച് ഈടാക്കലും

കെ.എം.വി.ടി നിയമത്തിലെ വ്യവസ്ഥ പ്രകാരമാണ് ട്രാൻസ്പോർട്ട് വാഹനങ്ങളുടെ കാര്യത്തിൽ മോട്ടോർ വാഹന നികുതി ഈടാക്കേണ്ടത്. എന്നിരുന്നാലും, 11 ആർ.ടി.ഒ/ എസ്.ആർ.ടി.ഒ. ഡാറ്റാബേസിന്റെ അവലോകനത്തിൽ ഇനിപ്പറയുന്നവ വെളിപ്പെട്ടു.

#### *2.11.4.1* കോൺട്രാക്ട് കാര്യേജുകളുടെ കാര്യത്തിൽ നികുതി പിരിവിലെ കുറവ്

കെ.എം.വി.ടി നിയമത്തിലെ വകുപ്പ് 3 (1) പ്രകാരം, കോൺട്രാക്ട് കാര്യേജുകളുടെ നികുതി ഈടാക്കേണ്ടത് യാത്രക്കാരുടെ എണ്ണം, സീറ്റുകളുടെ തരം എന്നിവയുടെ അടിസ്ഥാനത്തിൽ, നിയമത്തിലെ ഷെഡ്യൂളിലെ നിരക്ക് പ്രകാരം ആണ്.

ആലത്തൂർ, മണ്ണാർക്കാട്, ഒറ്റപ്പാലം, പെരുമ്പാവൂർ എന്നിവിടങ്ങളിലെ എസ്.ആർ.ടി.ഒ. കളുടെ ഡേറ്റാബേസിന്റെ സൂക്ഷ്മപരിശോധനയിൽ 1,082 കേസുകളിൽ ആറെണ്ണ ത്തിൽ നിയമത്തിന്റെ ഷെഡ്യൂളിൽ വ്യക്തമാക്കിയ നിരക്കുകൾ പ്രകാരം നികുതി ഈടാക്കാതിരുന്നതിനാൽ, 2.27 ലക്ഷം രൂപയുടെ നികുതി പിരിച്ചെടുത്തില്ല എന്ന് വെളിവായി.

#### *2.11.4.2* സ്റ്റേജ് കാര്യേജുകളുടെ കാര്യത്തിൽ നികുതിപിരിവിലെ കുറവ്

കെ.എം.വി.ടി നിയമത്തിലെ സെക്ഷൻ 3 (1)-ലെ നാലാം വ്യവസ്ഥ പ്രകാരം, രജിസ്റ്റർ ചെയ്തതോ പുതിയ രജിസ്ട്രേഷൻ മാർക്ക് നൽകിയതോ സ്റ്റേജ് ക്യാരേജ് ഒഴികെ മറ്റേതെങ്കിലും വിഭാഗത്തിൽ നിന്ന് മാറ്റം വരുത്തിയതോ ആയ പുതിയ സ്റ്റേജ് ക്യാരേജുകളുടെ കാര്യത്തിൽ സിറ്റി/ടൗൺ സർവീസുകൾ ഒഴികെയുള്ള ഓർഡിനറി സർവീസുകൾക്ക് ചതുരശ്ര മീറ്ററിന് 1,300 രൂപ അല്ലെങ്കിൽ അതിന്റെ ഒരു ഭാഗം എന്ന നിരക്കിൽ വാഹനത്തിന്റെ ഫ്ളോർ ഏരിയയെ അടിസ്ഥാനമാക്കിയും, ഓർഡിനറി സിറ്റി/ ടൗൺ സേവനങ്ങൾക്ക് ചതുരശ്ര മീറ്ററിന് 1,100 രൂപ അല്ലെങ്കിൽ അതിന്റെ ഒരു ഭാഗം, ഫാസ്റ്റ് പാസഞ്ചർ, മറ്റ് ഹയർ ക്ലാസ് സർവീസുകൾ എന്നിവയ്ക്ക് ചതുരശ്രമീറ്ററിന് 1,400 രൂപ അല്ലെങ്കിൽ അതിന്റെ ഒരു ഭാഗം എന്ന നിരക്കിലും 18/07/2016 മുതൽ നികുതി ഈടാക്കണം.

18/07/2016-ന് മുൻപ്, സീറ്റിംഗ് കപ്പാസിറ്റിയുടെ അടിസ്ഥാനത്തിൽ നികുതി ഈടാക്കേണ്ടതായിരുന്നു. കേരള മോട്ടോർ വെഹിക്കിൾ റൂൾസ് 269 പ്രകാരം സ്റ്റേജ് ക്യാരേജുകളുടെ ഏറ്റവും കുറഞ്ഞ സീറ്റിംഗ് കപ്പാസിറ്റി വാഹനത്തിന്റെ വീൽ ബേസിന് നേരിട്ട് ആനുപാതികമായിരിക്കണം. സീറ്റിംഗ് കപ്പാസിറ്റിക്ക് ഒരു സീറ്റിന് 600 രൂപ നിരക്കിലും സ്റ്റാൻഡിംഗ് കപ്പാസിറ്റിക്ക്[30] ഒരു സീറ്റിന് 210 രൂപ എന്ന നിരക്കിലും ആണ് നികുതി ഈടാക്കേണ്ടിയിരുന്നത്.

കണ്ണൂർ ആർ.ടി.ഒയിൽ 18/07/2016-ന് ശേഷം രജിസ്റ്റർ ചെയ്ത ആറ് വാഹനങ്ങൾക്ക് വാഹനങ്ങളുടെ ഫ്ളോർ ഏരിയക്ക് പകരം വീൽ ബേസ് അടിസ്ഥാനമാക്കിയാണ് നികുതി ഈടാക്കിയതെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. അതുപോലെ, 18/07/2016-ന് മുമ്പ് വടകര, മൂവാറ്റുപുഴ ആർ.ടി.ഒകളിൽ രജിസ്റ്റർ ചെയ്ത മൂന്ന് വാഹനങ്ങളുടെ കാര്യത്തിൽ വാഹനങ്ങളുടെ വീൽ ബേസിന് ആനുപാതികമായ സീറ്റുകളുടെ എണ്ണത്തിലും കുറവ് സീറ്റുകൾക്കാണ് നികുതി ചുമത്തിയിരുന്നത്. ഓഡിറ്റ് പരിശോധിച്ച 945 വാഹനങ്ങളിൽ ഒൻപതെണ്ണത്തിന് നികുതിപിരിവിൽ 2.24 ലക്ഷം രൂപയുടെ കുറവുണ്ടായി.

#### *2.11.4.3* ഗുഡ്സ് കാര്യേജുകളുടെ കാര്യത്തിൽ നികുതിപിരിവിലെ കുറവ്

നിയമത്തിന്റെ ഷെഡ്യൂളുമായി ചേർത്ത് വായിക്കുമ്പോൾ വകുപ്പ് 3 (1) പ്രകാരം, ടിപ്പിംഗ് സംവിധാനമുള്ളതും 20,000 കിലോഗ്രാമിൽ കൂടുതൽ ഭാരമുള്ളതുമായ ഗുഡ്സ് ക്യാരേജുകളുടെ 1/4/2018 മുതൽ പ്രാബല്യത്തിലുള്ള നികുതി നിരക്ക് 7,440 രൂപയും 20,000 കിലോഗ്രാമിൽ കൂടുതൽ ഉള്ള ഓരോ 250 കിലോഗ്രാമിനോ അതിൽ കുറഞ്ഞ ഭാഗത്തിനോ 220 രൂപയും ആണ്.

ആലപ്പുഴ, കോട്ടയം, വടകര ആർ.ടി.ഒ.കളിലേയും കാഞ്ഞിരപ്പള്ളി എസ്.ആർ.ടി.ഒ. യിലേയും ഡാറ്റാബേസിന്റെ വിശകലനത്തിൽ 1,095 കേസുകളിൽ 46 എണ്ണത്തിൽ ബാധകമായ നിരക്കിൽ നികുതി പിരിച്ചെടുക്കാത്തു 1.04 ലക്ഷം രൂപയുടെ നികുതി പിരിവിന്റെ കുറവിലേക്ക് നയിച്ചു എന്ന് വെളിപ്പെട്ടു.

ഇത് 2018-19 കാലയളവിൽ ആർടിഒകളുടെ കാര്യത്തിലും 2017-19 കാലയളവിൽ എസ്.ആർ.ടി.ഒകളുടെ കാര്യത്തിലും 61 വാഹനങ്ങളുമായ് ബന്ധപ്പെട്ട 5.55 ലക്ഷം രൂപയുടെ നികുതിപിരിവിന്റെ കുറവിലേക്ക് നയിച്ചു.

കോൺട്രാക്ട് ക്യാരേജുകളുമായി ബന്ധപ്പെട്ട് 2.27 ലക്ഷം രൂപയിൽ 1.01 ലക്ഷം രൂപയും, സ്റ്റേജ് ക്യാരേജുകളുടെ കാര്യത്തിൽ 2.24 ലക്ഷം രൂപയിൽ 0.99 ലക്ഷം രൂപയും, ഒപ്പം ഗുഡ്സ് ക്യാരേജുകളുടെ കാര്യത്തിൽ 1.04 ലക്ഷം രൂപയിൽ 0.52 ലക്ഷം രൂപയും ആർ.ടി.ഒ/എസ്.ആർ.ടി.ഒ.കൾ പിരിച്ചെടുത്തതായി സർക്കാർ (2022 ഫെബ്രുവരി) മറുപടി നൽകി. നികുതിപിരിവിലെ കൂടുതൽ പുരോഗതിക്കായി കാത്തിരിക്കുന്നു (2022 മെയ്). നികുതിയുടെ ബാക്കി തുക തിരിച്ചുപിടിക്കാൻ സർക്കാർ ആത്മാർത്ഥമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

**ശുപാർശ: വരുമാന നഷ്ടത്തിന് തടയിടുന്നതിനായി സ്മാർട്ട് മൂവിന്റെ ഡിമാൻഡ് കളക്ഷൻ മൊഡ്യൂൾ കാലാകാലങ്ങളിൽ നിരീക്ഷിക്കാൻ വകുപ്പ് നടപടി കൊള്ളണമെന്ന് ശുപാർശ ചെയ്യുന്നു.**

---

[30] ഉദാഹരണത്തിന്, 4,330 എംഎം മുതൽ 4,960 എംഎം വരെ വീൽ ബേസുള്ള ഒരു സ്റ്റേജ് ക്യാരേജിന് കുറഞ്ഞത് 40 സീറ്റുകൾ ഉണ്ടായിരിക്കണം. 36 സീറ്റുകൾക്ക് 600 രൂപ നിരക്കിൽ നികുതി ചുമത്തും (കണ്ടക്ടർക്കും ഡ്രൈവർക്കും രണ്ട് സീറ്റുകളും, പ്രത്യേക എൻട്രി-എക്സിറ്റ് വാതിലുകളുള്ള സ്റ്റേജ് കാരേജിന് രണ്ട് സീറ്റുകളും കുറച്ചതിന് ശേഷം). സ്റ്റാൻഡിംഗ് കപ്പാസിറ്റിക്ക് 210 രൂപ നിരക്കിൽ നികുതി ഈടാക്കും, ഇത് നികുതി ചുമത്തേണ്ട സീറ്റുകളുടെ 25 ശതമാനമാണ്.

# ഭാഗം II

# സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ

# അദ്ധ്യായം III

# സാമാന്യം

# അദ്ധ്യായം III

# സാമാന്യം

## ആമുഖം

***3.1*** സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ (പിഎസ്‌യു) സംസ്ഥാന സർക്കാർ കമ്പനികളും സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകളും ഉൾക്കൊള്ളുന്നു. സംസ്ഥാന പൊതു മേഖലാ സ്ഥാപനങ്ങൾ ജനങ്ങളുടെ ക്ഷേമം കണക്കിലെടുത്ത് വാണിജ്യ സ്വഭാവമുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനായി ആണ് സ്ഥാപിതമായത്. അവ സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ ഒരു പ്രധാന സ്ഥാനം വഹിക്കുന്നു. 2021 മാർച്ച് 31-ൽ, ആകെ 144 സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ, 122 സർക്കാർ കമ്പനികളും (18 പ്രവർത്തന രഹിത സർക്കാർ കമ്പനികൾ ഒഴികെ) നാല് സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകളും ഉൾപ്പെടെ, കംപട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ (സിഎജി) ഓഡിറ്റ് അധികാരപരിധിയിൽ ഉൾപ്പെടുന്നു.

## ഓഡിറ്റ് യൂണിവേഴ്സും വ്യാപ്തിയും

***3.2*** മൊത്തം 144 സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ, 95 സംസ്ഥാന പൊതു മേഖലാ സ്ഥാപനങ്ങളുടെ[31] ഓഡിറ്റ് ഈ ഓഫീസിനെയാണ് (പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, ഓഡിറ്റ്-II, കേരള) ചുമതലപ്പെടുത്തിയിരിക്കുന്നത്, ബാക്കിയുള്ള 49 സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഡിറ്റ് പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ്- I, കേരള ഓഫീസിനെ ആണ് ചുമതലപ്പെടുത്തി യിരിക്കുന്നത്. 2019-20, 2020-21 കാലയളവിൽ, 95 സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട 283 യൂണിറ്റുകൾ ഈ ഓഫീസിന്റെ ഓഡിറ്റ് യൂണിവേഴ്സിനു കീഴിലായിരുന്നു. സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ അറ്റസ്റ്റേഷൻ ഓഡിറ്റിന് പുറമെ, 2019-20, 2020-21 വർഷങ്ങളിൽ യഥാക്രമം 16 പൊതുമേഖലാ സ്ഥാപനങ്ങളുടെ 22 യൂണിറ്റുകളും 11 പൊതുമേഖലാ സ്ഥാപനങ്ങളുടെ 17 യൂണിറ്റുകളും അനുവർത്തന ഓഡിറ്റിനായി തിരഞ്ഞെടുത്തു.

## ഓഡിറ്റ് നടത്തുന്നതിനുള്ള അധികാരം

***3.3*** സിഎജിയുടെ ഓഡിറ്റിനുള്ള അധികാരം 1971-ലെ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ (കർത്തവ്യങ്ങൾ, അധികാരങ്ങൾ, സേവനവ്യവസ്ഥകൾ) നിയമത്തിലെ വ്യവസ്ഥകളിൽ നിന്നാണ് ഉരുത്തിരിഞ്ഞത്. വിവിധ ഓഡിറ്റുകളുടെ തത്ത്വങ്ങളും രീതികളും 2020-ലിറക്കിയ ഓഡിറ്റിന്റെയും അക്കൗണ്ടുകളുടെയും റെഗുലേഷനുകളിലും 2017-ലെ ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകളിലും സിഎജി നിർദേശിച്ചിട്ടുണ്ട്.

## ഓഡിറ്റിന്റെ ആസൂത്രണവും നടത്തിപ്പും

***3.4*** വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെ ചെലവുകൾ, പ്രവർത്തനങ്ങളുടെ നിർണായകത/സങ്കീർണ്ണത, നിയുക്ത സാമ്പത്തിക അധികാരങ്ങളുടെ പരിധി, മൊത്തത്തിലുള്ള ആന്തരിക നിയന്ത്രണങ്ങളുടെ വിലയിരുത്തൽ, സ്റ്റേക് ഹോൾ ഡർമാരുടെ ആശങ്കകൾ എന്നിവയെ അടിസ്ഥാനമാക്കി വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ നേരിടുന്ന നഷ്ടസംഭവ്യസാദ്ധ്യതകൾ വിലയിരുത്തിയാണ് ഓഡിറ്റ്

[31] 78 കമ്പനികളും, മൂന്നു സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകളും, 14 പ്രവർത്തനരഹിത കമ്പനികളും.

പ്രക്രിയ ആരംഭിക്കുന്നത്. മുൻകാല ഓഡിറ്റ് കണ്ടെത്തലുകളും ഈ ഓഡിറ്റ് നിർവഹണത്തിൽ പരിഗണിക്കുന്നു. നഷ്ടസംഭവ്യസാദ്ധ്യതയുടെ വിലയിരുത്തലിനെ അടിസ്ഥാനമാക്കിയാണ് ഓഡിറ്റിന്റെ ആവൃത്തിയും വ്യാപ്തിയും തീരുമാനിക്കുന്നത്. 2019-20, 2020-21 വർഷങ്ങളിൽ, യഥാക്രമം 25-ഉം, 17-ഉം യൂണിറ്റുകളുടെ ഓഡിറ്റ് നടത്താൻ 1,010 പാർട്ടി ദിനങ്ങളും, 794 പാർട്ടി ദിനങ്ങളും ഉപയോഗിച്ചു.

ഓരോ യൂണിറ്റിന്റെയും ഓഡിറ്റ് പൂർത്തിയാക്കിയ ശേഷം, ഓഡിറ്റ് കണ്ടെത്തലുകൾ അടങ്ങിയ പരിശോധനാ റിപ്പോർട്ട് (ഐ.ആർ) പിഎസ്‌യുവിന്റെ മേധാവിക്കും ബന്ധപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ട്മെന്റിനും നൽകും. ഇൻസ്പെക്ഷൻ റിപ്പോർട്ട് ലഭിച്ച് ഒരു മാസത്തിനകം ഓഡിറ്റ് കണ്ടെത്തലുകൾക്ക് മറുപടി നൽകാൻ പൊതുമേഖലാ സ്ഥാപനങ്ങളോടും വകുപ്പുകളോടും അഭ്യർത്ഥിക്കുകയും ചെയ്യുന്നു. മറുപടികൾ ലഭിക്കുമ്പോഴെല്ലാം, ഓഡിറ്റ് കണ്ടെത്തലുകൾ തീർപ്പാക്കുകയോ അല്ലെങ്കിൽ അനുവർത്തനത്തിനുള്ള തുടർനടപടികൾ ഉപദേശിക്കുകയോ ചെയ്യും. കാലാകാലങ്ങളിൽ ഭേദഗതി വരുത്തിയ 1971-ലെ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ (കർത്തവ്യങ്ങൾ, അധികാരങ്ങൾ, സേവനവ്യവസ്ഥകൾ) നിയമം പ്രകാരം കേരള സർക്കാരിന് സമർപ്പിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെടുത്തുന്നതിനായി പ്രസ്തുത ഐആറിൽ നിന്ന് ആവിർഭവിക്കുന്ന പ്രധാനപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ പ്രോസസ്സ് ചെയ്യുന്നു.

## അനുവർത്തന ഓഡിറ്റ് ഖണ്ഡികകൾ

***3.5*** 2021 മാർച്ച് 31-ന് അവസാനിച്ച വർഷത്തേക്കുള്ള സിഎജിയുടെ അനുവർത്തന ഓഡിറ്റ് റിപ്പോർട്ടിന്റെ ഭാഗം-II-നായി, സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട അഞ്ച് അനുവർത്തന ഓഡിറ്റ് ഖണ്ഡികകൾ കേരള സർക്കാരിന്റെ ബന്ധപ്പെട്ട പ്രിൻസിപ്പൽ സെക്രട്ടറിമാർക്ക്/ സെക്രട്ടറിമാർക്ക് നാലാഴ്ച്ചയ്ക്കകം മറുപടി നൽകണം എന്ന അഭ്യർത്ഥനകളോടെ നൽകി (ഓഗസ്റ്റ് 2021 മുതൽ ഒക്ടോബർ 2021 വരെ). ആകെയുള്ള നാല് ഖണ്ഡികകൾക്കുമുള്ള മറുപടികളും ഒരു അനുവർത്ത ഓഡിറ്റ് ഖണ്ഡികയ്ക്കുള്ള ഭാഗികമായ മറുപടികളും സംസ്ഥാന സർക്കാരിൽ നിന്ന് (ജൂൺ 2022) ലഭിച്ചത്, ഈ റിപ്പോർട്ടിൽ ഉചിതമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഖണ്ഡികകളുടെ മൊത്തം സാമ്പത്തിക ആഘാതം 127.57 കോടി രൂപയാണ്. ഇവ അദ്ധ്യായം IV-ൽ ചർച്ച ചെയ്യുന്നു.

## ഓഡിറ്റ് റിപ്പോർട്ടുകളിലും പരിശോധനാ റിപ്പോർട്ടുകളിലും ഉള്ള തുടർനടപടികൾ

***3.6*** സിഎജിയുടെ റിപ്പോർട്ട് ഓഡിറ്റ് സൂക്ഷ്മപരിശോധനയുടെ ഉൽപ്പന്നമാണ്. അതിനാൽ, അവ്യ്ക്ക് എക്സിക്യൂട്ടീവിൽ നിന്ന് ഉചിതവും സമയബന്ധിതവുമായ പ്രതികരണം ലഭിക്കേണ്ടത് ആവശ്യമാണ്. നിയമസഭയിൽ അവതരിപ്പിച്ച് രണ്ട് മാസത്തിനുള്ളിൽ സിഎജിയുടെ റിപ്പോർട്ടുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള അനുവർത്തന ഓഡിറ്റ്/ ഖണ്ഡികകൾ/ പ്രവർത്തനക്ഷമതാ ഓഡിറ്റുകൾ എന്നിവയ്ക്ക്, ഓഡിറ്റ് നിരീക്ഷണങ്ങളുടെ വേഗത്തിലുള്ള തീർപ്പിനായി, നിർദ്ദിഷ്ട ഫോർമാറ്റിൽ മറുപടി/വിശദീകരണ കുറിപ്പുകൾ സമർപ്പിക്കാൻ കേരള സർക്കാരിന്റെ ധനവകുപ്പ്, എല്ലാ അഡ്മിനിസ്ട്രേറ്റീവ് വകുപ്പുകളോടും (2017) നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

**പട്ടിക 3.1: സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ഓഡിറ്റ് റിപ്പോർട്ടുകൾക്കുള്ള വിശദീകരണ കുറിപ്പുകളുടെ 2022 മാർച്ച് 31-ലെ സ്ഥിതി**

| ഓഡിറ്റ് റിപ്പോർട്ടിന്റെ വർഷം | ഓഡിറ്റ് റിപ്പോർട്ട് നിയമസഭ യിൽ വെച്ച തിയതി | പിഎസ് യുകളുമായി ബന്ധപ്പെട്ട പ്രവർത്തനക്ഷമതാ ഓഡിറ്റുകളുടെയും ഖണ്ഡികകളുടെയും ആകെ എണ്ണം | | വിശദീകരണ കുറിപ്പുകൾ ലഭിക്കാത്ത പ്രവർത്തന ക്ഷമതാ ഓഡിറ്റുകളുടെയും ഖണ്ഡികകളുടെയും എണ്ണം | |
|---|---|---|---|---|---|
| | | പ്രവർത്തന ക്ഷമതാ ഓഡിറ്റ് | ഖണ്ഡികകൾ | പ്രവർത്തന ക്ഷമതാ ഓഡിറ്റ് | ഖണ്ഡികകൾ |
| 2015–16 | 23/05/2017 | 3 | 11 | 1 | 5 |
| 2016–17 | 19/06/2018 | 2 | 10 | 1 | 5 |
| 2017–18 | 24/08/2020 | 1 | 7 | 0 | 5 |
| 2018–19 | 10/06/2021 | 1 | 10 | 1 | 8 |
| **ആകെ** | | **7** | **38** | **3** | **23** |

*ഉറവിടം: സർക്കാരിന്റെ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് ലഭിച്ച വിശദീകരണ കുറിപ്പുകളെ അടിസ്ഥാനമാക്കി സമാഹരിച്ചത്.*

മൂന്ന് പ്രവർത്തനക്ഷമതാ ഓഡിറ്റുകളുടെയും 23 അനുവർത്തന ഓഡിറ്റ് ഖണ്ഡികകളുടെയും വിശദീകരണ കുറിപ്പുകൾ 2022 മാർച്ച് വരെ ലഭ്യമായിട്ടില്ല.

ഓഡിറ്റ് സമയത്ത് ശ്രദ്ധയിൽപ്പെട്ടതും എന്നാൽ തൽസമയം തീർപ്പാക്കാത്തതുമായ ഓഡിറ്റ് നിരീക്ഷണങ്ങൾ ഐആറുകൾ വഴി അതത് സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെയും സംസ്ഥാന സർക്കാരിന്റെ ബന്ധപ്പെട്ട വകുപ്പുകളുടെയും മേധാവികളെ അറിയിക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങളുടെ തലവന്മാർ ഒരു മാസത്തിനുള്ളിൽ ഐ.ആറുകൾക്ക് മറുപടി നൽകേണ്ടതുണ്ട്.

65 സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് 2021 സെപ്റ്റംബർ വരെ പുറപ്പെടുവിച്ച ഐ.ആറുകൾ പരിശോധിച്ചതിൽ, 401 ഐആറുകളുമായി ബന്ധപ്പെട്ട 2,167 ഖണ്ഡികകൾ 2021 സെപ്റ്റംബർ അവസാനം വരെ തീർപ്പാകാതെ ബാക്കിയുണ്ടെന്ന് വെളിപ്പെട്ടു. കമ്പനി തിരിച്ചുള്ള ഐആറുകളുടെയും ഖണ്ഡികകളുടെയും 30 സെപ്റ്റംബർ 2021-ലെ സ്ഥിതി ***അനുബന്ധം 19***-ൽ നൽകിയിരിക്കുന്നു. കുടിശ്ശികയുള്ള ഖണ്ഡികകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി, 2019-20 കാലയളവിൽ അഞ്ച് സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ 12 ഓഡിറ്റ് കമ്മിറ്റി യോഗങ്ങൾ നടത്തുകയും അതിൽ 141 ഖണ്ഡികകൾ തീർപ്പാക്കുകയും ചെയ്തു. ഉത്തരവാദിത്തവും പ്രതികരണവും ഉറപ്പാക്കുവാൻ പ്രസ്തുത യോഗങ്ങളിൽ ഉദ്യോഗസ്ഥരുമായും ഭരണ വകുപ്പുകളുമായും തീർപ്പാക്കാത്ത ഖണ്ഡികകൾ ചർച്ച ചെയ്തു.

## ഓഡിറ്റ് റിപ്പോർട്ടുകളിൻമേൽ കമ്മിറ്റി ഓൺ പബ്ലിക് അണ്ടർടേക്കിംഗ്സ് (കോപ്പു) നടത്തിയ ചർച്ച

***3.7*** പൊതുമേഖലാസ്ഥാപനങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പ്രത്യക്ഷപ്പെട്ട പ്രവർത്തനക്ഷമതാ ഓഡിറ്റുകളുടെയും അനുവർത്തന ഓഡിറ്റ് ഖണ്ഡികകളുടെയും കമ്മിറ്റി ഓൺ പബ്ലിക് അണ്ടർടേക്കിംഗ്സിന്റെ (കോപ്പു) ചർച്ചയുടെ 31 മാർച്ച് 2022-ലെ സ്ഥിതി ഇപ്രകാരമായിരുന്നു:

**പട്ടിക 3.2: 2022 മാർച്ച് 31 വരെ ചർച്ച ചെയ്ത ഓഡിറ്റ് റിപ്പോർട്ടുകളിൽ പ്രത്യക്ഷപ്പെട്ട പ്രവർത്തനക്ഷമതാ ഓഡിറ്റുകൾ/ അനുവർത്തന ഓഡിറ്റ് ഖണ്ഡികകൾ**

| ഓഡിറ്റ് റിപ്പോർട്ടിന്റെ വർഷം | പ്രവർത്തനക്ഷമതാ ഓഡിറ്റുകൾ/ ഖണ്ഡികകൾ എന്നിവയുടെ എണ്ണം | | | |
|---|---|---|---|---|
| | ഓഡിറ്റ് റിപ്പോർട്ടിൽ പ്രത്യക്ഷപ്പെട്ടത് | | ചർച്ച ചെയ്യപ്പെട്ടത് | |
| | പ്രവർത്തനക്ഷമതാ ഓഡിറ്റ് | ഖണ്ഡികകൾ | പ്രവർത്തനക്ഷമതാ ഓഡിറ്റ് | ഖണ്ഡികകൾ |
| 2015-16 | 3 | 11 | 2 | 2 |
| 2016-17 | 3 | 11 | 2 | 2 |
| 2017-18 | 2 | 10 | 1 | 1 |
| 2018-19 | 1 | 7 | 0 | 0 |
| **ആകെ** | **9** | **39** | **5** | **5** |

*ഉറവിടം: ഓഡിറ്റ് റിപ്പോർട്ടുകളെക്കുറിച്ചുള്ള കോപ്പു ചർച്ചകളെ അടിസ്ഥാനമാക്കി സമാഹരിച്ചത്.*

# അദ്ധ്യായം IV

## സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ അനുവർത്തന ഓഡിറ്റ് ഖണ്ഡികകൾ

# അദ്ധ്യായം IV

# സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ അനുവർത്തന ഓഡിറ്റ് ഖണ്ഡികകൾ

*വ്യവസായ വാണിജ്യ ക്ലസ്റ്റർ*

**_4.1_ വ്യവസായ വാണിജ്യ വകുപ്പിന് കീഴിൽ ഉള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുജ്ജീവനത്തിനും പുനരുദ്ധാരണത്തിനുമുള്ള പദ്ധതികൾ നടപ്പിലാക്കൽ**

**200.17 കോടി രൂപ നിക്ഷേപിച്ചിട്ടും, പൂർത്തീകരിച്ച പദ്ധതികളൊന്നും അതത് പദ്ധതി രേഖകളിൽ വിഭാവനം ചെയ്തതുപോലെ നടപ്പാക്കിയില്ല. പദ്ധതി മൂല്യനിർണ്ണയത്തിലെ അപാകതകൾ, സർക്കാർ ഫണ്ട് അനുവദിക്കുന്നതിലെ കാലതാമസം, പൊതുമേഖലാ സ്ഥാപനങ്ങളുടെ ഫണ്ട് വകമാറ്റം, പൊതു മേഖലാ സ്ഥാപനങ്ങളുടെ പദ്ധതി നടത്തിപ്പിലെ അപാകത തുടങ്ങിയവ മൂലം പുനരുജ്ജീവന, പുനരുദ്ധാരണ പദ്ധതികളിൽ നിന്ന് ഉദ്ദേശിച്ച നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞില്ല.**

**ആമുഖം**

***4.1.1*** സമഗ്രമായ സ്ഥാപനാധിഷ്ഠിത ആധുനികവൽക്കരണ/ വൈവിധ്യവൽക്കരണ/ വിപുലീകരണ പാക്കേജുകളിലൂടെയും പുനഃസംഘടനയിലൂടെയും പൊതുമേഖലാ സ്ഥാപനങ്ങളെ (പിഎസ്‌യു) ശക്തിപ്പെടുത്താൻ കേരള സർക്കാരിന്റെ (സർക്കാർ) 2011-ലെയും 2015-ലെയും വ്യാവസായിക നയങ്ങൾ ലക്ഷ്യമിട്ടു. ഈ നയത്തിന് അനുസൃതമായി, സാധ്യമായ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുജ്ജീവന, പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുവേണ്ടി എല്ലാ വർഷവും ബജറ്റ് നീക്കിയിരിപ്പിലൂടെ സർക്കാർ സാമ്പത്തിക സഹായം നൽകുന്നു. 2014-15 മുതൽ 2018-19 വരെ, ഇതിനായി സർക്കാർ ബജറ്റ് വിഹിതമായി 867.35 കോടി രൂപ അനുവദിച്ചു. ബജറ്റ് രേഖകൾ പ്രകാരം, പബ്ലിക് സെക്ടർ റീസ്ട്രക്ചറിംഗ് ആൻഡ് ഇന്റേണൽ ഓഡിറ്റ് ബോർഡ് (റിയാബ്)[32] വഴി വ്യവസായ വാണിജ്യ വകുപ്പ് (വകുപ്പ്) പുനരുജ്ജീവനത്തിനായി പൊതു മേഖലാ സ്ഥാപനങ്ങളെ കണ്ടെത്തുന്നു. 2021 മാർച്ച് വരെ, വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൽ 45 പ്രവർത്തനത്തിലുള്ള സർക്കാർ കമ്പനികൾ ഉണ്ടായിരുന്നു.

**ഓഡിറ്റ് ലക്ഷ്യം, വ്യാപ്തി, സാമ്പിൾ**

***4.1.2*** താഴെ പറയുന്നവ പരിശോധിക്കുക എന്നതായായിരുന്നു ഓഡിറ്റ് ലക്ഷ്യം :

i. പദ്ധതികൾ നടപ്പിലാക്കുമ്പോൾ ബാധകമായ നിയമങ്ങളുടേയും നിയന്ത്രണങ്ങളുടേയും പാലനം;

ii. പദ്ധതികൾ ഔചിത്യപൂർവ്വം നടപ്പിലാക്കൽ;

iii. നടപ്പിലാക്കിയ പദ്ധതികളുടെ വിഭാവനം ചെയ്തതു പോലുള്ള പ്രകടനം.

2014-15 മുതൽ 2018-19 വരെയുള്ള കാലയളവിൽ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള 18 പൊതുമേഖലാ സ്ഥാപനങ്ങൾ മൊത്തം 617.30 കോടി രൂപ ചെലവ് വരുന്ന 29 മൂലധന പദ്ധതികൾ (ഓരോന്നിനും 2.00 കോടി രൂപയോ അതിൽ കൂടുതലോ ചെലവ്) നടപ്പിലാക്കുകയോ നടപ്പിലാക്കിക്കൊണ്ടിരിക്കുകയോ ചെയ്തു. ഈ 18 പൊതുമേഖലാ

[32] കേരള സർക്കാരിന്റെ വ്യവസായ വാണിജ്യ വകുപ്പിന് കീഴിൽ 1994-ൽ സ്ഥാപിതമായ റിയാബ്, സംസ്ഥാന ഉടമസ്ഥതയിലുള്ള എന്റർപ്രൈസ് നവീകരണ സംരംഭങ്ങൾ നടപ്പിലാക്കുന്നതിനു വേണ്ടി പ്രവർത്തിക്കുന്നു.

സ്ഥാപനങ്ങൾക്ക് 2014 മാർച്ച് വരെ 1,501.74 കോടി രൂപ സഞ്ചിത നഷ്ടമുണ്ടായിരുന്നു. മേൽ പറഞ്ഞ 29 പദ്ധതികളിൽ നിന്ന് 15 പൊതുമേഖലാ സ്ഥാപനങ്ങളുടെ 484.04 കോടി രൂപ ചെലവ് വരുന്ന 16 പദ്ധതികൾ ഓഡിറ്റ് തെരഞ്ഞെടുത്തു[33]. പൂർത്തിയാക്കിയ ആറും നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന എട്ടും ഉപേക്ഷിക്കപ്പെട്ട രണ്ടും പദ്ധതികൾ ഉൾപ്പെടുന്നതായിരുന്നു സാമ്പിൾ. തെരഞ്ഞെടുത്ത പദ്ധതികളുടെ വിശദാംശങ്ങൾ ***അനുബന്ധം 20***-ൽ നൽകിയിരിക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങൾ ഈ പദ്ധതികൾക്കായി 2021 മാർച്ച് വരെ മൊത്തം 279.95 കോടി രൂപ ചെലവഴിച്ചു. 2014-15 മുതൽ 2018-19 വരെയുള്ള കാലയളവിൽ ഈ പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഓഡിറ്റിൽ അവലോകനം ചെയ്തു. വസ്തുതകളും കണക്കുകളും 2021 മാർച്ച് വരെ പുതുക്കിയിട്ടുണ്ട്.

## ഓഡിറ്റ് മാനദണ്ഡം

***4.1.3*** ഓഡിറ്റിൽ ഇനിപ്പറയുന്ന മാനദണ്ഡങ്ങൾ സ്വീകരിച്ചു:

i. സർക്കാർ പുറപ്പെടുവിച്ച ഭരണാനുമതിയും ഫണ്ട് അനുവദിച്ചുകൊണ്ടുള്ള ഉത്തരവുകളും.

ii. വിശദമായ പദ്ധതി രേഖകൾ / പദ്ധതി നിർദ്ദേശങ്ങൾ.

iii. പദ്ധതികൾ നടപ്പിലാക്കുന്നതിനായി പൊതുമേഖലാ സ്ഥാപനങ്ങൾ ഏർപ്പെട്ടിരിക്കുന്ന കരാറുകൾ.

iv. സർക്കാർ പുറത്തിറക്കിയ സ്റ്റോർസ് പർച്ചേസ് മാന്വൽ.

## ഓഡിറ്റ് കണ്ടെത്തലുകൾ

200.17 കോടി രൂപ ചെലവിട്ട് പുനരുജ്ജീവന, പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കിയ ശേഷം, പ്ലാന്റിന്റെയും സൗകര്യങ്ങളുടെയും 2020-21 വരെയുള്ള യഥാർത്ഥ വിനിയോഗ ശേഷി 1.25 ശതമാനത്തിനും 48.75 ശതമാനത്തിനും ഇടയിലായിരുന്നു. തൽഫലമായി, പദ്ധതികൾ നടപ്പിലാക്കിയത് പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുജ്ജീവനത്തിലേക്കും പുനരുദ്ധാരണത്തിലേക്കും നയിച്ചില്ല. പദ്ധതികളുടെ നടത്തിപ്പ് ഓഡിറ്റ് വിശകലനം ചെയ്യുകയും അതിലെ കണ്ടെത്തലുകൾ, പദ്ധതി വിലയിരുത്തലും അംഗീകാരവും, പദ്ധതികളുടെ നടത്തിപ്പ്, ഫണ്ടുകളുടെ അനുവദിക്കലും വിനിയോഗവും, പ്രവർത്തന പ്രകടനം എന്നിങ്ങനെ നാല് വിശാലമായ തലങ്ങളിൽ സംഗ്രഹിക്കുകയും ചെയ്തിരിക്കുന്നു.

### ***4.1.4*** പദ്ധതി വിലയിരുത്തലും അംഗീകാരവും

നവീകരണ/ പുനരുജ്ജീവന പദ്ധതികൾ പൊതുമേഖലാ സ്ഥാപനങ്ങൾ കണ്ടെത്തുകയും റിയാബിന് സമർപ്പിക്കുകയും[34] ചെയ്യുന്നു. സർക്കാർ ഉത്തരവ് (1990/1993/2014) അനുസരിച്ച് റിയാബ് പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രകടനം വിശകലനം ചെയുകയും പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യത്തിൽ സ്വീകരിക്കേണ്ട ഭാവിതത്ത്വങ്ങൾ ശുപാർശ ചെയ്യുകയും സർക്കാരിന് റിപ്പോർട്ട് ചെയ്യുകയും വേണം. പദ്ധതികളുടെ സാങ്കേതികവും വാണിജ്യപരവുമായ സാധ്യതകൾ റിയാബ് വിലയിരുത്തി വകുപ്പിന് കൈമാറി. റിയാബിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ വകുപ്പിന്റെ ഒരു വർക്കിംഗ് ഗ്രൂപ്പ് പദ്ധതികൾക്ക് ഭരണാനുമതി നൽകി.

[33] സ്ട്രാറ്റിഫൈഡ് റാൻഡം സാംപ്ലിംഗ് വിത്തൗട്ട് റീപ്ലേയ്സ്മെന്റ് രീതി വഴി തെരഞ്ഞെടുത്തത്.

[34] ദി കേരള സ്റ്റേറ്റ് കാഷ്യൂ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡും കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡും പദ്ധതി നിർദ്ദേശങ്ങൾ റിയാബ് വഴി നൽകേണ്ടതില്ല.

പദ്ധതികളുടെ വിജയസാധ്യതയെ എപ്രകാരം ബാധിക്കും എന്ന് വിലയിരുത്താതെ, രണ്ട് പദ്ധതികളുടെ ഫണ്ടിംഗ് പാറ്റേണിൽ റിയാബും സർക്കാരും മാറ്റങ്ങൾ വരുത്തി എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. റിയാബ്/ സർക്കാർ വേണ്ടത്ര സൂക്ഷ്മത പാലിക്കാതെയാണ് പദ്ധതി രേഖകൾ വിലയിരുത്തിയത്. വാങ്ങേണ്ട ഉപകരണങ്ങളെ സംബന്ധിച്ച വിശദാംശങ്ങളുടെ അഭാവം, പദ്ധതി രേഖയിലെ പൊരുത്തക്കേടുകൾ തുടങ്ങിയ ന്യൂന തകളുള്ള രണ്ട് പദ്ധതികൾക്ക് അംഗീകാരം നൽകാൻ ഇത് കാരണമായി. പദ്ധതികളുടെ സാങ്കേതിക വാണിജ്യ സാധ്യതകൾ ഉറപ്പാക്കാതെ റിയാബ് അവയ്ക്ക് അംഗീകാരം നല്കിയത്, പദ്ധതികൾ ഉപേക്ഷിക്കപ്പെടുന്നതിലേക്കോ അല്ലെങ്കിൽ അവയുടെ മോശം പ്രകടനത്തിലേക്കോ നയിച്ചു. അതിന്റെ ഉദാഹരണങ്ങൾ ചുവടെ വിശദമാക്കി യിരിക്കുന്നു:

***4.1.4.1*** കാസ്റ്റിക് സോഡ പ്ലാന്റിന്റെ ഉൽപ്പാദന ശേഷി പ്രതിദിനം 175 ടണ്ണിൽ നിന്ന് (ടിപിഡി) 225 ടിപിഡിയായി ഉയർത്താനും പ്രതിവർഷം 11.88 കോടി രൂപയുടെ ഊർജ്ജ ലാഭം നേടാനും ലക്ഷ്യമിട്ട ദി ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡിന്റെ (ടിസിസിഎൽ) പദ്ധതിക്കു സർക്കാർ അംഗീകാരം നൽകി. പദ്ധതി രേഖ പ്രകാരം, പദ്ധതിച്ചെലവ് ആയ 65.00 കോടി രൂപ സ്വരൂപിക്കേണ്ടത് സർക്കാർ ഗ്രാന്റ് (50.00 കോടി രൂപ) തനത് ഫണ്ട് (15.00 കോടി രൂപ) എന്നിവയിലൂടെ ആയിരുന്നു.

റിയാബിന്റെ ശുപാർശ (ആഗസ്റ്റ് 2014) അടിസ്ഥാനമാക്കി ഫണ്ടിംഗ് പാറ്റേൺ സർക്കാരിൽ നിന്നുള്ള വായ്പ (20.00 കോടി രൂപ), ധനകാര്യ സ്ഥാപന ത്തിൽ നിന്നുള്ള വായ്പ (25.00 കോടി രൂപ) തനത് ഫണ്ട് (20.00 കോടി രൂപ) എന്ന് പരിഷ്ക്കരിച്ച് കൊണ്ടാണ് സർക്കാർ പദ്ധതിക്കു അംഗീകാരം നല്കിയത് (2015 മാർച്ച്). പണം സ്വരൂപിക്കാനുള്ള ടിസിസിഎല്ലിന്റെ കഴിവിനെ സാരമായി ബാധിക്കുന്ന തരത്തിൽ 2013 മാർച്ച് വരെ ടിസിസിഎല്ലിന് 15.17 കോടി രൂപ സഞ്ചിത നഷ്ടം ഉണ്ടായി രുന്നതായി ഓഡിറ്റ് നിരീക്ഷിച്ചു. അങ്ങനെ, ലോണുകൾ/ആന്തരിക ശേഖരണങ്ങൾ വഴി പണം സ്വരൂപിക്കുന്നതിനുള്ള ടിസിസിഎല്ലിന്റെ ശേഷി വിലയിരുത്താതെയാണ് റിയാബ് ഫണ്ടിംഗ് പാറ്റേണിൽ മാറ്റം വരുത്തിയത്. തൽഫലമായി, സർക്കാരിൽ നിന്ന് ടിസിസിഎല്ലിന് (ആഗസ്റ്റ് 2015-ൽ) 10 കോടി രൂപ ലഭിച്ചുവെങ്കിലും, ആന്തരികമായോ ധനകാര്യസ്ഥാപനങ്ങളിൽ നിന്നോ പണം സമാഹരിക്കാൻ ടിസിസിഎല്ലിന് കഴിയാതെ വന്നതിനാൽ പദ്ധതിയുമായി മുന്നോട്ട് പോകാൻ കഴിഞ്ഞില്ല. പദ്ധതി ടിസിസിഎൽ ഉപേക്ഷിക്കുകയും തൽഫലമായി, ഉദ്ദേശ്യനേട്ടങ്ങളായ 225 ടിപിഡി ഉത്പാദനവും പ്രതിവർഷം 11.88 കോടി രൂപയുടെ ഊർജ്ജലാഭവും കൈവരിക്കാനായില്ല.

2015 മാർച്ചിലെ കണക്കനുസരിച്ച് ടിസിസിഎല്ലിന്റെ മുഴുവൻ അറ്റആസ്തിയും ഇല്ലാതായി എന്ന് സർക്കാർ മറുപടി നൽകി (ഏപ്രിൽ 2022). ഇക്കാരണത്താൽ കമ്പനിക്ക് ആഭ്യന്തര ഫണ്ട് സ്വരൂപിക്കാനോ ബാങ്കുകളിൽ നിന്ന് വായ്പ എടുക്കാനോ കഴിഞ്ഞില്ല.

സർക്കാരിലേക്ക് പദ്ധതി ശുപാർശ ചെയ്യുന്നതിന് മുമ്പ് ആഭ്യന്തര വിഭവങ്ങൾ വഴിയോ കടമെടുത്തോ ഫണ്ട് സമാഹരിക്കാനുള്ള ടിസിസിഎല്ലിന്റെ പ്രാപ്തി റിയാബ് വിലയി രുത്തിയിട്ടില്ല എന്ന വസ്തുത ഈ മറുപടിയിൽ സ്ഥിരീകരിക്കുന്നു.

***4.1.4.2*** കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡിന്റെ (കെഎസ്‌സിസിഎൽ) 39.42 കോടി രൂപ ചെലവിൽ പിവിസി[35] ടഫ്റ്റിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്ക് സർക്കാർ അംഗീകാരം (മാർച്ച് 2014) നൽകി. പദ്ധതിരേഖ അനുസരിച്ച്, പ്രൊമോട്ടറുടെ വിഹിതം 3.70 കോടി രൂപയും, സർക്കാർ ഗ്രാന്റ് 34.22 കോടി രൂപയും, ലോൺ ഫണ്ട് 1.50 കോടി രൂപയും എന്ന ഫണ്ടിംഗ് പാറ്റേണിനെ അടിസ്ഥാന മാക്കിയാണ് പദ്ധതിയുടെ വിജയസാധ്യത നിർണ്ണയിച്ചത്.

[35] പോളിവിനൈൽ ക്ലോറൈഡ്.

അനുമതി നൽകുമ്പോൾ, സർക്കാർ, തങ്ങളുടെ വിഹിതം 17 കോടി രൂപയായി പരിമിത പ്പെടുത്തി ഫണ്ടിംഗ് പാറ്റേൺ പരിഷ്കരിച്ചു. അതിൽ 8.00 കോടി രൂപ നിക്ഷേപ വായ്പയായിരുന്നു. സർക്കാർ പുറപ്പെടുവിച്ച അനുമതി ഉത്തരവ് പ്രകാരം, ബാക്കി ഫണ്ട് 17.22 കോടി രൂപ സമാഹരിക്കേണ്ടത് ആന്തരിക സമ്പാദ്യത്തിലൂടെയും ബാങ്ക് വായ്പയിലൂടെയും ആയിരുന്നു. അനുമതി നല്കിയ സമയത്ത് ലഭ്യമായിരുന്ന ഏറ്റവും ഒടുവിൽ പൂർത്തീകരിച്ച കണക്കുകൾ[36] പ്രകാരം, കെഎസ്സിസിഎല്ലിന് 12.92 കോടി രൂപയുടെ സഞ്ചിത നഷ്ടമുണ്ടായിരുന്നതായും, ഫണ്ട് സ്വരൂപിക്കാനുള്ള കെഎസ്സിസിഎല്ലിന്റെ ശേഷിയെ ഇത് സാരമായി ബാധിച്ചേക്കാം എന്നും ഓഡിറ്റ് നിരീക്ഷിച്ചു. അങ്ങനെ, ധനസമാഹരണത്തിനുള്ള കെഎസ്സിസിഎല്ലിന്റെ കഴിവ് വിശകലനം ചെയ്യാതെയാണ് സർക്കാർ അംഗീകാരം നല്കിയത്.

സർക്കാർ, തങ്ങളുടെ വിഹിതമായ 17 കോടി രൂപ (ജനുവരി 2011 മുതൽ മാർച്ച് 2014 വരെ) നല്കിയെങ്കിലും, കെഎസ്സിസിഎല്ലിന് തനത് ഫണ്ടോ / കടമെടുത്ത ഫണ്ടോ സ്വരൂപിക്കാൻ കഴിഞ്ഞില്ല. മറ്റ് നാല് പദ്ധതികൾ നടപ്പിലാക്കുന്നതിനായി സർക്കാർ അനുവദിച്ച 8.15 കോടി രൂപ വകമാറ്റിയാണ് കെഎസ്സിസിഎൽ പദ്ധതി പൂർത്തിയാക്കിയത്. അങ്ങനെ, പരമ്പരാഗത കയർവ്യവസായത്തിന് സഹായമാകുമാ യിരുന്ന ആ നാല് പദ്ധതികൾ, അതായത്, 0.94 കോടി രൂപയുടെ ഡീഫൈബറിംഗ് യൂണിറ്റ്, 1.46 കോടി രൂപയുടെ സ്പിന്നിംഗ് യൂണിറ്റ്, 3.53 കോടി രൂപയുടെ കേളിംഗ് യൂണിറ്റ്, 2.21 കോടി രൂപയുടെ കൊക്കോ പിത്ത് ബ്രിക്വറ്റിംഗ് യൂണിറ്റ് എന്നിവ നടപ്പാക്കാനായില്ല.

ഭരണാനുമതി ലഭിച്ചതും എന്നാൽ സാമ്പത്തികാനുമതി ലഭിക്കാതെ കിടക്കു ന്നതുമായ പദ്ധതികൾക്കായി ട്രഷറി അക്കൗണ്ടിലെ ചെലവഴിക്കാത്ത തുക വിനി യോഗിക്കാൻ സർക്കാർ അനുമതി നൽകിയതായി (മാർച്ച് 2015) കെഎസ്സിസിഎൽ മറുപടി നൽകി (ഒക്ടോബർ 2021). പദ്ധതി ദ്രുതഗതിയിൽ പുരോഗമിക്കുകയും കെഎസ്സിസിഎല്ലിന് പണം ലഭിക്കാതെ വരികയും ചെയ്തതിനാൽ, മറ്റ് പദ്ധതി കൾക്കായി അനുവദിച്ച തുക സർക്കാർ മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്കനുസരിച്ച് വകമാറ്റി. ഈ നിരീക്ഷണത്തിന് സർക്കാരിന്റെ മറുപടി പ്രതീക്ഷിക്കുന്നു.

കെഎസ്സിസിഎല്ലിന്റെ മറുപടി സ്വീകാര്യമല്ല. മറുപടിയിൽ പറഞ്ഞിരിക്കുന്ന സർക്കാർ ഉത്തരവ് സാമ്പത്തിക അനുമതി ലഭ്യമാകാത്ത പദ്ധതികൾക്ക് മാത്രമേ ബാധകമാകുകയുള്ളൂ. പിവിസി ടഫ്റ്റിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി കൾക്കായി സർക്കാർ അതിന്റെ വിഹിതം അനുവദിച്ചതിനാൽ മറ്റ് പദ്ധതികൾക്കായി നീക്കിവച്ച ഫണ്ടുകളുടെ വകമാറ്റം ക്രമവിരുദ്ധമായിരുന്നു.

***4.1.4.3*** റെയിൽവേ ബോഗികൾ നിർമ്മിക്കുന്നതിനുള്ള സ്റ്റീൽ കാസ്റ്റിംഗ് ലൈനി നുള്ള സംവിധാനങ്ങൾ ഒരുക്കുന്നതിനായി 2011 ഫെബ്രുവരി മുതൽ 2017 സെപ്റ്റംബർ വരെ 22.97 കോടി രൂപ ഓട്ടോകാസ്റ്റ് ലിമിറ്റഡിന് (എകെഎൽ) സർക്കാർ അനുവദിച്ചു.

കാസ്റ്റിംഗ് ലൈനിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് ഇന്ത്യൻ റെയിൽവേയ്ക്ക് (റെയിൽവേ) ബോഗി വിതരണം ചെയ്യാൻ 'സ്റ്റീൽ കാസ്റ്റിംഗ് ലൈൻ സജ്ജീകരിക്കുന്ന തിനുള്ള' പദ്ധതിരേഖയിൽ ഉരുക്ക് ആർക്ക് ഫർണസിൽ തന്നെ ഉരുക്കണം എന്ന് റെയിൽവേ നിഷ്കർഷിക്കുന്നു എന്നും പറഞ്ഞിരുന്നതായി ഓഡിറ്റ് നിരീക്ഷിച്ചു. എന്നാൽ ആർക്ക് ഫർണസിന് പകരം 1.75 കോടി രൂപ ചെലവിൽ ഇൻഡക്ഷൻ ഫർണസ് വാങ്ങണമെന്നായിരുന്നു പദ്ധതിരേഖയിൽ പ്രസ്താവിച്ചിരുന്നത്. ഈ പൊരുത്തക്കേട് ശ്രദ്ധിക്കാതെ റിയാബ് പദ്ധതി ശുപാർശ ചെയ്യുകയും സർക്കാർ

[36] 31 മാർച്ച് 2010 വർഷത്തേത്.

അംഗീകരിക്കുകയും (സെപ്റ്റംബർ 2010) ചെയ്തു. അതനുസരിച്ച്, എകെഎൽ ആ പദ്ധതിക്ക് കീഴിൽ (നവംബർ 2010) ഇൻഡക്ഷൻ ഫർണസ് വാങ്ങി. പിന്നീട്, 2.55 കോടി രൂപ മതിപ്പുള്ള ആർക്ക് ഫർണസ് വാങ്ങാനുള്ള ശുപാർശ ഉൾകൊള്ളുന്ന മറ്റൊരു പദ്ധതി രേഖ എകെഎൽ സമർപ്പിക്കുകയും (2017) പ്രസ്തുത പദ്ധതി റിയാബ് ശുപാർശ ചെയ്യുകയും ചെയ്തു. (മേയ് 2017). പുതിയ പദ്ധതിക്ക് കീഴിൽ ആർക്ക് ഫർണസ് വാങ്ങിയതിനുശേഷം മാത്രമേ റെയിൽവേയിൽ നിന്നുള്ള ഓർഡറുകൾക്ക് (മാർച്ച് 2019) എകെഎൽ യോഗ്യത നേടിയുള്ളൂ.

2009 ഫെബ്രുവരിയിൽ റെയിൽവേയുമായുള്ള സംയുക്ത സംരംഭത്തെ അടിസ്ഥാനമാക്കിയാണ് പദ്ധതി രേഖ തയ്യാറാക്കിയതെന്ന് സർക്കാർ (ഒക്ടോബർ 2021) മറുപടി നൽകി. 2012-13 കാലയളവിൽ എകെഎല്ലും റെയിൽവേയും തമ്മിലുള്ള ബിസിനസ്സ് ബന്ധത്തിന്റെ വ്യാപ്തി നിർണ്ണയിക്കാൻ സർക്കാരിന് കഴിയാത്തതിരുന്നതിനാൽ ഇത് യാഥാർത്ഥ്യമായില്ല. അതിനാൽ, ശ്രദ്ധ ഇൻഡക്ഷൻ ഫർണസിലേക്ക് മാറ്റി. പിന്നീട്, 2017-ൽ എകെഎൽ റെയിൽവേ ഫ്രെയിം കാസ്റ്റിംഗിന്റെ ഒരു സ്ഥിരം വിതരണക്കാരനാകുന്നത് പരിഗണിച്ച്, ആർക്ക് ഫർണസ് വാങ്ങി.

റെയിൽവേയുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് ആർക്ക് ഫർണസ് നിർബന്ധമായിരുന്നിട്ടും 2010-ൽ എകെഎൽ സമർപ്പിച്ച പദ്ധതി രേഖയിൽ ഇൻഡക്ഷൻ ഫർണസ് വാങ്ങാൻ നിർദ്ദേശിച്ചതിനാൽ ഈ മറുപടി സ്വീകാര്യമല്ല. ഇൻഡക്ഷൻ ഫർണസിലേക്ക് ശ്രദ്ധ മാറുന്നതിലേക്ക് നയിച്ച സംഭവങ്ങൾ 2012-13-ലാണ് നടന്നത്. അതേസമയം, 2010-ൽ തന്നെ സർക്കാർ പദ്ധതിക്ക് അംഗീകാരം നൽകിയിരുന്നു.

***4.1.4.4*** നവീകരണത്തിനായി ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ് (എഫ്ഐടിഎൽ) സമർപ്പിച്ച പദ്ധതി രേഖയിൽ വാങ്ങുവാൻ ഉദ്ദേശിച്ചിരുന്ന യന്ത്രസാമഗ്രികളുടെയും ഉപകരണങ്ങളുടെയും വിശദാംശങ്ങളും ഫാക്ടറി കെട്ടിടത്തിൽ നടപ്പാക്കേണ്ട മൂലധന പ്രവൃത്തികളുടെ സ്വഭാവവും ഉൾപ്പെടുത്തിയില്ല. എഫ്ഐടിഎൽ സംഭരിച്ച (ഓഗസ്റ്റ് 2013 മുതൽ ജനുവരി 2014 വരെ) യന്ത്രസാമഗ്രികളിൽ, പ്രവർത്തിപ്പിക്കുവാൻ സാങ്കേതിക വൈദഗ്ധ്യമുള്ള തൊഴിലാളികൾ ആവശ്യമായ 1.14 കോടി രൂപയുടെ യന്ത്രസാമഗ്രികൾ ഉൾപ്പെടുന്നു. യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് വൈദഗ്ധ്യമുള്ള തൊഴിലാളികളുടെ ആവശ്യകത പദ്ധതി വിഭാവനം ചെയ്യാതിരുന്നതിനാൽ, അത് ഉറപ്പാക്കാതെയാണ് എഫ്ഐടിഎൽ യന്ത്രസാമഗ്രികൾ വാങ്ങിയത്. ഇത് യന്ത്രസാമഗ്രികൾ നിഷ്ക്രിയമായി കിടക്കുന്നതിനും തൽഫലമായി 1.14 കോടി രൂപയുടെ ഫണ്ട് തടസ്സപ്പെടുന്നതിനും കാരണമായി.

ജീവനക്കാർക്ക് പരിശീലനം നൽകുന്നതിൽ കാലതാമസമുണ്ടായെന്നും തിരുത്തൽ നടപടികൾ സ്വീകരിച്ചു വരികയാണെന്നും സർക്കാർ മറുപടി നൽകി (ഏപ്രിൽ 2022). വൈദഗ്ധ്യമുള്ള തൊഴിലാളികളുടെ ആവശ്യകത വിലയിരുത്താതെയാണ് പദ്ധതി നിർദേശിച്ചതെന്ന് മറുപടിയിൽ സ്ഥിരീകരിക്കുന്നു. അതിനാൽ, 2013-14 മുതൽ 1.14 കോടി രൂപയുടെ യന്ത്രങ്ങൾ ഉപയോഗപ്പെടാതെ കിടന്നു.

### *4.1.5* പദ്ധതികൾ നടപ്പിലാക്കൽ

താഴെ ചർച്ച ചെയ്തതുപോലെ കരാറുകാരന് 4.16 കോടി രൂപയുടെ അനർഹമായ ആനുകൂല്യം നല്കൽ, പദ്ധതികൾ പൂർത്തീകരിക്കുന്നതിൽ 82 മാസം വരെ കാലതാമസം, യന്ത്രസാമഗ്രികൾ/ഉപകരണങ്ങൾ ഉപയോഗിക്കാതിരിക്കൽ, അംഗീകൃത പദ്ധതി നടപ്പാക്കാതിരിക്കൽ തുടങ്ങിയ പോരായ്മകൾ പദ്ധതികളുടെ നടത്തിപ്പിൽ ഓഡിറ്റ് നിരീക്ഷിച്ചു.

#### *4.1.5.1* കരാറുകാരന് അനർഹമായ ആനുകൂല്യം

സെയിൽ- എസ്സിഎൽ കേരള ലിമിറ്റഡ് (എസ്എസ്കെഎൽ) 65,000 ടൺ വാർഷിക സ്ഥാപിത ശേഷിയുള്ള ഒരു ടിഎംടി ബാർ പ്ലാന്റ് നടപ്പിലാക്കി. എസ്എസ്കെഎൽ കമ്മീഷനിംഗ് സർട്ടിഫിക്കറ്റും (ജൂൺ 2015) പെർഫോമൻസ് ഗ്യാരന്റി ടെസ്റ്റ് സർട്ടിഫിക്കറ്റും (ജൂൺ 2016) നല്കിയത് കരാർ വ്യവസ്ഥകൾ ലഘൂകരിച്ചും, പെർഫോമൻസ് ഗ്യാരന്റി പാരാമീറ്ററുകൾ നേടിയെടുക്കുന്നു എന്ന് ഉറപ്പാക്കാതെയും ആണെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഇത് ചുവടെ വിശദീകരിക്കുന്നു.

i. കമ്മീഷൻ ചെയ്യുന്ന സമയത്ത് 95 ശതമാനം പരിവർത്തന കാര്യക്ഷമത ഉറപ്പ് വരുത്തേണ്ടിയിരുന്നു എങ്കിലും, പ്ലാന്റ് 80.25 ശതമാനം മാത്രമാണ് നേടിയത്. അതുപോലെ, ഉറപ്പ് നല്കിയ പ്രകാരം കമ്മീഷനിംഗ് ടെസ്റ്റിനിടെ 72 മണിക്കൂർ തുടർച്ചയായി പ്രവർത്തിച്ച് 532.55 മെട്രിക് ടൺ ഉൽപ്പാദനം കൈവരിക്കാനായില്ല.

ii. കരാറുകാരൻ 23/05/2016 മുതൽ 28/05/2016 വരെ പെർഫോമൻസ് ഗ്യാരന്റി ടെസ്റ്റ് നടത്തി. വിഭാവനം ചെയ്ത പ്രകാരം ആറ് തരം ടിഎംടി ബാറുകൾക്ക് പകരം, രണ്ട് തരം ടിഎംടി ബാറുകൾക്ക് വേണ്ടിയുള്ള പ്രകടന പരിശോധനകൾ മാത്രമാണ് നടത്തിയതെന്ന് പരിശോധനാ ഫലങ്ങൾ സൂചിപ്പിച്ചു. കരാറിൽ കുറഞ്ഞത് 700 മെട്രിക് ടൺ ടിഎംടി ബാറുകൾക്ക് പെർഫോമൻസ് ഗ്യാരന്റി ടെസ്റ്റ് നിശ്ചയിച്ചിരുന്നെങ്കിലും കരാറുകാരൻ 332.284 മെട്രിക് ടണ്ണിന് മാത്രമാണ് പരിശോധന നടത്തിയത്. കൂടാതെ, കരാറുകാരൻ ഉറപ്പു നൽകിയ ഉൽപ്പാദന നിരക്ക്, ഉൽപ്പാദന വിളവ്, ഫർണസ് ഓയിൽ ഉപഭോഗം തുടങ്ങിയ പാരാമീറ്ററുകൾ പ്ലാന്റ് നേടിയില്ല.

കരാർ പ്രകാരം, പ്ലാന്റ് ആവശ്യമായ മാനദണ്ഡങ്ങൾ പാലിക്കാത്തതിനാൽ കരാർ വിലയുടെ 7.50 ശതമാനത്തിന് (4.26 കോടി രൂപ) തുല്യമായ നഷ്ടപരിഹാരം എസ്എസ്കെഎൽ ഈടാക്കേണ്ടതായിരുന്നു. എന്നാൽ 0.10 കോടി രൂപ മാത്രമാണ് ലിക്വിഡേറ്റഡ് ഡാമേജ് ഇനത്തിൽ ഈടാക്കിയത്. അങ്ങനെ, ഗ്യാരന്റീഡ് ടെക്നിക്കൽ പാരാമീറ്ററുകൾ പാലിക്കാതിരുന്നിട്ടും കരാറുകാരനെതിരെ കരാർ വ്യവസ്ഥകൾ കരാറുകൾ പ്രകാരമുള്ള പരിഹാരങ്ങൾ ആവശ്യപ്പെടാതെ തന്നെ എസ്എസ്കെഎൽ പ്ലാന്റ് സ്വീകരിച്ചു.

സർക്കാർ, ഓഡിറ്റ് നിരീക്ഷണങ്ങൾ അംഗീകരിക്കുമ്പോൾ കരാറുകാരന്റെ ഇൻവോയ്സിൽ നൽകിയ വിവരങ്ങൾ എസ്എസ്കെഎല്ലിന്റെ രേഖകളിൽ നിന്ന് വ്യത്യസ്തമായിരുന്നു എന്നതിനാൽ എസ്എസ്കെഎൽ കരാറുകാരനിൽ നിന്ന് ആവശ്യമായതിലും കുറഞ്ഞ കിഴിവ് ആണ് വരുത്തിയത് എന്ന് ഓഡിറ്റ് നിരീക്ഷണങ്ങൾ അംഗീകരിച്ചുകൊണ്ട് സർക്കാർ മറുപടി നൽകി (ഒക്ടോബർ 2021). പിൻബലമില്ലാത്ത കാരണങ്ങൾ പറഞ്ഞ് കുറഞ്ഞ പരിവർത്തന കാര്യക്ഷമതയെ എസ്എസ്കെഎൽ ന്യായീകരിച്ചതായും പ്രസ്താവിച്ചു.

ലിക്വിഡേറ്റഡ് ഡാമേജസിന്റെ ബാക്കി തുക വീണ്ടെടുക്കാൻ എസ്എസ്കെഎൽ സ്വീകരിച്ച നടപടികളെക്കുറിച്ചും ഭാവിയിൽ ഇത്തരം സംഭവങ്ങൾ ഒഴിവാക്കാൻ സ്വീകരിച്ച നടപടികളെക്കുറിച്ചും മൗനം പാലിക്കുന്നതിനാൽ മറുപടി സ്വീകാര്യമല്ല.

#### *4.1.5.2* പദ്ധതികൾ നടപ്പാക്കുന്നതിലെ കാലതാമസം

2021 മാർച്ച് വരെ, 12 പദ്ധതികൾ പൂർണ്ണമായോ ഭാഗികമായോ പൂർത്തിയാക്കി വാണിജ്യപരമായ ഉൽപ്പാദനം ആരംഭിച്ചു. മൂന്ന് മുതൽ 82 മാസം വരെ കാലതാമസമുണ്ടായിരുന്നു. (***അനുബന്ധം 20***). വർക്കുകളുടെ തെറ്റായ മുൻഗണന, സാങ്കേതിക സവിശേഷതകൾ അന്തിമമാക്കാതിരിക്കൽ, അടിസ്ഥാന സൗകര്യങ്ങളുടെ

അപര്യാപ്തമായ വിലയിരുത്തൽ തുടങ്ങിയ മോശം പദ്ധതി നിർവഹണ രീതികൾ കാരണം പദ്ധതികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിടുന്നതായി ഓഡിറ്റ് നിരീക്ഷിച്ചു. തുടർന്നുള്ള ഖണ്ഡികകളിൽ ചർച്ച ചെയ്തിരിക്കുന്ന ഇവയെല്ലാം നിയന്ത്രണവിധേയമായ ഘടകങ്ങളായിരുന്നു. ബാക്കിയുള്ള രണ്ട് പദ്ധതികളുടെ കാര്യത്തിൽ, ബന്ധപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങളോ സർക്കാരോ അവ പൂർത്തീകരിക്കുന്നതിനുള്ള നിശ്ചിത സമയക്രമം പരാമർശിച്ചിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. പൂർത്തിയാക്കുന്നതിലെ പദ്ധതി തിരിച്ചുള്ള കാലതാമസം **പട്ടിക 4.1**-ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.1: പദ്ധതികൾ പൂർത്തീകരിക്കുന്നതിലെ കാലതാമസം കാണിക്കുന്ന പ്രസ്താവന**

| ക്രമ നമ്പർ | പൊതുമേഖലാ സ്ഥാപനത്തിന്റെ പേര് | പദ്ധതിയുടെ പേര് | ഷെഡ്യൂൾ ചെയ്ത പൂർത്തീകരണം | യഥാർത്ഥ പൂർത്തീകരണം |
|---|---|---|---|---|
| 1 | കെഎസ്ഡിപി | ബീറ്റാലാക്റ്റം ഇഞ്ചക്ഷൻ പ്ലാന്റ് | മാർച്ച് 2013 | ഓഗസ്റ്റ് 2017 |
| 2 | കെഇഎൽ | കാസ്റ്റ് റെസിൻ ട്രാൻസ്ഫോർമർ യൂണിറ്റ് | ഫെബ്രുവരി 2014 | ഓഗസ്റ്റ് 2015 |
| 3 | എസ്എസ്കെഎൽ | ടിഎംടി ബാർ റോളിംഗ് മിൽ | മാർച്ച് 2015 | ജൂൺ 2015 |
| 4 | കെസിസിഎൽ[37] | ഹൈ സിവി വാല്യു കപ്പാസിറ്ററുകളും ഹൈ വോൾട്ടേജ് റേഡിയൽ കപ്പാസിറ്ററുകളും | മാർച്ച് 2014 | ജനുവരി 2015 |
| 5 | കെഎസ്സിസിഎൽ | പിവിസി ടഫ്റ്റിംഗ് യൂണിറ്റ് | ഡിസംബർ 2014 | ജൂലൈ 2015 |
| 6 | എകെഎൽ | റെയിൽവേ ബോഗികൾ നിർമ്മിക്കുന്നതിനുള്ള പുതിയ സ്റ്റീൽ കാസ്റ്റിംഗ് ലൈൻ | ഡിസംബർ 2018 | ഫെബ്രുവരി 2021 |
| 7 | കെഇഎൽ | പവർ ട്രാൻസ്ഫോർമർ യൂണിറ്റ് | ഏപ്രിൽ 2014 | ഫെബ്രുവരി 2021 |
| 8 | കെൽട്രോൺ[38] | എസ്എംടി റീ ഫ്ളോ ഫെസിലിറ്റി നിർമ്മാണം | ഓഗസ്റ്റ് 2018 | ജനുവരി 2020 |
| 9 | യുഇഐഎൽ | എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റുകളും സ്മാർട്ട് എനർജി മീറ്ററുകളും നിർമ്മിക്കാനുള്ള ഫെസിലിറ്റി | ഒക്ടോബർ 2018 | മാർച്ച് 2019 |
| 10 | ടികെസിഎൽ[39] | ഫെസിലിറ്റികളുടെ ആധുനികവത്കരണം | സെപ്റ്റംബർ 2018 | ഡിസംബർ 2019 |
| 11 | എസ്ഐഎഫ്എൽ | 16 ടൺ ന്യൂമാറ്റിക് ഹാമറും മൊബൈൽ ഫോർജിംഗ് മാനിപ്പുലേറ്ററും | നിശ്ചയിച്ചിട്ടില്ല | ജൂൺ 2016 |
| 12 | എഫ്ഐടിഎൽ | ഫെസിലിറ്റികളുടെ ആധുനികവത്കരണം | നിശ്ചയിച്ചിട്ടില്ല | ജനുവരി 2019 |

i. കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് (കെഎസ്ഡിപി) 2012 ഡിസംബറിൽ ഇഞ്ചക്ഷൻ ഫില്ലിംഗ് ലൈനിനും എയർ കണ്ടീഷനിംഗിനുമുള്ള ഉപകരണങ്ങൾ വാങ്ങാൻ ഓർഡർ നൽകി. സിവിൽ, ഇലക്ട്രിക്കൽ വർക്കുകൾക്കുള്ള ഓർഡറുകൾ യഥാക്രമം 2013 ഏപ്രിലിലും 2013 മെയ് മാസത്തിലും നൽകി. 5.94 കോടി രൂപ മൂല്യമുള്ള എയർ കണ്ടീഷനിംഗിനും ഇഞ്ചക്ഷൻ ഫില്ലിംഗ് ലൈനിനുമുള്ള ഉപകരണങ്ങൾ 2013 മാർച്ച്/ഏപ്രിലിൽ എത്തിയെങ്കിലും, സിവിൽ വർക്കുകളും (ഓഗസ്റ്റ് 2016) ഇലക്ട്രിക്കൽ

[37] കെൽട്രോൺ കോംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ്.

[38] കേരളസ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്.

[39] ദി കേരള സെറാമിക്സ് ലിമിറ്റഡ്.

വർക്കുകളും (സെപ്റ്റംബർ 2016) പൂർത്തീകരിക്കാൻ വൈകിയതിനാൽ ഇഞ്ചക്ഷൻ പ്ലാന്റ് 2017 ഓഗസ്റ്റിൽ മാത്രമേ കമ്മീഷൻ ചെയ്യാൻ കഴിഞ്ഞുള്ളൂ. സർക്കാർ അനുവദിച്ച (മാർച്ച് 2012) 4.26 കോടി രൂപക്ക് പുറമേ, കെഎസ്ഡിപി 5.05[40] കോടിരൂപയുടെ സ്വന്തം ഫണ്ട് പദ്ധതിക്കായി ഉപയോഗിച്ചതായി (2014 ഓഗസ്റ്റ് വരെ) ഓഡിറ്റ് നിരീക്ഷിച്ചു. ആവശ്യത്തിന് ഫണ്ട് ലഭ്യമായിരുന്നു എന്നതിനാൽ പദ്ധതിച്ചെലവ് 2.24[41] കോടി രൂപ കണ്ട് വർധിക്കാൻ കാരണമായ കാലതാമസം ന്യായീകരിക്കാവുന്നതായിരുന്നില്ല.

പ്രാരംഭ ഘട്ടത്തിൽ മോശം പ്രതികരണം മൂലം സിവിൽ വർക്കുകൾ റീടെൻഡർ ചെയ്യേണ്ടി വന്നതിനാൽ നാല് മാസത്തെ കാലതാമസം ഉണ്ടായതായി സർക്കാർ മറുപടി (ഏപ്രിൽ 2022) നൽകി. പദ്ധതിച്ചെലവായ 9.89 കോടി രൂപയ്ക്ക് എതിരിൽ സർക്കാർ 4.20 കോടി രൂപ അനുവദിച്ചത് കാരണം പദ്ധതി വൈകി. ഭാവിയിൽ ശരിയായ മുൻഗണനാക്രമം പാലിക്കുമെന്ന് കെഎസ്ഡിപി ഉറപ്പാക്കും.

മറുപടി നിലനിൽക്കുന്നതല്ല. ഉപകരണങ്ങൾക്കുള്ള ഓർഡർ നൽകിയ വേളയിൽ സിവിൽ വർക്കുകൾക്കുള്ള ടെൻഡർ നടപടികൾ അന്തിമമാക്കാൻ കഴിഞ്ഞിരുന്നില്ല എന്നതിനാൽ, പൂർത്തീകരിക്കാൻ അഞ്ച് മാസം സമയമെടുക്കുന്ന സിവിൽ വർക്കുകൾ, ഉപകരണങ്ങൾ ലഭിക്കുന്നതിന് മുൻപ് പൂർത്തിയാകില്ല എന്ന് കെഎസ്ഡിപിഎല്ലിന് അറിവുണ്ടായിരുന്നു. 2012 മാർച്ചിൽ നൽകിയ 4.26 കോടി രൂപയ്ക്ക് പുറമേ 2014 നവംബറിൽ 5 കോടി രൂപ കൂടി സർക്കാർ അനുവദിച്ചതിനാൽ ഫണ്ടിന്റെ കുറവ് സംബന്ധിച്ച മറുപടി ശരിയല്ല.

ii. എഫ്ഐടിഎൽ 2.88 കോടി രൂപയ്ക്ക് യന്ത്രസാമഗ്രികൾ വാങ്ങുന്നതിനായി ഓർഡർ നൽകി (ജൂൺ 2013). ഷെഡ്യൂൾ ചെയ്ത പ്രകാരം 2013 സെപ്റ്റംബർ 15-ഓടെ ഇവ വിതരണം ചെയ്യേണ്ടിയിരുന്നു എങ്കിലും, 2013 ഓഗസ്റ്റിനും 2014 ജനുവരിക്കും ഇടയിൽ ആണ് വിതരണം ചെയ്തത്. സിവിൽ, ഇലക്ട്രിക്കൽ വർക്കുകൾ പൂർത്തിയാക്കുന്നതിലെ കാലതാമസം കാരണം യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്നതിൽ കാലതാമസമുണ്ടായി. കൂടാതെ, യന്ത്രസാമഗ്രികൾ കമ്മീഷൻ ചെയ്യുന്നതിന് ആവശ്യമായ ഉപകരണങ്ങൾ 2018 ഓഗസ്റ്റ്/ സെപ്റ്റംബർ മാസങ്ങളിൽ മാത്രമാണ് വാങ്ങിയത്.

വൈദഗ്ധ്യം ഇല്ലാത്തതിനാൽ ആണ് തെറ്റായ മുൻഗണനക്രമം അനുവർത്തിച്ചതെന്നും തിരുത്തൽ നടപടികൾ പുരോഗമിക്കുകയാണെന്നും സർക്കാർ പ്രസ്താവിച്ചു (ഏപ്രിൽ 2022).

iii. കാസ്റ്റ് റെസിൻ ട്രാൻസ്ഫോർമർ പദ്ധതി നടപ്പിലാക്കുന്നതിനായി 2013 മാർച്ചിലും (4.50 കോടി രൂപ) 2014 ഏപ്രിലിലും (4.00 കോടി രൂപ) കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡിന് (കെഇഎൽ) സർക്കാർ ഫണ്ട് നല്കി. 2014 ഫെബ്രുവരിയിൽ പദ്ധതി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ, കെഇഎൽ 2014 മാർച്ച് വരെ 0.22 കോടി രൂപ മാത്രമാണ് പദ്ധതിക്കായി ചെലവഴിച്ചത്. ഫാക്ടറി കെട്ടിടത്തിന്റെ യഥാർത്ഥ രൂപകൽപ്പനയിൽ മാറ്റങ്ങൾ വരുത്തേണ്ടി വന്നു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. തൽഫലമായി, 2015 ഓഗസ്റ്റിൽ മാത്രമാണ് പദ്ധതി പൂർത്തീകരിക്കാൻ കഴിഞ്ഞത്. അതിനാൽ, പദ്ധതിക്കാവശ്യമായ കെട്ടിടത്തിന്റെയും അനുബന്ധ സൗകര്യങ്ങളുടെയും ആവശ്യകതകൾ വിലയിരുത്തുന്നതിൽ അപാകതയുണ്ടായി.

ഫാക്ടറി കെട്ടിടത്തിന്റെ വിസ്തൃതിയുടെ രൂപകല്പനയിൽ വരുത്തിയ മാറ്റങ്ങൾക്ക് പുറമേ, അഗ്നി സുരക്ഷാ ആവശ്യകതകൾക്ക് അനുസൃതമായി അധിക നിർമ്മാണം വേണ്ടി വന്നതിനാൽ ആണ് പൂർത്തീകരണം വൈകിയതെന്ന് സർക്കാർ മറുപടി നൽകി (മാർച്ച് 2022).

---

[40] ഇതിനെതിരെ സർക്കാർ പിന്നീട് (നവംബർ 2014) 5.00 കോടി രൂപ അനുവദിച്ചു.

[41] യഥാർത്ഥ ചെലവ് : 12.13 കോടി രൂപയിൽ നിന്ന് അനുവദിച്ച ചെലവ് : 9.89 കോടി രൂപ കുറച്ചത്.

മറുപടി ഓഡിറ്റ് കണ്ടെത്തലിനെ സ്ഥിരീകരിക്കുന്നു. കൂടാതെ, പദ്ധതി രൂപകൽപന ചെയ്യുമ്പോൾ നിയമപരമായ ആവശ്യകതകൾ പരിഗണിക്കേണ്ട തായിരുന്നു.

iv. ഹീറ്റ് ട്രീറ്റ്മെന്റ് ഫർണസിനായി എകെഎൽ പുറപ്പെടുവിച്ച (മാർച്ച് 2011) വർക്ക് ഓർഡർ പ്രകാരം, ആറ് ആഴ്ചയ്ക്കുള്ളിൽ വർക്കുകൾ പൂർത്തിയാക്കേ ണ്ടതായിരുന്നു. എന്നിരുന്നാലും, വർക്കുകൾ പൂർത്തിയാക്കുന്നതിൽ കരാറുകാരന്റെ പരാജയവും ട്രയൽ റണ്ണുകളിലെ സാങ്കേതിക തകരാറുകളും കാരണം ഏഴ് വർഷത്തെ കാലതാമസത്തിന് ശേഷം ഹീറ്റ് ട്രീറ്റ്മെന്റ് ഫർണസ് 2018 മെയ് മാസത്തിൽ മാത്രമാണ് കമ്മീഷൻ ചെയ്തത്. സാങ്കേതിക തകരാറുകൾ പരിഹരിച്ച് പദ്ധതി കമ്മീഷൻ ചെയ്യാൻ എകെഎല്ലിന് മറ്റൊരു സ്ഥാപനത്തെ ഏർപ്പാട് ചെയ്യേണ്ടി വന്നു. എകെഎൽ പുറപ്പെടുവിച്ച പർച്ചേസ് ഓർഡറിൽ സ്ഥാപിക്കുന്നതിനും കമ്മീഷൻ ചെയ്യുന്നതിനും കാലതാമസം ഉണ്ടായാൽ നാശനഷ്ടം ഈടാക്കാനുള്ള വ്യവസ്ഥ അടങ്ങിയിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. സ്റ്റോഴ്സ് പർച്ചേസ് മാനുവൽ നിഷ്കർഷിക്കുന്നപോലെ വർക്ക് പൂർത്തിയാക്കുന്നതിൽ പരാജയപ്പെട്ടാൽ കരാർ അവസാനിപ്പിക്കുന്നതിനും, കരാറുകാരന്റെ റിസ്കിലും ചെലവിലും വർക്കുകൾ പൂർത്തിയാക്കുന്നതിനു മുള്ള വ്യവസ്ഥയും പർച്ചേസ് ഓർഡറിൽ ഉൾച്ചേർത്തിരുന്നില്ല.

ഭാവിയിൽ, കരാർ അവസാനിപ്പിക്കുന്നതിനും കരാറുകാരന്റെ റിസ്കിലും ചെലവിലും വർക്ക് പൂർത്തിയാക്കുന്നതിനുമുള്ള പ്രത്യേക വ്യവസ്ഥ വർക്ക് കരാറുകളിൽ ഉൾപ്പെടുത്തും എന്ന്, ഓഡിറ്റ് നിരീക്ഷണം അംഗീകരിച്ചുകൊണ്ട് (ഒക്ടോബർ 2021) സർക്കാർ മറുപടി പറഞ്ഞു. കൂടാതെ, എകെഎൽ കരാറുകാരനെതിരെ നിയമപരമായ പരിഹാരനടപടികൾ ആരംഭിച്ചു, ഒരു എക്സിക്യൂഷൻ പെറ്റീഷൻ ബാംഗ്ലൂർ സിറ്റി സിവിൽ കോടതിയുടെ പരിഗണന യിലാണ്.

#### *4.1.5.3* നിഷ്ഫലമായ ചെലവ്

താഴെ ചർച്ച ചെയ്യും പ്രകാരം രണ്ട് പൊതുമേഖലാ സ്ഥാപനങ്ങൾ വാങ്ങിയ യന്ത്രസാമഗ്രികൾ ഉപയോഗിച്ചിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു:

i. കെഎസ്ഡിപി 16.60 ലക്ഷം രൂപ ചെലവിൽ വാങ്ങിയ ഒരു ബംഗ് വാഷറിന്[42] (മാർച്ച് 2013), പ്രവർത്തിക്കാൻ ശുദ്ധമായ നീരാവി ആവശ്യമായിരുന്നു. ബംഗ് വാഷറിന് ആവശ്യമായ ശുദ്ധമായ നീരാവിയുടെ ലഭ്യത കെഎസ്ഡിപി ഉറപ്പാക്കാത്തതിനാൽ, ബംഗ് വാഷർ ഉപയോഗിക്കാൻ കഴിയാതെ വരികയും അത് നിഷ്ക്രിയമായി തുടരുകയും ചെയ്തു. റെഡി ടു യൂസ് ബംഗുകളുടെ വാങ്ങലിലൂടെ അണുവിമുക്തമാക്കപ്പെട്ട ബംഗുകളുടെ ആവശ്യകത കെഎസ് ഡിപി നിറവേറ്റി. അങ്ങനെ, ബംഗ് വാഷർ വാങ്ങിയതിന്റെ മുഴുവൻ ചെലവും നിഷ്ഫലമായി.

ബംഗ് വാഷറിൽ കഴുകിയ ബംഗുകളിൽ മാരകമായേക്കാവുന്ന എൻഡോടോ ക്സിൻ സാന്നിധ്യം കണ്ടെത്തിയതിനാൽ ബംഗ് വാഷർ ഉപയോഗിച്ചിട്ടില്ലെന്ന് സർക്കാർ മറുപടി നൽകി (ഏപ്രിൽ 2022). ബംഗ് വാഷറിന് ശുദ്ധമായ നീരാവി ജനറേറ്റർ ആവശ്യമായിരുന്നു അത് കെഎസ്ഡിപിയിൽ ഇൻസ്റ്റാൾ ചെയ്തി ട്ടില്ല. റെഡി ടു യൂസ് ബംഗുകൾ എളുപ്പത്തിൽ ലഭ്യമാണ്. മറ്റൊരു പ്ലാന്റിനായി സ്ഥാപിച്ചിട്ടുള്ള ശുദ്ധമായ ആവി ഉത്പാദിപ്പിക്കുന്ന ജനറേറ്ററുകൾ ബംഗ് വാഷറിൽ ഉപയോഗിക്കുന്നതിനുള്ള സാധ്യത കെഎസ്ഡിപി പരിശോധിച്ചു വരികയാണെന്നും മറുപടി ലഭിച്ചു.

സർക്കാരിന്റെ മറുപടി നിലനിൽക്കുന്നതല്ല. വാങ്ങുന്നതിന് മുമ്പ് ബംഗ് വാഷർ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ ശുദ്ധമായ നീരാവിയുടെ ലഭ്യത കെഎസ്ഡിപി ഉറപ്പാക്കണമായിരുന്നു.

[42] ബീറ്റാലാക്റ്റം ഇഞ്ചക്ഷൻ പ്ലാന്റ് പദ്ധതിയുടെ ഭാഗമായി.

ii. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ് (കെഎസ്സിസിഎൽ) 34.22 ലക്ഷം രൂപയ്ക്ക് വാങ്ങിയ (ഏപ്രിൽ 2014) പാക്കിംഗ് മെഷീൻ 2015 ഒക്ടോബറിൽ പിവിസി ടഫ്റ്റിംഗ് യൂണിറ്റിന്റെ വാണിജ്യ പ്രവർത്തനം ആരംഭിച്ചെങ്കിലും ഉപയോഗിച്ചില്ല. കൂടാതെ, പാക്കിംഗ് യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ ഒരു ഫിനിഷിംഗ് യൂണിറ്റ് വാങ്ങാത്തതിനാൽ പാക്കിംഗ് യൂണിറ്റ് നിഷ്ക്രിയമായി തുടരുമെന്ന് കെഎസ്സിസിഎല്ലിന് അറിയാമായിരുന്നു.

അതിനിടെ, ഫണ്ടിന്റെ അഭാവം മൂലം ആദ്യം നിർദ്ദേശിച്ച ഫിനിഷിംഗ് യൂണിറ്റ് സ്ഥാപിക്കാൻ കഴിയാത്തതിനാൽ പാക്കിംഗ് യൂണിറ്റ് ഉപയോഗിച്ചിട്ടില്ലെന്ന് കെഎസ്സിസിഎൽ (ഒക്ടോബർ 2021) അറിയിച്ചു. ഫിനിഷിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന് കെഎസ്സിസിഎല്ലിന് സർക്കാർ അനുമതി ലഭിച്ചിട്ടുണ്ടെന്നും മറുപടി നൽകി. സർക്കാരിന്റെ മറുപടി പ്രതീക്ഷിക്കുന്നു.

കെഎസ്സിസിഎല്ലിന്റെ മറുപടി സ്വീകാര്യമല്ല. ഫിനിഷിംഗ്, പാക്കിംഗ് യൂണിറ്റുകളും ഉൾപ്പെടുന്ന ഒരു പൂർണ്ണ ഓട്ടോമാറ്റിക് ടഫ്റ്റിംഗ് യൂണിറ്റാണ് പദ്ധതി വിഭാവനം ചെയ്തത്. കൂടാതെ, ഫിനിഷിംഗ് യൂണിറ്റ് ഇല്ലാതിരിക്കെ പാക്കിംഗ് മെഷീൻ മാത്രം വാങ്ങിയതിൽ ഔചിത്യമില്ലായിരുന്നു.

#### *4.1.5.4* അംഗീകരിച്ച പദ്ധതി നടപ്പാക്കാത്തത്

പ്രതിവർഷം 0.60 ദശലക്ഷം ടൺ (എംടിപിഎ) ശേഷിയുള്ള ബൾക്ക് സിമന്റ് ടെർമിനലിനും ലോജിസ്റ്റിക് ഹബ്ബിനുമുള്ള സൗകര്യങ്ങൾ 160 കോടി രൂപ ചെലവിൽ സ്ഥാപിക്കുന്നതിനുള്ള മലബാർ സിമന്റ്സ് ലിമിറ്റഡിന്റെ (എംസിഎൽ) നിർദ്ദേശം (ഒക്ടോബർ 2014) സർക്കാർ അംഗീകരിച്ചു. പദ്ധതി നടപ്പാക്കുന്നതിനായി എംസിഎൽ കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ നിന്ന് ഭൂമി പാട്ടത്തിനെടുത്തു. പദ്ധതിക്കായി മാർച്ച് 2016-നും ജനുവരി 2017-നും ഇടയിൽ സർക്കാർ 48.67 കോടി രൂപ അനുവദിച്ചു.

തുടർന്ന്, എംസിഎൽ നിർദിഷ്ട സൗകര്യങ്ങളുടെ ശേഷി 257.38 കോടി രൂപ മതിപ്പു ചെലവിൽ 1.00 എംടിപിഎയായി വർദ്ധിപ്പിക്കുന്ന ഒരു പുതുക്കിയ നിർദ്ദേശം സമർപ്പിച്ചു (ഒക്ടോബർ 2017). എന്നാൽ, ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള ന്യായീകരണം രേഖകളിൽ ഉണ്ടായിരുന്നില്ല. പുതുക്കിയ നിർദ്ദേശം പരിശോധിക്കുമ്പോൾ, 2016-17 മുതൽ എംസിഎല്ലിന്റെ പ്രകടനം കുറയുന്നത് കണക്കിലെടുത്ത് ഒരു നവീകരിച്ച നിർദ്ദേശം തയ്യാറാക്കാൻ സർക്കാർ (ഡിസംബർ 2019), എംസിഎല്ലിന് നിർദ്ദേശം നൽകി. അതനുസരിച്ച്, ശേഷി 0.30 എംടിപിഎ ആയി കുറച്ചുകൊണ്ട് 166.55 കോടി രൂപ മതിപ്പ് ചെലവുള്ള ഒരു പദ്ധതിരേഖ എംസിഎൽ തയ്യാറാക്കി സമർപ്പിച്ചു. ഈ പദ്ധതി ആരംഭിക്കാനിരിക്കുന്നതേയുള്ളൂ. അങ്ങനെ, സർക്കാരിന്റെ അംഗീകാരത്തിന് ശേഷം പദ്ധതി പുതുക്കിയതിനാൽ, മാർച്ച് 2021 വരെ 66.33[43] കോടി രൂപ ചിലവഴിച്ചതിൽ നിന്നു എംസിഎല്ലിന് ഒരു പ്രയോജനവും നേടാനായില്ല.

2017-18 മുതൽ 2019-20 വരെയുള്ള കാലയളവിൽ എംസിഎൽ നഷ്ടത്തിലായിരുന്നുവെന്നും നിക്ഷേപിക്കാവുന്ന മിച്ചമില്ലായിരുന്നു എന്നും സർക്കാർ (2022 ഏപ്രിൽ) മറുപടി നൽകി. അതിനാൽ, ഘട്ടംഘട്ടമായി പദ്ധതി നടപ്പാക്കാൻ നിർദേശിച്ചു. അതനുസരിച്ച്, 0.3 എംടിപിഎ സിമന്റ് ബ്ലെൻഡിംഗ് ടെർമിനലും ലോജിസ്റ്റിക്സ് ഹബ്ബും സ്ഥാപിക്കുന്നതിനുള്ള ഡിപിആർ എംസിഎൽ അംഗീകാരത്തിനായി സമർപ്പിച്ചു. എന്നിരുന്നാലും, പദ്ധതി ഏറ്റെടുക്കുന്നതിന് എംസിഎല്ലിന്റെ നിലവിലുള്ള സാമ്പത്തിക സ്ഥിതി സുസ്ഥിരമല്ലായിരുന്നു.

[43] കൊച്ചിൻ പോർട്ട് ട്രസ്റ്റിന് 2021 മാർച്ച് വരെയുള്ള മുൻകൂർ ലീസ് പ്രീമിയം, വാർഷിക പാട്ടവാടക (61.81 കോടി രൂപ), പ്രാഥമിക ചെലവുകൾ (1.09 കോടി രൂപ), പലിശ ചെലവുകൾ (3.43 കോടി രൂപ) എന്നിവയ്ക്കുള്ള ചെലവിന്റെ അടവ്.

പദ്ധതി സർക്കാർ അംഗീകരിക്കുകയും അതിനായുള്ള പണം സ്വരൂപീക്കാനുള്ള ക്രമീകരണം സർക്കാർ സമ്മതിക്കുകയും ചെയ്തിനുശേഷം കാരണം വ്യക്തമാക്കാതെ പദ്ധതി നവീകരിച്ചതിനാൽ മറുപടി സ്വീകാര്യമല്ല. പുതുക്കിയ പദ്ധതിയുടെ സാധ്യത വിലയിരുത്താതെയാണ് എംസിഎൽ അത് നിർദ്ദേശിച്ചതെന്ന ഓഡിറ്റിന്റെ കണ്ടെത്തൽ സ്ഥിരീകരിക്കുന്നതായിരുന്നു മറുപടി.

### *4.1.6* ഫണ്ട് അനുവദിക്കലും അതിന്റെ വിനിയോഗവും

പദ്ധതിയുമായി ബന്ധപ്പെട്ട് സർക്കാർ ഫണ്ട് അനുവദിക്കുന്നതിൽ കാലതാമസം നേരിട്ടതിനാൽ ഒരു പദ്ധതിക്ക് 3.43 കോടി രൂപ അധികം ചെലവായി. അഞ്ച് പൊതുമേഖലാ സ്ഥാപനങ്ങൾ 21.52 കോടി രൂപയുടെ ഫണ്ട് പ്രവർത്തന മൂലധന ആവശ്യങ്ങൾക്കും, പദ്ധതിയിൽ ഉൾപ്പെടാത്ത ഉപകരണങ്ങൾ വാങ്ങുന്നതിനും, വോളന്ററി റിട്ടയർമെന്റ് കോമ്പൻസേഷനും മറ്റുമായി, അനുമതിയുടെ വ്യവസ്ഥകൾക്ക് വിരുദ്ധമായി താഴെ ചർച്ച ചെയ്യുന്നതുപോലെ, വക മാറ്റി ചെലവഴിച്ചു.

***4.1.6.1*** ഭരണാനുമതി പ്രകാരം (ഒക്ടോബർ 2014), ബൾക്ക് സിമന്റ് ടെർമിനലും ലോജിസ്റ്റിക് ഹബ് പദ്ധതിയും രണ്ട് വർഷത്തിനുള്ളിൽ ചെലവിൽ യാതൊരു വർദ്ധനയും ഇല്ലാതെ എംസിഎൽ പൂർത്തിയാക്കേണ്ടതായിരുന്നു. ഇതിനായി, എംസിഎൽ അടയ്ക്കുന്ന കേരള മൂല്യ വർദ്ധിത നികുതിയിൽ (കെ വാറ്റ്) നിന്നും 160 കോടി രൂപ പലിശരഹിത വായ്പയായി സർക്കാർ നൽകേണ്ടതായിരുന്നു. നടപടി ക്രമം അനുസരിച്ച്, പലിശരഹിത വായ്പ 2015 ഏപ്രിൽ മുതൽ എംസിഎല്ലിനുള്ള ഒരു പ്രത്യേക ബജറ്റ് ഹെഡിലൂടെ ത്രൈമാസികമായി വിതരണം ചെയ്യേണ്ടതാണ്.

2014 ഒക്ടോബറിനും 2015 ഡിസംബറിനുമിടയിൽ എംസിഎൽ 64.94 കോടി രൂപ കെ വാറ്റ് നികുതി ഒടുക്കിയതായി ഓഡിറ്റ് കണ്ടെത്തി. എന്നാൽ, വിഭാവനം ചെയ്തതിന് വിരുദ്ധമായി 2016 മാർച്ച് വരെ സർക്കാർ ഫണ്ട് അനുവദിച്ചില്ല. തൽഫലമായി, 2016 ജനുവരിയിൽ എംസിഎൽ 50.00 കോടി രൂപ ബാങ്ക് വായ്പ എടുത്ത് പദ്ധതിക്കായി പാട്ടത്തിനെടുത്ത ഭൂമിയുടെ മുൻകൂർ പ്രീമിയമായി (2016 ജനുവരി) കൊച്ചിൻ പോർട്ട് ട്രസ്റ്റിന് 57.89 കോടി രൂപ നൽകി. 2016 ഏപ്രിൽ മുതൽ 2017 മാർച്ച് വരെ സർക്കാരിൽ നിന്ന് ലഭിച്ച 48.67 കോടി രൂപ എംസിഎൽ ബാങ്ക് വായ്പ തിരിച്ച് അടയ്ക്കാൻ ഉപയോഗിച്ചു. ഈ പ്രക്രിയയിൽ, എംസിഎൽ പലിശയിനത്തിൽ 3.43 കോടി രൂപ നൽകി. ഇത് ഒഴിവാക്കാവുന്ന ചെലവായിരുന്നു.

സർക്കാർ നൽകിയ മറുപടി (ഏപ്രിൽ 2022) മുകളിൽ സൂചിപ്പിച്ച വസ്തുതകൾ സ്ഥിരീകരിച്ചു, എന്നാൽ, പണം നല്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കിയില്ല.

***4.1.6.2*** പുനരുജ്ജീവന, പുനരുദ്ധാരണ പദ്ധതികൾക്കു വേണ്ടി സർക്കാർ അനുവദിച്ച പണം അഞ്ച് പൊതുമേഖലാ സ്ഥാപനങ്ങൾ മറ്റ് ആവശ്യങ്ങൾക്ക് വകമാറ്റി ചെലവഴിച്ചതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് (എംഐഎൽ), യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് (യുഇഐഎൽ) എന്നിവ യഥാക്രമം 3.78 കോടി രൂപയും 1.40 കോടി രൂപയും പദ്ധതി തുകയിൽ നിന്ന് പ്രവർത്തന മൂലധന ആവശ്യങ്ങൾക്കായി വകമാറ്റി. അംഗീകൃത പദ്ധതിയിൽ വിഭാവനം ചെയ്തിട്ടില്ലാത്ത മറ്റ് മൂലധന ചെലവുകൾക്കായി ടിസിസിഎൽ, എകെഎൽ എന്നിവ യഥാക്രമം 10.00 കോടി രൂപയും 5.24 കോടി രൂപയും വകമാറ്റി. സർക്കാരിന്റെ അനുമതിയില്ലാതെയാണ് ഈ വകമാറ്റലുകൾ നടത്തിയത്. വോളണ്ടറി റിട്ടയർമെന്റ് നഷ്ടപരിഹാരം നൽകാൻ സർക്കാരിന്റെ അനുമതിയോടെ കെഇഎൽ 1.10 കോടി രൂപ വകമാറ്റി. പദ്ധതികളുടെ നടത്തിപ്പിനായി സർക്കാർ അനുവദിച്ച 49.25 കോടി രൂപയിൽ ആകെ 21.52 കോടി രൂപ ഇപ്രകാരം വകമാറ്റി. എംഐഎൽ, ടിസിസിഎൽ എന്നിവയുടെ കാര്യത്തിൽ, നിർദ്ദിഷ്ട പദ്ധതികൾ ഏറ്റെടുത്തു നടപ്പാക്കിയില്ല.

വകമാറ്റൽ ക്രമപ്പെടുത്താനുള്ള എംഐഎല്ലിന്റെ അഭ്യർത്ഥന നിരസിച്ചതായി സർക്കാർ (ഒക്ടോബർ 2021) പ്രസ്താവിച്ചു. എകെഎല്ലിനെ സംബന്ധിച്ച്, 1/7/2017 ലെ സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ച തുക നിലവിലുള്ള സൗകര്യങ്ങൾ നവീകരിക്കാനും സ്റ്റീൽ കാസ്റ്റിംഗ് പൂർത്തിയാക്കാനും ഉദ്ദേശിച്ചു അനുവദിച്ചതാണ് എന്ന് പ്രസ്താവിച്ചു. നിലവിലുള്ള സൗകര്യങ്ങൾ നവീകരിക്കാൻ ആണ് 5.24 കോടി രൂപ ചെലവഴിച്ചത് എന്നതിനാൽ വകമാറ്റമുണ്ടായില്ല. ടിസിസിഎല്ലിന്റെ കാര്യത്തിൽ, എല്ലാ ഉപകരണങ്ങളുടെയും വാങ്ങൽ ആധുനികവൽക്കരണത്തിന്റെയും നവീകരണത്തിന്റെയും മുന്നോടിയായാണ് നടത്തിയത് എന്ന് സർക്കാർ മറുപടി നൽകി (ഏപ്രിൽ 2022). ഉപകരണങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനാണ് പണം ഉപയോഗിച്ചത് എന്നതിനാൽ, വകമാറ്റൽ ഉണ്ടായില്ല. യുഇഐഎൽ സംബന്ധിച്ച സർക്കാരിന്റെ മറുപടി (ഏപ്രിൽ 2022) ഓഡിറ്റ് കണ്ടെത്തലിനെ അഭിസംബോധന ചെയ്തില്ല.

നിർദിഷ്ട പദ്ധതിക്കായി മാത്രം സർക്കാരിന്റെ പണം ചെലവഴിക്കാൻ ആണ് പൊതു മേഖലാ സ്ഥാപനങ്ങൾക്ക് ഭരണാനുമതി നൽകിയത് എന്നതിനാൽ മറുപടികൾ ന്യായ മായിരുന്നില്ല. ടിസിസിഎല്ലിന്റെ കാര്യത്തിൽ, വിനിയോഗ സർട്ടിഫിക്കറ്റിൽ (ഒക്ടോബർ 2017) പദ്ധതി നിർദ്ദേശം സർക്കാരിന് സമർപ്പിക്കുന്നതിന് (ഓഗസ്റ്റ് 2014) മുൻപ് വാങ്ങിയ 6.04 കോടി രൂപ മൂല്യമുള്ള ഉപകരണങ്ങൾ ഉൾപ്പെടുന്നു. എകെഎൽ നൽകിയ വിശദാംശങ്ങളനുസരിച്ച്, അതിന്റെ പ്രവർത്തനത്തിൽ നിന്ന് മിച്ച ഫണ്ട് ഉണ്ടാകാത്തതിനാൽ, ബുദ്ധിമുട്ട് ഒഴിവാക്കാൻ നിലവിലുള്ള ഓപ്പറേഷൻ ലൈനിന്റെ അടിയന്തര അറ്റകുറ്റപ്പണികൾക്കായി 5.24 കോടി രൂപ ഉപയോഗിച്ചു.

### *4.1.7* പ്രവർത്തനത്തിന്റെ പ്രകടനം

215.05 കോടി രൂപയുടെ ചെലവ് അനുവദിക്കപ്പെട്ട 12 പദ്ധതികളുടെ നടത്തിപ്പ് 200.17 കോടി രൂപ ചെലവിൽ പൂർണ്ണമായോ ഭാഗികമായോ 2021 മാർച്ചിൽ പൂർത്തിയായി. പൂർത്തിയാക്കിയ പദ്ധതികളുടെ പ്രകടനം സർക്കാരോ ബന്ധപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങളോ അവലോകനം ചെയ്തിട്ടില്ല, എന്നതിനാൽ മോശം പ്രകടനത്തിനുള്ള കാരണങ്ങൾ പരിഹരിക്കപ്പെടാതെ തുടർന്നു. പൂർത്തിയാക്കിയ എട്ട് പദ്ധതികളുടെ പ്രകടനം ഓഡിറ്റ് വിശകലനം ചെയ്യുകയും അവയിലെ കണ്ടെത്തലുകൾ തുടർന്നുള്ള ഖണ്ഡികകളിൽ ചർച്ച ചെയ്യുകയും ചെയ്യുന്നു. നിഗമനങ്ങളിൽ എത്തിച്ചേരാൻ പ്രവർത്തന കാലയളവ് പര്യാപ്തമല്ല എന്നതിനാൽ 2019 ഡിസംബറിനും 2021 ഫെബ്രുവരിക്കും ഇടയിൽ പൂർത്തിയാക്കിയ ശേഷിക്കുന്ന നാല് പദ്ധതികളുടെ പ്രകടനം അവലോകനം ചെയ്തില്ല.

#### *4.1.7.1* നിഷ്ഫലമായ നിക്ഷേപം

59.81 കോടി രൂപക്ക് 65,000 ടിപിഎ, ടിഎംടി റോളിംഗ് മിൽ പദ്ധതി എസ്എസ്കെഎൽ നടപ്പിലാക്കി. 212.97 കോടി രൂപയുടെ വാർഷിക അറ്റ വിറ്റുവരവും 95.00 ശതമാനം ഉറപ്പായ പരിവർത്തന നിരക്കും (ബില്ലറ്റിൽ നിന്ന് ടിഎംടി ബാറിലേക്ക്) പദ്ധതി രേഖ വിഭാവനം ചെയ്തു.

കമ്മീഷൻ ചെയ്തതിന് ശേഷം (ജൂൺ 2015) റോളിംഗ് മിൽ 2016 ഡിസംബർ വരെ 97 ദിവസം പ്രവർത്തിച്ചതായി ഓഡിറ്റ് നിരീക്ഷിച്ചു. ബില്ലറ്റുകൾ വാങ്ങാനുള്ള ഫണ്ടിന്റെ ദൗർലഭ്യം കാരണം പിന്നീട് പ്രവർത്തിച്ചില്ല. ഈ കാലയളവിൽ വിനിയോഗ ശേഷി 8.95 ശതമാനവും പരിവർത്തന കാര്യക്ഷമത 90.58 ശതമാനവുമായിരുന്നു. അതിനാൽ, 2015-16-ൽ 3.92 കോടി രൂപ, 2016-17-ൽ 4.14 കോടി രൂപ, 2017-18-ൽ 0.07 കോടി രൂപ എന്നിങ്ങനെ അറ്റ വിറ്റുവരവ് നേടാനായി. പിന്നീട് വരുമാനമൊന്നും നേടാൻ

എസ്എസ്കെഎല്ലിന് കഴിഞ്ഞില്ല. ഇത് എസ്എസ്കെഎല്ലിന്റെ സഞ്ചിത നഷ്ടം 2014-15-ൽ 34.62 കോടി രൂപ ആയിരുന്നത് 2019-20-ൽ 119.93 കോടി രൂപയായി ഉയർത്തി.

വിദഗ്ധരായ ജീവനക്കാരുടെ അഭാവത്തിൽ, പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിന് റോളിംഗ് മിൽ വിതരണം ചെയ്ത കരാറുകാരനെ തന്നെ എസ്എസ്കെഎൽ ഏർപ്പാടാക്കി (സെപ്റ്റംബർ 2015). കരാർ പ്രകാരം, ഗ്യാരന്റീഡ് മിനിമം റോളിംഗ് ക്വാണ്ടിറ്റിക്ക്[44] അനുസൃതമായ ബില്ലറ്റുകളെ ടിഎംടിയാക്കുവാനുള്ള പരിവർത്തന ചെലവുകൾക്ക് കരാറുകാരൻ അർഹനായിരുന്നു. കൂടാതെ 95.50 ശതമാനം ഉൽപ്പാദന നേട്ടം ഉറപ്പാക്കാൻ കരാറുകാരൻ ബാധ്യസ്ഥനായിരുന്നു. ഒരു ബാക്ക്-ടു-ബാക്ക് ഏർപ്പാട് എന്ന നിലയിൽ, 95 ശതമാനം ആദായം ഉറപ്പ് വരുത്തിക്കൊണ്ട് ഒരു മെട്രിക് ടണ്ണിന് 2,700 രൂപ നിരക്കിൽ ബില്ലെറ്റുകൾ ടിഎംടി ബാറുകളാക്കി മാറ്റുന്നതിന് സ്റ്റീൽ അതോറിറ്റി ഓഫ് ഇൻഡ്യ ലിമിറ്റഡ് (സെയിൽ) മായി എസ്എസ്കെഎൽ (ഒക്ടോബർ 2015) കരാറിൽ ഏർപ്പെട്ടു.

എന്നിരുന്നാലും, സെയിലുമായുള്ള കരാറിൽ ബില്ലറ്റുകളുടെ ഏറ്റവും കുറഞ്ഞ റോളിംഗ് അളവ് എത്ര എന്ന് നിഷ്കർഷിച്ചിരുന്നില്ല. അതിനാൽ, പരിവർത്തനത്തിനായി കരാറുകാരന് മതിയായ ഇൻപുട്ട് ബില്ലറ്റുകൾ ലഭ്യമാക്കാൻ കഴിഞ്ഞില്ല. തൽഫലമായി, കരാറിന്റെ കാലാവധി സമയത്ത് യഥാർത്ഥ ഉത്പാദനം 8,690.77 മെട്രിക് ടൺ മാത്രം ആയിരുന്നു എങ്കിലും എസ്എസ്കെഎൽ, കരാറുകാരന് 37,305 മെട്രിക് ടണ്ണിനുള്ള പരിവർത്തന ചെലവുകൾ നൽകേണ്ടി വന്നു. തൽഫലമായി 2.16 കോടി രൂപ അധിക ചെലവ് ഉണ്ടായി. കൂടാതെ, ഉറപ്പ് നല്കപ്പെട്ട നേട്ടം കൈവരിക്കാതിരുന്നതിനാൽ എസ്എസ്കെഎല്ലിന് നൽകിയ പരിവർത്തന ചാർജ്ജിൽ നിന്ന് 1.49 കോടി രൂപ സെയിൽ കിഴിച്ചു. എസ്എസ്കെഎല്ലും കരാറുകാരനും തമ്മിലുള്ള കരാറിൽ ഈ തുക ഈടാക്കാനുള്ള വ്യവസ്ഥയുണ്ടെങ്കിലും കരാറുകാരനിൽ നിന്ന് എസ്എസ്കെഎൽ ഇത് ഈടാക്കിയില്ല.

ഉൽപ്പാദനത്തിന്റെ തോത് കുറവായതിനാൽ, 2005 ലെ കേരള മൂല്യവർധിത നികുതി ചട്ടങ്ങൾ പ്രകാരം നിശ്ചിത സമയത്തിനുള്ളിൽ, അതായത് 2016 നവംബറിന് ഉള്ളിൽ എസ്എസ്കെഎല്ലിന് മൂലധന വസ്തുക്കളുടെ മേൽ 3.09 കോടി രൂപ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് നേടാൻ കഴിഞ്ഞില്ല. വിനിയോഗിക്കാത്ത ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ റീഫണ്ടിനായുള്ള എസ്എസ്കെഎല്ലിന്റെ അപേക്ഷ (മാർച്ച് 2017) ബന്ധപ്പെട്ട അധികാരികൾ, കാലഹരണപ്പെട്ടതായി ചൂണ്ടിക്കാട്ടി നിരസിച്ചു (മാർച്ച് 2018).

സർക്കാർ ഓഡിറ്റ് നിരീക്ഷണങ്ങൾ അംഗീകരിച്ചുകൊണ്ട് (ഒക്ടോബർ 2021), വിനിയോഗിക്കാത്ത ക്രെഡിറ്റ് റീഫണ്ട് ചെയ്യുന്നതിനായി നികുതി വകുപ്പിന് നൽകിയ അപ്പീൽ നിരസിക്കപ്പെട്ടതായി പ്രസ്താവിച്ചു.

#### *4.1.7.2* ഉയർന്ന നിലവാരമുള്ള ഉപകരണങ്ങളുടെ ദീർഘകാല സംഭരണം മൂലം ഉണ്ടായ സാങ്കേതിക പ്രശ്നങ്ങൾ

2013 മാർച്ച്/ ഏപ്രിൽ 2013 മാസങ്ങളിൽ കെഎസ്ഡിപിക്ക് ലഭിച്ച ബീറ്റാലാക്റ്റം ഇഞ്ചക്ഷൻ പ്ലാന്റിനുള്ള ഉപകരണങ്ങൾ സിവിൽ വർക്കുകൾ പൂർത്തീകരിക്കുന്നതിലെ കാലതാമസം കാരണം 2017 ഓഗസ്റ്റിൽ മാത്രമേ സ്ഥാപിക്കാനായുള്ളൂ. പ്ലാന്റിന്റെ ട്രയൽ റൺ 2017 ഓഗസ്റ്റിൽ പൂർത്തിയായെങ്കിലും 2018 ഡിസംബറിൽ മാത്രമേ

[44] ഏറ്റവും കുറഞ്ഞ റോളിംഗ് അളവ് 2015 സെപ്റ്റംബർ മുതൽ ഡിസംബർ വരെ ഒരു മെട്രിക് ടണ്ണിന് 850 രൂപ നിരക്കിൽ പ്രതിമാസം 3,000 മെട്രിക് ടൺ 2016 ജനുവരി മുതൽ മാർച്ച് വരെ ഒരു മെട്രിക് ടണ്ണിന് 850 രൂപ നിരക്കിൽ പ്രതിമാസം 2,500 മെട്രിക് ടൺ, 2016 ഏപ്രിൽ മുതൽ 925 രൂപ നിരക്കിൽ പ്രതിമാസം 2,500 മെട്രിക് ടൺ.

ഉൽപ്പാദനം ആരംഭിക്കാനായുള്ളൂ. പ്ലാന്റിന്റെ 2021 മാർച്ച് വരെയുള്ള വിനിയോഗ ശേഷി വാർഷിക പ്രവർത്തന ശേഷിയുടെ 34 മുതൽ 38 ശതമാനം വരെയായിരുന്നു. ഉൽപ്പാദനം ആരംഭിക്കുന്നതിലെ കാലതാമസവും കുറഞ്ഞ അളവിലുള്ള വിനിയോഗ ശേഷിയും മൂലം ഉയർന്ന നിലവാരമുള്ളതും സെൻസിറ്റീവുമായ ഉപകരണങ്ങളുടെ ദീർഘകാല സംഭരണം മൂലമുണ്ടാകുന്ന പ്ലാന്റിന്റെ സാങ്കേതിക തകരാറുകൾ[45] മൂലമാണെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

2019-20, 2020-21 കാലയളവിൽ 14.75 കോടി രൂപയുടെ ഓർഡറുകൾ കെഎസ്ഡിപിക്ക് ലഭിച്ചു. സാങ്കേതിക പ്രശ്നങ്ങൾ കാരണം പ്രവർത്തനത്തിൽ അടിക്കടിയുണ്ടായ തടസ്സങ്ങൾ മൂലം ഈ വിതരണങ്ങൾ 4 മുതൽ 18 മാസം വരെ കാലതാമസം നേരിട്ടതായി ഓഡിറ്റ് നിരീക്ഷിച്ചു. തൽഫലമായി, വിതരണം ചെയ്ത സപ്ലൈയ്ക്കെതിരായ പേയ്മെന്റുകൾ കൃത്യസമയത്ത് ലഭിക്കാതെ വരികയും, അങ്ങനെ പ്രവർത്തന മൂലധനം തടസപ്പെടുകയും ചെയ്തു.

ആരംഭിക്കുമ്പോൾ ഏത് പ്ലാന്റിനും പ്രാരംഭ പ്രശ്നങ്ങൾ ഉണ്ടാകുമെന്ന് സർക്കാർ പ്രസ്താവിച്ചു (ഏപ്രിൽ 2022). പ്രാരംഭ പ്രശ്നങ്ങൾ കാരണം മാത്രമാണ് വിതരണം വൈകിയത്. അതു പിന്നീട് പരിഹരിച്ചു.

എന്നിരുന്നാലും, കാര്യക്ഷമമല്ലാത്ത പദ്ധതി നിർവ്വഹണം കാരണം യന്ത്രസാമഗ്രികൾ ദീർഘകാലം നിഷ്ക്രിയമായി കിടന്നതാണ് പ്രാരംഭ പ്രശ്നങ്ങൾക്ക് കാരണമായത് എന്ന വസ്തുത നിലനിൽക്കുന്നു.

#### *4.1.7.3* മാർക്കറ്റിംഗ് സംരംഭത്തിന്റെ അഭാവവും ഫിനിഷിംഗ് യൂണിറ്റിന്റെ അഭാവവും

പദ്ധതി രേഖയിൽ വിഭാവനം 85 ശതമാനം വിനിയോഗശേഷിക്കുപകരം 2015-16 മുതൽ 2020-21 വരെയുള്ള കാലയളവിൽ കെഎസ്സിസിഎല്ലിന്റെ പിവിസി ടഫ്റ്റിംഗ് യൂണിറ്റ് 19.04 ശതമാനം ശരാശരി വിനിയോഗ ശേഷി കൈവരിച്ചു. അതുപോലെ, ടഫ്റ്റഡ് കയർ മാറ്റുകളുടെ പ്രതീക്ഷിത വിൽപന വിറ്റുവരവ് ഒരു ചതുരശ്ര മീറ്ററിന് 430 രൂപ ആയിരുന്നു എങ്കിലും 2015-16 മുതൽ 2020-21 വരെയുള്ള കാലയളവിൽ ഒരു ചതുരശ്ര മീറ്ററിന് 258 രൂപ മുതൽ 345 രൂപ വരെയായിരുന്നു യഥാർത്ഥ വിൽപന വിറ്റുവരവ്. ഈ കാലയളവിലെ കയറ്റുമതി വിൽപ്പനയുടെ വില ചതുരശ്ര മീറ്ററിന് ശരാശരി 515 രൂപ മുതൽ 532 രൂപ വരെയായിരുന്നു.

വാർഷിക ഉത്പാദനത്തിന്റെ 60 ശതമാനത്തിന് പ്രതിജ്ഞാബദ്ധമായ തിരികെ വാങ്ങൽ (ബൈബാക്ക്) കരാർ ഉണ്ടായിരുന്നിട്ടും, അഞ്ച് വർഷത്തിന് ശേഷവും 25 ശതമാനത്തിലധികം വിനിയോഗ ശേഷി നേടാൻ കെഎസ്സിസിഎല്ലിന് കഴിഞ്ഞില്ല. മൊത്തം ഉൽപ്പാദനത്തിന്റെ 10 മുതൽ 13 ശതമാനം വരെ കേടുപാടുകൾ ഉള്ളതും വിൽക്കാൻ കഴിയാത്തതുമാണെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. എന്നാൽ, ഗുണമേന്മയുള്ള മാറ്റുകളുടെ വിൽപനവില നിശ്ചയിക്കുമ്പോൾ കേടുപാടുള്ള മാറ്റുകളുടെ ഉൽപ്പാദന ച്ചെലവ് കെഎസ്സിസിഎൽ പരിഗണിച്ചില്ല. ഇത് പ്രവർത്തന മൂലധനത്തിന്റെ അഭാവത്തിൽ കലാശിച്ചു. തൽഫലമായി വിനിയോഗശേഷി ബാധിക്കപ്പെട്ടു. കൂടാതെ, പിവിസി ടഫ്റ്റിംഗ് യൂണിറ്റിന് ഫിനിഷിംഗ് യൂണിറ്റ് ഇല്ലാതിരുന്നതിനാൽ ഭാഗികമായി പൂർത്തീകരിച്ച ടഫ്റ്റഡ് കയർ മാറ്റുകൾ ആയിരുന്നു വിറ്റുകൊണ്ടിരുന്നത്. ഇത്, ബൈ ബാക്ക് കരാറിന് കീഴിലല്ലാതെ ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനുള്ള സാധ്യത പരിമിതപ്പെടുത്തി.

[45] ഓട്ടോക്ലേവ്, കൺവെയർ ബെൽറ്റ്, ഹ്യുമിഡിഫയർ, ഹീറ്റർ പവർ ബാങ്ക്, ബോയിലർ, സീലിംഗ് മെഷീൻ, ടണലിലെ ഉയർന്ന താപനില തുടങ്ങിയവയിലെ തകരാറുകൾ.

[46] ഒരു ഷിഫ്റ്റിന് 1,200 സ്ക്വയർ മീറ്റർ ആയിരുന്നു പരമാവധി പ്രതീക്ഷിച്ച ശേഷി ഒരു ഷിഫ്റ്റിന് 960 മീറ്റർ ആയിരുന്നു പരമാവധി ശേഷി (അതായത്, സ്ഥാപിതശേഷിയുടെ 79 ശതമാനം).

പ്രവർത്തന മൂലധനത്തിന്റെ കുറവും കയറിന്റെ ഉയർന്ന വിലയും വിനിയോഗശേഷിയെ ബാധിച്ചതായി കെഎസ്‌സിസിഎൽ പ്രസ്താവിച്ചു (സെപ്റ്റംബർ 2021). കൂടാതെ, ഒരു പരിധിക്കപ്പുറം[46] യന്ത്ര വേഗത വർദ്ധിപ്പിക്കുന്നത് കൂടുതൽ സാമഗ്രികൾ പാഴാക്കുന്നതിന് കാരണമാകുമെന്നതിനാൽ പരമാവധി ശേഷി കൈവരിക്കാൻ സാധിച്ചില്ല. 2021 ഫെബ്രുവരി മുതൽ, ഓഡിറ്റ് നിർദ്ദേശിച്ച പ്രകാരം, പാഴായത് ഉൾപ്പെടെയുള്ള മൊത്തം ഉൽപാദനച്ചെലവ് പരിഗണിച്ചാണ് ചെലവ് കണക്കാക്കുന്നത്. ഫണ്ടിന്റെ ദൗർലഭ്യം കാരണം ഫിനിഷിംഗ് യൂണിറ്റ് സ്ഥാപിക്കാനായില്ല. ഈ നിരീക്ഷണത്തിന് സർക്കാരിന്റെ മറുപടി പ്രതീക്ഷിക്കുന്നു.

മറുപടി ന്യായമായിരുന്നില്ല. സർക്കാരിന്റെ അനുമതി ഉത്തരവ് പ്രകാരം, പ്രവർത്തന മൂലധനം ക്രമീകരിക്കുന്നത് കെഎസ്‌സിസിഎല്ലിന്റെ ചുമതലായായിരുന്നു. യന്ത്രങ്ങൾ സ്വീകരിക്കുന്ന സമയത്തോ കരാറുകാരന് പെർഫോമൻസ് ഗ്യാരന്റി തുക തിരികെ നല്കുന്നതിന് മുൻപോ മറുപടിയിൽ പറഞ്ഞ സാങ്കേതിക പ്രശ്നം റിപ്പോർട്ട് ചെയ്തിരുന്നില്ല. ഉറപ്പ് നല്കപ്പെട്ട സാങ്കേതിക സവിശേഷതകൾ ഉറപ്പാക്കാതെയാണ് പ്ലാന്റ് സ്വീകരിച്ചതെന്ന് ഇത് സൂചിപ്പിക്കുന്നു. സാങ്കേതിക പരിമിതി ഉണ്ടായിരുന്നെങ്കിലും പ്ലാന്റിന് 79 ശതമാനം വരെ ശേഷി വിനിയോഗം നേടാമായിരുന്നു.

#### *4.1.7.4* സൃഷ്ടിച്ച സൗകര്യങ്ങളുടെ നിഷ്ക്രിയത്വം

പുനരുജ്ജീവന, പുനരുദ്ധാരണ പദ്ധതിക്കു കീഴിൽ സ്മാർട്ട് മീറ്ററുകൾ, എൽഇഡി തെരുവ് വിളക്കുകൾ എന്നിവ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ യുഇഐഎൽ നടപ്പിലാക്കി.

സ്മാർട്ട് മീറ്റർ പദ്ധതിയുടെ കാര്യത്തിൽ, ഓർഡറുകളൊന്നും ലഭിക്കാത്തതിനാൽ യുഇഐഎല്ലിന് ഉൽപ്പാദനം ആരംഭിക്കാനായില്ല. 22 സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണപ്രദേശങ്ങളിലും 1.12 കോടി സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെന്നും അതിൽ 24/12/2021 വരെ 34.25 ലക്ഷം മീറ്ററുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും ഓഡിറ്റ് നിരീക്ഷിച്ചു. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് (കെഎസ്ഇബിഎൽ) ക്ഷണിച്ച ടെൻഡർ ഒഴികെ സ്മാർട്ട് മീറ്റർ വിതരണത്തിനുള്ള ഒരു ടെൻഡറിലും (സെപ്റ്റംബർ 2018) യുഇഐഎൽ പങ്കെടുത്തില്ല. എന്നാൽ കെഎസ്ഇബിഎൽ ടെൻഡറിൽ കമ്പനിക്ക് യോഗ്യത നേടാൻ കഴിഞ്ഞില്ല. എൽഇഡി തെരുവ് വിളക്കുകളുടെ കാര്യത്തിൽ, പ്രതിവർഷം ശരാശരി 1.27 ലക്ഷം തെരുവ് വിളക്കുകളുടെ ഉത്പാദനം വിഭാവനം ചെയ്തു എങ്കിലും യുഇഐഎൽ 2018-19 മുതൽ 2020-21 വരെയുള്ള കാലയളവിൽ 4,667 തെരുവ് വിളക്കുകൾ മാത്രമാണ് നിർമ്മിച്ചത്. അതിൽ 160 യൂണിറ്റുകൾ 2021 മാർച്ച് വരെ വിറ്റു. ഇത് 1.24 കോടി രൂപയുടെ ഫണ്ട് തടസപ്പെടാൻ കാരണമായി. 2018-19 മുതൽ 2020-21 വരെയുള്ള കാലയളവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച എൽഇഡി തെരുവ് വിളക്കുകൾക്കായുള്ള 41.72 കോടി രൂപയുടെ ഓർഡറുകൾ യുഇഐഎൽ നടപ്പിലാക്കിയതായി ഓഡിറ്റ് നിരീക്ഷിച്ചു. ഓർഡറുകൾ പ്രത്യേക ബ്രാൻഡുകൾക്ക് വേണ്ടി ആയിരുന്നതിനാൽ സബ് കോൺട്രാക്ടർമാർ വഴിയാണ് അവ നടപ്പാക്കിയത്. കൂടാതെ, ബ്രാൻഡ് നിഷ്കർഷിക്കുന്നത് സ്റ്റോർസ് പർച്ചേസ് മാനുവൽ (റൂൾ 4.1) വിലക്കിയിട്ടുണ്ട് എന്നതിനാൽ, ഏതെങ്കിലും ബ്രാൻഡ് വ്യക്തമാക്കാതെ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിന് യുഇഐഎൽ സർക്കാരുമായോ ബന്ധപ്പെട്ട വകുപ്പുമായോ ബന്ധപ്പെട്ടിട്ടില്ല.

സ്മാർട്ട് മീറ്റർ ഉത്പാദനം ആരംഭിച്ചിട്ടില്ല എന്നും കെഎസ്ഇബിഎൽ കൂടുതൽ ടെൻഡറുകൾ ക്ഷണിച്ചില്ല എന്നതിനാൽ സ്മാർട്ട് മീറ്ററുകൾക്കുള്ള ഓർഡറുകൾ ലഭിക്കുന്നതിന് യുഇഐഎൽ എല്ലാ ശ്രമങ്ങളും നടത്തിവരികയാണ് എന്നും സർക്കാർ

മറുപടി നല്കി (ഏപ്രിൽ 2022). കൂടാതെ, ആസൂത്രിത ലക്ഷ്യം നേടുന്നതിനായി യുഇഐഎൽ അവരുടെ സ്വന്തം എൽഇഡി തെരുവ് വിളക്കുകൾ സജീവമായി വിപണനം ചെയ്യുകയും, തുടർന്ന് 180 യൂണിറ്റുകൾ വിൽക്കുകയും ചെയ്തു.

കെഎസ്ഇബിഎൽ ഒഴികെയുള്ള സ്ഥാപനങ്ങൾ ക്ഷണിച്ച സ്മാർട്ട് മീറ്ററുകൾക്കായുള്ള ടെൻഡറുകളിൽ യുഇഐഎൽ പങ്കെടുക്കാത്തതിനാൽ മറുപടി ന്യായമല്ല. 2022 ഏപ്രിൽ വരെ വിറ്റഴിക്കപ്പെട്ട എൽഇഡി തെരുവുവിളക്കുകളുടെ എണ്ണം മൊത്തം ഉൽപ്പാദനത്തിന്റെ 7.28 ശതമാനം മാത്രമായതിനാൽ സ്വന്തം ബ്രാൻഡ് വിൽക്കാൻ യുഇഐഎൽ നടത്തിയ ശ്രമങ്ങൾ പര്യാപ്തമായിരുന്നില്ല.

**_4.1.7.5_ കയറ്റുമതി ബാധ്യത നിറവേറ്റുന്നതിലെ പരാജയം**

സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് (എസ്ഐഎഫ്എൽ) നിലവിലുള്ള 10 ടൺ ഹാമ്മറിന്റെ ഉപയോഗ കാലാവധി കഴിഞ്ഞതിനാൽ 16 ടൺ ശേഷിയുള്ള ഹാമ്മറും ഒരു മൊബൈൽ ഫോർജിംഗ് മാനിപ്പുലേറ്ററും 20.99 കോടി രൂപ ചെലവിട്ട് സ്ഥാപിച്ചു. എക്സ്പോർട്ട് പ്രമോഷൻ ക്യാപിറ്റൽ ഗുഡ്സ് (ഇപിസിജി) പദ്ധതി, 2013 പ്രകാരമാണ് ഹാമ്മർ ഇറക്കുമതി ചെയ്തത്. ഇതിലൂടെ 4.36 കോടി രൂപയുടെ കസ്റ്റംസ് തീരുവ ഇളവ് ലഭിച്ചു. 2019 സെപ്റ്റംബറോടെ 26.18 കോടി രൂപ മൂല്യമുള്ള ഉൽപ്പന്നങ്ങൾ കമ്പനി കയറ്റുമതി ചെയ്യുമെന്ന വ്യവസ്ഥയിലാണ് കസ്റ്റംസ് തീരുവ ഒഴിവാക്കിയത്. എന്നിരുന്നാലും, എസ്ഐഎഫ്എൽ 2021 സെപ്റ്റംബർ വരെ 9.00 കോടി രൂപയുടെ കയറ്റുമതി വിൽപ്പന മാത്രമാണ് നേടിയത്. ശേഷിക്കുന്ന ബാധ്യത നിറവേറ്റുന്നതിന് രണ്ട് വർഷം കൂടി സമയം നീട്ടുന്നതിനുള്ള എസ്ഐഎഫ്എല്ലിന്റെ അപേക്ഷ (ജനുവരി 2020) നിരസിച്ചു (2020−21). അതിനാൽ, കസ്റ്റംസ് തീരുവ ഇനത്തിൽ 4.36 കോടി രൂപയും പലിശ ഇനത്തിൽ 4.71 കോടി രൂപയും (2021 മാർച്ച് വരെ) അടയ്ക്കാൻ എസ്ഐഎഫ്എൽ ബാധ്യസ്ഥരായിരുന്നു,

കൂടുതൽ കയറ്റുമതി ഓർഡറുകൾ നേടാനുള്ള ബിസിനസ് പ്ലാൻ ഇല്ലാതെ, സാമ്പത്തിക പരിമിതികൾ കാരണം കസ്റ്റംസ് ഡ്യൂട്ടി അടയ്ക്കുന്നത് ഒഴിവാക്കാൻ ആണ് എസ്ഐഎഫ്എൽ, ഇപിസിജി പദ്ധതി തെരഞ്ഞെടുത്തത് എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. കൂടാതെ, നിലവിലുള്ള ഹാമ്മറിന് പകരം ഉയർന്ന അളവിലുള്ള കമ്പനവും ശബ്ദ മലിനീകരണവും സൃഷ്ടിക്കുന്ന ഉയർന്ന ശേഷിയുള്ള ഹാമ്മറാണ് സ്ഥാപിച്ചത് എന്നതിനാൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മൂന്നര വർഷത്തേക്ക് (മാർച്ച് 2015 മുതൽ ഒക്ടോബർ 2018 വരെ) പ്ലാന്റിന്റെ തുടർച്ചയായ പ്രവർത്തനം നിർത്തിവയ്പിച്ചു.

കയറ്റുമതി ബാധ്യത നിറവേറ്റുന്നതിനായി എസ്ഐഎഫ്എൽ അഞ്ച് വർഷത്തേക്ക് കൂടി സാവകാശം നീട്ടി നേടുന്ന പ്രക്രിയയിലാണെന്നും നീട്ടിയ കാലയളവിനുള്ളിൽ അത് നേടാനാകുമെന്ന പ്രതീക്ഷയുണ്ടെന്നും സർക്കാർ പ്രസ്താവിച്ചു (ഒക്ടോബർ 2021).

രണ്ട് വർഷത്തേക്ക് നീട്ടുന്നതിനുള്ള എസ്ഐഎഫ്എല്ലിന്റെ അഭ്യർത്ഥന ഉത്തരവാദപ്പെട്ട അധികാരി ഇതിനകം നിരസിച്ചിട്ടുള്ളതിനാൽ മറുപടി ന്യായമല്ല. അതിനാൽ, അഞ്ച് വർഷത്തേക്ക് നീട്ടാനുള്ള സാധ്യത വിദൂരമാണ്. കൂടാതെ, നിലവിലുള്ള ഹാമ്മറിന് പകരം ഉയർന്ന ശേഷിയുള്ള ഹാമ്മർ സ്ഥാപിക്കുന്നതിനുള്ള യുക്തിയെക്കുറിച്ച് മറുപടി നിശബ്ദമായിരുന്നു.

**ഉപസംഹാരം**

***4.1.8*** 16 പദ്ധതികളിൽ നാലെണ്ണവുമായി ബന്ധപ്പെട്ട് പൊതുമേഖലാ സ്ഥാപനങ്ങൾ സമർപ്പിച്ച പദ്ധതി രേഖകൾ റിയാബ്/ കേരള സർക്കാർ വിശദമായ പരിശോധനാ പ്രക്രിയ കൂടാതെ അംഗീകരിച്ചു. പദ്ധതികളുടെ ഫണ്ടിംഗ് പാറ്റേണിലും റിയാബ്/ സർക്കാർ പദ്ധതികളുടെ വിജയ സാധ്യതയെ എപ്രകാരം ബാധിക്കും എന്ന് വിലയി രുത്താതെ മാറ്റങ്ങൾ വരുത്തി. ഇത് പദ്ധതി ഉപേക്ഷിക്കുന്നതിലേക്കും/ അപര്യാപ്ത മായ പ്രകടനത്തിലേക്കും നയിച്ചു.

ഉറപ്പ് നല്കപ്പെട്ട സാങ്കേതിക മാനദണ്ഡങ്ങൾ കൈവരിക്കാതെ ഇരുന്നിട്ടും 59.81 കോടി രൂപ വിലയുള്ള ടിഎംടി റോളിംഗ് മിൽ എസ്എസ്കെഎൽ സ്വീകരിച്ചു. ഗ്യാരന്റി ചെയ്ത ഉത്പാദനം നേടിയില്ലെങ്കിലും, കരാറുകാരനെതിരെ കരാർ വ്യവസ്ഥ യിലെ പരിഹാരങ്ങൾ എസ്എസ്കെഎൽ സ്വീകരിച്ചില്ല. അംഗീകൃത പദ്ധതിക്കായി എംസിഎൽ 66.33 കോടി രൂപ ചെലവഴിച്ചു. എംസിഎൽ പദ്ധതി പരിഷ്കരിക്കുകയും, അതിന് സർക്കാർ അനുമതി ഇതുവരെ ലഭ്യമാകാതിരിക്കുകയും ചെയ്തതിനാൽ പദ്ധതിയുടെ നടത്തിപ്പ് മുന്നോട്ട് പോയില്ല. മോശം പദ്ധതി നിർവഹണ രീതികൾ ഉപ കരണങ്ങൾ ഉപയോഗിക്കാതിരിക്കുന്നതിനും പദ്ധതികൾ പൂർത്തീകരിക്കുന്നതിന് 82 മാസം വരെ കാലതാമസമുണ്ടാകുന്നതിനും കാരണമായി.

ഒരു പദ്ധതിയുമായി ബന്ധപ്പെട്ട് സർക്കാർ ഫണ്ട് അനുവദിക്കുന്നതിലെ കാലതാമസം 3.43 കോടി രൂപയുടെ അധിക ചെലവിന് കാരണമായി. അഞ്ച് പൊതുമേഖലാ സ്ഥാപനങ്ങൾ 21.52 കോടി രൂപ മറ്റ് ആവശ്യങ്ങൾക്കായി വകമാറ്റി.

200.17 കോടി രൂപ നിക്ഷേപിച്ചിട്ടും, പൂർത്തീകരിച്ച പദ്ധതികളൊന്നും അതത് പദ്ധതി രേഖകളിൽ വിഭാവനം ചെയ്തതുപോലെ പ്രകടനം കാഴ്ച വയ്ക്കുകയോ പുനരു ജ്ജീവന, പുനരുദ്ധാരണ പദ്ധതികളിൽ നിന്ന് ഉദ്ദേശിച്ച നേട്ടങ്ങൾ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ലഭിക്കുകയോ ചെയ്തില്ല. കൂടാതെ, പൂർത്തിയാക്കിയ പദ്ധതികളുടെ പ്രകടനം സർക്കാർ അവലോകനം ചെയ്തിട്ടില്ല, എന്നതിനാൽ മോശം പ്രകടന ത്തിനുള്ള കാരണങ്ങൾ പരിഹരിക്കപ്പെടാതെ അവശേഷിക്കുന്നു.

***ശുപാർശ: സർക്കാരിന് ഇനിപ്പറയുന്നവ ചെയ്യാമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു:***

- ***പദ്ധതിയുടെ വിജയസാധ്യത സ്ഥാപിക്കുന്നതിനുള്ള ശാസ്ത്രീയ പദ്ധതി അവ ലോകനരീതികളെ അടിസ്ഥാനമാക്കിയാണ് പദ്ധതി പരിശോധിക്കുന്നത് എന്ന് ഉറപ്പാക്കുക.***
- ***പദ്ധതിയുടെ നടത്തിപ്പിൽ കരാറുകാർക്ക് അനർഹമായ ആനുകൂല്യങ്ങൾ/ക്രമ ക്കേടുകൾ എന്നിവ ശ്രദ്ധയിൽപ്പെട്ടിടത്തെല്ലാം ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുക.***
- ***പദ്ധതി നടപ്പിലാക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള ഷെഡ്യൂളുകളെ അടിസ്ഥാന മാക്കി ഫണ്ട് റിലീസ് ചെയ്യുന്നതിന് ഒരു സംവിധാനം രൂപപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുകയും പദ്ധതിക്കായി നീക്കിവച്ചിരിക്കുന്ന ഫണ്ട് വക മാറ്റുന്നത് ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുകയും ചെയ്യുക.***
- ***തീർപ്പുകൽപ്പിക്കാത്ത പ്രശ്നങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ അവ പരിഹരിക്കു ന്നതിനും അവയുടെ നിർവ്വഹണം വേഗത്തിൽ ട്രാക്കുചെയ്യുന്നതിനും നടന്നു കൊണ്ടിരിക്കുന്ന പദ്ധതികൾ മുൻഗണനയിൽ അവലോകനം ചെയ്യുന്നുവെന്ന് ഉറപ്പാക്കുക.***
- ***ലക്ഷ്യങ്ങളുടെ നേട്ടം വിലയിരുത്തുന്നതിനും മോശം പ്രകടനത്തിനുള്ള കാരണങ്ങൾ പരിഹരിക്കുന്നതിനും പൂർത്തിയാക്കിയ പദ്ധതികളുടെ പ്രകടനം അവലോകനം ചെയ്യുക.***

## ട്രാൻസ്ഫോർമേഴ്സ് ആൻഡ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ്

### *4.2* ഒഴിവാക്കാമായിരുന്ന നഷ്ടം

**കരാറിൽ പെർഫോമൻസ് സെക്യൂരിറ്റിയുടെ വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിലും അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കാതിരുന്ന വിതരണക്കാരനെതിരെ 'റിസ്ക് ആൻഡ് കോസ്റ്റ്' വ്യവസ്ഥ പ്രയോഗിക്കുന്നതിലും ഉള്ള കമ്പനിയുടെ പരാജയം 65.42 ലക്ഷം രൂപയുടെ ഒഴിവാക്കാമായിരുന്ന നഷ്ടത്തിന് കാരണമായി.**

പവർ ട്രാൻസ്ഫോർമറുകൾ, ടർബൈനുകൾ തുടങ്ങിയ ഹെവി ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന കമ്പനിയാണ് ട്രാൻസ്ഫോർമേഴ്സ് ആൻഡ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ് (കമ്പനി). കിലോയ്ക്ക് യഥാക്രമം 143 രൂപ, 129 രൂപ എന്ന നിരക്കിൽ 3,45,632 കിലോഗ്രാം, 6,13,672 കിലോഗ്രാം എന്നിങ്ങനെ കോൾഡ് റോൾഡ് ഗ്രെയിൻ ഓറിയന്റഡ് (സിആർജിഒ) സ്റ്റീൽ[47] വിതരണം ചെയ്യുന്നതിനായി നെക്സസ് ഇലക്ട്രോ സ്റ്റീൽ ലിമിറ്റഡിന് (എൻഇഎസ്എൽ) കമ്പനി രണ്ട് പർച്ചേസ് ഓർഡറുകൾ (ഡിസംബർ 2016/ ജനുവരി 2017) നൽകി. കരാറിന്റെ നിബന്ധനകളും വ്യവസ്ഥകളും പ്രകാരം നിശ്ചിത സമയത്തിനുള്ളിൽ വിതരണം ചെയ്യുന്നതിൽ പരാജയപ്പെടുന്ന സാഹചര്യത്തിൽ വിതരണക്കാരന്റെ റിസ്ക് ആൻഡ് കോസ്റ്റിൽ മറ്റെവിടെ നിന്നെങ്കിലും സിആർജിഒ സ്റ്റീൽ വാങ്ങാൻ കമ്പനിക്ക് അധികാരമുണ്ടായിരുന്നു.

എൻഇഎസ്എൽ രണ്ട് മുതൽ 70 ദിവസം വരെ കാലതാമസത്തോടെ ഒന്നും രണ്ടും പർച്ചേസ് ഓർഡറുകൾക്കെതിരെ യഥാക്രമം 1,74,300 കിലോഗ്രാമും, 1,54,928 കിലോഗ്രാമും വിതരണം ചെയ്തതായി ഓഡിറ്റ് നിരീക്ഷിച്ചു. ബാക്കിയുള്ള സിആർജിഒ സ്റ്റീൽ (6,30,076 കിലോഗ്രാം)[48] വിതരണം ചെയ്യുന്നതിൽ എൻഇഎസ്എൽ പരാജയപ്പെട്ടതിനാൽ, കമ്പനി മറ്റ് കക്ഷികളിൽ നിന്ന് ഉയർന്ന വിലയ്ക്ക് വാങ്ങി (മേയ്/ജൂലൈ/ഓഗസ്റ്റ് 2017). ഇതുമൂലം 92.42 ലക്ഷം രൂപയുടെ അധികച്ചെലവ് ഉണ്ടായി. വിതരണം വൈകിയതിന് കമ്പനി 21.72 ലക്ഷം രൂപയുടെ ലിക്വിഡേറ്റഡ് ഡാമേജസ് എൻഇഎസ്എല്ലിൽ നിന്ന് ഈടാക്കി. എന്നിരുന്നാലും, മറ്റ് കക്ഷികളിൽ നിന്ന് സിആർജിഒ സ്റ്റീൽ വാങ്ങുമ്പോൾ എൻഇഎസ്എല്ലിനെതിരെ 'റിസ്ക് ആൻഡ് കോസ്റ്റ്' വ്യവസ്ഥ പ്രയോഗിക്കുന്നതിൽ, അധിക ചെലവ് എൻഇഎസ്എല്ലിൽ നിന്ന് ഈടാക്കുന്നതിന് അത് അനിവാര്യമായിരുന്നുവെങ്കിലും, കമ്പനി പരാജയപ്പെട്ടു. കൂടാതെ, കേരള സർക്കാരിന്റെ സ്റ്റോർസ് പർച്ചേസ് മാന്വൽ (എസ് പി എം) വിഭാവന ചെയ്യുന്ന പ്രകാരം കരാറിന്റെ നിബന്ധനകളിലും വ്യവസ്ഥകളിലും പെർഫോർമൻസ് സെക്യൂരിറ്റിയുടെ[49] വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിൽ കമ്പനി പരാജയപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടു. എന്നാൽ, 27 ലക്ഷം രൂപ ഏണസ്റ്റ് മണി ഡെപ്പോസിറ്റ് ഇനത്തിൽ കമ്പനി കൈവശം വച്ചു എങ്കിലും 64.30 ലക്ഷം[50] രൂപയുടെ പെർഫോർമൻസ് സെക്യൂരിറ്റി വാങ്ങിയില്ല. അധികച്ചെലവ് തിരിച്ചുപിടിക്കാതിരുന്നത് 65.42[51] ലക്ഷം രൂപയുടെ ഒഴിവാക്കാവുന്ന നഷ്ടത്തിലേക്ക് നയിച്ചു.

കമ്പനി നിലവിൽ പെർഫോർമൻസ് ഗ്യാരന്റി നല്കുന്നത് നിർബന്ധമാക്കിയിട്ടുണ്ട് എന്ന് കേരള സർക്കാർ (ഡിസംബർ 2021) മറുപടി നൽകി. ഇക്കാരണത്താൽ, പ്രധാന

---

[47] പവർ ട്രാൻസ്ഫോർമറുകളുടെ നിർമ്മാണത്തിനു ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കളിലെ ഒരു പ്രധാന ഇനമാണ് സിആർജിഒ സ്റ്റീൽ.

[48] ആദ്യ പർച്ചേസ് ഓർഡറിൽ 1,71,332 കിലോഗ്രാമും രണ്ടാം പർച്ചേസ് ഓർഡറിൽ 4,58,744 കിലോഗ്രാമും.

[49] കരാറിന്റെ മൂല്യത്തിന്റെ അഞ്ചു ശതമാനത്തിനു തുല്യമായ പെർഫോർമൻസ് സെക്യൂരിറ്റി.

[50] പർച്ചേസ് ഓർഡറിന്റെ മൂല്യത്തിന്റെ അഞ്ച് ശതമാനം; അതായത് (7.92 കോടി രൂപ + 4.94 കോടി രൂപ) × 5 ശതമാനം.

[51] അധികച്ചെലവ് : 92.42 ലക്ഷം രൂപയിൽ നിന്ന്, മടക്കി നൽകാത്ത ഏണസ്റ്റ് മണി ഡെപ്പോസിറ്റ് തുകയായ 27.00 ലക്ഷം രൂപ കുറച്ചത്.

വിതരണക്കാർ ഒന്നുകിൽ ക്വോട്ട് ചെയ്യാതിരിക്കുകയോ ഉയർന്ന തുക ക്വോട്ട് ചെയ്യുകയോ ചെയ്യുന്നു. കൂടാതെ, പണമടയ്ക്കുന്നതിന് ലെറ്റർ ഓഫ് ക്രെഡിറ്റ് ആവശ്യപ്പെടുകയും ചെയ്യുന്നു. ക്വോട്ട് ചെയ്യുന്ന ചെറുകിട വിതരണക്കാർ പെർഫോർമൻസ് ബാങ്ക് ഗ്യാരന്റി നൽകുന്നില്ല. അത്തരം സന്ദർഭങ്ങളിൽ, അവർക്ക് നൽകേണ്ട തത്തുല്യമായ തുക തടഞ്ഞുവയ്ക്കുക എന്നതായിരുന്നു ഏക പോംവഴി. അതിനാൽ, എസ്പിഎമ്മിന്റെ വ്യവസ്ഥകൾ പൂർണ്ണമായും നടപ്പിലാക്കാൻ കമ്പനി പ്രയാസപ്പെടുകയാണ്. കൂടാതെ, എൻഇഎസ്എൽ അപ്രതീക്ഷിതമായി പാപ്പരായി പോയെന്നും അവർക്ക് നൽകാൻ തുകയൊന്നും ബാക്കിയില്ല എന്നതിനാൽ ഒരു തുകയും വീണ്ടെടുക്കാൻ കഴിയില്ലെന്നും മറുപടി നൽകി.

പെർഫോർമൻസ് ഗ്യാരന്റി വാങ്ങേണ്ടത് എസ്പിഎം നിർബന്ധമാക്കിയിരിക്കുന്നതിനാലും വിതരണക്കാർ നിർവ്വഹണത്തിൽ പരാജയപ്പെടുന്ന സാഹചര്യത്തിൽ കമ്പനിയുടെ സാമ്പത്തിക താൽപ്പര്യം സംരക്ഷിക്കുന്നതിന് അത് അത്യന്താപേക്ഷിതമായതിനാലും മറുപടി സ്വീകാര്യമല്ല. എൻഇഎസ്എല്ലിന്റെ അപ്രതീക്ഷിതമായ പാപ്പരത്തം ഈ ആവശ്യകതയ്ക്ക് അടിവരയിടുന്നു. കൂടാതെ, മറ്റ് കക്ഷികളിൽ നിന്ന് അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിന് മുൻപ് 'റിസ്ക് ആൻഡ് കോസ്റ്റ്' ക്ലോസ് പ്രയോഗിക്കാത്തതിനാൽ, നിയമ വ്യവഹാരത്തിലൂടെ അധിക ചെലവ് വീണ്ടെടുക്കാനുള്ള അവസരം കമ്പനിക്ക് നഷ്ടമായി.

***ശുപാർശ : സംഭരണത്തിനായി സ്റ്റോർ പർച്ചേസ് മാന്വലിന്റെ വ്യവസ്ഥകൾ കമ്പനി കർശനമായി പാലിക്കണമെന്ന് ശുപാർശ ചെയ്യുന്നു.***

### *4.3* മതിപ്പ് വിലയേക്കാൾ കുറഞ്ഞ തുക ക്വോട്ട് ചെയ്തതിനാൽ ഉണ്ടായ ഒഴിവാക്കാമായിരുന്ന നഷ്ടം

**ക്വോട്ട് ചെയ്ത വില സാമഗ്രികളുടെ മതിപ്പ് വിലയേക്കാൾ കുറവായിരുന്നത് 2.12 കോടി രൂപയുടെ ഒഴിവാക്കാമായിരുന്ന നഷ്ടത്തിനും 1.26 കോടി രൂപയുടെ ലിക്വിഡേറ്റഡ് ഡാമേജസിനും കാരണമായി. കൂടാതെ, ഗതാഗതച്ചെലവ് നിർണ്ണയിച്ചതിലെ അപാകത കാരണം 0.46 കോടി രൂപയുടെ അധികച്ചെലവുണ്ടായി.**

ട്രാൻസ്ഫോർമേഴ്സ് ആൻഡ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ് (കമ്പനി) 29 ട്രാൻസ്ഫോർമറുകൾ, 29 നൈട്രജൻ ഇഞ്ചക്ഷൻ ഫയർ പ്രിവൻഷൻ ആൻഡ് എക്സിറ്റിംഗ്വിഷിങ്ങ് സിസ്റ്റംസ് (എൻ.ഐ.എഫ്.പി.ഇ.എസ്) ഉൾപ്പടെ വിതരണം ചെയ്യുന്നതിനായി രാജസ്ഥാൻ രാജ്യ വിദ്യുത് പ്രസരൺ നിഗം ലിമിറ്റഡ് (ആർആർവിപിഎൻഎൽ) നടത്തിയ ടെൻഡറിൽ പങ്കെടുത്തു (2013 ജൂൺ). ടെൻഡർ വ്യവസ്ഥകൾ ട്രാൻസ്ഫോർമറുകൾക്ക് ചില നിർബന്ധിത സാങ്കേതിക ആവശ്യകതകൾ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ, ടെണ്ടർ വ്യവസ്ഥ 3.27.4 അനുസരിച്ച്, പ്രോട്ടോടൈപ്പിനെ ലൈറ്റ്നിങ് ഇംപൾസ് ടെസ്റ്റ്, ടെമ്പറേച്ചർ റൈസ് ടെസ്റ്റ്, സെൻട്രൽ പവർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ചെമ്പ് നഷ്ടം നിർണ്ണയിക്കാനുള്ള ഷോർട്ട് സർക്യൂട്ട് ടെസ്റ്റ് എന്നീ ടൈപ്പ് ടെസ്റ്റുകൾക്കും വിധേയമാക്കേണ്ടതുണ്ട്.

ഒരു ടെൻഡറിൽ പങ്കെടുക്കുന്നതിന് കമ്പനിയിൽ നിലവിലുള്ള നടപടിക്രമം അനുസരിച്ച്, സാമഗ്രികളുടെ ചെലവ് കണക്കാക്കുകയും സാങ്കേതിക വിശദാംശങ്ങൾ തയ്യാറാക്കുകയും ചെയ്യുന്നത് ഡിസൈൻ വിഭാഗം ആണ്. മാർക്കറ്റിംഗ് വിഭാഗം മേൽപ്പറഞ്ഞവയുടെ വാണിജ്യ അവലോകനം നടത്തുകയും മാനേജിംഗ് ഡയറക്ടറുടെ നേതൃത്വത്തിലുള്ള ഒരു കമ്മിറ്റി ക്വോട്ട് ചെയ്യാനുള്ള വില അംഗീകരിക്കുകയും

---

[52] സാധനസാമഗ്രികൾ – 1.68 കോടി രൂപ, ലേബർ – 0.40 കോടി രൂപ, ഓവർഹെഡ് – 0.50 കോടി രൂപ മുതലായവ.

ചെയ്യുന്നു. പ്രസ്തുത കേസിൽ ഒരു ട്രാൻസ്ഫോർമറിന്റെ നിർമ്മാണച്ചെലവ് ആയി ഡിസൈൻ ഡിപ്പാർട്ട്മെന്റ് കണക്കാക്കിയത് (19 ജൂലൈ 2013) 2.58 കോടി[52] രൂപ യാണ്. അസംസ്കൃത വസ്തുക്കൾ, ഘടകങ്ങൾ, ഉപഭോഗവസ്തുക്കൾ, പാക്കിംഗ്, എൻ.ഐ.എഫ്.പി.ഇ.എസ് എന്നിവയുടെ വില ഉൾപ്പെട്ടതാണ് 1.68 കോടി രൂപയുടെ മെറ്റീരിയൽ ചെലവ്. മാനേജിംഗ് ഡയറക്ടറുടെ നേതൃത്വത്തിലുള്ള സമിതി വേതന ഇനത്തിലും ഓവർഹെഡ് ഇനത്തിലും ഉള്ള ചെലവുകളെ ഒഴിവാക്കിക്കൊണ്ട് സാമഗ്രികളുടെ മതിപ്പ് ചെലവ് 1.58 കോടി രൂപയായി കുറച്ചു ഒരു ട്രാൻസ്ഫോർമറിന് 1.63 കോടി രൂപയാണ് എക്സ് വർക്ക് വിലയായി നിശ്ചയിച്ചത്. ഡിസൈൻ വിഭാഗം സാമഗ്രികളുടെ വില ഒരു ശതമാനവും, മെറ്റീരിയൽസ് വിഭാഗം അസംസ്കൃത വസ്തുക്കളുടെ വില രണ്ട് ശതമാനവും, ഘടകങ്ങളുടെ വില ആറ് ശതമാനവും കുറയ്ക്കുമെന്നതിന്റെ അടിസ്ഥാനത്തിലാണ് ഇത് ചെയ്തത്. കമ്പനി ക്വോട്ട് ചെയ്ത വില ഏറ്റവും കുറഞ്ഞതായി ഭവിക്കുകയും 18 ട്രാൻസ്ഫോർമറുകൾ നിർമ്മിക്കുന്ന തിനും വിതരണം ചെയ്യുന്നതിനുമുള്ള സപ്ലൈ ഓർഡർ കമ്പനിക്ക് ലഭിക്കുകയും (ഡിസംബർ 2013) ചെയ്തു.

സാമഗ്രികളുടെ ചെലവ് കുറയ്ക്കുന്നതിനുള്ള ഡിസൈൻ വിഭാഗത്തിന്റെയും മെറ്റീരിയൽ വിഭാഗത്തിന്റെയും അനുമാനം അതിന്റെ പ്രായോഗികത ഉറപ്പാക്കാതെ കമ്പനി അംഗീകരിച്ചതായി ഓഡിറ്റ് നിരീക്ഷിച്ചു (ഓഗസ്റ്റ് 2016). ചെലവ് കുറയ്ക്കും എന്ന ഡിസൈൻ വിഭാഗത്തിന്റെ അവകാശവാദം അസംസ്കൃത വസ്തുക്കൾ കുറഞ്ഞ അളവിൽ ഉപയോഗിച്ചു നിർമ്മിക്കുന്ന ട്രാൻസ്ഫോമറുകളുടെ വിജയകരമായ പരീക്ഷണത്തെ ആശ്രയിച്ചായിരുന്നു. ആവശ്യമായ സാങ്കേതിക സവിശേഷതകൾ പാലിക്കുന്നതിൽ പ്രോട്ടോടൈപ്പ് പരാജയപ്പെട്ടതിനാൽ, ഡിസൈൻ വിഭാഗത്തിന് ട്രാൻസ്ഫോർമർ പുനർരൂപകൽപ്പന ചെയ്യേണ്ടി വന്നു. ഇത് സാമഗ്രികളുടെ വില വർദ്ധിപ്പിച്ചു. അതുപോലെ, വലിയ അളവിലുള്ളതിനാൽ കുറഞ്ഞ വിലയ്ക്ക് സാമഗ്രികൾ വാങ്ങാമെന്ന അനുമാനത്തിന്റെ അടിസ്ഥാനത്തിലായിരുന്നു മെറ്റീരിയൽ വിഭാഗം ചെലവ് കുറയ്ക്കാം എന്ന് അവകാശപ്പെട്ടത്. എന്നാൽ, സാമ്പത്തിക ഞെരുക്കം കാരണം കമ്പനിക്ക് വലിയ അളവിൽ വാങ്ങൽ നടത്താൻ കഴിഞ്ഞില്ല. മേൽപ്പറഞ്ഞ പർച്ചേസ് ഓർഡറിൽ നിന്നുള്ള വിറ്റുവരവ് വിശകലനം ചെയ്തപ്പോൾ സാമഗ്രികളുടെ ചെലവ് പോലും വീണ്ടെടുക്കുന്നതിൽ മൊത്തം വിൽപ്പന വില പരാജയപ്പെട്ടതായി വെളിവായി. അതിന്റെ ഫലമായി 2.12[53] കോടി രൂപയുടെ നഷ്ടം സംഭവിച്ചു.

ആർആർവിപിഎൻഎല്ലിൽ നിന്നുള്ള പർച്ചേസ് ഓർഡർ (31 ഡിസംബർ 2013), പ്രകാരം പർച്ചേസ് ഓർഡർ തീയതി മുതൽ ആറ് മാസത്തിനുള്ളിൽ ആദ്യ യൂണിറ്റും അതിനുശേഷം പ്രതിമാസം രണ്ട് യൂണിറ്റുകൾ വീതവും നൽകേണ്ടതുണ്ട്. അതനു സരിച്ച്, 2014 ജൂൺ 30 മുതൽ വിതരണം ആരംഭിക്കേണ്ടതായിരുന്നു. 2014 ജൂണിൽ ഒരു പ്രോട്ടോടൈപ്പ് വികസിപ്പിച്ചെങ്കിലും, അത് ആവശ്യമായ സ്പെസിഫിക്കേഷനു കൾ പാലിച്ചില്ല. അതിനാൽ, ആദ്യ യൂണിറ്റ് 2014 ഡിസംബറിൽ മാത്രമാണ് വിതരണം ചെയ്യാൻ കഴിഞ്ഞത്. ഇതോടെ, ശേഷിക്കുന്ന യൂണിറ്റുകളുടെ വിതരണം വൈകുകയും 2016 മേയിൽ അവസാന യൂണിറ്റ് വിതരണം ചെയ്യുകയും ചെയ്തു. കാലതാമസം കാരണം, ആർആർവിപിഎൻഎൽ 2017 മാർച്ചിൽ 1.26 കോടി രൂപ ലിക്വിഡേറ്റഡ് ഡാമേജസ് കിഴിച്ചു.

റോഡ് ഗതാഗത, ഹൈവേ മന്ത്രാലയം പുറപ്പെടുവിച്ച വിജ്ഞാപനം[54] അനുസരിച്ച് മെക്കാനിക്കൽ ട്രെയിലർ ഉപയോഗിക്കാൻ കഴിയില്ലെങ്കിലും ബിഡ്ഡിൽ ക്വോട്ട് ചെയ്ത

[53] മൊത്തം വിൽപന വിറ്റുവരവിൽ നിന്നും സാമഗ്രിവില കുറച്ചത്.

[54] വിജ്ഞാപന നമ്പർ. 728(ഇ) എസ്. ഒ. 517 (ഇ), തീയതി 26-05-2000.

പ്പോൾ, മെക്കാനിക്കൽ ട്രെയിലറിന്റെ വിലയെ അടിസ്ഥാനമാക്കിയാണ് കമ്പനി ഗതാഗത ചെലവ് കണക്കാക്കിയത്. ഒടുവിൽ, ട്രാൻസ്ഫോർമറുകൾ വിതരണം ചെയ്യാൻ കമ്പനിക്ക് ഹൈഡ്രോളിക് ട്രെയിലർ ഉപയോഗിക്കേണ്ടി വന്നു. ഇത് 0.46 കോടി രൂപയുടെ അധികച്ചെലവിന് കാരണമായി. അങ്ങനെ, മുകളിൽ പറഞ്ഞ സപ്ലൈ ഓർഡർ നടപ്പിലാക്കുമ്പോൾ കമ്പനിക്ക് 3.84 കോടി രൂപ (അതായത് 2.12 കോടി രൂപ + 1.26 കോടി രൂപ + 0.46 കോടി രൂപ) നഷ്ടം സംഭവിച്ചു.

ടെൻഡർ സമയത്ത് വിപണി സാഹചര്യങ്ങൾ കാരണം കമ്പനിക്ക് മതിയായ ഓർഡറുകൾ ഇല്ലായിരുന്നുവെന്നും ഷോപ്പിനെ പരിപാലിക്കാനായില്ലെന്നും സർക്കാർ മറുപടി നൽകി (ഫെബ്രുവരി 2022). ഇടത്തരം ശേഷി വിഭാഗത്തിൽ വലിയ ഓർഡറുകളൊന്നും ഉണ്ടായില്ല. ബ്രേക്ക് ഈവൻ മറികടക്കുവാൻ ചെറുതും ഇടത്തരവും വലുതുമായ ട്രാൻസ്ഫോർമറുകളുടെ സംയോജിത ഉത്പന്നമിശ്രിത മാണ് കമ്പനിക്ക് വേണ്ടത്. ഇക്കാരണത്താൽ, ഡിസൈൻ മെച്ചപ്പെടുത്തലിന്റെയും വലിയ അളവിലുള്ള വാങ്ങലിന്റെയും നേട്ടങ്ങൾ പ്രതീക്ഷിച്ച് കമ്പനി നേർത്ത മാർജിനിൽ ആർആർവിപിഎൻഎൽ കരാർ ഏറ്റെടുത്തു. എന്നാൽ, പദ്ധതി പൂർത്തിയാകുന്നതിന് മുൻപ് നിരവധി തടസ്സങ്ങൾ നേരിടേണ്ടി വന്നു.

ആവശ്യമുള്ള ഉത്പന്ന മിശ്രിതം നേടുന്നതിന്, മെറ്റീരിയലിന്റെ മതിപ്പ് വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് ഓർഡറുകൾ നടപ്പിലാക്കുന്നത് പണനഷ്ടത്തിലേക്ക് നയിക്കും എന്നതിനാൽ മറുപടി സ്വീകാര്യമല്ല. കൂടാതെ, ഡയറക്ടർ ബോർഡിന്റെ ഒരു കമ്മിറ്റി, ഇക്കാര്യം അന്വേഷിച്ച ശേഷം, ക്വോട്ട് ചെയ്ത വില (1.63 കോടി രൂപ) ഏതെങ്കിലും ചെലവ് പരിഗണനയുടെ അടിസ്ഥാനത്തിലല്ലെന്നും നിർമ്മാണ സാമഗ്രികളുടെ അളവിൽ കുറവ് വരുത്തിയും, വലിയ അളവിലുള്ള വാങ്ങലിലൂടെ ചെലവ് കുറച്ചും ഓരോ ട്രാൻസ്ഫോർമറിന്റെയും ചെലവ് 2.58 കോടി രൂപയിൽ നിന്ന് 1.62 കോടി രൂപയായി കുറയ്ക്കുമെന്ന അവകാശവാദം വസ്തുതാപരമായ വിവരണങ്ങളെ അടിസ്ഥാനമാക്കിയുള്ളതല്ല എന്നും റിപ്പോർട്ട് ചെയ്തു (ജൂൺ 2019).

***ശുപാർശ: മാനേജ്മെന്റ് തീരുമാനം ഏതെങ്കിലും വസ്തുതാപരമായ വിവരങ്ങളെ അടിസ്ഥാനമാക്കിയുള്ളതല്ലാത്തതിനാൽ; ഉത്തരവാദിത്തം നിശ്ചയിക്കേണ്ട താണ്. യഥാർത്ഥ്യബോധത്തോടെയുള്ള ചെലവ് കണക്കാക്കലിന്റെയും വസ്തുതാപരമായ വിവരങ്ങളുടെയും അടിസ്ഥാനത്തിലാണ് ടെൻഡറിൽ ക്വോട്ട് ചെയ്യേണ്ട വില അന്തിമമാക്കിയിരിക്കുന്നതെന്നും ഉറപ്പാക്കണം.***

**കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്**

### *4.4* കരാറുകാരന് അനർഹമായ ആനുകൂല്യം

**സിവിസി മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് പലിശ രഹിത മൊബിലൈസേഷൻ അഡ്വാൻസ് വീണ്ടെടുക്കുന്നത് നിയന്ത്രിക്കുന്നതിനുള്ള ഉചിതമായ വ്യവസ്ഥ ടെൻഡർ രേഖയിൽ ഉൾപ്പെടുത്താതിരുന്നതും, പലിശ രഹിത അഡ്വാൻസ് അധികമായി നൽകിയതും കരാറുകാരന് 32.65 ലക്ഷം രൂപയുടെ അനർഹമായ ആനുകൂല്യം നൽകുന്നതിന് ഇടയാക്കി.**

ജീവൻരക്ഷാ മരുന്നുകളുടെയും അവശ്യ ഔഷധങ്ങളുടെയും നിർമ്മാണത്തിലും വിതരണത്തിലും ഏർപ്പെട്ടിരിക്കുന്ന കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് (കമ്പനി), ആശ്രേ ക്ലീൻ റൂം പ്രസന്റേഷൻ പ്രൈവറ്റ് ലിമിറ്റഡിന് (2017 ഡിസംബർ 30-നും 2018 ജനുവരി 10-നുമായി) 8.81 കോടി രൂപയുടെ രണ്ട് വർക്ക് ഓർഡറുകൾ[55] നൽകി. ടെൻഡറിലെ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും അനുസൃത

[55] (i) ഹീറ്റിംഗ് എയർ കണ്ടീഷനിംഗ് വർക്കുകളുടെ വിതരണം, സ്ഥാപിക്കൽ, കമ്മീഷനിംഗ്, സാധൂകരണം എന്നിവയും (ii) നോൺ ബീറ്റാലാക്റ്റത്തിനായി പ്രീ-കോട്ടഡ് ഗാൽവനൈസ്ഡ് ഇരുമ്പ് പാനൽ ഉപയോഗിച്ച് ഗ്രീൻ റൂം പാനലിന്റെ വിതരണം സ്ഥാപിക്കൽ കമ്മീഷനിംഗ് എന്നിവ ചെയ്യുന്നു.

മായി തത്തുല്യമായ തുകയ്ക്കുള്ള ബാങ്ക് ഗ്യാരന്റിക്കെതിരെ, വർക്ക് ഓർഡറുകളുടെ മൂല്യത്തിന്റെ 30 ശതമാനമായ 2.64 കോടി രൂപ അഡ്വാൻസ് പേയ്മെന്റ് ആയി കമ്പനി കരാറുകാരന് നൽകി. 2018 ഫെബ്രുവരിയിൽ അതായത് വർക്ക് ഓർഡർ ലഭിച്ച തീയതി മുതൽ 90 ദിവസത്തിനകം യഥാക്രമം 2018 മാർച്ച് 30-നും 2018 ഏപ്രിൽ 10-നും ഉള്ളിൽ വർക്കുകൾ പൂർത്തിയാക്കേണ്ടതായിരുന്നു.

2007 ഏപ്രിൽ 10-നു പുറപ്പെടുവിച്ച സെൻട്രൽ വിജിലൻസ് കമ്മീഷൻ (സിവിസി) മാർഗ്ഗ നിർദ്ദേശങ്ങൾ, അഡ്വാൻസ് നല്കിയ തുക തിരികെ പിടിയ്ക്കാനുള്ള നടപടിക്രമങ്ങൾ നിർദ്ദേശിക്കുന്നതോടൊപ്പം പലിശ രഹിത മൊബിലൈസേഷൻ അഡ്വാൻസ് പ്രോത്സാഹിപ്പിക്കരുതെന്ന് വ്യവസ്ഥ ചെയ്യുന്നു. കരാറുകാർക്ക് നൽകിയിട്ടുള്ള ഏതൊരു മൊബിലൈസേഷൻ അഡ്വാൻസും വർക്കിന്റെ പുരോഗതിയുമായി ബന്ധിപ്പിക്കാതെ സമയബന്ധിതമായി തിരിച്ചുപിടിക്കണം. ഏത് സമയത്തും അഡ്വാൻസ് തുകയുടെ തിരിച്ചടവ് ഉറപ്പാക്കാൻ വേണ്ടി നിർദിഷ്ട തിരിച്ചടവ് തവണകൾ ഓരോന്നിനും ബാങ്ക് ഗ്യാരന്റി ഉണ്ടായിരിക്കണം. കൂടാതെ, (2011 ഫെബ്രുവരി 17-നു) സിവിസി പുറപ്പെടുവിച്ച മാർഗ്ഗനിർദേശങ്ങൾ പ്രകാരം, മൊബിലൈസേഷൻ അഡ്വാൻസിന്റെ സുരക്ഷയ്ക്കായി എടുക്കുന്ന ബാങ്ക് ഗ്യാരന്റി അഡ്വാൻസിന്റെ 110 ശതമാനമെങ്കിലും ആയിരിക്കണം. അങ്ങനെ, മുതൽ തുക മാത്രമല്ല ആവശ്യമെങ്കിൽ പലിശയും വീണ്ടെടുക്കാൻ കഴിയും. ടെൻഡർ എൻക്വയറിയിലും കോൺട്രാക്റ്റ് ഓഫ് കേസിലും കരാറുകാരന്റെ വീഴ്ച കാരണം കരാർ അവസാനിപ്പിച്ചാൽ, പലിശരഹിത മൊബിലൈസേഷൻ അഡ്വാൻസ് കൂട്ടുപലിശ നിരക്കിൽ ത്രൈമാസികമായി പലിശ[56] ബാധകമായ അഡ്വാൻസായി കണക്കാക്കും എന്ന് വ്യക്തമാക്കണം.

മൊബിലൈസേഷൻ അഡ്വാൻസ് നൽകില്ലെന്ന് ടെൻഡർ വ്യവസ്ഥകളിൽ വ്യക്തമാക്കിയിരുന്നെങ്കിലും ടെൻഡറിലെ പേയ്മെന്റ് നിബന്ധനകൾ അഡ്വാൻസ് നൽകുന്നതിന് വ്യവസ്ഥ ചെയ്തിരുന്നു. എന്നിരുന്നാലും, മൊബിലൈസേഷൻ അഡ്വാൻസ് വീണ്ടെടുക്കുന്നതിനുള്ള രീതിയും, കാലയളവും, മൊബിലൈസേഷൻ അഡ്വാൻസ് വീണ്ടെടുക്കുന്നതിൽ കാലതാമസമുണ്ടായാൽ ഈടാക്കേണ്ട പലിശ നിരക്കും, കമ്പനി വ്യക്തമാക്കിയിരുന്നില്ല. അതിനാൽ, അഡ്വാൻസിന്റെ വീണ്ടെടുക്കൽ വർക്കിന്റെ പുരോഗതിയുമായി ബന്ധപ്പെട്ടിരുന്നു. കരാറുകാരന്റെ വീഴ്ച മൂലം കരാർ അവസാനിപ്പിക്കുന്ന സാഹചര്യത്തിൽ സിവിസി മാർഗ്ഗ നിർദ്ദേശങ്ങൾക്ക് (17 ഫെബ്രുവരി 2011) അനുസൃതമായി പലിശരഹിത അഡ്വാൻസിനു പലിശ ബാധകമാക്കുന്നതിനുള്ള വ്യവസ്ഥ ടെൻഡർ രേഖകളിൽ ഉൾപ്പെടുത്തിയിരുന്നില്ല.

നിശ്ചിത സമയത്തിനുള്ളിൽ വർക്ക് പൂർത്തിയാക്കുന്നതിൽ കരാറുകാരൻ പരാജയപ്പെടുകയും കരാർ അവസാനിപ്പിക്കുകയും ചെയ്തു (സെപ്റ്റംബർ 2021). അഡ്വാൻസ് തുകയായ 2.64 കോടി രൂപയിൽ, ആദ്യ വർക്ക് ഓർഡറിന്റെ കാര്യത്തിൽ 815 ദിവസത്തിനും രണ്ടാമത്തെ വർക്ക് ഓർഡറിന്റെ[57] കാര്യത്തിൽ 860 ദിവസത്തിനു ശേഷവും 2020 സെപ്റ്റംബർ വരെ റണ്ണിംഗ് അക്കൗണ്ട് ബില്ലുകളിലൂടെ കമ്പനിക്ക് 2.09 കോടി രൂപ വീണ്ടെടുക്കാൻ കഴിഞ്ഞു. അഡ്വാൻസ് തുകയ്ക്കെതിരെ നിലനിർ

---

[56] ടെൻഡർ എൻക്വയറി പുറപ്പെടുവിക്കുന്ന സമയത്ത് നിലവിലുള്ള നിരക്കിനെ ആശ്രയിച്ച് വ്യവസ്ഥ ചെയ്യേണ്ടതാണ്.

[57] 2018 മെയ് 07 മുതൽ ആദ്യ വർക്കിനും 2018 മെയ് 12 മുതലും രണ്ടാമത്തെ വർക്കിനും എന്ന് കണക്കാക്കിയത്. അതായത്, വർക്ക് ഓർഡർ അനുസരിച്ച് 90 ദിവസത്തിനുള്ളിൽ ജോലി പൂർത്തിയാക്കേണ്ടതിനാൽ അഡ്വാൻസ് അടച്ച തീയതി മുതൽ 90 ദിവസത്തിന് ശേഷം.

[58] കേരള സർക്കാരിൽ നിന്ന് കമ്പനി വായ്പ നേടിയ പലിശ നിരക്ക് (9.50 ശതമാനം) അടിസ്ഥാനമാക്കി കണക്കാക്കുന്നു. അഡ്വാൻസ് അടച്ച് 50 ദിവസത്തിന് ശേഷം, അതായത് 2018 മെയ് 07 മുതൽ ആദ്യ വർക്കിനും 2018 മെയ് 12 മുതലും രണ്ടാമത്തെ വർക്കിനും കുടിശ്ശികയുള്ള അഡ്വാൻസ് തുകയുടെ അടിസ്ഥാനത്തിലാണ് അനർഹമായ ആനുകൂല്യം കണക്കാക്കിയത്.

ത്തിയിരുന്ന ബാങ്ക് ഗ്യാരന്റികൾ എൻക്യാഷ് ചെയ്ത് (ഓഗസ്റ്റ് 2021) 1,188 ദിവസങ്ങൾക്ക് ശേഷം ബാക്കി തുക പൂർണ്ണമായി തിരിച്ചു പിടിക്കുകയും ചെയ്തു. വർക്കുകൾ പൂർത്തീ കരിക്കുന്നതിനുള്ള നിശ്ചിത കാലയളവ് കഴിഞ്ഞിട്ടും അഡ്വാൻസ് തുക തിരിച്ചു പിടിക്കാതിരുന്നതിനാൽ 2021 ഓഗസ്റ്റ് വരെ കരാറുകാരന് 32.65 ലക്ഷം[58] രൂപയുടെ അനർഹമായ ആനുകൂല്യം ലഭിച്ചു.

ടെൻഡർ വ്യവസ്ഥകൾ അനുസരിച്ച്, വിതരണം ചെയ്യേണ്ട ഉപകരണങ്ങളുടെ അടിസ്ഥാന മൂല്യത്തിന്റെ 30 ശതമാനം വർക്ക് ഓർഡറുകൾക്കൊപ്പം നൽകണം. അതേസമയം, അവ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് അഡ്വാൻസ് നൽകേണ്ടതില്ല.

കരാറുകാരന് നൽകിയ 2017 ഡിസംബർ 30, 2018 ജനുവരി 10 എന്നീ തീയതികളിലെ വർക്ക് ഓർഡറുകളുമായി ബന്ധപ്പെട്ട് വിതരണം ചെയ്യേണ്ട ഉപകരണങ്ങളുടെ അടിസ്ഥാന മൂല്യം യഥാക്രമം 90.25 ശതമാനവും[59] 89.46 ശതമാനവുമാണ്. ഇതനുസരിച്ച്, കരാറുകാരന് 2.37 കോടി രൂപ അഡ്വാൻസിന് അർഹതയുണ്ടായിരുന്നു. എന്നാൽ, കമ്പനി വർക്ക് ഓർഡറുകളുടെ മൊത്തം മൂല്യത്തിന്റെ 30 ശതമാനത്തിന് (2.64 കോടി രൂപ) തുല്യമായ അഡ്വാൻസ് നൽകി. ഇത് കരാറുകാരന് 0.27 കോടി രൂപ അഡ്വാൻസ് അധികമായി നൽകുന്നതിലേക്ക് നയിച്ചു.

എല്ലാ പ്രതീക്ഷിത ബിഡർമാർക്കും ലഭ്യമായ ടെൻഡർ രേഖയിൽ അഡ്വാൻസ് വ്യക്തമായി പറഞ്ഞിട്ടുള്ളതിനാലും ടെൻഡർ രേഖയിൽ അഡ്വാൻസിന്റെ പലിശയെ ക്കുറിച്ച് പരാമർശിച്ചിരുന്നില്ല എന്നതിനാലും, ഏതെങ്കിലും പ്രത്യേകകരാറുകാരന് അനർഹമായ ആനുകൂല്യം നൽകിയിട്ടില്ല എന്ന് സർക്കാർ (മാർച്ച് 2022) മറുപടി നൽകി. ഓഡിറ്റ് നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ, വിതരണക്കാർക്കുള്ള എല്ലാ അഡ്വാൻസ് പേയ്മെന്റുകൾക്കും പലിശ ബാധകമാക്കിയതായി കമ്പനി സർക്കാരിനെ അറിയിച്ചു.

കരാറുകാർക്ക് പലിശരഹിത അഡ്വാൻസ് നൽകുന്നതിനെ ഓഡിറ്റ് എതിർക്കുന്നില്ല എന്നതിനാൽ മറുപടി സ്വീകാര്യമല്ല. സിവിസി മാർഗ്ഗനിർദ്ദേശങ്ങൾക്കു വിരുദ്ധമായി, പലിശ രഹിത അഡ്വാൻസിന്റെ വീണ്ടെടുക്കൽ വർക്കിന്റെ യഥാർത്ഥ പുരോഗതി യുമായി ബന്ധിപ്പിച്ചു എന്നതാണ് ഓഡിറ്റ് കണ്ടെത്തൽ. കൂടാതെ, പദ്ധതി പൂർത്തീ കരിക്കാത്തതിനാൽ, ഇത്തരം അഡ്വാൻസുകൾ ദുരുപയോഗം ചെയ്യാനുള്ള സാധ്യത കരാറുകാരന് ഗുണം ചെയ്തു എന്നതിനാലും മറുപടി സ്വീകാര്യമല്ല. കരാറുകാരന് അഡ്വാൻസ് തുക അധികമായി നൽകിയതിനെക്കുറിച്ച് മറുപടി, മൗനം പാലിച്ചു.

അപ്രകാരം, സിവിസി മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് സമയബന്ധിതമായി പലിശ രഹിത അഡ്വാൻസ് വീണ്ടെടുക്കുന്നതിനുള്ള ഉചിതമായ വ്യവസ്ഥ ഉൾപ്പെടുത്താത്തത് കരാറുകാരന് 32.65 ലക്ഷം രൂപയുടെ അനർഹമായ ആനുകൂല്യം നല്കുന്നതിന് കാരണമായി.

***ശുപാർശ: കരാറുകാർക്ക് പലിശ രഹിത അഡ്വാൻസ് അനുവദിക്കുന്നതും തിരിച്ചുപിടിക്കുന്നതും സംബന്ധിച്ച് കേന്ദ്ര വിജിലൻസ് കമ്മീഷന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിക്കാൻ സർക്കാർ പൊതുമേഖലാ സ്ഥാപന ങ്ങൾക്ക് നിർദ്ദേശം നൽകുക.***

---

[59] 12/05/2018-ൽ പുതുക്കിയ വർക്ക് ഓർഡർ പ്രകാരം.

***പവർ ക്ലസ്റ്റർ***

**കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്**

**_4.5_ കേന്ദ്ര സർക്കാർ സഹായം നഷ്ടമാകൽ**

**സൗഭാഗ്യ പദ്ധതിക്ക് കീഴിലുള്ള എസ്ജിഎസ്ടിയുടെ അടവുമായി ബന്ധപ്പെട്ട രേഖകൾ പരിപാലിക്കാത്തത് 7.30 കോടി രൂപയുടെ ഗ്രാന്റ് നഷ്ടമാകുന്നതിന് കാരണമായി. ഡിഡിയുജിജെവൈ പദ്ധതി പ്രകാരം ബിപിഎൽ കുടുംബങ്ങൾക്ക് എൽഇഡി ബൾബുകൾ നൽകുന്നതിൽ വീഴ്ചവരുത്തിയത് ആനുകൂല്യം ലഭിക്കാതിരിക്കുന്നതിന് കാരണമായി.**

ഗ്രാമീണ വൈദ്യുതീകരണത്തിനായി ദീൻ ദയാൽ ഉപാധ്യായ ഗ്രാമജ്യോതി യോജന (ഡിഡിയുജിജെവൈ) പദ്ധതിക്ക് ഭാരതസർക്കാർ തുടക്കംകുറിച്ചു (ഡിസംബർ 2014). സാർവ്വത്രിക ഗാർഹിക വൈദ്യുതീകരണത്തിനായി ഭാരത സർക്കാർ മറ്റൊരു പദ്ധതി പ്രധാൻമന്ത്രി സഹജ് ബിജിലി ഹർഘർ യോജനയും (സൗഭാഗ്യ) ആരംഭിച്ചു (സെപ്റ്റംബർ 2017). ആർഇസി ലിമിറ്റഡ് (ആർഇസി) ആയിരുന്നു പദ്ധതികൾ പ്രവർത്തനക്ഷമമാക്കുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള നോഡൽ ഏജൻസി. കേരളത്തിലെ ഡിഡിയുജിജെവൈയുടെ പദ്ധതിച്ചെലവ് 485.37 കോടി രൂപയും സൗഭാഗ്യയുടേത് 90.00 കോടി രൂപയും ആയിരുന്നു. 60 ശതമാനം ഭാരതസർക്കാർ ഗ്രാന്റ്, 10 ശതമാനം യൂട്ടിലിറ്റി വിഹിതം, ബാക്കി 30 ശതമാനം ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് കടമെടുക്കൽ എന്നിങ്ങനെയാണ് പദ്ധതികൾക്കുള്ള ഫണ്ടിങ്ങ് രീതി വിഭാവനം ചെയ്തിരിക്കുന്നത്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് (കെഎസ്ഇബിഎൽ) സൗഭാഗ്യയിലെ വർക്കുകൾ പൂർത്തിയാക്കി (സെപ്തംബർ 2018) 95.75 കോടി രൂപയുടെ ക്ലോഷർ റിപ്പോർട്ട് ആർഇസിക്ക് സമർപ്പിച്ചു (ഫെബ്രുവരി 2020). അതുപോലെ, ഡിഡിയുജിജെവൈ വർക്കുകൾ പൂർത്തിയാക്കി (സെപ്റ്റംബർ 2019) കെഎസ്ഇബിഎൽ 507.03 കോടി രൂപയുടെ ക്ലോഷർ റിപ്പോർട്ടും സമർപ്പിച്ചു (സെപ്തംബർ 2020). സൗഭാഗ്യ, ഡിഡിയുജിജെവൈ പദ്ധതികൾക്കായി യഥാക്രമം 88.45 കോടി രൂപക്കും 493.03 കോടി രൂപക്കും ക്ലോഷർ റിപ്പോർട്ടുകൾ ആർഇസി അംഗീകരിച്ചു.

**_4.5.1_ സൗഭാഗ്യ പദ്ധതിയിലെ ഗ്രാന്റ് നഷ്ടം**

പദ്ധതിച്ചെലവിൽ ഉൾക്കൊള്ളിച്ചിട്ടുള്ള സംസ്ഥാന നികുതി/ സംസ്ഥാന ചരക്ക് സേവന നികുതി (എസ്ജിഎസ്ടി) എന്നിവ എത്രയെന്ന് പദ്ധതി നിർവ്വഹണ ഏജൻസി അറിയിക്കാതിരുന്നാൽ, അർഹമായ ക്ലെയിം കണക്കാക്കുമ്പോൾ എസ്ജിഎസ്ടി ഇനത്തിൽ ഒൻപത് ശതമാനം താത്ക്കാലിക തുകയായി പദ്ധതിച്ചെലവിൽ നിന്ന് തടഞ്ഞുവയ്ക്കപ്പെടും എന്ന് ആർഇസി അറിയിച്ചു (ഫെബ്രുവരി 2019). അന്തിമ പദ്ധതി നിർവ്വഹണച്ചെലവിൽ ഉൾപ്പെട്ട യഥാർത്ഥ സംസ്ഥാന നികുതി/ എസ്ജിഎസ്ടി തുക ലഭ്യമായാൽ, അന്തിമ ഗഡു നൽകുമ്പോൾ അത് ഉചിതമായി ക്രമീകരിക്കും. പദ്ധതി നിർവ്വഹണ ഏജൻസി സംസ്ഥാന നികുതി/ എസ്ജിഎസ്ടി എന്നിവ പദ്ധതി ച്ചെലവിൽ നിന്ന് വേർതിരിച്ചു നല്കുന്ന സന്ദർഭങ്ങളിൽ അർഹമായ സബ്സിഡികൾ കണക്കാക്കുന്നതിന് പദ്ധതിച്ചെലവിൽ നിന്ന് പ്രസ്തുത തുക കുറവ് ചെയ്യും.

കെഎസ്ഇബിഎൽ ആർഇസിക്ക് സമർപ്പിച്ച 95.75 കോടി രൂപയുടെ ക്ലോഷൻ റിപ്പോർട്ടിൽ സംസ്ഥാന നികുതി/ എസ്ജിഎസ്ടി തുക ''ശൂന്യം'' എന്ന് കാണിച്ചതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ക്ലോഷർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന നികുതി/ എസ്ജിഎസ്ടി ഇനത്തിൽ 7.30 കോടി രൂപ നിരസിച്ചുകൊണ്ട് അന്തിമ പദ്ധതി നിർവ്വഹണച്ചെലവ് 88.45 കോടി രൂപയായി ആർഇസി

അംഗീകരിച്ചു (ആഗസ്റ്റ് 2020). സാധന സാമഗ്രികൾ വാങ്ങുമ്പോൾ നൽകുന്ന ജിഎസ്ടി (സിജിഎസ്ടി/എസ്ജിഎസ്ടി) യുടെ വിശദാംശങ്ങൾ പ്രത്യേകമായി കെഎസ്ഇബിഎൽ സൂക്ഷിച്ചിരുന്നില്ല. അതിനാൽ ക്ലോഷർ റിപ്പോർട്ടിനൊപ്പം ആവശ്യമായ വിശദാംശങ്ങൾ ആർഇസിക്ക് നൽകുവാൻ സാധിക്കാത്തതുകാരണം 7.30 കോടി രൂപ നിരസിക്കപ്പെട്ടു.

വെള്ളപ്പൊക്കസമയത്ത് വൈദ്യുതിബന്ധം നഷ്ടപ്പെട്ട വീടുകളുടെ പുനർവൈദ്യുതീകരണം ചുരുങ്ങിയ കാലയളവിനുള്ളിൽ വിവിധ സ്റ്റോറുകളിലും, സ്ഥലങ്ങളിലും ലഭ്യമായിരുന്ന സാമഗ്രികൾ ഉപയോഗിച്ച് യുദ്ധകാലാടിസ്ഥാനത്തിൽ നടത്തുകയായിരുന്നുവെന്ന് കേരളസർക്കാർ മറുപടി നൽകി (ഫെബ്രുവരി 2022). അതിനാൽ തന്നെ വാങ്ങിയ സാമഗ്രികളുമായി ബന്ധപ്പെട്ട സംസ്ഥാന നികുതി തുക കണക്കാക്കുവാനും ഓഡിറ്റ് ചെയ്ത് രേഖാപരമായ തെളിവുകൾ സംസ്ഥാന നികുതി നേടിയെടുക്കുന്നതിനായി സമർപ്പിക്കുന്നതും പ്രയാസകരമായിരുന്നു.

സംസ്ഥാന നികുതി/എസ്ജിഎസ്ടി എന്നിവയുമായി ബന്ധപ്പെട്ട് നടത്തിയ ചെലവിന്റെ കണക്ക് നൽകുവാൻ കെഎസ്ഇബിഎല്ലിന് കഴിയാതിരുന്നത് സബ്സിഡിയായി ലഭിക്കേണ്ടിയിരുന്ന ഗണ്യമായ തുക നഷ്ടപ്പെടുന്നതിനു കാരണമായതിനാൽ മറുപടി ന്യായമല്ല. കൂടാതെ, വർക്കുകൾ പൂർത്തീകരിച്ച് 17 മാസത്തിനുശേഷം മാത്രമാണ് 2020 ഫെബ്രുവരിയിൽ ക്ലോഷർ റിപ്പോർട്ട് സമർപ്പിച്ചിരുന്നത് എന്നതിനാൽ സംസ്ഥാന നികുതി/ എസ്ജിഎസ്ടി എന്നിവ കണക്കു കൂട്ടിയെടുക്കുവാൻ കെഎസ്ഇബിഎല്ലിന് മതിയായ സമയവും ഉണ്ടായിരുന്നു.

### *4.5.2* ഡിഡിയുജിജെവൈ പദ്ധതിയിലെ ഗ്രാന്റ് നഷ്ടം

ഡിഡിയുജിജെവൈ നടപ്പിലാക്കുന്നതിനായി ആർഇസിയുമായുള്ള ത്രികക്ഷി കരാർ പ്രകാരം ഡിഡിയുജിജെവൈക്ക് കീഴിൽ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള (ബിപിഎൽ) കുടുംബങ്ങൾക്ക് എൽഇഡി ബൾബ് അല്ലെങ്കിൽ മറ്റ് മികച്ച നൂതന ഊർജ്ജ സംരക്ഷണ ബൾബ് ഉപയോഗിച്ച് സൗജന്യ വൈദ്യുതി കണക്ഷനുകൾ നൽകുവാൻ കേരള സർക്കാരും കെഎസ്ഇബിഎല്ലും സമ്മതിച്ചിരുന്നു. ഇതിനായി, ഒരു കണക്ഷന് 3,000 രൂപ നിരക്കിൽ 100 ശതമാനം സബ്സിഡി ലഭ്യമായിരുന്നു,

ഓരോ ബിപിഎൽ കുടുംബത്തിനും സൗജന്യ സർവ്വീസ് കണക്ഷൻ നൽകുന്നതിന് ക്ലോഷർ റിപ്പോർട്ടിൽ കെഎസ്ബിഎല്ലിന്റെ അവകാശവാദം 1,700 രൂപ മുതൽ 2,700 രൂപ വരെ ആയിരുന്നുവെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. പദ്ധതി പ്രകാരം ഒരു കണക്ഷന് അനുവദനീയമായ പരമാവധി തുക 3,000 രൂപ ആയിരുന്നതിനാൽ കെഎസ്ഇബിഎല്ലിന് കുറഞ്ഞത് 300 രൂപ വിലയുള്ള എൽഇഡി ബൾബുകൾ നൽകാമായിരുന്നു. എന്നാൽ, പദ്ധതി പ്രകാരം സർവ്വീസ് കണക്ഷനുകൾ നൽകിയ 1.27 ലക്ഷം ബിപിഎൽ കുടുംബങ്ങൾക്ക് കെഎസ്ഇബിഎൽ എൽഇഡി ബൾബുകൾ നൽകാത്തതിനാൽ, കുറഞ്ഞത് 3.81 കോടി[60] രൂപയുടെ ഭാരത സർക്കാർ സബ്സിഡി സഷ്ടമായി. തൽഫലമായി, പദ്ധതി പ്രകാരം സൗജന്യമായി എൽഇഡി ബൾബുകൾ ലഭിക്കുന്നതിനുള്ള അവസരം ബിപിഎൽ കുടുംബങ്ങൾക്ക് നഷ്ടമായി.

സർവ്വീസ് കണക്ഷൻ നൽകുന്ന സമയത്ത് എൽഇഡി ബൾബുകൾ ലഭ്യമാക്കിയില്ലെങ്കിലും, പിന്നീട് ബിപിഎൽ കുടുംബങ്ങൾക്ക് അവ നൽകിയിരുന്നതായി സർക്കാർ മറുപടി നൽകി (ഫെബ്രുവരി 2022).

---

60 1,27,196 കണക്ഷനുകൾ, കുറഞ്ഞത് 300 രൂപ ഒരു കണക്ഷന്.

കെഎസ്ഇബിഎൽന്റെ ഭാഗത്തുള്ള വീഴ്ച ഡിഡിയുജിജെവൈ പദ്ധതിക്ക് കീഴിൽ ഭാരത സർക്കാർ സബ്സിഡി നേടുവാനുള്ള അവസരം നഷ്ടപ്പെടുന്നതിന് കാരണമായി എന്ന വസ്തുത അവശേഷിക്കുന്നു. കൂടാതെ, ഡിഡിയുജിജെവൈ പദ്ധതിക്ക് കീഴിൽ കണ്ടെത്തിയ എല്ലാ ഗുണഭോക്താക്കളെയും എൽഇഡി ബൾബുകളുടെ തുടർന്നുള്ള വിതരണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നത് മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല.

***ശുപാർശ: ഓഡിറ്റ് ശുപാർശ ചെയ്യുന്നത് സർക്കാർ:***

- ***കേന്ദ്രസഹായ പദ്ധതികൾ നടപ്പിലാക്കുമ്പോൾ അർഹമായ ഗ്രാന്റ് ആവശ്യപ്പെടുന്നതിനായി എല്ലാ അവശ്യ വിവരങ്ങളും സമാഹരിച്ചിട്ടുണ്ടെന്നും രേഖകൾ തയ്യാറാക്കിയിട്ടുണ്ടെന്നു ഉറപ്പാക്കുക.***

- ***വിഭാവനം ചെയ്ത ആനുകൂല്യങ്ങൾ ലക്ഷ്യമിട്ടവരിൽ എത്തുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും, ഭാരത സർക്കാരിൽ നിന്നും അർഹമായ പരമാവധി ഗ്രാന്റ് ലഭ്യമാക്കുന്നതിനും ഒരു പദ്ധതിയുടെ എല്ലാ ഘടകങ്ങളും നടപ്പിലാക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കുക.***

**തിരുവനന്തപുരം,**
**തീയതി** 02/02/2023

**(ഡോ. ബിജു ജേക്കബ്)**
**പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II),**
**കേരള**

**മേലൊപ്പിട്ടത്**

**ന്യൂ ഡൽഹി,**
**തീയതി** 08/02/2023

**(ഗിരീഷ് ചന്ദ്ര മുർമു)**
**കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ**

# അനുബന്ധങ്ങൾ

**അനുബന്ധം 1**
**ഓഡിറ്റ് ചെയ്ത സ്ഥാപനങ്ങളുടെ രൂപരേഖ**
***(ഖണ്ഡിക 1.2-ൽ പരാമർശിച്ചിരിക്കുന്നു)***

| ക്രമ നമ്പർ | വകുപ്പിന്റെ പേര് | വകുപ്പിന്റെ ലക്ഷ്യം/പ്രവർത്തനങ്ങൾ |
|---|---|---|
| 1 | പരിസ്ഥിതി-കാലാവസ്ഥ | പരിസ്ഥിതി വകുപ്പിന് കീഴിലുള്ള ഡയറക്ടറേറ്റ് ഓഫ് എൻവയോൺമെന്റ് ആൻഡ് ക്ലൈമറ്റ് ചേഞ്ച് (ഡിഇസിസി)യുടെ പ്രധാന ലക്ഷ്യം സംസ്ഥാനത്തിന്റെ പാരിസ്ഥിതിക സുസ്ഥിരത നിലനിർത്തുന്നതിനായി പരിസ്ഥിതി നിയമങ്ങളെ ശക്തിപ്പെടുത്തുക; വികസന പ്രവർത്തനങ്ങളിൽ പാരിസ്ഥിതിക ആശയങ്ങൾ ഉൾക്കൊള്ളിക്കുക; പരിസ്ഥിതി പരിപാലന പദ്ധതികളിൽ സാമൂഹിക പങ്കാളിത്തം ഉറപ്പ് വരുത്തി ധനവിനിയോഗം നിർവഹിക്കുക; സുസ്ഥിര വികസനം ലക്ഷ്യമാക്കി കൊണ്ട് ഒരു സമൂഹ മുന്നേറ്റം സൃഷ്ടിക്കുക എന്നിവയിലൂടെ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനു വേണ്ടി പരിസ്ഥിതി സംബന്ധിച്ച ആശങ്കകളെ സുസ്ഥിര വികസനത്തിന്റെ മുൻ ശ്രേണിയിലെത്തിക്കുക എന്നതാണ്. |
| 2 | വനം വന്യജീവി | കേരളത്തിന്റെ സവിശേഷവും സങ്കീർണ്ണവുമായ പ്രകൃതിവനങ്ങൾ, പ്രത്യേകിച്ച് ജലം ജൈവവൈവിധ്യം; വ്യാപ്തി; ഉത്പാദനക്ഷമത; മണ്ണ്, പാരിസ്ഥിതിക, ചരിത്ര, സാംസ്കാരിക, സൗന്ദര്യാത്മക മൂല്യങ്ങൾ, എന്നിവ അവയുടെ പാരിസ്ഥിതിക പ്രക്രിയകളെ ബാധിക്കാതെ, ഭാവി തലമുറയ്ക്കായി സംരക്ഷിക്കുകയും വികസിപ്പിക്കുകയും ചെയ്യുക, ഭാവി തലമുറകൾക്കായി സംസ്ഥാനത്ത് നിലനിൽക്കുന്ന വംശാവലികളെ പരിരക്ഷിക്കുന്നതിനും, നിലനിർത്തുന്നതിനും, പരിപോഷിപ്പിക്കുന്നതിനുമുള്ള നടപടികൾ കൈക്കൊള്ളുക; വനങ്ങൾക്കുണ്ടാകുന്ന ആഘാതങ്ങൾ ലഘൂകരിക്കുവാനായി അനുയോജ്യമായ ഇടപെടലുകൾ നടത്തുക; കണ്ടൽക്കാടുകൾ, സർപ്പക്കാവുകൾ, തീരപ്രദേശങ്ങൾ, തണ്ണീർത്തടങ്ങൾ, പുരയിടങ്ങൾ, സ്വകാര്യ തോട്ടങ്ങൾ മുതലായ വനം വകുപ്പിന്റെ നിയന്ത്രണത്തിന് പുറത്തുള്ള ജൈവവൈവിധ്യ സമ്പന്നവും പരിസ്ഥിതി ദുർബലവുമായ ആവാസവ്യവസ്ഥയെ സുസ്ഥിരമായി സംരക്ഷിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും വേണ്ട നടപടികൾ കൈക്കൊള്ളുക, ആദിവാസികളുടെയും വനത്തെ ആശ്രയിച്ചു ജീവിക്കുന്ന മറ്റ് സമൂഹങ്ങളുടെയും ഉപജീവന ആവശ്യങ്ങൾ നിറവേറ്റുക, വനത്തെ ആശ്രയിച്ചു കഴിയുന്ന ആദിവാസികളുടെയും ഗ്രാമസമൂഹങ്ങളുടെയും ജീവിത നിലവാരം മെച്ചപ്പെടുത്തുക തുടങ്ങിയവയുടെ പൂർത്തീകരണമാണ് കേരള വനംവകുപ്പിന്റെ പ്രധാനപ്പെട്ട ചുമതലകളും ലക്ഷ്യങ്ങളും. |
| 3 | പൊതുമരാമത്ത് | സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള സർക്കാർ കെട്ടിടങ്ങൾ, റോഡുകൾ, പാലങ്ങൾ മുതലായവയ്ക്ക് അവയ്ക്കുള്ള ഫണ്ടിന്റെ ഉറവിടം കണക്കിലെടുക്കാതെ രൂപകൽപ്പന, ആസൂത്രണം, മേൽനോട്ടം, നിർമ്മാണം, പരിപാലനം എന്നിവയ്ക്കുവേണ്ടിയുള്ള സംസ്ഥാന സർക്കാരിന്റെ സ്റ്റാറ്റ്യൂട്ടറി അതോറിറ്റിയാണ് പൊതുമരാമത്ത് വകുപ്പ്. |
| 4 | ശാസ്ത്ര-സാങ്കേതികം | ശാസ്ത്രത്തിന്റെയും സാങ്കേതികതയുടെയും പുതിയ തലങ്ങൾ പ്രചരിപ്പിക്കുകയും (രാജ്യത്തെ) സംസ്ഥാനത്തെ ശാസ്ത്രസാങ്കേതിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും ഒരു കേന്ദ്രീകൃത വകുപ്പിന്റെ കർത്തവ്യം നിർവ്വഹിക്കുക എന്നിവയാണ് ലക്ഷ്യങ്ങൾ. |
| 5 | വ്യവസായവും വാണിജ്യവും | ആവശ്യമായ വ്യാവസായിക അടിസ്ഥന സൗകര്യങ്ങൾ സൃഷ്ടിക്കുക, സംസ്ഥാനത്ത് വ്യവസായ വളർച്ച സുഗമമാക്കുന്നതിന് മതിയായ ലോജിസ്റ്റിക് പിന്തുണ നല്കുക എന്നിവയാണ് ലക്ഷ്യങ്ങൾ. |

| ക്രമ നമ്പർ | വകുപ്പിന്റെ പേര് | വകുപ്പിന്റെ ലക്ഷ്യം/പ്രവർത്തനങ്ങൾ |
|---|---|---|
| 6 | ഊർജ്ജം | വർദ്ധിച്ച ആവശ്യകതയ്ക്ക് അനുസൃതമായി വൈദ്യുതി ലഭ്യത ഉറപ്പാക്കുന്നതിന് വൈദ്യുതി ഉൽപാദനം വർദ്ധിപ്പിക്കുകയാണ് ലക്ഷ്യം. |
| 7 | സാംസ്കാരിക കാര്യം | കേരളത്തിന്റെ തനത് സംസ്കാരം, കല, സാഹിത്യം, ആചാരാനുഷ്ഠാനങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും വേണ്ടിയാണ് സാംസ്കാരിക വകുപ്പ് രൂപീകരിക്കുന്നത്. |
| 8 | ഇലക്ട്രോണിക്സും വിവര സാങ്കേതിക വിദ്യയും | ഡിജിറ്റൽ കണ്ടുപിടുത്തങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും കേരളത്തെ ഒന്നാം നമ്പർ ഡിജിറ്റൽ സംസ്ഥാനമാക്കി മാറ്റുന്നതിനുമാണ് വകുപ്പ് ലക്ഷ്യമിടുന്നത്. |
| 9 | തുറമുഖം | തുറമുഖ പ്രവർത്തനങ്ങളുടെ വിവിധ മേഖലകൾ നൂതനസാങ്കേതിക വിദ്യ നടപ്പിലാക്കുകയും നവീകരിക്കുകയും വഴി തുറമുഖങ്ങളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുക എന്നതാണ് വകുപ്പ് ലക്ഷ്യമിടുന്നത്. |
| 10 | വിനോദസഞ്ചാരം | സംസ്ഥാനത്തെ ടൂറിസം വികസനത്തിനും പ്രോത്സാഹനത്തിനുമായുള്ള പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി വകുപ്പ് നയങ്ങളും പരിപാടികളും ആവിഷ്കരിക്കുന്നു. |
| 11 | ഗതാഗതം | സുസ്ഥിരവും കാര്യക്ഷമവും സുരക്ഷിതവും അന്തർദ്ദേശീയമായി താരതമ്യപ്പെടുത്താവുന്നതുമായ റോഡ് അടിസ്ഥാനസൗകര്യങ്ങളുടെ പൊതുവിലും പ്രത്യേകിച്ച് സംസ്ഥാന പാതകളുടെ അടിസ്ഥാന സൗകര്യവികസനത്തിലും മെച്ചപ്പെട്ട കണക്ടിവിറ്റി, സാമൂഹിക-സാമ്പത്തിക വികസനം ത്വരിതപ്പെടുത്തുന്ന തലത്തിൽ ദ്രുതഗതിയിലുള്ള ചലന വേഗം കൈവരിക്കുക എന്നതാണ് ലക്ഷ്യം. |

## അനുബന്ധം 2
## തീർപ്പാകാത്ത പരിശോധനാ റിപ്പോർട്ടുകളുടെയും ഓഡിറ്റ് ഖണ്ഡികകളുടെയും കാലപ്പഴക്കം അനുസരിച്ചുള്ള വിശകലനം കാണിക്കുന്ന പ്രസ്താവന
***(ഖണ്ഡിക 1.6.1 - ൽ പരാമർശിച്ചിരിക്കുന്നു)***

| ക്രമ നമ്പർ | വകുപ്പിന്റെ പേര് | തീർപ്പാകാത്ത ഐആറുകളുടെ എണ്ണം | | | | തീർപ്പാകാത്ത ഓഡിറ്റ് ഖണ്ഡികകളുടെ എണ്ണം | | | |
|---|---|---|---|---|---|---|---|---|---|
| | | 5 വർഷത്തിന് മുകളിൽ പഴക്കമുള്ളവ | 3 മുതൽ 5 വർഷം വരെ പഴക്കമുള്ളവ | 3 വർഷം വരെ പഴക്കമുള്ളവ | ആകെ | 5 വർഷത്തിന് മുകളിൽ പഴക്കമുള്ളവ | 3 മുതൽ 5 വർഷം വരെ പഴക്കമുള്ളവ | 3 വർഷം വരെ പഴക്കമുള്ളവ | ആകെ |
| 1 | വ്യവസായവും വാണിജ്യവും | 50 | 12 | 14 | 76 | 140 | 73 | 151 | 364 |
| 2 | ഊർജ്ജം | 19 | 8 | 3 | 30 | 68 | 44 | 21 | 133 |
| 3 | സാംസ്കാരിക കാര്യം | 62 | 25 | 13 | 100 | 236 | 175 | 130 | 541 |
| 4 | ഇലക്ട്രോണിക്സും വിവരസാങ്കേതിക വിദ്യയും | 15 | 4 | 3 | 22 | 122 | 58 | 22 | 202 |
| 5 | തുറമുഖം | 12 | 5 | 0 | 17 | 29 | 18 | 0 | 47 |
| 6 | വിനോദസഞ്ചാരം | 12 | 3 | 3 | 18 | 61 | 21 | 31 | 113 |
| 7 | ഗതാഗതം | 80 | 144 | 55 | 279 | 259 | 1,365 | 639 | 2,263 |
| 8 | പരിസ്ഥിതി- കാലാവസ്ഥ വ്യതിയാനം | 6 | 1 | 2 | 9 | 35 | 8 | 22 | 65 |
| 9 | പൊതുമരാമത്ത് | 237 | 38 | 34 | 309 | 1,015 | 311 | 315 | 1,641 |
| 10 | വനം വന്യജീവി | 83 | 3 | 68 | 154 | 298 | 5 | 404 | 707 |
| 11 | ശാസ്ത്ര സാങ്കേതികം | 22 | 2 | 3 | 27 | 69 | 16 | 16 | 101 |
| **ആകെ** | | **598** | **245** | **198** | **1,041** | **2,332** | **2,094** | **1,751** | **6,177** |

**അനുബന്ധം 3**
**മ്യൂസിയം, മൃഗശാല ഡയറക്ടറേറ്റ് നടപ്പാക്കുന്ന ഡിജിറ്റൽ അസറ്റ് മാനേജ്മെന്റ് സിസ്റ്റം, സൂ മാനേജ്മെന്റ് സിസ്റ്റം പദ്ധതികളുടെ വിശദാംശങ്ങൾ**
***(ഖണ്ഡിക 2.1-ൽ പരാമർശിച്ചിരിക്കുന്നു)***

| വിശദാംശങ്ങൾ | ഡിഎഎംഎസ് | ഇസെഡ്എംഎസ് |
|---|---|---|
| ഭരണാനുമതി | ജനുവരി 2013- 63.21 ലക്ഷം രൂപ[61] | സെപ്റ്റംബർ 2013- 38.79 ലക്ഷം രൂപ |
| ലക്ഷ്യങ്ങൾ | ആസ്തികളുടെ ഡിജിറ്റലൈസേഷൻ, ആസ്തികളുടെ ഇൻവെന്ററി മാനേജ്മെന്റ്, വെബ് വഴി വിവരങ്ങളുടെ ഓൺലൈൻ പങ്കിടൽ മുതലായവ. | മൃഗങ്ങളെ സംബന്ധിക്കുന്ന വിവിധ വശങ്ങൾ, അവയുടെ തീറ്റ, ഭക്ഷണ സ്റ്റോക്ക്, മെഡിക്കൽ ചരിത്രം മുതലായവയുടെ രേഖകൾ സൂക്ഷിക്കൽ. |
| സിഡ്കോയ്ക്ക് നൽകിയ വർക്ക് ഓർഡർ | 63.21 ലക്ഷം രൂപയ്ക്ക് 2013 ജനുവരിയിൽ ഇഷ്യൂ ചെയ്തു | 38.79 ലക്ഷം രൂപയ്ക്ക് 2013 ഡിസംബറിൽ ഇഷ്യൂ ചെയ്തു. |
| സിഡ്കോയുമായുള്ള കരാറിന്റെ തീയതി | 2013 ഫെബ്രുവരി. | 2013 ഡിസംബർ. |
| കരാർ പ്രകാരം സിഡ്കോയുടെ പങ്ക് | സിസ്റ്റം ആവശ്യകതാ പഠനം, ഡിസൈൻ വികസനം എന്നിവ ഏറ്റെടുക്കുകയും ആറ് മാസത്തിനുള്ളിൽ ഡിഎഎംഎസ് നടപ്പിലാക്കുകയും ചെയ്യുക. | സിസ്റ്റം ആവശ്യകതാ പഠനം, ഡിസൈൻ വികസനം എന്നിവ ഏറ്റെടുക്കുകയും നാല് മാസത്തിനുള്ളിൽ സോഫ്റ്റ്വെയർ നടപ്പിലാക്കുകയും ചെയ്യുക. |
| കരാർ പ്രകാരമുള്ള വാറന്റി | നടപ്പാക്കിയ തീയതി മുതൽ 12 മാസം. | നടപ്പാക്കിയ തീയതി മുതൽ 12 മാസം. |
| കരാർ പ്രകാരമുള്ള വാർഷിക മെയിന്റനൻസ് കോൺട്രാക്റ്റ് (എഎംസി) | വാറന്റി കാലയളവ് പൂർത്തിയാകുമ്പോൾ, അടുത്ത രണ്ട് വർഷത്തേക്ക് സിഡ്കോ എഎംസി ഏറ്റെടുക്കും (മൊത്തം പദ്ധതി ചെലവിൽ എഎംസിയുടെ ചെലവ് ഉൾപ്പെടുത്തിയിട്ടുണ്ട്). | വാറന്റി കാലയളവ് പൂർത്തിയാകുമ്പോൾ, ധാരണയായ നിരക്കിലും വ്യവസ്ഥകളിലും സിഡ്കോ എഎംസി ഏറ്റെടുക്കും. |
